2020 ഓഗസ്റ്റ്
22
ശനി
1196 ചിങ്ങം 06

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | www.metrovaartha.com 14 പേജ് ₹ 7.00 KOZHIKODE

പൂവേ പൊലി പൂവേ...

ഇന്ന് അത്തം. ഇനി പത്താം നാൾ തിരുവോണം. ഓണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി. കൊറോണ മഹാമാരിയുടെ കാലമായതിനാൽ ഇത്തവണ നാട്ടിൽ വലിയ ആഘോഷങ്ങളൊന്നുമില്ല. എന്നാൽ വീടുകളിൽ ഓണാഘോഷങ്ങൾക്കു കുറവൊന്നും വരില്ല. നാട്ടുപൂക്കളമൊരുക്കാനുള്ള തിരക്കിലാണ് എല്ലാ മലയാളികളും.

📷 വിമിത്ത് ഷാൽ

വോട്ടർമാർക്ക് കൈയുറകൾ
ബൂത്തിൽ പരിശോധന

കൊവിഡ് കാലത്തെ തെരഞ്ഞെടുപ്പിന് മാർഗനിർദേശങ്ങൾ



ന്യൂഡൽഹി: കൊവിഡ് 19 വ്യാപനം തടയാൻ നിയന്ത്രണം നിലനിൽക്കുന്നതിനിടെ പൊതുതെരഞ്ഞെടുപ്പുകളും ഉപതെരഞ്ഞെടുപ്പുകളും നടത്താൻ തെരഞ്ഞെടുപ്പു കമ്മിഷൻ വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് ആസന്നമായിരിക്കെയാണു കമ്മിഷന്റെ നടപടി. ഇതുപ്രകാരം സ്ഥാനാർഥികൾക്ക് ഓൺലൈനിൽ നാമനിർദേശ പത്രിക സമർപ്പിക്കാം. തുക കെട്ടിവയ്ക്കുന്നതും ഓൺലൈനിൽ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരെല്ലാം മാസ്ക് ധരിച്ചിരിക്കണം. പോളിങ് ഉദ്യോഗസ്ഥർക്ക് ഷീൽഡ്. രജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നതിനും വോട്ടിങ് യന്ത്രം ഉപയോഗിക്കുന്നതിനും മുൻപ് വോട്ടർമാർക്ക് കൈയുറകൾ നൽകണം.

കൊവിഡ് 19 ബാധിച്ചവർ, രോഗസാധ്യത കൽപ്പിക്കുന്നവർ, അവശ്യസേവന മേഖലയിൽ പ്രവർത്തിക്കുന്നവർ, 80 വയസിനു മേൽ പ്രായമുള്ളവർ, മാരക രോഗങ്ങളോ വൈകല്യങ്ങളോ ഉള്ളവർ എന്നിവർക്ക് തപാൽ വോട്ട് അനുവദിക്കുമെന്നും കമ്മിഷൻ അറിയിച്ചു.

മറ്റു മാർഗനിർദേശങ്ങൾ ഇങ്ങനെ

- തെരഞ്ഞെടുപ്പ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലേക്കു വരുന്നവർക്കെല്ലാം തെർമൽ സ്കാനിങ് ഏർപ്പെടുത്തണം. സാനിറ്റൈസറും സോപ്പും വെള്ളവും ഒരുക്കണം.
- കേന്ദ്ര ആഭ്യന്തര മന്ത്രാലയവും സംസ്ഥാന സർക്കാരുകളും നിർദേശിക്കുന്ന സാമൂഹിക അകലം ഉറപ്പാക്കണം.
- കഴിയുന്നിടത്തോളം വിശാലമായ ഹാളുകൾ തെരഞ്ഞെടുപ്പിനായി ഉപയോഗിക്കുക.
- കൊവിഡ് 19 മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയും വിധം പോളിങ് ഉദ്യോഗസ്ഥർക്കും സുരക്ഷാ ഉദ്യോഗസ്ഥർക്കുമായി വാഹനങ്ങൾ ഏർപ്പെടുത്തണം.
- മാർഗനിർദേശങ്ങൾ തെരഞ്ഞെടുപ്പു കമ്മിഷന്റെ വെബ്സൈറ്റിലുണ്ടാകും. സ്ഥാനാർഥികൾക്ക് സത്യവാങ്മൂലവും വെബ്സൈറ്റ് വഴി നൽകാം.
- നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള യാത്രയിൽ സ്ഥാനാർഥിക്കൊപ്പം രണ്ടു വാഹനങ്ങൾ മാത്രം. പത്രിക സമർപ്പിക്കാനെത്തുമ്പോൾ രണ്ടു പേർ മാത്രം അകമ്പടി. ഓരോ സ്ഥാനാർഥിക്കും വരണാധികാരി മുൻകൂട്ടി സമയം നിശ്ചയിച്ചു നൽകണം. എല്ലാവരും ഒരുമിച്ചെത്തുന്ന അവസ്ഥയുണ്ടാകരുത്.
- പ്രചാരണം കഴിവതും ഓൺലൈൻ മാർഗങ്ങളിലാക്കുക. വീടുകയറി പ്രചാരണത്തിന് അഞ്ചു പേർ മാത്രം.

പോളിങ് സ്റ്റേഷനുകളിലെ നിയന്ത്രണങ്ങൾ

- പോളിങ്ങിനു തലേന്ന് പോളിങ് സ്റ്റേഷൻ അണുവിമുക്തമാക്കണം. സ്റ്റേഷനു മുന്നിൽ സോപ്പ്, വെള്ളം, തുടങ്ങിയവയുണ്ടാകണം.
- ഒരു പോളിങ് ബൂത്തിൽ പരമാവധി 1000 പേർ. (ഇപ്പോൾ 1500)
- എല്ലാ പോളിങ് സ്റ്റേഷനിലും കവാടത്തിൽ തെർമൽ സ്കാനർ. ഇവിടെ മുഴുവൻ പേരെയും പരിശോധിക്കാൻ പോളിങ് ഉദ്യോഗസ്ഥരോ പാരാമെഡിക്കൽ ജീവനക്കാരോ ആശാ വർക്കറോ ഉണ്ടായിരിക്കണം.
- ആദ്യ പരിശോധനയിൽ പനിയുണ്ടെന്നു സംശയം തോന്നിയാൽ രണ്ടു തവണ കൂടി പരിശോധന. അപ്പോഴും മാറ്റമില്ലെങ്കിൽ ടോക്കൺ നൽകിയശേഷം പോളിങ്ങിന്റെ അവസാന മണിക്കൂറിലെത്താൻ നിർദേശിച്ച് മടക്കിയയയ്ക്കുക. അവസാന മണിക്കൂറിൽ അവർക്ക് വോട്ട് ചെയ്യാൻ അവസരം നൽകണം.
- ബൂത്ത് ആപ് പോലുള്ളവ പോളിങ് സ്റ്റേഷനിൽ ഉപയോഗിക്കാം.
- വോട്ടർമാർക്ക് രജിസ്റ്ററിൽ ഒപ്പുവയ്ക്കുന്നതിനും വോട്ടിങ് മെഷീൻ ഉപയോഗിക്കുന്നതിനും മുൻപ് കൈയുറ നൽകണം.
- പോളിങ് ബൂത്തിനുള്ളിലും പ്രവേശന, മടക്ക കവാടങ്ങളിലും സാനിറ്റൈസറുണ്ടാകണം. ഇവയുടെ ഉപയോഗത്തെക്കുറിച്ചു വോട്ടർമാർക്ക് നിർദേശങ്ങൾ നൽകണം.
- മാസ്ക് ധരിക്കാതെ വരുന്നവർക്കായി ഇവ കരുതണം.
- വോട്ടറെ തിരിച്ചറിയാൻ ആവശ്യമെങ്കിൽ മാസ്ക് താഴ്ത്താം.
- ക്വാറന്റൈനിലുള്ളവർക്ക് അവസാന മണിക്കൂറിൽ വോട്ട് ചെയ്യാം. പക്ഷേ, ആരോഗ്യ വകുപ്പ് അധികൃതരുടെ മേൽനോട്ടത്തിലാകണം.
- കണ്ടെയ്ൻമെന്റ് സോണിലുള്ളവർക്കായി പ്രത്യേകം മാർഗ നിർദേശങ്ങളുണ്ടാകും. ഇത് ഉടനെ പുറത്തിറക്കും.

1,983 പേർക്ക് കൊവിഡ്

സമ്പർക്കത്തിലൂടെ 1,777
1,419 പേർ രോഗമുക്തർ

തിരുവനന്തപുരം: രോഗികളുടെ എണ്ണം രണ്ടായിരം കടന്നശേഷം തുടർച്ചയായി രണ്ടാം ദിവസവും രണ്ടായിരത്തിനടുത്ത് പേർക്ക് കൊവിഡ് വൈറസ് ബാധ. 1,777 പേർക്ക് സമ്പർക്കത്തിലൂടെ ഉൾപ്പെടെ കേരളത്തിൽ ഇന്നലെ 1,983 പേർക്ക് കൊവിഡ്19 സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. 12 മരണങ്ങളാണ് ഇന്നലെ കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്.

തിരുവനന്തപുരം 429, മലപ്പുറം 335, എറണാകുളം 165, കോഴിക്കോട് 158, ആലപ്പുഴ 155, കോട്ടയം 136, തൃശൂർ 119, കാസർഗോഡ് 105, പാലക്കാട് 83, കൊല്ലം 82, പത്തനംതിട്ട, കണ്ണൂർ 78 വീതം, ഇടുക്കി 34, വയനാട് 26 എന്നിങ്ങനെയാണ് ജില്ലാതല കണക്ക്.

ആലപ്പുഴ ജില്ലയിലെ കരിയിലക്കുളങ്ങര സ്വദേശി സദാനന്ദൻ (62), കണ്ണൂർ കണ്ണപുരം സ്വദേശി കൃഷ്ണൻ (78), എറണാകുളം വെണ്ണല സ്വദേശി മുഹമ്മദ് കുട്ടി (78), കോഴിക്കോട് നല്ലളം സ്വദേശി അഹമ്മദ് ഹംസ (69), മലപ്പുറം രണ്ടത്താണി സ്വദേശിനി അയിഷാമ്മ (54), ചെറിയമുണ്ട സ്വദേശി ഇന്തിൻകുട്ടി (71), നടുവത്ത് സ്വദേശി മുഹമ്മദ് ഇക്ബാൽ (58), കോഴിക്കോട് തിക്കോടി സ്വദേശി മുല്ലക്കോയ തങ്ങൾ (67), മലപ്പുറം ചേലാമ്പ്ര സ്വദേശിനി ദേവകി അമ്മ (94), കോഴിക്കോട് തിക്കോടി സ്വദേശി മുഹമ്മദ് കോയ (55), മാവൂർ സ്വദേശിനി പി.ടി. സുലു (49), വെസ്റ്റ്ഹിൽ സ്വദേശി ഷൈൻ ബാബു (47) എന്നിവരുടേത് കൊവിഡ് മരണമാണെന്ന് എൻഐവി ആലപ്പുഴ സ്ഥിരീകരിച്ചു. ഇതോടെ ആകെ മരണം 203 ആയി.

സ്വർണം

ഗ്രാം	- 4,860
പവൻ	- 38,880

മെട്രൊ മാഡം

ഓണക്കിറ്റിലും തട്ടിപ്പെന്ന് വിജിലൻസ്



കള്ളപ്പറയും ചെറുനാഴിയും.....

www.facebook.com/metrovaarthaofficial

ലൈഫ് മിഷൻ പദ്ധതിക്ക് വിദേശ സഹായം: കേന്ദ്രം വിശദീകരണം തേടി

ന്യൂഡൽഹി: അനുമതി വാങ്ങാതെ ലൈഫ് മിഷൻ ഭവന പദ്ധതിക്കായി വിദേശ സഹായം തേടിയതിൽ കേന്ദ്ര സർക്കാർ. സംസ്ഥാന സർക്കാരിനോട് വിശദീകരണം തേടി. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിനു പരാതി ലഭിച്ചിരുന്നു.

ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങളും കേന്ദ്ര വിദേശകാര്യ മന്ത്രാലയം സംസ്ഥാന സർക്കാരിനോട് തേടിയിട്ടുണ്ട്. വടക്കാഞ്ചേരിയിലെ ഫ്ലാറ്റ് പദ്ധതിക്കായി യുഎഇ സന്നദ്ധ സംഘടനയായ റെഡ് ക്രസന്റിന്റെ സഹായം തേടിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് റെഡ് ക്രസന്റുമായി ധാരണാപത്രം ഒപ്പിട്ടത് ഏകപക്ഷീയമാണെന്ന ആരോപണങ്ങൾ ശക്തമായ സാഹചര്യത്തിലാണ് കേന്ദ്ര ഇടപെടൽ ഉണ്ടായിരിക്കുന്നത്.

വി- കൺസോൾ കേരളത്തിന് സൗജന്യമായി നൽകാം: ജോയ്

ജോയ് സെബാസ്റ്റ്യൻ, ഭാര്യ ലിൻസി, മക്കൾ അലൻ, ജിയ

metro special vaartha

പി.ബി. ബിച്ചു

ആലപ്പുഴ: കേരള സർക്കാരിന് ഔദ്യോഗികമായ വീഡിയോ കോൺഫറൻസിങ് സോഫ്റ്റ് വെയർ ആവശ്യമുണ്ടെങ്കിൽ സൗജന്യമായി തയാറാക്കി നൽകാൻ ടെക്ജെൻഷ്യ ഒരുക്കമാണെന്ന് കേന്ദ്ര സർക്കാരിനായി വി-കൺസോൾ വീഡിയോ കോൺഫറൻസിങ് സോഫ്റ്റ് വെയർ ഒരുക്കി ലോക ശ്രദ്ധനേടി, രാജ്യത്തിന് തന്നെ അഭിമാനമായ ടെക്ജെൻഷ്യ സിഇഒ ജോയ് സെബാസ്റ്റ്യൻ 'മെട്രൊ വാർത്ത'യോട് പറഞ്ഞു.

മറ്റ് ഏത് സോഫ്റ്റ് വെയർ- ആപ്ലിക്കേഷനുകളേക്കാളും മികച്ച സുരക്ഷയോടെയുള്ള വീഡിയോ കോൺഫറൻസിങ് പ്ലാറ്റ് ഫോം ഒരുക്കാൻ തങ്ങൾ തയാറാണെന്നും ഏതു തരത്തിൽ മാറ്റം വരുത്തി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് ഓരോ ടൂളും നിർമിച്ചിട്ടുള്ളതെന്നും ജോയ് സെബാസ്റ്റ്യൻ വ്യക്തമാക്കി. വീഡിയോ കോൺഫറൻസിങ് സോഫ്റ്റ് വെയറിനുള്ള ഇന്നൊവേഷൻ ചലഞ്ചിൽ പല ലോകോത്തര ബ്രാൻഡുകളെയും പരാജയപ്പെടുത്തിയാണ് ടെക്ജൻഷ്യ ഈ നേട്ടം കൈവരിച്ചത്.

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിലെ മികവാണ് കേന്ദ്ര സർക്കാർ പരിശോധിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ കേന്ദ്ര ഇലക്ട്രോണിക്സ്-ഐടി മന്ത്രാലയങ്ങളിലെ വിവിധ ഓഫീസുകളിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് തുടങ്ങി. ഒരു വർഷം കൊണ്ട് സുപ്രീം കോടതിയിലും എല്ലാ കേന്ദ്രസർക്കാർ ഓഫീസുകളിലും വി- കൺസോൾ ആയിരിക്കും ഉപയോഗിക്കുക. നിലവിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രം ഉപയോഗിക്കാവുന്ന തരത്തിലാണ് സോഫ്റ്റ് വെയർ തയാറാക്കിയിരിക്കുന്നതെന്നും വൈകാതെ പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതരത്തിലേക്ക് ഇത് മാറ്റുമെന്നും അദ്ദേഹം പറഞ്ഞു.

2009 മുതൽ വീഡിയോ കോൺഫറൻസിങ് സോഫ്റ്റ് വെയറിന് പിന്നിലായിരുന്നെങ്കിലും ഈ വിജയം തന്റെ ടീമിന് അവകാശപ്പെട്ടതാണ്. ഓഫീസിലെ 65 പേർ ചേർന്നെടുത്ത അധ്വാനത്തിന് ഫലമുണ്ടായി. വിവിധ വിദേശ കമ്പനികൾക്കായി മറ്റ് സോഫ്റ്റ് വെയറുകളും തയാറാക്കുന്നുണ്ട്.

എന്നാൽ, ഈ നേട്ടമുണ്ടായ ശേഷമാണ് നാട്ടുകാർക്ക് പലർക്കും തന്റെ ജോലിയുടെ സ്വഭാവം മനസിലായതെന്നും നാട്ടുകാരും പഴയ സുഹൃത്തുക്കളും സെലിബ്രിറ്റികളും വിഐപികളുമടക്കം നിരവധി പേർ വിളിച്ച് അഭിനന്ദിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഔദ്യോഗിക വീഡിയോ കോൺഫറൻസ് സോഫ്റ്റ് വെയറിനായി കേന്ദ്ര സർക്കാർ നടത്തിയ ഇന്നവേഷൻ ചലഞ്ചിൽ രണ്ടായിരത്തോളം പ്രമുഖ ബ്രാൻഡുകളെ പിന്തള്ളി കേരളത്തിന്റെ സ്വന്തം ടെക്ജെൻഷ്യ ഒന്നാമതെത്തിയ വിവരം വ്യാഴാഴ്ചയാണ് കേന്ദ്ര മന്ത്രി രവിശങ്കർ പ്രസാദ് പ്രഖ്യാപിച്ചത്.

കുവി ഇനി പൊലീസ് ടീമിൽ

സ്വന്തം ലേഖകൻ

മൂന്നാർ: പെട്ടിമുടിയിലെ ദുരന്ത ഭൂമിയിൽ നിന്നും കളിക്കൂട്ടുകാരി ധനുഷ്കയുടെ ചേതനയറ്റ മൃതദേഹം കണ്ടെത്തിയ കുവി എന്ന വളർത്തുനായ ഏവരുടെയും കണ്ണുകളെ ഈറനണിയിച്ചിരുന്നു. പെട്ടിമുടിയിൽ മനുഷ്യനും വളർത്തുനായയുമായുള്ള സ്നേഹത്തിന്റെയും അത്മബന്ധത്തിന്റെയും പ്രതീകമായിരുന്നു ആ കാഴ്ചകൾ. പെട്ടിമുടിയോട് താത്കാലികമായി കുവി വിട പറയുകയാണ്, പുതിയ ദൗത്യങ്ങൾക്കായി. ഇനി ഇടുക്കി പൊലീസിന്റെ ഡോഗ് സ്ക്വാഡിൽ കുവിയും ഉണ്ടാകും പുതിയ റോളിൽ.

ദിവസങ്ങളോളം തന്റെ കളിക്കൂട്ടുകാരിയെ നഷ്ടപ്പെട്ട കുവി പെട്ടിമുടിയിൽ അലഞ്ഞുതിരിഞ്ഞ് നടന്നിരുന്നു. ദുരന്തഭൂമിയിൽ തളർന്നുറങ്ങുന്ന കുവിയെ ശ്രദ്ധയിൽപ്പെട്ട ജില്ലാ ഡോഗ് സ്ക്വാഡിലെ പരിശീലകനും സിവിൽ പോലീസ് ഓഫീസറുമായ അജിത് മാധവൻ ഏറ്റെടുക്കാൻ സന്നദ്ധത അറിയിക്കുകയും മേൽ നടപടികൾക്കായി കാത്തിരിക്കുകയും ചെയ്തുവരികയായിരുന്നു. അനുമതി ലഭിച്ചതിനെ തുടർന്നാണ് കുവിയ്ക്ക് ഇനി കാക്കിയുടെ കാവൽ ഒരുങ്ങുന്നത്.

ദുരന്തത്തിൽ അകപ്പെട്ട തന്റെ വീട്ടുകാരെയും കളിക്കൂട്ടുകാരിയെയും തിരഞ്ഞു നടന്ന കുവി സ്നേഹത്തിന്റെയും കടപ്പാടിന്റെയും പര്യായമായി മാറിയിരുന്നു. വാർത്തകളിൽ ഇടം നേടിയതോടെ കുവി പെട്ടിമുടിയുടെ മാത്രമല്ല മലയാളം മനഃസാക്ഷിയുടെ ആകെ കണ്ണുനീരായി മാറി. പെട്ടിമുടിയിൽ നിന്ന് കുവിയ്ക്ക് സ്നേഹാർദ്രമായ യാത്രയയപ്പും പ്രദേശവാസികളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് നൽകി. ആ വിടപ്പറയലിലും കുവി ആ മണ്ണിനെയും പ്രിയപ്പെട്ടവരെയും ഓർത്ത് വിതുമ്പുന്നുണ്ടായിരുന്നു.

ഇടുക്കി ജില്ലാ ഡോഗ് സ്ക്വാഡിലെ പരിശീലകനും സിവിൽ പൊലീസ് ഓഫീസറുമായ മണിയാരംകുടി സ്വദേശി ഡയസ് ജോസഫ് കുവി എന്ന നായയെ ഏറ്റെടുത്ത് കൊണ്ടുപോകുന്നു.

നീണ്ട ഇടവേളയ്ക്ക് ശേഷം കോഴിക്കോട് മിഠായിതെരുവ് ഇന്നലെ സജീവമായപ്പോൾ

കോഴിക്കോട് 158 പേർക്ക് കൊവിഡ്

കോഴിക്കോട്: ജില്ലയിൽ ഇന്നലെയും നൂറിന് മുകളിൽ കോവിഡ് ബാധിതർ. 158 പേർക്ക് കൂടിയാണ് ഇന്നലെ കോവിഡ് സ്ഥിരീകരിച്ചത്. വിദേശത്ത് നിന്ന് എത്തിയ ഏഴുപേർക്കും ഇതരസംസ്ഥാനങ്ങളിൽനിന്ന് എത്തിയവരിൽ നാലുപേർക്കുമാണ് പോസിറ്റീവ് ആയത്. സമ്പർക്കം വഴി 136 പേർക്ക് രോഗം ബാധിച്ചു. 11 പേരുടെ ഉറവിടം വ്യക്തമല്ല. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി വഴി 28 പേർക്കും ചോറോട് പ്രദേശത്ത് 59പേർക്കും വടകര മുനിസിപ്പാലിറ്റിയിൽ 16 പേർക്കും രോഗം ബാധിച്ചു.രണ്ട് ആരോഗ്യപ്രവർത്തകർക്കും പോസിറ്റീവായി. ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1140 ആയി. 163 പേർ രോഗമുക്തി നേടി.875 പേർ കൂടി നിരീക്ഷണത്തിൽ പുതുതായി വന്ന 875 പേർ ഉൾപ്പെടെ ജില്ലയിൽ 14837 പേർ നിരീക്ഷണത്തിൽ. ഇതുവരെ 85759 പേർ നിരീക്ഷണം പൂർത്തിയാക്കി. പുതുതായി വന്ന 155 പേർ ഉൾപ്പെടെ 1119 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. 163 പേർ ഡിസ്ചാർജ്ജ് ആയി. 5477 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചു. ആകെ 1,41,447 സ്രവ സാംപിളുകൾ അയച്ചതിൽ 1,35,699 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 1,32,174 എണ്ണം നെഗറ്റീവ് ആണ്. പരിശോധനയ്ക്കയച്ച സാംപിളുകളിൽ 5748 പേരുടെ ഫലം കൂടി ലഭിക്കാൻ ബാക്കിയുണ്ട്. പുതുതായി വന്ന 160 പേർ ഉൾപ്പെടെ ആകെ 3283 പ്രവാസികളാണ് നിരീക്ഷണത്തിൽ ഉള്ളത്. ഇതിൽ 588 പേർ ജില്ലാ ഭരണകൂടം സജ്ജമാക്കിയ കോവിഡ് കെയർ സെന്ററുകളിലും, 2671 പേർ വീടുകളിലും, 24 പേർ ആശുപത്രിയിലും നിരീക്ഷണത്തിലാണ്. വീടുകളിൽ നിരീക്ഷണത്തിലുള്ളവരിൽ 15 പേർ ഗർഭിണികളാണ്. ഇതുവരെ 30512 പ്രവാസികൾ നിരീക്ഷണം പൂർത്തിയാക്കി.

കുന്ദമംഗലം മഹല്ല് ഓഫീസ് ഉദ്ഘാടനം ചെയ്തു

കുന്ദമംഗലം: വ്യാപിച്ചു കൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിയിൽ നിന്നും മുക്തമാകുവാനും, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ ദുരന്തങ്ങളിലും , പ്രകൃതിക്ഷോഭങ്ങളിലും, പകർച്ചവ്യാധികളിലും പെട്ട് കഷ്ടത അനുഭവിക്കുന്നവരുടെയും ദുരിതം എത്രയും പെട്ടെന്ന് പരിഹരിച്ച് കിട്ടുന്നതിന് വേണ്ടിയും വിശ്വാസികൾ പ്രാർത്ഥനകൾ വർധിപ്പിക്കണമെന്ന് കാന്തപുരം എ.പി. അബൂബക്കർ മുസ്ലി യാർ പറഞ്ഞു. കുന്ദമംഗലം മഹല്ല് മുസ്ലിം ജമാഅത്ത് കമ്മറ്റി പള്ളിക്ക് മുൻവശത്ത് ദേശീയ പാതക്ക് സമീപത്തായി പത്ത് ലക്ഷം രൂപ ചിലവിൽ നിർമിച്ച ആധുനിക രൂപത്തിലുള്ള ഓഫീസ് കെട്ടിടം ഓൺലൈനിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം . മഹല്ല് പ്രസിഡണ്ട് പി. കെ. അബ്ദുല്ല കോയ സഖാഫി അധ്യക്ഷത വഹിച്ചു, കേരള ഹജ്ജ് കമ്മറ്റി ചെയർമാൻ സി മുഹമ്മദ് ഫൈസി, സയ്യിദ് ശിഹാബുദ്ധീൻ അഹ്ദൽ മുത്തനൂർ, പി.ടി.എ. റഹിം എംഎൽഎ, ഗ്രാമ പഞ്ചായത്ത് അംഗം എം ബാബുമോൻ, മഹല്ല് ഇമാം അബ്ദുന്നൂർ സഖാഫി, സൈനുദ്ധീൻ നിസാമി, കെ, ആലിക്കുട്ടി ഹാജി, എം.പി. അബൂബക്കർ, സി.വി. മുഹമ്മദ് ഹാജി. കെ. ഉമ്മർഹാജി, കെ.അബ്ദുൽ മജീദ് ഹാജി, എം.കെ. ഉമ്മർ, ഇ. പി. അഹമ്മദ് കോയ, എം.പി. മൂസ ഹാജി എന്നിവർ പ്രസംഗിച്ചു.

(ഫയൽ ചിത്രം)

അണു നശീകരണം നടത്തി

മഞ്ചേരി: എസ് വൈ എസ് മഞ്ചേരി സർക്കിൾ ടീം ഒലീവ്, സാന്ത്വനം അംഗങ്ങളുടെ നേതൃത്വത്തിൽ മഞ്ചേരി നഗരസഭാ കാര്യാലയം, സീതി ഹാജി ബസ് ടെർമിനൽ, ഓൾഡ് ബസ്സ്റ്റാന്റ്, സെൻട്രൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ അണു നശീകരണം നടത്തി. ശിഹാബുദ്ദീൻ സഅദി പാപ്പിനിപ്പാറയുടെ അധ്യക്ഷതയിൽ മഞ്ചേരി മുനിസിപ്പൽ വൈസ് ചെയർമാൻ വി.പി ഫിറോസ് ഉദ്ഘാടനം ചെയ്തു. ഹെൽത്ത് ഇൻസ്പെക്ടർമാരായ റിയാസ്, കരീം, സോൺ സെക്രട്ടറി സലാം തോട്ടുപൊയിൽ, മുസ്തഫ പട്ടർകുളം സംസാരിച്ചു. ലത്തീഫ് പാലോളി, ലത്തീഫ് സഖാഫി പാപ്പിനിപ്പാറ, അൻസാർ മഞ്ചേരി, സഈദ് കിടങ്ങഴി, ഷരീജ് മഞ്ചേരി നേതൃത്വം നൽകി.

പൂക്കോട്ടൂർ യുദ്ധത്തിന് 99 ആണ്ട്

മഞ്ചേരി : മലബാർ മഹാവിപ്ലവത്തിലെ സുപ്രധാന സംഭവമായ പൂക്കോട്ടൂർ യുദ്ധത്തിന് 26ന് 99 വർഷം തികയുന്നു. ഇന്ത്യൻ ജനതയുടെ ഒരു നൂറ്റാണ്ടുകാലത്തെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ രക്തപങ്കിലമായ അദ്ധ്യായമാണ് പൂക്കോട്ടൂർ യുദ്ധം. കൊളോണിയൽ ഭരണകൂടം തങ്ങളുടെ സൈനിക രഹസ്യ രേഖയിൽ 'ബാറ്റിൽ ഓഫ് പൂക്കോട്ടൂർ' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ചരിത്ര പ്രാധാന്യമുള്ള ഈ സംഭവത്തെ അനുസ്മരിച്ച് 26ന് പൂക്കോട്ടൂർ യുദ്ധഭൂമിയായി ആചരിക്കുന്നതിന് വാരിയം കുന്നൻ കുഞ്ഞഹമ്മദ് ഹാജി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ഭരണസമിതിയോഗം തീരുമാനിച്ചു. ഇതിന്റെ ഭാഗമായി പൂക്കോട്ടൂർ ഖിലാഫത്ത് മെമ്മോറിയൽ ഇസ്ലാമിക് സെന്ററുമായി സഹകരിച്ച് വെബിനാർ സംഘടിപ്പിക്കും. യോഗം ചെയർമാൻ അലവി കക്കാടൻ ഉദ്ഘാടനം ചെയ്തു. സംഘാടക സമിതി കൺവീനർ അഡ്വ. അബ്ദുറഹ്മാൻ കാരാട്ട്, രക്ഷാധികാരി ബംഗാളത്ത് കുഞ്ഞിമുഹമ്മദ്, ഒ എ വഹാബ്, ടി പി വിജയൻ, സിദ്ദീഖ് പൊറ്റയിൽ പ്രസംഗിച്ചു.

കുറ്റിപ്പുറത്തും മഞ്ചേരിയിലും പുതിയ ചികിത്സാ കേന്ദ്രങ്ങൾ

മഞ്ചേരി : കോവിഡ് മഹാമാരി അനിയന്ത്രിതമായി വ്യാപിക്കുന്ന സാഹചര്യത്തിൽ വൈറസ് ബാധ സ്ഥിരീകരിച്ചവർക്കായി ജില്ലയിൽ രണ്ട് പുതിയ ചികിത്സാ കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നു. കുറ്റിപ്പുറത്തും മഞ്ചേരിയിലുമായി 1300 ബെഡുകളോടു കൂടിയ തത്കാലിക ചികിത്സാ കേന്ദ്രങ്ങളാണ് സജ്ജമായിട്ടുള്ളത്. കുറ്റിപ്പുറം എം ഇ എസ് എഞ്ചിനീയറിംഗ് കോളേജിൽ ഇന്നു മുതൽ രോഗികൾക്ക് കിടക്കാനുള്ള സൗകര്യമൊരുക്കും. 500 ബെഡുകളാണ് ഇവിടെ സജ്ജീകരിച്ചിട്ടുള്ളത്. മഞ്ചേരി നോബിൾ വിമൻസ് കോളേജാണ് മറ്റൊരു കോവിഡ് ചികിത്സാ കേന്ദ്രം. വേട്ടേക്കോട് പ്രവർത്തിക്കുന്ന ഈ കേന്ദ്രത്തിൽ 800 ബെഡ്ഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ഒരാഴ്ചക്കകം ഇവിടെ രോഗികളെ പ്രവേശിപ്പിച്ച് തുടങ്ങും. കൊവിഡ് : ഹംസക്കോയയുടെ മകൻ പ്ലാസ്മ നൽകിമഞ്ചേരി : കോവിഡ് ബാധിച്ച് മരിച്ച മഹാരാഷ്ട്ര ഫുട്ബോൾ പ്ലയർ ഹംസക്കോയയുടെ മകൻ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തി പ്ലാസ്മ നൽകി. ഇക്കഴിഞ്ഞ ദിവസം ആശുപത്രിയിൽ നടന്ന നാലാംഘട്ട പ്ലാസ്മ ദാന ക്യാമ്പിലെത്തിയാണ് നിഹാസ് കൊവിഡ് രോഗികൾക്ക് തണലേകാൻ എത്തിയത്. മുബഷിർ കുട്ടശ്ശേരി, സുബിഹ്, കെ അബ്ദുറഹിം പൊന്നാനി, മുഹമ്മദ് അമീർ, ശംസീർ കോട്ടക്കൽ എന്നിവരും ക്യാമ്പിലെത്തി പ്ലാസ്മ നൽകി.

കാലിക്കറ്റിൽ രജിസ്ട്രാർ, കൺട്രോളർ കാലാവധി നീട്ടി

തേഞ്ഞിപ്പലം: ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷനിൽ നിയമിതരായ കാലിക്കറ്റ് സർവകലാശാലാ രജിസ്ട്രാർ ഡോ.സി.എൽ.ജോഷി, പരീക്ഷാ കൺട്രോളർ ഡോ.സി.സി.ബാബു എന്നിവരുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി ഉത്തരവായി. ജൂലൈ 27-ന് നടന്ന സിൻഡിക്കേറ്റ് തീരുമാനമനുസരിച്ചാണിത്. രജിസ്ട്രാർ ഡോ.സി.എൽ.ജോഷിയുടെ കാലാവധി സെപ്തംബർ 20 മുതലും കൺട്രോളർ ഡോ.സി.സി.ബാബുവിന്റെ കാലാവധി ഒക്ടോബർ പത്ത് മുതലുമാണ് ഒരു വർഷത്തേക്ക് നീട്ടിയത്.

പരീക്ഷാഫലം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല 2020 മാർച്ചിൽ നടത്തിയ അഫ്സൽ-ഉൽ-ഉലമ പ്രിലിമിനറി രണ്ടാം വർഷ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 24 മുതൽ സെപ്തംബർ മൂന്ന് വരെ അപേക്ഷിക്കാം.

രാജീവ് ഭവൻ ഉദ്ഘാടനം ചെയ്തു

തലശേരി : കടലിൽ മുങ്ങി താഴാൻ പോകുന്ന വഞ്ചിയാണ് സിപിഎമ്മും ഇടതുപക്ഷവുമെന്ന് കെ.സുധാകൻ എംപി. സ്വർണ്ണകടത്തിൽ സ്വപ്നാ സുരേഷിന്റെയും മുൻ ഐ.ടി സെക്രട്ടറിയുടെയും വിഷയത്തിൽ വീടുകൾ കയറി വിശദീകരിക്കാത്തത് സംസ്ഥാനത്ത് സിപിഎമ്മിന്റെ ചരിത്രത്തിലാദ്യത്തെ സംഭവമാണ് . ലൈഫ് മിഷന്റെ ഫയലുകൾ തിരികെ വാങ്ങി വായിച്ചു നോക്കുന്ന മുഖ്യമന്ത്രി തനി പൊട്ടനാണ്. ഭൂമിയിടപാടുമായി മറ്റൊന്നും അറിയില്ലെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. തെരുവുകളിലെ ചട്ടമ്പികളെ പോലെയും തെരുവു തെണ്ടികളെയും പോലെ നാണിപ്പിക്കുന്ന രീതിയിലാണ് മുഖ്യമന്ത്രിയുടെ സംസാരം. ഒരോ ദിവസം കഴിയുന്തോറും സിപിഎമ്മിന് രാഷ്ട്രീയ കുരുക്ക് മുറുകി വരികയാണ്. കോൺഗ്രസിനെ തകർക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. ജനാധിപത്യവും മതേ തരത്വവും രാഷ്ട്രീയ മൂല്യവും ബന്ധപ്പെട്ടുകൊണ്ടാണ് കോൺഗ്രസ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. കോൺഗ്രസ് തകർന്നാൽ ജനാധിപത്യം തകരും. അതു കൊണ്ട് തന്നെ രാഷ്ട്രീയ കാറ്റ് മാറി വരും. ജനാധിപത്യം ശക്തിപ്പെടും. ഇന്ത്യൻ നാഷണൽ കോൺഗ്രസ് കോടിയേരി ബ്ലോക്ക് കമ്മിറ്റി മാടപ്പീടിക ഗുംട്ടിയിൽ പുതുതായി പണിത രാജീവ്ഭവൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ കോടിയേരി ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് വി. സി പ്രസാദ് അധ്യക്ഷനായി. ഡി. സി. സി പ്രസിഡണ്ട് സതീശൻ പാച്ചേനി, സജീവ് മാറോളി, വി. രാധാകൃഷ്ണൻ, വി.എൻ ജയരാജ്, സി.പി പ്രസീൽ ബാബു, എൻ.പി അരവിന്ദാക്ഷൻ, അഡ്വ. സി.ടി സജിത്ത്, അഡ്വ. ശുഹൈബ് എന്നിവർ സംസാരിച്ചു.

ഭൂമി തട്ടിപ്പ്: പ്രതികൾ മുൻകൂർ ജാമ്യത്തിനെത്തി

തലശേരി : ഉടമ അറിയാതെ വസ്തു മറ്റൊരാൾക്ക് രജിസ്റ്റർ ചെയ്തു നൽകിയെന്ന കേസിൽ കുറ്റാരോപിതരായ തലശേരിയിലെ ആധാരം എഴുത്തുകാരനും ഭൂമി വാങ്ങിയ കണ്ണൂർ മയ്യിൽ സ്വദേശിയും മുൻകൂർ ജാമ്യത്തിനായി തലശേരി ജില്ലാ സെഷൻസ് കോടതിയിൽ ഹർജി നൽകി. എരഞ്ഞോളിയിലെ വിഷ്ണുമായയിൽ ഇ.പ്രദീപൻ (58), മയ്യിൽ ആറാം മൈലിലെ തൈവളപ്പിൽ മുഹമ്മദ് കുഞ്ഞി (73) എന്നിവരാണ് അഭിഭാഷകൻ മുഖേന കോടതിയെ സമീപിച്ചത് . ഇരുവരുടെയും ഹരജി ഫയലിൽ സ്വീകരിച്ച കോടതി വാദത്തിനും വിധി പറയാനുമായി കേസ് അടുത്ത മാസം 8 ലേക്ക് മാറ്റി.

പട്ടാനൂരിലെ രയരോത്ത് പുത്തൻവീട്ടിൽ രാഘവൻ നമ്പ്യാരുടെ പരാതിയിൽ പ്രദീപനും മുഹമ്മദ് കുഞ്ഞിയും കൂടാതെ തലശേരിയിലെ റിട്ട. സബ്ബ് രജിസ്ട്രാർ വിജയൻ അന്നത്തെ മയ്യിൽ വില്ലേജ് ഓഫീസർ എന്നിവരും പ്രതിസ്ഥാനത്തുണ്ട്. മയ്യിൽ വില്ലേജിൽ പരാതിക്കാരന്റെ പേരിലുള്ള 1.21 ഏക്കർ സ്ഥലം ഇദ്ദേഹം അറിയാതെ മുഹമ്മദ് കുഞ്ഞിയുടെ പേരിൽ പ്രതികൾ രജിസ്റ്റർ ചെയ്തു നൽകിയത്രെ. വഞ്ചന, വ്യാജരേഖ ചമയ്കൽ തുടങ്ങിയ വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരുന്നത്.

നമ്പർപ്ലേറ്റിന്റെ ചിത്രം കിട്ടിയാൽ വണ്ടിയുടെ ചരിത്രം വരെ അറിയാം; വാഹനപരിശോധന ഡിജിറ്റലായി

എടപ്പാൾ: മോട്ടോർ വാഹനവകുപ്പിന്റെ പരിശോധന കണ്ട് കുതിച്ചുപാഞ്ഞ് രക്ഷപ്പെടാമെന്ന് കരുതേണ്ട; അവരെ കുടുക്കാനുള്ള വിദ്യയായി. വാഹനവകുപ്പ് ഉദ്യോഗസ്ഥർക്ക് റോഡിൽനിന്ന് വാഹനം കൈകാണിച്ചു നിർത്തിയുള്ള പരിശോധനയും വേണ്ട. വാഹനപരിശോധന ഡിജിറ്റലായിട്ട് ഒരാഴ്ചയായി.ഉദ്യോഗസ്ഥരുടെ കൈവശമുള്ള പി.ഒ.എസ്. (പോയിന്റ് ഓഫ് സെയിൽ) ഉപകരണമാണ് ഇനി താരം. ഇത് ഉപയോഗിച്ച് നമ്പർപ്ലേറ്റിന്റെ ചിത്രമെടുത്താൽ മതി. വാഹനം സംബന്ധിച്ച് എല്ലാ വിവരങ്ങളും അതിന്റെ സ്ക്രീനിൽ തെളിയും. ഏതെങ്കിലും രേഖകളില്ലെങ്കിൽ അതിന്റെ പിഴയടക്കം തത്സമയം അറിയാനാകും.ഈ തുക ഓൺലൈനായോ എ.ടി.എം. കാർഡ് സ്വൈപ് ചെയ്തോ ഉടൻ അടയ്ക്കാം. അല്ലെങ്കിൽ ഓഫീസിലോ പിന്നീട് കോടതിയിലോ അടയ്ക്കാം. ഹെൽമെറ്റ് വയ്ക്കാതെ വാഹനമോടിക്കലുൾപ്പെടെ തത്സമയം പി.ഒ.എസ്. ക്യാമറയ്ക്കുള്ളിൽ കുടുങ്ങും. പരിശോധനാസ്ഥലം, സമയം, കുറ്റം, പിഴ എന്നിവ രേഖപ്പെടുത്തിയ പ്രിന്റ് ചെയ്ത രസീതോ മൊബൈൽ സന്ദേശമോ കിട്ടും.വാഹനമോടിച്ചയാളുടെ ഡ്രൈവിങ് ലൈസൻസ് നമ്പർ പി.ഒ.എസിൽ രേഖപ്പെടുത്തിയാൽ ലൈസൻസ് കാലാവധിയും മുമ്പ് മോട്ടോർവാഹന നിയമലംഘനം നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാകും. മുമ്പ്, പിഴയൊടുക്കാത്തതുൾപ്പെടെയുള്ള വിവരവും കിട്ടും. നിർത്തിയിട്ട വാഹനമുൾപ്പെടെ പരിശോധിക്കാനാകുമെന്നതാണ് വലിയ സവിശേഷത.

കരിമ്പട്ടികയിലാകും

പി.ഒ.എസിലൂടെ ഒരു വാഹനത്തിന്റെ കേസ് രജിസ്റ്റർ ചെയ്താൽ പിഴയൊടുക്കുന്നതുവരെ കരിമ്പട്ടികയിലാകും. പരിശോധനയ്ക്കിടെ നിർത്താതെ പോകുന്ന വാഹനങ്ങളും കരിമ്പട്ടികയിലാകും. ഇങ്ങനെ പോകുന്നയാൾക്ക് ലൈസൻസില്ലെന്ന് കണക്കാക്കി അതിനുൾപ്പെടെ പിഴയീടാക്കുകയും ചെയ്യും.മോട്ടോർ വാഹനവകുപ്പിന്റെ സാരഥി, വാഹൻ ആപ്പുകൾ വഴിയുള്ള എല്ലാ സേവനങ്ങളും ഇതോടെ റദ്ദാകും. നികുതി, ഇൻഷുറൻസ് എന്നിവയൊന്നും പുതുക്കാനുമാകില്ല. രാജ്യത്തിന്റെ ഏതുഭാഗത്ത് നടത്തുന്ന പരിശോധനയിലും വാഹനം കണ്ടെത്താനും പിടിച്ചെടുക്കാനുമാകും. കേസ് തീർപ്പാകാതെ വാഹനം റോഡിലിറക്കാനാകില്ലെന്ന് ചുരുക്കം.പി.ഒ.എസ്. പരിശോധനയിൽ തത്സമയം പിഴയടക്കാത്തവർക്ക് വെർച്വൽ കോടതിയായിരിക്കും പിഴ നിശ്ചയിക്കുക. പരിശോധാനാസ്ഥലത്തുതന്നെ രണ്ട് സാക്ഷികളുടെ സാക്ഷ്യപ്പെടുത്തലോടെ എറണാകുളത്തെ വെർച്വൽ കോടതിയിലേക്ക് അയയ്ക്കും. പിഴ നിശ്ചയിച്ചാൽ വാഹന ഉടമയുടെയോ ലൈസൻസ് ഉടമയുടെയോ ഫോണിലേക്ക് സന്ദേശമായെത്തും.

മൂന്ന് സ്ക്വാഡുകൾ

കണ്ണൂർ ജില്ലയിൽ മൂന്ന് സ്ക്വാഡുകളാണ് പരിശോധന നടത്തുന്നത്. ഓരോ സ്ക്വാഡിനും ഓരോ ഉപകരണമാണുള്ളത്. വ്യാപാര സ്ഥാപനങ്ങളിലെ സ്വൈപ്പിങ് മെഷിനിൽ മൊബൈൽ ഫോണിന്റെ ചില ഉപയോഗങ്ങളും ചേർത്ത് പരിഷ്കരിച്ചതാണ് പി.ഒ.എസ്. കടലാസുരേഖകളുടെ പരിശോധനയും നേരിട്ട് പണം കൈമാറിയുള്ള പിഴയടക്കലുമില്ലാത്തിനാൽ ഉദ്യോഗസ്ഥർ പണം കൈപ്പറ്റി അനാവശ്യമായ പിഴയാടാക്കിയെന്ന പരാതികളുണ്ടാകില്ല

ക്വട്ടേഷൻ ക്ഷണിച്ചു

കോഴിക്കോട്: ഗവ. എഞ്ചിനീയറിങ് കോളെജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിലേക്കാവശ്യമായ കോൺഫറൻസ് ക്യാമറ, സ്പീക്കർ ഫോൺ, ട്രൈപോഡ് ആൻഡ് ഡിജിറ്റൽ ഡിസ്പ്ലേ ടാബ് എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി സെപ്തംബർ ഒൻപത് ഉച്ചക്ക് രണ്ട് മണി വരെ. ഫോൺ : 0495 2383220, 2383210.

വ്യാജ ഇൻഷുറൻസ് പോളിസി സർട്ടിഫിക്കറ്റ് സമർപ്പിച്ച് മരിച്ചയാളുടെ കുടുംബത്തെയും ട്രാഫിക് പൊലീസിനെയും വഞ്ചിച്ചു

കോഴിക്കോട്: വ്യാജ ഇൻഷുറൻസ് പോളിസി സർട്ടിഫിക്കറ്റ് സമർപ്പിച്ച് തമിഴ്നാട് സ്വദേശിയായ വാഹന ഉടമ അപകടത്തിൽ മരിച്ചയാളുടെ കുടുംബത്തെയും ട്രാഫിക് പൊലീസിനെയും വഞ്ചിച്ചു. അപകടത്തിൽ മരിച്ച 59-കാരന്റെ ഭാര്യയും മക്കളും നഷ്ടപരിഹാരമായി കോടതി വിധിച്ച 16.79 ലക്ഷം രൂപയും പലിശയും കിട്ടാതെ ക്ലേശിക്കുന്നു. ഇവരുടെ കുടുംബം വൻസാമ്പത്തിക ക്ലേശത്തിലുമാണ്.വെസ്റ്റ്ഹിൽ 'തിരുവോണം'(തറമ്മൽ) വീട്ടിൽ കെ. തുളസീദാസ് ആണ് ബീച്ച് റോഡിൽവച്ച് നാഷണൽ പെർമിറ്റ് ലോറിയിടിച്ചു മരിച്ചത്. 2016 സെപ്റ്റംബർ ഏഴിനാണ് അപകടമുണ്ടായത്. ഇ.എസ്.ഐ. ആശുപത്രിയിലെ റിട്ട. ആംബുലൻസ് ഡ്രൈവറായിരുന്നു തുളസീദാസ്.ബൈക്ക് യാത്രക്കാരനായ തുളസീദാസ് അപകടസമയത്ത് വണ്ടി റോഡരികിൽ നിർത്തി ഫോൺ ചെയ്യുകയായിരുന്നു. തമിഴ്നാട് രജിസ്ട്രേഷനിലുള്ള ടി.എൻ.- 28 - 2320 നമ്പർ ലോറിയാണ് അപകടമുണ്ടാക്കിയത്. ജൂലായ് 25-ന് തുളസീദാസ് സ്വകാര്യ ആശുപത്രിയിൽവച്ച് മരിച്ചു. ഭാര്യ സി.ബി. സത്യവതിയും രണ്ടുമക്കളും അനാഥരായി.ട്രാഫിക് പൊലീസ് കേസെടുത്തപ്പോൾ ലോറി ഉടമകളായ തമിഴ്നാട് സേലം ആത്തൂർ മാരിയമ്മൻ കോവിൽ സ്ട്രീറ്റ് സീതേരി രാജവേൽ രാമസ്വാമിയും ഭാര്യ സരസു രാജവേലും ഹാജരാക്കിയ പോളിസി കൃത്രിമമായി ചമച്ച രേഖയാണെന്ന് കോടതി കണ്ടെത്തി. പോളിസി യഥാർഥത്തിൽ മഹാരാഷ്ട്ര രജിസ്ട്രേഷനിലുള്ള എം.എച്ച്. - 48 ഇസഡ് - 8086 നമ്പർ സ്കൂട്ടറിന്റേതായിരുന്നു. ഇത് മനസ്സിലാക്കിയ സ്വകാര്യഇൻഷുറൻസ് കമ്പനി കോടതിയെ ഇക്കാര്യം ധരിപ്പിച്ച് കേസിൽനിന്ന് തലയൂരി.എന്നാൽ, മരിച്ചയാളുടെ കുടുംബത്തിന് സംഭവിച്ച നഷ്ടം കണക്കിലെടുത്ത് കോഴിക്കോട് എം.എ.സി.ടി. കോടതി നഷ്ടപരിഹാരം വിധിച്ചു. ഈ തുക വാഹന ഉടമകൾ നൽകണമെന്നും വിധിയിലുണ്ട്. നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ അവരുടെ സ്വത്തു കണ്ടെത്തി കണ്ടുകെട്ടണമെന്നും കോടതി നിർദേശമുണ്ട്. എന്നാൽ, രണ്ടുവർഷംമുമ്പ് വിധിയായ കേസിൽ ഉടമകളെ കണ്ടെത്താൻപോലും ഇതുവരെ കഴിഞ്ഞിട്ടില്ല. ഒന്നാംപ്രതി സ്ത്രീയായതിനാൽ പണം ഈടാക്കാനായി അവരെ അറസ്റ്റുചെയ്യാൻ നിയമം അനുവദിക്കുന്നുമില്ല. കേസിൽ തുളസീദാസിന്റെ കുടുംബത്തിനായി വാദിച്ച കോഴിക്കോട്ടെ അഭിഭാഷകൻ വിനോദ് സിങ് ചെറിയാൻ ഹൈക്കോടതിയിൽ ഇപ്പോൾ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.വീടിനടുത്ത് ചെറിയ കട നടത്തിയാണ് സത്യവതിയും മക്കളും കഴിയുന്നത്. ബി.എസ്സി. നഴ്സിങ് പഠിക്കുന്ന മകൾ അമൃതയ്ക്കും ഡിഗ്രി മൂന്നാം വർഷ വിദ്യാർഥി അർജുൻദാസിനും ഫീസടയ്ക്കാൻപോലും പ്രയാസമാണ്. തമിഴ്നാട് പൊലീസ് ഇടപെട്ട് ലോറി ഉടമകളെ കണ്ടെത്തണമെന്ന് ആവശ്യപ്പെട്ട് ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകാനൊരുങ്ങുകയാണ് സത്യവതി.ട്രാഫിക് പൊലീസ് കേസിന്റെ രേഖകൾ പരിശോധിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കോഴിക്കോട് കേന്ദ്രമായുള്ള ഓർഗനൈസേഷൻ ഫോർ സോഷ്യൽ ജസ്റ്റിസ് എന്ന സംഘടന ഡി.ജി.പി.ക്ക് പരാതി അയച്ചിട്ടുണ്ട്.

സപ്ലൈകോ ഓണം ഫെയറിന് തുടക്കമായി

കോഴിക്കോട്: സിവിൽ സപ്ലൈസ് കോർപറേഷന്റെ ഓണം ഫെയർ ജില്ലാതല ഉദ്ഘാടനം എം.കെ. രാഘവൻ എംപി നിർവഹിച്ചു. കോഴിക്കോട് ഗവ. മോഡൽ ഹൈസ്കൂളിൽ നടന്ന ചടങ്ങിൽ കെഡബ്ല്യുഎ ബോർഡ് അംഗം ടി.വി. ബാലൻ അധ്യക്ഷത വഹിച്ചു.മേളയിൽ അവശ്യ സാധനങ്ങൾക്ക് പുറമെ ഗൃഹോപകരണങ്ങൾ, ഹോർട്ടി കോർപ്പിന്റെ പച്ചക്കറി സ്റ്റാൾ, മിൽമ സ്റ്റാൾ, തുടങ്ങി സർക്കാർ -അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സ്റ്റാളുകളും ഉണ്ട്. കൊവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ടോക്കൺ അടിസ്ഥാനത്തിലാണ് വിൽപ്പന. സപ്ലൈകോ സ്റ്റാളിൽ സപ്ലൈകോ കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ലഭ്യമാണ്. സബ്സിഡി നിരക്കിലും സബ്സിഡി ഇതര നിരക്കിലും സാധനങ്ങൾ വിൽപ്പനയ്ക്ക് എത്തിച്ചിട്ടുണ്ട്. 30 ന് മേള അവസാനിക്കും.സിവിൽ സപ്ലൈസ് റീജണൽ മാനേജർ എൻ. രഘുനാഥ് സ്വാഗതവും കോഴിക്കോട് ഡിപ്പോ മാനേജർ പി. കെ. അനിൽകുമാർ നന്ദിയും പറഞ്ഞു.

കരിപ്പൂർ വിമാനത്താവളത്തെ തകർക്കാൻ അനുവദിക്കില്ല: പ്രവാസി ലീഗ്

ഞ്ഞിപ്പലം: കരിപ്പൂർ വിമാനത്താവളത്തെ ഇല്ലാതാക്കാനുള്ള നീക്കം ഏതു വില കൊടുത്തും എതിർത്തു തോൽപ്പിക്കണമെന്ന് കേരള പ്രവാസി ലീഗ് സംസ്ഥാന കമ്മറ്റി ആവശ്യപ്പെട്ടു.അരനൂറ്റാണ്ടോളം പഴക്കമുള്ളതും ഇന്ത്യയിലെത്തന്നെ ഏറ്റവും കൂടുതൽ വരുമാനവുമുള്ള വിമാനത്താവളമാണ് കരിപ്പൂർ. ഈയിടെ ഉണ്ടായ അപകടം കാരണമാക്കി കരിപ്പൂരിന്റെ വളർച്ച തന്നെ തടയിടാൻ ശ്രമിച്ച പഴയ ഉദ്യോഗസ്ഥ ലോബി വീണ്ടും രംഗത്തു വന്നിരിക്കുകയാണ്.മലബാറിന്റെ വികസനത്തിനും സാധാരണക്കാരുടെ യാത്രാ സൗകര്യങ്ങൾക്കും പ്രധാന പങ്കാണ് കരിപ്പൂരിനുള്ളത്. ഈ പ്രദേശത്തെ കാർഷിക കയറ്റുമതിയും നടക്കുന്നത് ഈ വിമാനത്താവളം മുഖേനയാണ്.കരിപ്പൂരിൽ നടന്ന ദുരന്തം വിമാനത്താവളം കാരണമാണെന്ന് ഇതുവരെ ആരും പറഞ്ഞിട്ടില്ല വിമാനത്താവളത്തിനെതിരെ ചില കുബുദ്ധികളുടെ നീക്കം ആസൂത്രിതമാണ്. ഉദ്യോഗസ്ഥ വിഭാഗം മാത്രമല്ല മുമ്പൈ കേന്ദ്രീകരിച്ചുള്ള ലോബിയും ഇതിനു പിന്നിലുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്വന്തം കിടപ്പാടം പോലും നഷ്ടപ്പെടുത്തിയാണ് പ്രാദേശിക വാസികൾ വിമാനത്താവളത്തിനായി സഹകരിച്ചത്..ഈ വസ്തുത മറച്ചുവെച്ചു നടത്തുന്ന അസത്യ പ്രചാരണം പൂർണമായും തള്ളിക്കളയണം.പ്രവാസി ലീഗ് ആവശ്യപ്പെട്ടു. ഒരു സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ കക്ഷി ചെരുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. സംസ്ഥാന ഭാരവാഹികളുടെ ഓൺലൈൻ യോഗത്തിൽ പ്രസിഡണ്ട് ഹനീഫ മൂന്നിയൂർ അധ്യക്ഷത വഹിച്ചു.

വിമാനത്താവളം സ്വകാര്യവൽക്കരണത്തിനെതിരെ പ്രതിഷേധവുമായി എൻസിപി

തേഞ്ഞിപ്പലം: പൊതുമേഖലയിൽ ലാഭത്തോടെ പ്രവർത്തിക്കുന്ന തിരുവനന്തപുരം വിമാനത്താവളത്തെ സംസ്ഥാന സർക്കാറിന്റെ എതിർപ്പ് മറികടന്ന് കൊണ്ട് അദാനി ഗ്രൂപ്പിന് വിൽക്കുവാനുള്ള കേന്ദ്ര സർക്കാർ നീക്കം പകൽക്കൊള്ള യാണെന്ന് എൻസിപി ജില്ലാ ജനറൽ സെക്രട്ടറി അബുലൈസ് തേഞ്ഞിപ്പലം കുറ്റപ്പെടുത്തി.ഓൺലൈനിൽ സംഘടിപ്പിച്ച എൻസിപി വള്ളിക്കുന്ന് ബ്ലോക്ക് കമ്മറ്റി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബ്ലോക്ക് പ്രസിഡണ്ട് ഡോ.കെ.മുഹമ്മദ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്തംഗം എം.വിജയൻ, കെ.പി.രഘുനാഥ്, അയ്യപ്പൻ നാട്ടാണത്ത്, മംഗലശേരി കേശവൻ, കുത്തി രേഴി വിശ്വൻ, ചൊക്ലി ഇസഹാഖ്, എം.സത്യൻ, കെ.പി.മുഹമ്മദ് കുട്ടി, കരിപ്പാര സുനിൽ പ്രസംഗിച്ചു.സംസ്ഥാന കമ്മറ്റിയുടെ ആഹ്വാന പ്രകാരം, കേന്ദ്ര തീരുമാനം തിരുത്തണമെന്നാവശ്യപ്പെട്ട് അരിയല്ലൂരിൽ ശനിയാഴ്ച പ്രതിഷേധ നിൽപ്പ് സമരം നടത്തുവാൻ തീരുമാനിച്ചു.

ദർഘാസ് ക്ഷണിച്ചു

കോഴിക്കോട്: വെസ്റ്റ്ഹിൽ, തിക്കോടി എഫ്സിഐ യിൽ നിന്നും വിതരണത്തിനുള്ള അരിയും, ഗോതമ്പും കോഴിക്കോട് സപ്ലൈക്കോ ഡിപ്പോയിൽ എത്തിക്കുന്ന ജോലി (എം.ഡി. എം.എസ്/ഡബ്ള്യൂ.ബി.എൻ. പി പദ്ധതികൾ പ്രകാരം) രണ്ട് വർഷത്തേക്ക് ഏറ്റെടുത്തു നടത്തുവാൻ തയ്യാറുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തിയതി 27. ഫോൺ :-0495 - 2414320.

സ്മരണാഞ്ജലി
നാലാം ചരമവാർഷികം
22-08-2020

പി. കെ. ഗോപാലൻ
കുറുപ്പനേഴത്ത് വീട്
തെക്കൻ പറവൂർ
ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ
PUTHANPURAYIL FAMILY TRUST
SOUTH PARAVOOR, ERNAKULAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 225 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

കൊവിഡ് സ്ഥിരീകരിച്ചു

കുന്നംകുളം: പെരുമ്പിലാവ് അൻസാർ ആശുപത്രി ജീവനക്കാരനായ മങ്ങാട് സ്വദേശിക്ക് കൊവിഡ് സ്ഥിരീകരിച്ചു.മങ്ങാട് സ്വദേശിയും പെരുമ്പിലാവ് അൻസാർ ആശുപത്രി ജീവനക്കാരനുമായ യുവാവിനാണ് കോവിഡ് സ്ഥിരീകരിച്ചത്. മേഖലയിലെഏറെ തിരക്കുള്ള ആശുപത്രിയാണ് അൻസാർ ആശുപത്രി. അറ്റൻഡറായി ജോലി ചെയ്തിരുന്ന ഇയാൾ രോഗികളുമായി സമ്പർക്കം പുലർത്തിയിരുന്നു.സമ്പർക്കത്തിൽ ഉള്ളവരോട് സ്വയം നിരീക്ഷണത്തിൽ പോകാൻ ഹോസ്പിറ്റൽ മാനേജ്മെന്റ് അറിയിച്ചു.

മർദനമേറ്റ സംഭവത്തിൽ 13 പേർക്കെതിരെ കേസെടുത്തു

അലത്തൂർ:നോക്കുകൂലി നൽകാത്തതിന്റെ പേരിൽ പ്രവാസി വ്യവസായിക്ക് മർദനമേറ്റ സംഭവത്തിൽ 13 പേർക്കെതിരെ പൊലീസ് കേസെടുത്തു. സിഐടിയു-,ഐഎൻടിയുസി തൊഴിലാളികൾക്ക് എതിരായാണ് അലത്തൂർ പൊലീസ് കേസെടുത്തത്. ഭീഷണിപ്പെടുത്തി പണാപഹരണം നടത്താൻ ശ്രമിക്കൽ, മർദനം എന്നീ വകുപ്പുകൾ ചേർത്താണ് കേസെടുത്തിരിക്കുന്നത്. ഇവരുടെ അറസ്റ്റ് അടക്കമുള്ള നടപടികളിലേക്ക് കടക്കുമെന്ന് അലത്തൂർ സിഐ അറിയിച്ചു. അതേസമയം തങ്ങൾ നോക്കുകൂലി ചോദിച്ചിട്ടില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ്തൊഴിലാളി സംഘടനകൾ.തന്റെ കടയിലേക്ക് വന്ന ലോഡിറക്കിയതിനാണ് കഴനി ചുങ്കത്തെ പ്രവാസി വ്യവസായി ദീപക്കിന് കഴിഞ്ഞ ദിവസം സിഐടിയു-ഐഎൻടിയുസി തൊഴിലാളികളുടെ മർദനമേറ്റത്.

പ്രതിഷേധിച്ചു

മാള:പൊയ്യ പഞ്ചായത്തിലെ മാള പള്ളിപ്പുറം പോസ്റ്റോഫിസിനു സമീപം 20 വർഷത്തോളമായി പ്രവർത്തിച്ചിരുന്ന എ.ആർ. സി.64 നമ്പർ റേഷൻ കടയാതൊരു മുന്നറിയിപ്പുമില്ലാതെ മാറ്റിയത് മൂലം കാർഡ് ഉടമകൾ ദുരിതത്തിലാണ്.ലൈസൻസിയുടെ സൗകര്യാർത്ഥം മാറ്റിയ റേഷൻ കടയിലേക്ക് ഇപ്പോൾ ഉപഭോക്താക്കൾ നാല് കിലോമീറ്ററുകളോളം സഞ്ചരിച്ചു വേണം എത്തിച്ചേരാൻ.ലൈസൻസിയുടെ സൗകര്യാർത്ഥം മാറ്റിയിരിക്കുന്ന റേഷൻ കട പഴയ സ്ഥലത്തിലേക്ക് തന്നെ മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് കാർഡുടമകളുടെ ഒപ്പ് ശേഖരണം നടത്തി മേലധികാരികൾക്ക്നൽകാൻ പ്രതികരണവേദി യോഗം തീരുമാനിച്ചു. സലാം ചൊവ്വര അദ്ധ്യക്ഷനായ യോഗത്തിൽ ഹർഷദ് കവറിൽ, നിഷാദ് മാള, ഇ.ഡി. വർഗ്ഗീസ്, വി.എസ്. നിസാർ, കെ.കെ. പ്രകാശൻ എന്നിവർ സംസാരിച്ചു.

ചരമം

ശാന്ത

ചെമ്മാപ്പിള്ളി: കടവിനു സമീപം പൊന്നേക്കാട്ട് പരേതനായ കുഞ്ഞിക്കുട്ടൻ മകൾ ശാന്ത (72) അന്തരിച്ചു. സംസ്കാരം നടത്തി. സഹോദരി: പരേതയായ മാലതി.

പൂവേ പൊലി........ അത്ത പൂക്കളമിടാൻ പൂക്കൾ പറിക്കുന്ന സഹോദരങ്ങൾ കോവിഡ് മൂലം പുറ സ്ഥലങ്ങളിൽ വരുന്ന പൂക്കൾ മിക്കവരും ഒഴിവാക്കി നാടൻ പൂക്കൾ തന്നെയാണ് ഉപയോഗിക്കുന്നത് ഫോട്ടോ കെ.കെ. നജീബ്

അന്നമനടയിൽ ട്രഷറി പ്രവർത്തനം അവതാളത്തിലായി

മാള: ഇന്നലെ ഉച്ച മുതൽ വൈദ്യുതിയും ഇന്റർനെറ്റും തകരാറിലായതോടെ അന്നമനടയിലേക്ക് മാറ്റിയ മാള സബ് ട്രഷറി പ്രവർത്തനം ഇന്നലെ അവതാളത്തിലായി. ട്രഷറി പ്രവർത്തിക്കാൻ ആവശ്യത്തിന് സജ്ജീകരണങ്ങളില്ലാതെ പ്രളയം ഉണ്ടാകും എന്ന പേടിയാൽ ധൃതി പിടിച്ച് ട്രഷറി അന്നമനടയിലേക്ക് മാറ്റിയതാണ് പ്രശ്നമായതെന്ന് പെൻഷനേഴ്സ് ആരോപിച്ചു. ട്രഷറിയിലേക്കാവശ്യമായ കമ്പ്യൂട്ടറുകളും യു പി എസും സ്ഥാപിക്കുന്നതിനായി ഇന്നലെ ഉച്ചക്ക് ജോലികൾ തുടങ്ങി. പിന്നീട് വൈദ്യുതി ബന്ധം പുനസ്ഥാപിച്ചുവെങ്കിലും ഇന്റർനെറ്റ് ലഭ്യമാകാതെ വന്നതാണ് പ്രശ്നമായത്. ഇതേ തുടർന്ന് പെൻഷൻ വാങ്ങാനെത്തിയവരെ ഉൾപ്പെടെയുള്ളവരെ തിരിച്ചയച്ചു. ട്രഷറി വകുപ്പിന്റെ അനാസ്ഥയാണ് പ്രശ്നത്തിന് കാരണമെന്ന ആക്ഷേപവും ശക്തമായിട്ടുണ്ട്.

കോവിഡ് ചികിത്സാ കേന്ദ്രത്തിലേക്കുള്ള സാധന സാമഗ്രികൾ വേലൂർ പഞ്ചായത്ത് പ്രസിഡന്റ് ഷേർളി ദിലീപ് കുമാർ ഏറ്റുവാങ്ങുന്നു.

സാധന സാമഗ്രികൾ ഏറ്റുവാങ്ങി

വടക്കാഞ്ചേരി:ചാവക്കാട് വിദ്യാഭ്യാസ ജില്ല ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ നേതൃത്വത്തിൽ വേലൂർ പഞ്ചായത്തിലെ തലക്കോട്ടുകര വിദ്യ എൻജിനീയറിങ് കോളെജിൽ പ്രവർത്തിക്കുന്ന കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ആവശ്യമായ ബെഡ്ഷീറ്റുകളും, സാനിറ്റൈസറുകളും എത്തിച്ചു നൽകി. വേലൂർ പഞ്ചായത്ത് പ്രസിഡന്റ് ഷേർളി ദിലീപ്കുമാർ സാധന സാമഗ്രികൾ ഏറ്റുവാങ്ങി.

മന്ത്രി രാജിവയ്ക്കണം

വടക്കാഞ്ചേരി: ലൈഫ്മിഷൻ ഫ്ലാറ്റ് നിർമാണത്തട്ടിപ്പിൽ പങ്കുള്ള മന്ത്രി എ.സി.മൊയ്തീൻ രാജിവെയ്ക്കാൻ ആവശ്യപ്പെട്ട് ബിജെപി പ്രക്ഷോഭത്തിലേക്ക്. ചരൽപ്പറമ്പിലെ വിവാദ ഫ്ലാറ്റ് സമുച്ചയം സംസ്ഥാന സെക്രട്ടറി എ.നാഗേഷിന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തി.നഗരസഭ കൗൺസിലർ ചന്ദ്രമോഹൻ കുമ്പളങ്ങാട്, ബിജെപിമേഖല സെക്രട്ടറി പി.ജി.രവീന്ദ്രൻ, നിയോജക മണ്ഡലം എം.ആർ.അനിൽകുമാർ തുടങ്ങിയവർ അനുഗമിച്ചു.

മാധ്യമപരസ്യങ്ങൾക്ക് വിലക്കില്ല

തൃശൂർ: കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഓണാഘോഷങ്ങൾക്ക് ജില്ലാതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളിൽ നിന്ന് കച്ചവടസ്ഥാപനങ്ങളുടെ മാധ്യമപരസ്യങ്ങൾ ഒഴിവാക്കിയതായി ജില്ലാ കലക്ടർ എസ് ഷാനവാസ് അറിയിച്ചു. കച്ചവട സ്ഥാപനങ്ങൾ ഓണാഘോഷത്തോടനുബന്ധിച്ച് മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിന് തടസ്സമില്ല. കച്ചവടസ്ഥാപനങ്ങളിൽ ആൾക്കൂട്ടം ഒഴിവാക്കുകയും സാമൂഹ്യ അകലം പാലിക്കുകയും വേണമെന്ന നിർദേശം കർശനമായി നടപ്പാക്കും. സംസ്ഥാനത്തിന് പുറത്ത് നിന്ന് എത്തുന്ന പൂക്കളുടെ കച്ചവടം ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

തൃശൂരിൽ 119 പേർക്ക് കൂടി കോവിഡ്

തൃശൂർ: ജില്ലയിൽ ഇന്നലെ 119 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചു. 55 പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 779 ആണ്. തൃശൂർ സ്വദേശികളായ 40 പേർ മറ്റു ജില്ലകളിൽ ചികിത്സയിൽ കഴിയുന്നു. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 2882 ആണ്. ഇതുവരെ രോഗമുക്തരായത് 2077 പേർ.രോഗം സ്ഥിരീകരിച്ചവരിൽ 111 പേരും സമ്പർക്കം വഴി കോവിഡ് പോസിറ്റീവ് ആയവരാണ്. ഇതിൽ 33 പേരുടെ രോഗഉറവിടമറിയില്ല. അമല ക്ലസ്റ്റർ 11, ചാലക്കുടി ക്ലസ്റ്റർ 7, നടവരമ്പ് ക്ലസ്റ്റർ 1, ആരോഗ്യപ്രവർത്തകർ 7, പൊലീസ് 1, മറ്റ് സമ്പർക്കം 51, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവർ 5, വിദേശത്ത് നിന്ന് തിരിച്ചെത്തിയവർ 3 എന്നിങ്ങനെയാണ് രോഗസ്ഥിരീകരണത്തിന്റെ കണക്ക്.രോഗം സ്ഥിരീകരിച്ച 119 പേരിൽ 61 പേർ പുരുഷൻമാരും 58 പേർ സ്ത്രീകളുമാണ്. ... ഗവ. മെഡിക്കൽ കോളെജ് ആശുപത്രിയിലും മറ്റ് ആശുപത്രികളിലും കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലുമായി കഴിയുന്നവർ. വെള്ളിയാഴ്ചയിലെ കണക്ക്:ഗവ. മെഡിക്കൽ കോളെജ് തൃശ്ശൂർ - 50, സി.എഫ്.എൽ.ടി.സി ഇ.എസ്.ഐ -നെഞ്ചുരോഗാശുപത്രി മുളങ്കുന്നത്തുകാവ്- 34, എം. സി. സി. എച്ച്. മുളങ്കുന്നത്തുകാവ് -37, ജി.എച്ച് തൃശ്ശൂർ-14, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി - 27, കില ബ്ലോക്ക് 1 തൃശ്ശൂർ-86, കില ബ്ലോക്ക് 2 തൃശൂർ- 74, വിദ്യ സി.എഫ്.എൽ.ടി.സി വേലൂർ-126, എം.എം.എം കോവിഡ് കെയർ സെന്റർ തൃശൂർ - 10, ചാവക്കാട് താലൂക്ക് ആശുപത്രി -12, ചാലക്കുടി താലൂക്ക് ആശുപത്രി -12, സി.എഫ്.എൽ.ടി.സി കൊരട്ടി - 52, കുന്നംകുളം താലൂക്ക് ആശുപത്രി -7, ജി.എച്ച്. ഇരിങ്ങാലക്കുട - 6, ഡി.എച്ച്. വടക്കാഞ്ചേരി - 4, ജൂബിലി മിഷൻ മെഡിക്കൽ കോളെജ് തൃശൂർ -3, അമല ഹോസ്പിറ്റൽ തൃശൂർ - 94, ഹോം ഐസൊലേഷൻ - 12.നിരീക്ഷണത്തിൽ കഴിയുന്ന 9395 പേരിൽ 8600 പേർ വീടുകളിലും 795 പേർ ആശുപത്രികളിലുമാണ്. കോവിഡ് സംശയിച്ച് 103 പേരെയാണ് ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്. 835 പേരെ നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 544 പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി.ഇന്നലെ 2109 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 65958 സാമ്പിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത്. ഇതിൽ 64758 സാമ്പിളുകളുടെ പരിശോധന ഫലം വന്നിട്ടുണ്ട്. ഇനി 1200 സാമ്പിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി 11434 പേരുടെ സാമ്പിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.

കണ്ടെയ്ൻമെന്റ് സോണുകൾ

തൃശൂർ: ജില്ലയിലെ പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ: എടവിലങ്ങ് ഗ്രാമപഞ്ചായത്ത് വാർഡ് 01, കടവല്ലൂർ വാർഡ് 19, കടങ്ങോട് വാർഡ് 06, മുരിയാട് വാർഡ് 13 (തുറവൻകാട് 13, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് മുഴുവൻ വാർഡുകളും.കണ്ടെയ്ൻമെന്റ് സോണിൽ നിന്ന് ഒഴിവാക്കിയ പ്രദേശങ്ങൾ: ചാലക്കുടി നഗരസഭ ഡിവിഷൻ 27 (മിനർവ ബേക്കറി ജംഗ്ഷൻ മുതൽ ഫാംറോഡ് വരെയുള്ള മാർക്കറ്റ് ഭാഗം 14, 20, 21 ഡിവിഷനുകൾ ഉൾപ്പെടുന്ന പ്രദേശം), കൊടകര ഗ്രാമപഞ്ചായത്ത് വാർഡ് 05, 06, 14, തൃക്കൂർ വാർഡ് 05, നെന്മണിക്കര വാർഡ് 05, അരിമ്പൂർ വാർഡ് 10, 13, തോളൂർ വാർഡ് 09, പുത്തൻചിറ വാർഡ് 14, ഇരിങ്ങാലക്കുട നഗരസഭ ഡിവിഷൻ 31, എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് വാർഡ് 01, 18, വരവൂർ വാർഡ്.

യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറിക്കെതിരെ ബലാൽസംഗ കുറ്റത്തിന് കേസെടുത്തു

പാലക്കാട്: യൂത്ത് കോൺഗ്രസ് ജില്ലാ സെക്രട്ടറി മുതലമട അംബേദ്കർ കോളനിയിലെ എസ്. ശിവരാജനെതിരെ കൊല്ലങ്കോട് പൊലീസ് ബലാൽസംഗ കുറ്റത്തിന് കേസെടുത്തു.അയൽവാസിയായ വീട്ടമ്മയെ ഭീഷണിപ്പെടുത്തി ബലാൽസംഗം ചെയ്തെന്ന വീട്ടമ്മയുടെ പരാതിയിലാണ് കേസെടുത്തത്. അയൽവാസിയായ വീട്ടമ്മയെ ശിവരാജന്റെ വീട്ടിൽ വിളിച്ചു വരുത്തിയാണ് ബലാൽസംഗം ചെയ്തതെന്ന് പരാതിയിൽ പറയുന്നു. രാഷ്ട്രീയ സ്വാധീനമുള്ള ശിവരാജൻ കുടുംബത്തെ ഉപദ്രവിക്കുമെന്ന ഭയത്താലാണ് പീഡനത്തെ എതിർക്കാതിരുന്നതെന്നും എന്നാൽ നിരന്തരം പീഡനം തുടർന്നതിനാൽ സഹിക്കവയ്യാതെയാണ് പരാതി നൽകിയതെന്നും വീട്ടമ്മ പറയുന്നു. പരാതിയിൽ അന്വേഷണം നടന്നുവരികയാണെന്നു കൊല്ലങ്കോട് സിഐ പറഞ്ഞു. നേരത്തെ മുതലമട അംബേദ്കർ കോളനിയിൽ അയിത്ത പ്രശ്നം ഉയർത്തി കൊണ്ടുവന്നയാളാണ് ശിവരാജൻ. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിച്ച് പരാജയപ്പെട്ടിരുന്നു.

കോവിഡ്: ചട്ടം ലംഘിച്ച് കാലികടത്ത്

കുന്നംകുളം: അടച്ചുപൂട്ടിയ ഒറ്റപ്പിലാവ് ചന്തയിൽ കോവിഡ് 19 നിയന്ത്രണങ്ങൾ ലംഘിച്ച് രഹസ്യ പോത്ത് കച്ചവടം. ഹരിയാനയിൽ നിന്ന് വലിയ ലോറിയിൽ കൊണ്ടു വന്ന പോത്തുകളെ മിനി ലോറികളിൽ കയറ്റിയാണ് വിൽപ്പനക്കായി കൊണ്ടുപോയിരുന്നത്. യാതൊരു രേഖകളും നിയന്ത്രണങ്ങളുമില്ലാതെ രഹസ്യമായാണ് പോത്തുകളെ കൊണ്ടു വന്നിരുന്നത്. വിവരമറിഞ്ഞെത്തിയ ഡിവൈഎഫ്ഐ-സി.പി.എം. പ്രവർത്തകർ പോത്തുകളെ ലോറികളിൽ കയറ്റി കൊണ്ടു പോകുന്നത് തടഞ്ഞു.സംഭവമറിഞ്ഞ് സ്ഥലത്തെത്തിയ പൊലീസ് ലോറി ഡ്രൈവർമാരായ രണ്ടു പേരെ അറസ്റ്റ് ചെയ്തു. കടത്തികൊണ്ടു പോകാൻ ശ്രമിച്ച പോത്തുകളെയും വാഹനങ്ങളെയും പൊലീസ് കസ്റ്റഡിയിലെടുത്തു.ഹരിയാനയിൽ നിന്നുള്ള ലോറിയിൽ നിന്നും പോത്തുകളെ ഇറക്കി മിനി ലോറികളിൽ കയറ്റി കൊണ്ടു പോയിരുന്ന ലോറികളിൽ ഒന്ന് ഡ്രൈവർമാരായ അക്കിക്കാവ് സ്വദേശി പ്ലാക്കിൽ അർഷാദ് (30),ചിറമനങ്ങാട് സ്വദേശി മുത്താളിക്കുന്ന് ബഷീർ (36) എന്നിവരെയാണ് പൊലീസ് കൂടിയത്. വ്യാഴാഴ്ച രാത്രി പത്തിനാണ് സംഭവം. ഹരിയാനയിൽ നിന്നും ലോറിയിൽ അമ്പതോളം പോത്തുകളെയാണ് കുത്തിനിറച്ച് ഒറ്റപ്പിലാവിൽ കൊണ്ടു വന്നിരുന്നത്. ചന്തക്കു സമീപം റോഡരികിൽ ഹരിയാന ലോറി നിർത്തിയിട്ടശേഷം ഒറ്റപ്പിലാവ് സ്വദേശി മുഹമ്മദിന്റെ നേതൃത്വത്തിലാണ് പോത്തുക്കളെ മിനി ലോറികളിലേക്ക് കയറ്റി കൊണ്ടുപോയിരുന്നത്. പൊലീസ് എത്തുമ്പോഴേക്കും പോത്തു വിൽപ്പനയുടെ സൂത്രധാരനായ മുഹമ്മദ് രക്ഷപ്പെട്ടിരുന്നു. മുഹമ്മദിന്റെ ചെറിയ വാഹനത്തിലാണ് പോത്തുകളെ കയറ്റി കൊണ്ടു പോയിരുന്നത്. പൊലീസ് എത്തുന്നതിന് മുൻപേ ബാക്കി പോത്തുകളുമായി ഹരിയാന ലോറി സ്ഥലംവിട്ടു. ഒരു ലോഡ് പോത്തുകളെയാണ് ഇത്തിനിടയിൽ വിൽപ്പനക്കായി സ്ഥലത്തുനിന്ന് കൊണ്ടുപോയത്. എട്ടു വീതം പോത്തുകളെ രണ്ട് മിനിലോറികളിൽ കയറ്റിയിരുന്നു. മിനിലോറികളും പോത്തുകളെയും അറസ്റ്റിലായവരെയും പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു.

പാലക്കാട് 83 പേർക്ക് കോവിഡ്

പാലക്കാട്: ജില്ലയിൽ 83 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. സമ്പർക്കത്തിലൂടെ 47 പേർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന 7 പേർ,വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 19 പേർ, ഉറവിടം അറിയാത്ത രോഗബാധയുണ്ടായ 10 പേർ എന്നിങ്ങനെയാണ് രോഗബാധിതർ. കഴിഞ്ഞ ദിവസങ്ങളെ അപേക്ഷിച്ച് രോഗികളെക്കാൾ രോഗമുക്തരുടെ എണ്ണം വർധിച്ചത് ആശ്വാസമായി. 144 പേർക്കാണ് രോഗമുക്തിയുണ്ടായത്. 16ന് മരിച്ച കുമരംപുത്തൂർ സ്വദേശിക്ക് (55)രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ജില്ലയിൽ ക്ലസ്റ്റർ ആയി രൂപപ്പെട്ട പട്ടാമ്പി മേഖലയിൽ രോഗവ്യാപനത്തിന്റെ തോത് കുറഞ്ഞു. പട്ടാമ്പി നഗരത്തിലും ഓങ്ങല്ലൂർ പഞ്ചായത്തിലും മൊഴിക്കര താലൂക്കിലെ മറ്റ് പ്രദേശങ്ങളിൽ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി. അതേ സമയം പാലക്കാട് നഗരത്തിന്റെ വിവിധ ഭാഗങ്ങൾ, അലത്തൂർ,പുതുനഗരം, കഞ്ചിക്കോട് ഒറ്റപ്പാലം ഭാഗങ്ങളിൽ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത് ആശങ്കയുണ്ടാക്കുന്നുണ്ട്.പുതുപ്പരിയാരം സ്വദേശികളായ രണ്ട് പേർ, (43,48 പുരുഷന്മാർ) 4 പുതുനഗരം സ്വദേശികൾ (13 പെൺകുട്ടി, 12 ആൺകുട്ടി, 36, 37 പുരുഷന്മാർ) കുഴൽമന്ദം സ്വദേശികൾ (19, 42, 31 സ്ത്രീകൾ, 54 പുരുഷൻ) 3 മുണ്ടൂർ സ്വദേശികൾ (73 സ്ത്രീ, 41,52 പുരുഷന്മാർ), 5 അലത്തൂർ സ്വദേശികൾ (58, 45, 36, 33, 55 പുരുഷന്മാർ), 5 ഒറ്റപ്പാലം സ്വദേശികൾ (34, 49, 50 പുരുഷന്മാർ, 19, 32 സ്ത്രീകൾ) 4 മലമ്പുഴ, വണ്ണാമട, കൽപ്പാത്തി തേക്കുറിശ്ശി സ്വദേശികൾ (32,49,63,43 സ്ത്രീകൾ), 3 നാഗലശ്ശേരി സ്വദേശികൾ (26, 25 പുരുഷന്മാർ, 26 സ്ത്രീ), 4 ചെർപ്പുളശ്ശേരി സ്വദേശികൾ (28, 35 സ്ത്രീകൾ, 36 പുരുഷൻ, 3 ആൺകുട്ടി), 2 പട്ടാമ്പി കൊപ്പം സ്വദേശികൾ (25 പുരുഷൻ, 34 സ്ത്രീ), കുന്നത്തൂർ മേട് സ്വദേശി (32 സ്ത്രീ)2 ആനക്കര സ്വദേശികൾ (27 സ്ത്രീ, 20 പുരുഷൻ)തോലനൂർ സ്വദേശി (30 പുരുഷൻ) പട്ടിത്തറ സ്വദേശി (34 സ്ത്രീ) മുതുതല സ്വദേശി (44 സ്ത്രീ), കേരളശ്ശേരി സ്വദേശി (30 പുരുഷൻ) കഞ്ചിക്കോട് സ്വദേശി (34 പുരുഷൻ) തച്ചമ്പാറ സ്വദേശി (55 പുരുഷൻ), ഒരു ആരോഗ്യ പ്രവർത്തകൻ (30 പുരുഷൻ) എന്നിവർക്കാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.ഉറവിടം വ്യക്തമല്ലാത്ത രോഗബാധിതർ 10 പേരാണ്. കൽപ്പാത്തി സ്വദേശി (58 സ്ത്രീ) പട്ടിത്തറ സ്വദേശി (71 പുരുഷൻ), ഓങ്ങല്ലൂർ സ്വദേശി (44 പുരുഷൻ) പാലക്കാട് നഗരസഭാ പരിധിയിലെ ഒരാൾ (30 പുരുഷൻ), കഞ്ചിക്കോട് സ്വദേശി (42 സ്ത്രീ), ഒറ്റപ്പാലം സ്വദേശി (39 പുരുഷൻ), വെണ്ണക്കര സ്വദേശി (23 സ്ത്രീ), കല്ലേപ്പുള്ളി സ്വദേശി (24 പുരുഷൻ) കാവശ്ശേരി സ്വദേശി (29 സ്ത്രീ) എന്നിവരാണ് ഉറവിടം വ്യക്തമല്ലാത്ത രോഗികൾ. ഇതോടെ ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 762 ആയി. പാലക്കാട് ജില്ലക്കാരായ 17 പേർ തൃശൂർ ജില്ലയിലും ആറുപേർ മലപ്പുറം ജില്ലയിലും ഏഴുപേർ വീതം കോഴിക്കോട്, എറണാകുളം ജില്ലകളിലും, രണ്ട് പേർ കണ്ണൂർ ജില്ലയിലും ചികിത്സയിൽ ഉണ്ട്.

ടൂറിസം ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ സഞ്ചരിക്കുന്ന പല ചരക്ക് കടയുടെ ഉദ്ഘാടനം സംഘം പ്രസിഡണ്ട് സി.ഐ. സെബാസ്റ്റ്യൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു.

സഞ്ചരിക്കുന്ന പല ചരക്ക് കട

തൃശൂർ: ടൂറിസം ഡെവലപ്പ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ പുറത്തിറങ്ങാൻ മടിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് നിത്യോപയോഗ സാധനങ്ങൾ വീട് മുറ്റത്തെക്ക് എത്തിക്കുന്ന സഞ്ചരിക്കുന്ന പല ചരക്ക് കട പ്രവർത്തനം ആരംഭിക്കുന്നു. സംഘം പ്രസിഡണ്ട് കെപിസിസി മെമ്പർ സി.ഐ. സെബാസ്റ്റ്യൻ സഞ്ചരിക്കുന്ന പലചരക്ക് കടയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. സംഘം വൈസ് പ്രസിഡന്റ് ടി.വി. തോമസ് അദ്ധ്യക്ഷത വഹിച്ചു. സംഘം ഡയറക്റ്റർമാരായ എൻ.ആർ. രാധാകൃഷ്ണൻ, ജോർജ് ജോസഫ് സംഘം സെക്രട്ടറി ടി.പി. സരിത പങ്കെടുത്തു.

കാട്ടിൽ നിന്നും ബിജുവിന് ലഭിച്ച ഭീമൻകൂൺ

ഭീമൻ കൂൺ ലഭിച്ചു

വടക്കാഞ്ചേരി: കായാമ്പൂവം പരത കാട്ടിൽ നിന്നും ഭീമൻ കൂൺ ലഭിച്ചു. 300 ഗ്രാം തൂക്കമുള്ള കൂൺ ചേലക്കോട് ചാലും കരയിൽ ബിജുവിനാണ് ഇദ്ദേഹത്തിന്റെ കൃഷിയിടത്തോട് ചേർന്ന് കാട്ടിൽ നിന്ന് ലഭിച്ചത്. ഒന്നരയടിയോളം തണ്ടുനീളവും ഒരടിയോളം വട്ടവും ഭീമൻ കൂണിനുണ്ട്. ഭക്ഷ്യയോഗ്യമാണന്നറിഞ്ഞതോടെ ബിജുവിന്റെ കുടുംബം കൂൺ ഭക്ഷണത്തിൽ ഉൾപ്പെടുത്തി.

മാന്ത്രികത പകർന്ന കൈവിരൽ കൊണ്ട് മണ്ണിൽ പൊന്നു വിളിയിക്കുന്നു

ജോസ് മാളിയേക്കൽ

കുന്നംകുളം: ദ്രുതതാളത്തിന്റെ മാന്ത്രികത പകർന്ന കൈവിരൽ കൊണ്ട് മണ്ണിൽ പൊന്നു വിളിയിക്കാൻ ഒരുങ്ങുകയാണ് അഭിജിത്ത് എന്ന യുവകലാകാരൻ. ചൂണ്ടൽ തായങ്കാവ് സ്വദേശിയായ അഭിജിത്തിനെ ഈ കോവിഡ് കാലം കലാകാരനിൽ നിന്നും കർഷകനാക്കി മാറ്റുകയായിരുന്നു. കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതോടെ പ്രവർത്തിച്ചിരുന്ന മേഖല വിട്ട് പൂർണ്ണമായും മേച്ചിൽപുറങ്ങളിലേക്ക് കുടിയേറുകയായിരുന്നു അഭിജിത്ത്. അത്തരമാളുകളുടെ കൂട്ടത്തിലാണ് ഡ്രംസ് വാദ്യ കലാകാരനായ അഭിജിത്തും. 2019 ലെ കാലിക്കറ്റ് സർവ്വകലാശാല ഇന്റർസോൺ മത്സരങ്ങളിൽ ഗാനമേള, ജാസ് തുടങ്ങിയ മത്സരങ്ങളിൽ തിളക്കമാർന്ന പ്രകടനത്തിലൂടെ വിജയിയായ പ്രതിഭയാണ് അഭിജിത്ത്. കേച്ചേരി ആസ്ഥാനമായി രൂപം കൊണ്ട ബീപ്സ് ബാന്റ് എന്ന സംഘത്തിലെ പ്രധാനിയുമാണ് ഈ കലാകാരൻ. കോവിഡ് കാലത്ത് പരിപാടികൾ നിലച്ചതോടെ അഭിജിത്ത് ശരിക്കും ലോക്കായി. ഇതോടെയാണ് കൂടുംബത്തിന്റെ വകയായുള്ള കൃഷിയിടത്തിൽ തരിശ് കിടന്നിരുന്ന ഇരുപത് സെന്റ് സ്ഥലം കൃഷി ചെയ്യുന്നതിനായി ഒരുക്കിയെടുക്കുകയായിരുന്നു. ആരോഗ്യ സംരക്ഷണത്തിലും അതീവ ശ്രദ്ധാലുവായ അഭിജിത്ത്, അധ്വാനത്തിലൂടെ ആരോഗ്യപരിപാലിക്കാൻ കഴിയുമെന്ന തിരിച്ചറിവുമാണ് തന്നെ കൃഷിയിടത്തിലെത്തിച്ചതെന്ന് അഭിജിത്ത് പറയുന്നു.20 സെന്റിൽ നടത്തുന്ന കൂർക്ക കൃഷിക്കായി നിലം ഒരുക്കിയതും, അത്താണിയിൽ നിന്നും എത്തിച്ച കൂർക്ക തലപ്പുകൾ നട്ടതും, വളം നൽകലുമെല്ലാം അഭിജിത്ത് തന്നെയാണ് ചെയ്തത്. പാരമ്പര്യമായി കർഷക കുടുംബമായ തായങ്കാവ് പൊന്നരാശ്ശേരി വീട്ടിൽ സുഗതന്റെയും സിന്ധുവിന്റെയും ഏകമകനാണ് അഭിജിത്ത്. ഇപ്പോൾ ഡ്രംസ് പരിശീലനത്തിനൊപ്പം കൃഷിയുടെ പരിപാലനവുമായി തിരക്കിലാണ് അഭിജിത്ത്. വിളവെടുപ്പിന് പാകമായി കൊണ്ടിരിക്കുന്ന കൂർക്ക കൃഷിയിലൂടെ കോവിഡ് കാലം അഭിജിത്തിനെ കലാകാരനിൽ നിന്നും കർഷകനാക്കി മാറ്റിയെടുത്തു. മണ്ണറിഞ്ഞു പണിയെടുത്ത ഈ ചെറുപ്പക്കാരൻ കൊറോണ കാലത്ത് പുതു തലമുറയിലുള്ളവർ മാതൃകയാകുകയാണ്.

അഭിജിത്ത് കൃഷിയിടത്തിൽ

CHANGE OF NAME

I FATHIMA NASRIM CHETTIYAN THODIYIL NOUFAL, (NAME AS IN MY PASSPORT NO: R1456068) D/O NAZEER CHETTIYAN THODIYIL RAZAK , RESIDING AT CHETTIYAN THODIYIL HOUSE, OLLUKKARA.P.O, THRISSUR – 680 655, DO HEREBY CHANGE MY NAME AS " FATHIMA NASRIN CHETTIYAN THODIYIL NAZEER " (NAME AS IN MY S S L C, AADHAR, M/C ,ETC) WITH IMMEDIATE EFFECT.

CHANGE OF NAME

I, AMRITH VIVEKANANDAN DHARMANDI AS IN MY PASSPORT WITH NO G 6762503 DO HEREBY CHANGED MY NAME AS AMRITH VIVEKANANDAN KARADATHODI RESIDING AT KARADATHODI HOUSE,OOTTARA, KOLLENGODE.PO,PALAKKAD,KERALA,PIN-678506

CHANGE OF NAME

I, SAFIA ABDUL RAHIMAN AS IN MY PASSPORT WITH NO M 3660244 DO HEREBY CHANGED MY NAME AS SAFIYA ABDUL RAHIMAN ,RESIDING AT THANATHUPARAMBIL HOUSE, KOTHAPARAMBU P.O,THRISSUR,PIN:680668 , KERALA AS PER MY BANK PASS BOOK

നോട്ടീസ്

MARCH/1998 വർഷത്തെ 220444 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്. എസ്. എൽ. സി. കാർഡ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടു പോയി. ... HARITHA . T. Y THAIKKOOTTATHIL HOUSE PALLISSERY.P.O ARATTUPUZHA THRISSUR - 680562

സ്മരണാഞ്ജലി

നാലാം ചരമവാർഷികം

22-08-2020

പി. കെ. ഗോപാലൻ

കുറുപ്പനേഴത്ത് വീട്

തെക്കൻ പറവൂർ

ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ

PUTHANPURAYIL FAMILY TRUST SOUTH PARAVOOR, ERNAKULAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.225 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രൊ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 ചിങ്ങം 06 മുഹറം 02
2020 ഓഗസ്റ്റ് 22 ശനി

ആലപ്പുഴയുടെ ആപ് ഇനി ഇന്ത്യയുടെ അഭിമാനം

കൊവിഡ് അനന്തരകാലത്തെ ആശയ വിനിമയങ്ങൾക്കും ബിസിനസ് മീറ്റിങ്ങുകൾക്കും ഓൺലൈൻ ക്ലാസുകൾക്കും കൂട്ടായ്മകൾക്കുമെല്ലാം ആവശ്യമായി വരുന്നതാണ് സുരക്ഷിതമായ വിഡിയോ കോൺഫറൻസിങ് ആപ്. വലിയ തോതിൽ ഡേറ്റ കൈകാര്യം ചെയ്യാനുള്ളതിനാൽ തദ്ദേശീയമായ ആപ് വികസിപ്പിക്കുന്നതാകും ഉചിതമെന്ന് പലരും അഭിപ്രായപ്പെട്ടിരുന്നു. ഗൂഗിൾ, സൂം, ജിയോ തുടങ്ങിയ വമ്പന്മാരുമായി മത്സരിക്കുകയെന്ന വെല്ലുവിളി ഏറ്റെടുത്ത് ആലപ്പുഴ മാരാരിക്കുളം സ്വദേശി ജോയ് സെബാസ്റ്റ്യൻ നയിക്കുന്ന ടെക്ജെൻഷ്യ സോഫ്റ്റ് വെയർ ടെക്നോളജീസ് എന്ന കമ്പനി രണ്ടായിരത്തോളം മത്സരാർഥികൾ പങ്കെടുത്ത ദേശീയ ഇന്നവേഷൻ ചലഞ്ചിൽ ഒന്നാമതെത്തിയെന്നത് അഭിമാനം പകരുന്നതാണ്. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ഭാഗമായി നടന്ന മത്സരത്തിൽ ടെക്ജെൻഷ്യ അവതരിപ്പിച്ച ഗ്രാമീണനന്മയുള്ള വി-കൺസോൾ ആപ് വഴിയായിരിക്കും സർക്കാരിന്റെ ഔദ്യോഗിക വിഡിയോ യോഗങ്ങൾ നടത്തുകയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഇന്നവേഷൻസിന്റെ മേഖലയിൽ സംഭവിക്കുന്ന വലിയ മാറ്റങ്ങളിലേക്ക് രാജ്യവും സംസ്ഥാനങ്ങളും ചുവടു മാറ്റിയിട്ട് അധിക വർഷങ്ങളായിട്ടില്ല. നൂതന സാങ്കേതികവിദ്യയുടെ കുതിപ്പും യുവസംരംഭകരുടെ ഊർജവും ഒന്നുചേർന്നപ്പോൾ പരമ്പരാഗത രീതികളിൽ നിന്ന് മാറി ചിന്തിക്കുന്നവരുടെ വിജയഗാഥകൾ ഉയർന്നു കേൾക്കാൻ തുടങ്ങി. ഒപ്പം പരിശ്രമങ്ങളുടെയും പരാജയങ്ങളുടെയും വ്യഥകളും. കഴിഞ്ഞ അഞ്ചു വർഷമായി ഇന്ത്യ നടത്തുന്ന മുന്നേറ്റം ആഗോള ഇന്നവേഷൻ സൂചിക വ്യക്തമാക്കുന്നുണ്ട്. 2015ൽ 81 ാം സ്ഥാനമായിരുന്നത് തുടർച്ചയായ മികവിലൂടെ 52 ലേക്ക് എത്തിയിട്ടുണ്ട്. ഈ രംഗത്ത് സുസ്ഥിരമായ പ്രകടനമാണ് രാജ്യം നടത്തിക്കൊണ്ടിരിക്കുന്നത്.

ആഗോള സൂചികയുടെ ചുവട് പിടിച്ചുള്ള ദേശീയ സൂചികയിൽ ഇതിന് സമാനമായ പ്രകടനമാണ് കേരളം കാഴ്ചവച്ചത്. കർണാടകം, തമിഴ്നാട്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളാണ് വിവര സാങ്കേതിക വിദ്യയിൽ മുൻപന്തിയിലുള്ളത്. നിക്ഷേപങ്ങളെ ആകർഷിക്കുന്നതിലും ഇവർ തന്നെയായിരുന്നു മുന്നിൽ. ആ നിരയിലേക്ക് കേരളം കടന്നുവരികയും നിക്ഷേപ സാധ്യതകളിൽ തമിഴ്നാടിനെ മറികടക്കുകയും ചെയ്തിരിക്കുകയാണ്. ടെക്നോപാർക്കിൽ തുടങ്ങി ഐടി മിഷനിലൂടെയും സ്റ്റാർട്ടപ് മിഷനിലൂടെയും വളർന്ന് ഡിജിറ്റൽ സാങ്കേതിക സർവകലാശാലയിലേക്ക് എത്തിനിൽക്കുന്ന കേരളത്തിന്റെ വളർച്ച ലോകം ശ്രദ്ധിക്കുന്നുണ്ട്. ദേശീയ റാങ്കിങ്ങിൽ കേരള സ്റ്റാർട്ട് അപ് മിഷൻ ഒന്നാം സ്ഥാനം നേടിയതും ഓർമിക്കേണ്ടതാണ്.

പ്രകൃതി ഭംഗി, കഥകളി, വള്ളംകളി, ആയോധന കലകൾ, ആയുർവേദം തുടങ്ങിയ പരമ്പരാഗത സമ്പത്തിന്റെ പേരിലായിരുന്നു ഇത്രയും കാലം കേരളത്തിന്റെ പെരുമയെങ്കിൽ കൊവിഡ് അനന്തര കാലത്ത് അവയെപ്പോലെ തന്നെ പ്രസക്തി ഇന്നവേഷനുകൾക്കും സ്റ്റാർട്ടപ്പുകൾക്കും സംരംഭങ്ങൾക്കുമുണ്ടാകും. കൊവിഡ് കാലത്തെ നിയാമകങ്ങൾ പാലിക്കാൻ കേരളത്തിലെ യുവാക്കൾ കണ്ടുപിടിച്ച് അവതരിപ്പിച്ച വിസ്മയങ്ങൾ പലതുണ്ട്. അവയിൽ ഏറ്റവും ശ്രദ്ധേയമായി ടെക് ജെൻഷ്യയുടെ വി-കൺസോൾ സോഫ്റ്റ് വെയർ മാറുകയാണ്. ആലപ്പുഴയിലെ ഒരു സാധാരണ മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗമായ ജോയ് സെബാസ്റ്റ്യൻ വർഷങ്ങളുടെ പരിശ്രമത്തിലൂടെ പടിപടിയായാണ് ഈ നേട്ടത്തിലേക്കെത്തിയത്. പത്ത് വർഷം മുൻപ് കമ്പനി സ്ഥാപിക്കുമ്പോൾ കൊണ്ടുനടന്ന സ്വപ്നമാണ് സാക്ഷാത്കരിക്കപ്പെട്ടത്. ആ യാത്രയിൽ ആലപ്പുഴയിലെ ഒട്ടുമിക്ക പ്രാദേശിക വികസന പരിപാടികൾക്ക് സാങ്കേതികമായ പിൻബലം നൽകാനും സാധിച്ചു. വായനശാല മുതൽ സ്കൂളുകളും ലാബുകളും വരെയുള്ള ജനകീയ പ്രസ്ഥാനങ്ങൾ ആ മികവ് നേരിട്ട് അനുഭവിച്ചതാണ്. കേരളത്തിലെ ഉൾനാടുകളിൽ നിന്നു തന്നെയും ലോകോത്തര ആശയങ്ങൾ രൂപം കൈക്കൊള്ളുന്നുവെന്നത് ചെറിയ കാര്യമല്ലെന്ന് കേന്ദ്രമന്ത്രി രവിശങ്കർ പ്രസാദ് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

ജോയ് സെബാസ്റ്റ്യനെയും ടോണി തോമസിനെയും പോലുള്ളവരിൽ നിന്ന് ആവേശമുൾക്കൊണ്ട് ഈ രംഗത്തേക്ക് ധാരാളം യുവാക്കൾ കടന്നു വരും. അവർക്ക് വളരാനാവശ്യമായ സാമ്പത്തിക പിൻബലവും അനുഗുണമായ ഇക്കോ സിസ്റ്റവും ഉറപ്പുവരുത്താൻ കഴിയണം. കഴിഞ്ഞ ആറുമാസം കൊണ്ട് മലയാളി മനസിലാക്കിയ ഒരു കാര്യം ഇന്റർനെറ്റ് കണക്റ്റിവിറ്റിക്ക് മെച്ചപ്പെട്ട ഗുണനിലവാരം ഉണ്ടായിരിക്കണമെന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ റോഡ് പോലെയും പാലം പോലെയും ഒപ്റ്റിക്കൽ ഫൈബർ വഴിയുള്ള ഇന്റർനെറ്റ് ശൃംഖലയും ഉൾപ്പെടണമെന്ന് സാധാരണക്കാർ വരെയും അഭിപ്രായപ്പെട്ടു തുടങ്ങി. വായ്പകളുടെ നൂലാമാലകളും ഏയ്ഞ്ചൽ ഫണ്ടിങ്ങിന്റെ കർക്കശ വ്യവസ്ഥകളും ഒഴിവാക്കുന്ന തരത്തിൽ ഗ്രാൻറുകളും ഉദാര വായ്പകളും സംരംഭകർക്ക് ഒഴുകിയെത്താൻ സർക്കാർ മനസ്സു വയ്ക്കട്ടെ. പുതിയ കാലത്തിന്റെ കുളമ്പടിയൊച്ച അധികാരികൾ തിരിച്ചറിയണം.

കടലോരത്തിന്റെ നന്മ, കടൽ കടന്ന് പെരുമ

പി.ബി. ബിച്ചു

വിഡിയോ കോൺഫറൻസിങ്ങിന് പുതിയ തദ്ദേശീയ സോഫ്റ്റ് വെയർ ഉണ്ടാക്കുന്നത് അത്ര വെല്ലുവിളിയായി തോന്നിയിരുന്നില്ല, എന്നാൽ അതിലെ വ്യത്യസ്തതകളാണ് അതു തെരഞ്ഞെടുക്കുന്നതിൽ കേന്ദ്ര സർക്കാർ കണ്ടെത്തിയത്. അതുപോലെ വ്യത്യസ്തമായ ജീവിതവും ഈ വിജയത്തിന് പിന്നിലുണ്ട്.

ലോക്ഡൗൺ തുടങ്ങിയ ശേഷം ഏപ്രിൽ മാസത്തിലാണ് കേന്ദ്ര സർക്കാരിന്റെ ഇന്നൊവേഷൻ ചലഞ്ചിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. നാലു മാസം കൊണ്ട് നിലവിലെ മറ്റ് വിദേശ വിഡിയോ കോൺഫറൻസിങ് സോഫ്റ്റ് വെയറുകളോട് കിടപിടക്കുന്ന തരത്തിൽ ഒരു പ്ലാറ്റ്ഫോം നിർമിക്കുകയെന്നത് ഏതു കമ്പനിയെ സംബന്ധിച്ചും വെല്ലുവിളിയാണ്. എന്നാൽ ചേർത്തല ഇൻഫോ പാർക്കിൽ പ്രവർത്തിക്കുന്ന ചെറിയ സ്റ്റാർട്ടപ് കമ്പനിക്ക് ഇതത്ര വെല്ലുവിളിയായി തോന്നിയിരുന്നില്ല- ടെക്ജൻഷ്യ മാനെജിങ് ഡയറക്റ്ററും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ആലപ്പുഴ പാതിരപ്പള്ളി പള്ളിക്കത്തയ്യിൽ ജോയി സെബാസ്റ്റ്യൻ എന്ന 44 കാരൻ പറയുന്നു.

"മേക്ക് ഇൻ ഇന്ത്യ" വിഡിയോ കോൺഫറൻസിങ് പ്രോഡക്റ്റ് നിർമിക്കാൻ ഇന്ത്യൻ കമ്പനികൾക്കും സ്റ്റാർട്ട് അപ്പുകൾക്കുമായി കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ സംഘടിപ്പിച്ച ടെക്നോളജി ചലഞ്ചിൽ പങ്കെടുത്ത രണ്ടായിരം കമ്പനികളിൽ നിന്നാണ് ഈ വിജയമെന്നത് കൂടി പറയുമ്പോഴാണ് ഒരു കൊച്ച് കടലോര ഗ്രാമത്തിൽ നിന്നും രാജ്യത്തിന്റെ നെറുകയിലെത്തിയ ജോയിയുടെ അഭിമാനകരമായ നേട്ടം മനസിലാക്കാനാവുന്നത്. തനിക്കും ടീമിനും കൈവരിക്കാനായ വിജയത്തിന്റെ ആഘോഷങ്ങൾക്കിടെ 'മെട്രൊ വാർത്ത'യോട് മനസു തുറക്കുകയാണ് ജോയ് സെബാസ്റ്റ്യൻ.

മത്സ്യത്തൊഴിലാളികളുടെയും കയർ തൊഴിലാളികളുടെയും ഗ്രാമമായ ആലപ്പുഴയിലെ പാതിരപ്പള്ളിയിലെ ചെട്ടികാട്ടിലാണ് ജോയ് സെബാസ്റ്റ്യന്റെ വീട്. പ്രൈമറി വിദ്യാഭ്യാസം പോലുമില്ലായിരുന്ന മത്സ്യത്തൊഴിലാളിയായിരുന്ന സെബാസ്റ്റ്യന്റെയും മേരിയുടേയും മക്കളിൽ ഇളയവൻ. ജേഷ്ഠൻ ജോബും ജോയിയും ചെറുപ്പകാലത്തേ പഠിക്കാൻ മികവ് പുലർത്തിയിരുന്നതിനാൽ നാട്ടുകാരുടെ കണ്ണിലുണ്ണികളായി വളർന്നു. മത്സ്യബന്ധനത്തിന് പോയി തിരിച്ചെത്തുന്ന പിതാവിന്റെ വരുമാനത്തിൽ കഴിഞ്ഞിരുന്ന ചെറുപ്പകാലം വളരെ ദാരിദ്ര്യവും പട്ടിണിയും നിറഞ്ഞ അവസ്ഥയിലായിരുന്നുവെന്ന് ജോയ് പറയുന്നു. മത്സ്യത്തൊഴിലാളിയെന്ന് പറയുന്നതിൽ ഒരു കുറവും തോന്നിയിട്ടില്ല.

തീരം വറുതിയിലായാൽ പലപ്പോഴും ഒന്നും കഴിക്കാൻ കിട്ടാതിരുന്ന ചെറുപ്പകാലം. കിട്ടുന്നത് കഴിച്ചും നാട്ടിലെ സ്കൂളിൽ കാര്യമായി പഠിച്ചും വിദ്യാഭ്യാസം പൂർത്തിയാക്കിയ ഇരുവർക്കും എല്ലാവരെയും പോലെ നല്ല ജോലി നേടണമെന്നും കുടുംബം നോക്കണമെന്നുമായിരുന്നു ആഗ്രഹം. ഡിഗ്രി വരെ ഒരുപാട് കഷ്ടപ്പെട്ട് നാട്ടിൽ തന്നെ പഠിച്ചു. തുടർന്ന് കൊല്ലം ടികെഎം കോളെജിൽ എംസിഎയ്ക്കും ചേർന്നു. എന്നാൽ ഈ സമയത്താണ് എല്ലാവരുടെയും പ്രതീക്ഷകളെ ബാക്കിയാക്കി ജോബ് യാത്രയായത്. എൻജിനീയറിങ്ങിന് പഠിക്കുകയായിരുന്ന ജോബിന് ഒരു വാഹനാപകടം. ആ മരണ വാർത്തയ്ക്ക് ശേഷം തന്റെയും കുടുംബത്തിന്റെയും ജീവിതവും മാനസിക നിലയുമൊക്കെ മൊത്തം മാറി. എല്ലാം മതിയാക്കാൻ തീരുമാനിച്ച തനിക്ക് പിന്നീട് പിന്തുണയായത് നാട്ടുകാരായിരുന്നു. പിതാവിന്റെ വരുമാനം ഒന്നിനുമൊന്നിനും തികയില്ലെന്നറിയാവുന്നതിനാൽ നാട്ടിലെ ട്യൂഷൻ സെന്ററുകളിലും വീടുകളിലും കുട്ടികളെ പഠിപ്പിച്ച് തുടങ്ങി. അതിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് വിദ്യാഭ്യാസം മുന്നോട്ടു പോയിക്കൊണ്ടിരിക്കെയാണ് കംപ്യൂട്ടർ എൻജിനിയറിങ്ങിന്റെ സാധ്യതകൾ അന്വേഷിച്ച് തുടങ്ങുന്നത്.

അന്ന് ആരും കംപ്യൂട്ടർ കണ്ടിട്ടിരുന്നില്ലെന്ന് മറ്റൊരു വശം. ഇപ്പോൾ ഈ നേട്ടം ഉണ്ടായതിന് ശേഷമാണ് നാട്ടുകാർക്ക് പോലും തന്റെ പ്രവർത്തന മേഖല മനസിലാക്കിയത്. കേന്ദ്ര -സംസ്ഥാന മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും സിനിമാ നടന്മാരും ഒപ്പം തനിക്കേറ്റവും പ്രിയപ്പെട്ട തന്റെ നാട്ടുകാരുമൊക്കെ സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയുമൊക്കെ തന്റെ പേരിൽ അഭിമാനം കൊള്ളുന്നത് കാണുമ്പോൾ ഒരുപാട് സന്തോഷം.

2006ൽ വായനശാലയ്ക്ക് വെബ് സൈറ്റ്, 2010ൽ യൂട്യൂബ് ലൈവ്

2006ൽ ജോയ് പ്രസിഡന്റായിരുന്ന ഔവർ വായനശാലക്ക് വെബ് സൈറ്റ് ഒരുക്കിയാണ് തുടക്കം. അന്ന് കേരളത്തിൽ മറ്റൊരു വായനശാലയ്ക്കും വെബ്സൈറ്റ് എന്നത് ചിന്തിക്കാനായിരുന്നില്ല. പിന്നാലെ 2010ൽ ക്ലബിലെ പ്രോഗ്രാമുകൾ യൂട്യൂബ് ലൈവ് വഴി സംപ്രേഷണം ചെയ്ത് നാട്ടുകാരെ വീണ്ടും ഞെട്ടിച്ച ജോയ് ഇപ്പോൾ ആ നാടിന്റയും രാജ്യത്തിന്റേയും അഭിമാനമായി മാറിയിരിക്കുകയാണ്.

നമ്മുടെ നാട്ടുകാർ കംപ്യൂട്ടർ കണ്ട് തുടങ്ങുന്ന സമയത്ത് എംസിഎ കഴിഞ്ഞ് ഇറങ്ങിയതിനാൽ തന്റെ പല പരീക്ഷണങ്ങളും നാട്ടിലെ വായനശാലയിൽ നിന്നായിരുന്നു. അന്ന് കംപ്യൂട്ടർ സാധ്യതകൾ വളർന്നുവരുന്നതേയുണ്ടായിരുന്നുള്ളു. പക്ഷേ, പഠന ശേഷം ജോലി ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. വോയ്സ് കോൺഫറൻസിങ്ങിൽ പഠിച്ച് തുടങ്ങി 2009ൽ സ്വന്തമായി എറണാകുളത്ത് കമ്പനി തുടങ്ങി. അന്ന് മുതൽ വീഡിയോ കോൺഫറൻസ് സോഫ്റ്റ് വെയറുകളുടെ പരീക്ഷണം തുടങ്ങി.പിന്നീട് 2013ൽ പള്ളിപ്പുറം ഇൻഫോ പാർക്കിലേക്ക് കമ്പനി മാറ്റി. ശേഷം 65ഓളം വരുന്ന തന്റെ സ്റ്റാഫുകളുമായി ചേർന്ന് മറ്റ് സോഫ്റ്റ് വെയറുകളുടെ പരീക്ഷണങ്ങൾക്കൊപ്പം വീഡിയോ കോൺഫറൻസ് സോഫ്റ്റ് വെയറിനെയും കുറിച്ചും ശ്രദ്ധിച്ച് തുടങ്ങി.

ഏപ്രിലിൽ കേന്ദ്ര സർക്കാർ ഇത്തരത്തിൽ സ്റ്റാർട്ടപ്പുകളെ ക്ഷണിച്ച വിവരം അറിയിച്ചതോടെ വർഷങ്ങളായ തങ്ങളുടെ അധ്വാനം ഒരു പ്രത്യേക വർക്കിലേക്ക് ഡവലപ്പ് ചെയ്തതോടെ സോഫ്റ്റ്വെയർ ജനിക്കുകയായിരുന്നു. എല്ലാവരുടെയും നിർദേശം സ്വീകരിച്ചാണ് വി കൺസോൾ എന്ന പേരും. ഈ സർക്കാർ വന്ന ശേഷം ഐടി സെക്ടറിൽ വലിയ കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. ഇത് തങ്ങളുടെയും സമാനമായ പല സ്റ്റാർട്ടപ്പുകളേയും പ്രവർത്തനങ്ങളെ പലപ്പോഴും പ്രോത്സാഹനമായി മാറിയിട്ടുണ്ട്.

കമ്പനിയുടെ അഞ്ച് ഡയറക്റ്റർമാരിൽ നാലു പേരും മലയാളികളാണ്. ചീഫ് ടെക്നിക്കൽ ഓഫിസർ അങ്കുർ ജയ്സ്വാളും ചീഫ് ഓപ്പറേറ്റിങ് ഓഫിസർമാരായ സോബിൻ തോമസും ഡയറക്റ്റർമാരായ വിശാഖ് ബാലചന്ദ്രനും സുജിത്ര സ്വാമിനാഥനും ഉൾപ്പെടെയുള്ളവരുടെ വർഷങ്ങളുടെ അധ്വാനത്തിന്റെ ഫലമാണ് ഈ നേട്ടം.നിലവിൽ വിയനാം ദുബായ് തുടങ്ങിയ വിദേശങ്ങളിലും വിവിധ സംസ്ഥാനങ്ങളിലും ക്ലൈന്റുകൾ ഉണ്ട്. ഇനി ഒരുപാട് പേർ തേടിയെത്തുമെന്നാണ് പ്രതീക്ഷയെന്നും ജോയ് പറയുന്നു. അച്ഛനും അമ്മയും നേട്ടങ്ങൾ കണ്ട് കൂടെത്തന്നെയുണ്ട്. ഭാര്യ ലിൻസി ജോയി പൂങ്കാവ് മേരി ഇമ്മാക്കുലേറ്റ് ഹൈസ്കൂളിലെ അധ്യാപികയാണ്. മക്കൾ അലൻ, ജിയ എൽസ ജോയി എന്നിവർ സ്കൂൾ വിദ്യാർഥികളാണ്.

സോഫ്റ്റ് വെയറിന്റെ പ്രത്യേകത

ഒടിപി നൽകിയും അല്ലാതെയും വളരെ സുരക്ഷിതമായി വിൻഡോസ്, ഐഒഎസ്, ആൻഡ്രോയ്ഡ് അടക്കം എല്ലാ പ്ലാറ്റ്ഫോമിലും മറ്റ് വിഡിയോ കോൺഫറൻസിങ് ഡിവൈസുകളിലും ഉപയോഗിക്കാം. കൂടാതെ പങ്കെടുക്കുന്നവർക്ക് തങ്ങളുടെ രീതിയിൽ ഇതിന്റെ ഫീച്ചറുകൾ മാറ്റി ഉപയോഗിക്കാം. മത്സരത്തിന് അവസാന ഘട്ടത്തിലെത്തിയ മൂന്ന് കമ്പനികളിൽ ഒരു കമ്പനിക്ക് മാത്രമാണ് ഇതിന് കഴിയുമായിരുന്നുള്ളൂ. അതിനേക്കാൾ കൂടുതൽ പ്രത്യേകതകളിൽ കൂടുതൽ ദൃശ്യമികവോടെ സുരക്ഷിതമായി ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ വി കൺസോൾ തെരഞ്ഞെടുക്കുകയായിരുന്നു. എട്ട് ഭാഷകളിൽ നിലവിൽ പ്രവർത്തിക്കും.

ക്ലാസുകൾ, ചെറിയ മീറ്റിങ്ങുകൾ, വലിയ സമ്മേളനങ്ങൾ തുടങ്ങി ഉപയോക്താവിന്റെ ആവശ്യം അനുസരിച്ച് ഇതിന്റെ ഫീച്ചർ മാറ്റിയെടുക്കാവും. കൂടാതെ സൂമിൽ ലഭ്യമായതും എന്നാൽ സാധാരണ ആളുകൾ ഉപയോഗിക്കാത്തതുമായ വില ഈടാക്കി ഉപയോഗിക്കാവുന്ന ഇന്റേണലായുള്ള നിരവധി ഫീച്ചറുകളും ഇതിൽ സൗജന്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 3ജി നെറ്റ്വർക് മുതൽ മുകളിലേക്ക് വളരെ മികവുള്ള ദൃശ്യങ്ങൾ എത്ര പേർ ജോയിൻ ചെയ്താലും ലഭിക്കും.

ആപ്പിൽ വിവിധ വിഡിയോ റെസലൂഷനും ഓഡിയോ ക്വാളിറ്റിയും സാധ്യമാകണം. എല്ലാ ഉപകരണങ്ങളിലും പ്രവർത്തിക്കണം. നിരവധി ആളുകളുമൊത്ത് ഒരേ സമയത്ത് വിഡിയോ കോൺഫറൻസുകൾ നടത്താൻ സാധിക്കണം. കുറഞ്ഞതും, കൂടിയതുമായ ബാൻഡ് വിഡ്ത്തിൽ പ്രവർത്തിക്കണം. ഇത്തരമൊരു ആപ് സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 30നു മുൻപ് രജിസ്റ്റർ ചെയ്യണം എന്നതായിരുന്നു മന്ത്രാലയം പറഞ്ഞിരിക്കുന്നത്. ഇതെല്ലാം കൃത്യമായതിനാൽ വി സോൾ സെലക്റ്റ് ചെയ്യപ്പെട്ടു.

സാമൂഹിക പ്രവർത്തനങ്ങളിലും സ്ഥിരം സാന്നിധ്യം

മന്ത്രി ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ ആലപ്പുഴ മണ്ഡലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്കു സാങ്കേതിക സഹായം നൽകുന്നത് ജോയ് സെബാസ്റ്റ്യന്റെ നേതൃത്വത്തിലുള്ള ടെക്ജൻഷ്യ കമ്പനിയാണ്. സിപിഎം പ്രവർത്തകനൊന്നുമല്ലെങ്കിലും മനുഷ്യസ്നേഹവും സേവനവുമൊക്കെയായി വളർന്നു വന്ന സാഹചര്യങ്ങൾ മൂലം ഇടതുചിന്തകളായിരുന്നു മനസിൽ.

2018ലെ പ്രളയകാലത്ത് കൺട്രോൾ റൂമിന്റെ ചുമതലയും തനിക്കായിരുന്നു. ഇതിന്റെ ഭാഗമായി കുറെയധികം സോഫ്റ്റ്വെയറുകൾ തയാറാക്കിയിരുന്നു. കൂടാതെ സ്കൂൾ ഡിജിറ്റലൈസേഷന്റെ ഭാഗമായി എല്ലാ സ്കൂളുകളിലെയും ടെലികാസ്റ്റിങ് സ്റ്റുഡിയോയും അവയെ യോജിപ്പിച്ചു കൊണ്ടുള്ള പ്രാദേശിക സ്കൂൾ നെറ്റുവർക്ക്, പ്രതിഭാതീരം പദ്ധതിയിലെ ഓൺലൈൻ വിദ്യാഭ്യാസം. പാലിയേറ്റീവ് മേഖലയിൽ നിന്നും തുടങ്ങിയ സ്നേഹജാലകത്തിന്റെ ടെലിമെഡിസിൻ പരീക്ഷണങ്ങൾ, പച്ചക്കറി സംഭരണത്തിനുള്ള ഐടി പ്ലാറ്റ്ഫോമുകൾ.

ആര്യാട് ബ്ലോക്കിലെ മുഴുവൻ പൗരൻമാരുടെയും ആരോഗ്യവിവര ഡിജിറ്റൈസേഷൻ, മാരാരിക്കുളം പഞ്ചായത്തിന് വേണ്ടി ആൻഡ്രോയിഡ് രക്തദാന ഡയറക്റ്ററി, സ്വാതന്ത്ര്യസമര സേനാനികളുടെ ഡയറക്റ്ററിക്കുള്ള വിവരശേഖരണ സോഫ്റ്റ്വെയർ,ആലപ്പുഴയിലെ ഹെറിറ്റേജ് മ്യൂസിയങ്ങൾക്കുള്ള സാങ്കേതിക ഉപദേശങ്ങൾ നൽകൽ, ജനകീയ ഭക്ഷണശാല, പാലിയേറ്റീവ് ശൃംഖലകൾ, സാനിറ്റേഷൻ വിവരശേഖരണം തുടങ്ങി നിരവധി മേഖലകളിലും പ്രവർത്തിച്ചുപോരുന്നു.

ഇതൊന്നും ഒരു പാർട്ടി കേന്ദ്രീകൃതമല്ലെന്നതാണ് പ്രത്യേകത. എല്ലാ പാർട്ടിക്കാരും ചേർന്ന കൂട്ടായ്മകളാണ് സേവനങ്ങൾക്ക് പിന്നിൽ. തനിക്കൊപ്പം സുഹൃത്തുക്കളും വിശപ്പിന്റെ വിലയറിഞ്ഞ് വളർന്നതിനാൽ തന്നെ പദ്ധതികൾക്കെല്ലാം പിന്നിൽ കൂട്ടുകാരും ഉണ്ടാവാറുണ്ട്.

കൊവിഡ് കാലത്തെ മഹായോഗങ്ങൾ

വിജയ് ചൗക്ക്

സുധീർ നാഥ്

കൊവിഡ് കാലമാണെങ്കിലും വ്യാപകമായി യോഗങ്ങൾ നടക്കുന്നുണ്ട്. മുൻപ് സെമിനാറുകൾ ആയിരുന്നെങ്കിൽ ഇപ്പോഴത് വെബിനാർ ആയി മാറി. സാംസ്കാരിക പരിപാടികൾ രാജ്യത്താകമാനം വ്യാപകമായി നടക്കുകയാണ്. സാംസ്കാരിക പരിപാടികൾ അതിർത്തികൾ ഇല്ലാതെ ലോക വ്യാപകമായി. ഡൽഹിയിലെയോ, കേരളത്തിലെയോ ചെറു ഗ്രാമത്തിലെ ഒരു സാംസ്കാരിക സംഘടന നടത്തുന്ന പരിപാടിയിൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ആളുകൾ പങ്കെടുക്കുന്നു. ഒരു പരിപാടിയിൽ നൂറിലേറെ വ്യക്തികൾ പങ്കെടുക്കുന്നു എന്നതും എടുത്ത് പറയേണ്ടതാണ്. ഹാൾ വാടകയും, മറ്റ് ചെലവുകളും കുറന്നതും കൂടുതൽ ആളുകളുടെ പങ്കാളിത്തമുണ്ടാകുന്നതും തുടർന്നും പരിപാടികൾ സംഘടിപ്പിക്കുവാൻ സംഘാടകരെ പ്രേരിപ്പിക്കുന്നു.

ലോക് ഡൗണിന്റെ ആദ്യനാളുകളിൽ സാംസ്കാരിക നായകർ സജീവമായി വെബിനാറുകളിൽ പങ്കെടുത്തിരുന്നു. പതിവിൽ നിന്ന് വിപരീതമായി വളരെയേറെ സെമിനാറുകളും , സാംസ്കാരിക പരിപാടികളും രാജ്യത്താകമാനം നടക്കുന്നു എന്നതാണ് ഇപ്പോഴത്തെ സവിശേഷത. ഇപ്പോൾ എല്ലാവരും വൈകുന്നേരങ്ങളിലെ സാംസ്കാരിക, രാഷ്ട്രീയ ചർച്ചകളിൽ തിരക്കിലാണ്. പത്രങ്ങളിൽ വെബിനാറുകളുടെ പരസ്യങ്ങൾ വ്യാപകമായി വന്നു തുടങ്ങിയിരിക്കുന്നു എന്നുള്ളത് ഒരു വലിയ മാറ്റമായി കാണണം.

കൊവിഡ് രോഗം വ്യാപിക്കുകയാണെങ്കിൽ പോലും പാർലമെന്റും, നിയമസഭകളും സമ്മേളിക്കുന്നതിനുള്ള ഒരുക്കത്തിലാണ് സർക്കാരുകൾ. തെരഞ്ഞെടുപ്പുകൾ എങ്ങനെ നടത്തണം എന്നുള്ള ചർച്ചകൾ തെരഞ്ഞെടുപ്പ് കമ്മിഷനിൽ സജീവമായിരുന്നു. രാഷ്ട്രീയ പാർട്ടികളെല്ലാം തന്നെ അവരുടെ യോഗങ്ങൾ പതിവ് തെറ്റാതെ ഇപ്പോൾ നടത്തുന്നു. ഓൺലൈൻ വഴിയുള്ള സമ്മേളനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ പറ്റാത്ത അവസ്ഥയാണുള്ളത്. നെറ്റ് വർക്ക് മോശമായതിനാൽ കണക്ഷൻ കിട്ടിയില്ല എന്ന മുടന്തൻ ന്യായങ്ങൾ മാത്രമേ ഇപ്പോൾ പറയുവാൻ പറ്റുന്നുള്ളൂ.

ഡൽഹിയിലെ പാർലമെന്റ് മന്ദിരം സെപ്റ്റംബർ രണ്ടാം വാരത്തിന് ശേഷം നടക്കുന്ന സമ്മേളനത്തിനായി ഒരുങ്ങുകയാണ്. മാധ്യമപ്രവർത്തകർക്കും സന്ദർശകർക്കും വേണ്ടിയുള്ള ഗ്യാലറികൾ അംഗങ്ങൾക്കായി വേർതിരിക്കുന്ന നടപടികൾ തുടങ്ങിയെന്നാണ് അറിയുന്നത്. വലിയ സ്ക്രീനുകൾ രാജ്യസഭയിലും ലോക്സഭയിലും സെൻട്രൽ ഹാളിലും സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. പാർലമെന്റ് സമ്മേളനം നടക്കുമ്പോൾ മുൻപുള്ളതിനെക്കാൾ കുറവ് ജീവനക്കാരെ മാത്രമേ വിന്യസിക്കുകയുള്ളൂ.

രാജ്യസഭാ സമ്മേളനം നടക്കുക ലോക്സഭയിലും രാജ്യസഭയിലുമായിയിരിക്കും. ലോക്സഭാ സമ്മേളനം രാജ്യസഭയിലേയും, ലോക്സഭയിലേയും സെൻട്രൽ ഹാളിലേയും സൗകര്യങ്ങൾ ഉപയോഗിച്ചാണ് നടപ്പിലാക്കുക. ഒന്നിടവിട്ട ദിവസങ്ങളിൽ ആയിരിക്കും രാജ്യസഭയുടേയും, ലോക്സഭയുടേയും സമ്മേളനങ്ങൾ ഉണ്ടാകുക എന്നും അറിയുന്നു.

അംഗങ്ങളെ തമ്മിൽ വേർത്തിരിക്കുന്നതിനായി പോളികാർബണേറ്റ് ഷീറ്റുകൾ ഉപയോഗിച്ച് പ്രത്യേക ക്യാബിനുകൾ നിർമിച്ചു തുടങ്ങിയിരിക്കുന്നു. സീറോ അവർ എന്ന ശ്രദ്ധേയമായ നടപടിക്രമം ഉപേക്ഷിക്കുവാനാണ് ഇപ്പോൾ തീരുമാനമെന്നറിയുന്നു. സഭാ നടപടികൾ കഴിഞ്ഞാൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ പാർലമെന്റ് മന്ദിരത്തിൽ നിന്ന് അംഗങ്ങൾക്ക് പുറത്തേക്ക് പോകേണ്ടതായി വരും. പാർലമെന്റ് അംഗങ്ങൾക്കു പോലും സഭ കഴിഞ്ഞാൽ മുൻപത്തേതു പോലെ ചർച്ചകളിൽ ഏർപ്പെട്ടു കൂടിനിൽക്കുവാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല. മാധ്യമങ്ങൾക്ക് കടുത്ത നിയന്ത്രണവും സന്ദർശകർക്ക് പൂർണമായ വിലക്കും തൽക്കാലത്തേക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള നിയമസഭ കൂടുന്നതിന് പാർലമെൻറ് സമ്മേളനം കൂടുന്നത് പോലെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകില്ല. കേരള നിയമസഭയിലെ ഇരിപ്പിടങ്ങൾ ക്രമീകരിക്കുകയും ആദ്യ തവണ അംഗങ്ങളായവരെ മറ്റു ഗാലറികളിൽ ഇരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്താൽ മതി. ഇത് ദേശീയ തലത്തിൽ പോലും ചർച്ചയാണ്. പേപ്പറുകൾ ഒഴിവാക്കി കൊണ്ടുള്ള സമ്മേളന രീതി കേരള നിയമസഭ കൊറോണ കാലത്തിന് മുൻപേ തുടങ്ങിയിരുന്നു എന്നത് ഇപ്പോൾ ദേശീയ തലത്തിലെ വലിയ ചർച്ചയാണ്. പാർലമെന്റിൽ കേരള നിയമസഭയെ മാതൃകയാക്കാം എന്ന പരാമർശം പോലും ഉണ്ടായി എന്നത് നമുക്ക് അഭിമാനിക്കാൻ കാരണമാണ്.

പ്രമുഖ മാധ്യമ സ്ഥാപനങ്ങൾ പോലും അവരുടെ വാർഷിക സെമിനാറുകളും ചർച്ചകളും ഓൺലൈനിൽ നടത്തുന്നത് പതിവായിരിക്കുന്നു. വരാനിരിക്കുന്ന വെബിനാർ പരിപാടികൾ വളരെ മുൻകൂട്ടി പലരും പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുന്നു. ലക്ഷക്കണക്കിന് രൂപ ചെലവാക്കി നടത്തിയിരുന്ന പല പരിപാടികളും ഇപ്പോൾ ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിക്കുന്നു. സംഗീതവും നൃത്തവും ഓൺലൈനിൽ പരീക്ഷിക്കപ്പെടുന്ന ഒരു പുതിയ പ്രവണത തന്നെ നമ്മൾ ഇപ്പോൾ കാണുന്നുണ്ട്. പത്തു നർത്തകർ പത്തിടത്ത് നിന്ന് ഒരേ പോലെ ചുവടുവയ്ക്കുന്ന പരീക്ഷണം അടുത്ത കാലത്ത് ചെന്നൈയിൽ നടന്നതും നാം കണ്ടു. വരും നാളുകളിൽ ഇത്തരം പരീക്ഷണങ്ങൾ ഒരു സ്ഥിരം പരിപാടിയായി മാറും. കലാമേളകളും തത്സമയ ചിത്രരചനാ മത്സരങ്ങളും ഓൺലൈനിലായി നടത്തി കഴിഞ്ഞിരിക്കുന്നു.

രാജ്യത്തെ സ്കൂളുകളിൽ ഓൺലൈൻ ക്ലാസുകൾ നടക്കുന്നു എന്നുള്ളത് ഒരു പ്രഖ്യാപനം മാത്രമാണ്. ഇന്ത്യയുടെ ബഹുഭൂരിപക്ഷം ഗ്രാമങ്ങളിലും ഇന്റർനെറ്റും കമ്പ്യൂട്ടറും എത്തിയിട്ടില്ല എന്നുള്ള യാഥാർഥ്യം തിരിച്ചറിയേണ്ടതുണ്ട്. പല ഗ്രാമങ്ങളിലും വൈദ്യുതി പോലും എത്തിയിട്ടില്ല എന്നുള്ളതാണ് സത്യം. സാംസ്കാരിക പരിപാടികൾ ഗംഭീരമായി ലോകത്തിന്റെ പല ഭാഗങ്ങളിൽ നടക്കുമ്പോൾ വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര മുന്നേറ്റം നടത്തുവാൻ ഇന്ത്യയ്ക്ക് സാധിച്ചില്ല. അത് വേഗത്തിൽ നടപ്പിലാക്കുവാൻ സാധിക്കുമെന്നും തോന്നുന്നില്ല. കൊവിഡിന് മുമ്പ് പോലും സ്കൂളിലേക്ക് വിദ്യാഭ്യാസത്തിനായി ഗ്രാമത്തിലെ കുട്ടികളെ എത്തിക്കുവാൻ നാം പലപ്പോഴും പരാജയപ്പെട്ടിട്ടുണ്ട് എന്നുള്ളത് തിരിച്ചറിയേണ്ടിയിരിക്കുന്നു.

അത്തം നക്ഷത്രവും വിനായക ചതുർഥിയും

മഹാഗണപതിയുടെ ജന്മദിനമായ വിനായക ചതുർഥിക്കായി ക്ഷേത്രങ്ങൾ ഒരുങ്ങി. ഇന്നാണ് ഈ വർഷത്തെ വിനായകചതുർഥി. ഇന്നുതന്നെയാണ് അത്തം നക്ഷത്രവും. ഗണപതിയുടെ ജന്മനക്ഷത്രവും തിഥിയും ഒന്നിച്ചുവരുന്ന അപൂർവദിനമായതിനാൽ ഇത്തവണ വിനായക ചതുർഥി ദിനത്തിൽ ഗണേശനെ ഭജിക്കുന്നത് ഇരട്ടിഫലം നൽകുമെന്നു വിശ്വാസം. കൊവിഡ് 19 മൂലമുള്ള നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ ക്ഷേത്രങ്ങളിൽ ഭക്തർക്ക് നിയന്ത്രണങ്ങളുണ്ട്. എന്നാൽ, ഗണപതി ക്ഷേത്രങ്ങളിലും മഹാക്ഷേത്രങ്ങളിലും അഷ്ടദ്രവ്യ മഹാഗണപതി ഹോമമുൾപ്പെടെ ചടങ്ങുകൾ നടക്കും.

ശുഭകാര്യങ്ങളുടെ ദേവൻ

ഹൈന്ദവ വിശ്വാസമനുസരിച്ചു ശുഭകാര്യങ്ങളുടെ ദേവനാണു ഗണപതി. തുടക്കം ഗണപതി പൂജയോടെയായാൽ തടസങ്ങളകലുമെന്നാണു വിശ്വാസം. ക്ഷേത്രങ്ങളിലെ പ്രതിഷ്ഠാ മൂർത്തി ഏതായാലും ഓരോ ദിവസത്തെയും ചടങ്ങുകളുടെ തുടക്കം ഗണപതിഹോമത്തോടെയാണ്.

ചിങ്ങമാസത്തിലെ വെളുത്തപക്ഷ ചതുർഥിയിലാണു പാർവതീ- പരമേശ്വര പുത്രനായ ഗണേശന്റെ ജനനം. അതിനാൽ ഗണേശ ചതുർഥിയെന്നും അറിയപ്പെടുന്നു ഈ ദിനം.

ഭാരതമൊട്ടാകെ വിനായക ചതുർഥി ആഘോഷിക്കുമെങ്കിലും മഹാരാഷ്ട്രയും മധ്യപ്രദേശുമടങ്ങുന്ന മേഖലയിലാണ് ആഘോഷങ്ങൾക്കു പകിട്ടേറുക. ഗണപതി പ്രതികമകൾ മൂന്നു മുതൽ 11 വരെ ദിവസം നീളുന്ന പൂജകൾക്കുശേഷം നദിയിൽ നിമജ്ജനം ചെയ്യുന്നതാണ് ഉത്തരേന്ത്യയിലെ ചടങ്ങ്.

കേരളത്തിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടതാണ് വിനായക ചതുർഥി ആഘോഷങ്ങൾ. പുലർച്ചെ 108, 1008 നാളികേരങ്ങൾകൊണ്ടു മഹാഗണപതി ഹോമമുൾപ്പെടെ ചടങ്ങുകളുണ്ടാകും. പ്രത്യക്ഷ ഗണപതിയായി സങ്കൽപ്പിച്ച് ആനയെ ഇരുത്തി പൂജ നടത്താറുണ്ട്. ഇത്തവണ കൊവിഡ് 19 മൂലമുള്ള നിയന്ത്രണങ്ങൾ കണക്കിലെടുത്ത് ഗജപൂജകൾ ഉണ്ടാവില്ല.

ഗണപതിയെ ദർശിക്കാം

പഴവങ്ങാടി, സൂര്യകാലടി, മള്ളിയൂർ, ഇടപ്പള്ളി കൊട്ടാരം തുടങ്ങിയവയാണ് കേരളത്തിലെ പ്രധാന ഗണപതി ക്ഷേത്രങ്ങൾ. തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള കൊട്ടാരക്കര ക്ഷേത്രത്തിലും ചങ്ങനാശേരി വാഴപ്പള്ളി ക്ഷേത്രത്തിലും പ്രധാന പ്രതിഷ്ഠ മഹാദേവനാണെങ്കിലും ഉപദേവനായ ഗണപതിക്ക് തുല്യപ്രാധാന്യമുണ്ട്. കൊട്ടാരക്കര ക്ഷേത്രം അറിയപ്പെടുന്നതു തന്നെ മഹാഗണപതിയുടെ പേരിലാണ്.

കാസർകോഡ് ജില്ലയിലാണ് മഥൂർ അനന്തേശ്വര വിനായക ക്ഷേത്രത്തിലും ഉപദേവനായ ഗണപതിക്കാണു പ്രാധാന്യം. ഇവിടെയും മുഖ്യപ്രതിഷ്ഠ ശിവനാണ്. ഇവിടത്തെ ഗണപതി വിഗ്രഹം ദിവസം തോറും വലുപ്പം വയ്ക്കുന്നുണ്ടെന്നാണ് വിശ്വാസം.

പരശുരാമൻ പ്രതിഷ്ഠിച്ചതെന്നു വിശ്വസിക്കുന്ന പാലക്കാട് ആലത്തൂർ അഞ്ചു മൂർത്തി മംഗലം ക്ഷേത്രത്തിലും പ്രധാന പ്രതിഷ്ഠയായ മഹാദേവനൊപ്പം സുദർശന മൂർത്തി, മഹാവിഷ്ണു, പാർവതീദേവി, ഗണപതി എന്നീ മൂർത്തികൾക്ക് തുല്യപ്രാധാന്യമുണ്ട്. ഇവിടെയും വിനായക ചതുർഥി ആഘോഷിക്കപ്പെടുന്നു. കൂടാതെ എല്ലാ ക്ഷേത്രങ്ങളിലെയും നിവേദ്യങ്ങൾ തയാറാക്കുന്ന തിടപ്പള്ളികളിൽ ഗണപതിയുണ്ടെന്നാണു വിശ്വാസം. ഒട്ടേറെ ക്ഷേത്രങ്ങളിൽ തിടപ്പള്ളിയിലാണ് ദിവസവുമുള്ള ഗണപതി ഹോമം നടക്കുക. വിശേഷാവസരങ്ങളിലെ സദ്യകളിൽ വിഭവങ്ങൾ തയാറാകുമ്പോൾ ആദ്യ പങ്ക് ഗണപതിക്കെന്നു സങ്കൽപ്പിച്ച് അടുപ്പിൽ നിവേദിച്ചിരുന്നു പഴയ തലമുറ.

ചന്ദ്രനെ കണ്ടാൽ ചതുർഥി

വിനായക ചതുർഥി ദിവസം ചന്ദ്രനെ കാണുന്നത് ദോഷമാണെന്നും വിശ്വാസമുണ്ട്. പിറന്നാൾ ദിവസം സദ്യ കഴിഞ്ഞ് എഴുന്നേൽക്കുമ്പോൾ ഗണപതി വീണത്രെ. അതുകണ്ടു പരിഹസിച്ചു ചിരിച്ചതിനു ഗണപതി ചന്ദ്രനെ ശപിച്ചു. ഈ ദിവസം ചന്ദ്രനെ കാണുന്നയാൾ കള്ളനെന്ന പേരുദോഷം കേൾക്കാനിടവരട്ടെ എന്നായിരുന്നു ശാപം. ഈ ദിവസം ചന്ദ്രനെ കണ്ടതിന്റെ ഫലമാണ് ഭഗവാന് ശ്രീകൃഷ്ണനു പോലും സ്യമന്തകം മോഷ്ടിച്ചെന്ന പേരുദോഷം കേൾക്കാൻ ഇടവന്നതെന്നും പുരാണത്തിൽ പറയുന്നു. ഗണപതി പൂജയും ഹോമവും നടത്തിയാണു ശ്രീകൃഷ്ണൻ അതിനു പരിഹാരം കണ്ടതെന്നും പുരാണം.

വ്രതമെടുക്കാം, ഭജിക്കാം

വിനായക ചതുർഥി വ്രതമെടുക്കുന്നതു ഗണേശപ്രീതിക്ക് ഉത്തമമാണ്. ഈ വ്രതം അനുഷ്ഠിച്ചാൽ അടുത്ത വിനായക ചതുർഥിവരെ ഒരു വർഷക്കാലം സർവവിഘ്നങ്ങളും നീങ്ങുമെന്നാണ് വിശ്വാസം. ഏറ്റവും ചുരുങ്ങിയത് ചതുർഥിയുടെ തലേന്നു മുതൽ വ്രതമെടുക്കണം. ഒരിക്കലെടുത്ത് മത്സ്യമാംസാദികൾ ഉപേക്ഷിച്ചായിരിക്കണം വ്രതം. എണ്ണതേച്ചു കുളി പാടില്ല, പകലുറക്കവും പാടില്ല.

ചതുർഥി ദിവസം സൂര്യോദയത്തിന് മുന്നേ കുളിച്ച് ശരീരശുദ്ധി വരുത്തി വിളക്കുവച്ചു കിഴക്കോട്ട് തിരിഞ്ഞിരുന്നു ഗണപതിയെ ഭജിക്കണം. 108 തവണ ജപിച്ചാൽ ഉത്തമം, കുറഞ്ഞത് 10 പ്രാവശ്യമെങ്കിലും ജപിക്കാൻ ശ്രമിക്കണം. പിറ്റേദിവസം തുളസി തീർഥമോ ക്ഷേത്രത്തിലെ തീർഥമോ സേവിച്ച് പാരണ വിടാം.

'ഓം ഏക ദന്തായ വിദ് മഹേ വക്ര തുണ്ഡായ ധീമഹി തന്നോ ദന്തിഃ പ്രചോദയാത്', 'ഓം ലംബോദരായ വിദ് മഹേ വക്ര തുണ്ഡായ ധീമഹി തന്നോ ദന്തിഃ പ്രചോദയാത്' എന്നീ മന്ത്രങ്ങളായിരിക്കണം ജപിക്കേണ്ടത്. ക്ഷേത്രങ്ങളിൽ ഗണപതി പൂജയ്ക്കായി താമരയും കറുകപ്പുല്ലും സമർപ്പിക്കാം. അപ്പം, അട, ചെറുപയറും ശർക്കരയും അരിമാവും ചേർന്ന മധുര പലഹാരമായ മ ദകം തുടങ്ങിയവയാണു ഗണപതിയുടെ ഇഷ്ടനിവേദ്യങ്ങൾ. ഇവയ്ക്കുള്ള വസ്തുക്കൾ സമർപ്പിക്കുന്നതും ഉത്തമം. വിനായക ചതുർഥി ദിനത്തിൽ പേരിലും നാളിലും ചതുർഥി പൂജ നടത്തുന്നത് മംഗല്യ തടസം, വിദ്യാ തടസം, സന്താന തടസം, ഗൃഹ നിർമാണ തടസം എന്നിങ്ങനെയുള്ള വിഘ്നങ്ങൾ ഒഴിവാക്കാൻ നല്ലതെന്നും വിശ്വസിക്കുന്നു. ഗണപതിയെ തൊഴുതാൽ മാത്രം പോരാ, ഏത്തമിടുകയും വേണം. മൂന്ന്, അഞ്ച്, ഏഴ്, 12, 15, 21, 36, 108 ഇങ്ങനെയാണ് ഏത്തമിടുക.

ഗണപതിയെന്നാൽ പ്രപഞ്ചം

432 ദേവന്മാരുടെ ചൈതന്യം ഉൾക്കൊള്ളുന്ന ദേവനാണു ഗണപതി. പ്രപഞ്ച സങ്കൽപ്പം തന്നെയാണ് ഗണപതി എന്നും എല്ലാ ഗണങ്ങളുടെയും (വിവിധങ്ങളായ ജന്തു, സസ്യജാല വിഭാഗങ്ങൾ) ദേവനാണു ഗണപതിയെന്നും വിശ്വസിക്കപ്പെടുന്നു. മൂഷിക വാഹനനായ ഗജശിരസുള്ള ഗണപതി പ്രണവത്തെയും ബുദ്ധിയെയും ജ്ഞാനത്തെയുമാണ് സൂചിപ്പിക്കുന്നത്. ഏകദന്തം അദ്വൈതത്തിന്റെ പ്രതീകം. ബൃഹത്തായ ശരീരം പ്രപഞ്ച കൽപ്പന. ചതുർബാഹുവെന്നത് ചിത്തം, ചിത്തം, ബുദ്ധി, അഹങ്കാരം, മനസ് എന്നിവയെ സൂചിപ്പിക്കുന്നു.

പ്രോക്സി വോട്ട് ജനാധിപത്യ വിരുദ്ധം: മുല്ലപ്പള്ളി

തിരുവനന്തപുരം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രോക്സി വോട്ടുകൾ ചെയ്യാനും പോസ്റ്റൽ വോട്ടുകൾ ഏർപ്പെടുത്താനും ഏകപക്ഷീയമായി തീരുമാനമെടുത്ത സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ നീക്കം ജനാധിപത്യ വിരുദ്ധവും ഏകാധിപത്യപരവുമാണെന്നും ഇതിനെ കോൺഗ്രസും പ്രതിപക്ഷ പാർട്ടികളും അംഗീകരിക്കുന്ന പ്രശ്നമില്ലെന്നും കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ.

ഇതിനായി നിയമഭേദഗതികൾ കൊണ്ടുവരാൻ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ട വിവരം മാധ്യമങ്ങളിലൂടെയാണ് അറിയാൻ കഴിഞ്ഞത്. ഇത്തരം കാര്യങ്ങൾ കേരളത്തിലെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്യാതെ ഏകപക്ഷീയമായി തീരുമാനമെടുക്കുന്ന കമ്മീഷന്റെ സമീപനം നേരത്തെ വോട്ടർ പട്ടികയുടെ കാര്യത്തിലുമുണ്ടായിരുന്നു.

2015 ലെ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയതോടെ 2016ലെ അസംബ്ലി തിരഞ്ഞെടുപ്പിലും 2019ലെ പാർലമെന്റ് തിരഞ്ഞെടുപ്പിലും വോട്ട് ചെയ്തവർ ഉൾപ്പെടെ കഴിഞ്ഞ അഞ്ചു വർഷം വോട്ടവകാശം നേടിയവരെല്ലാം വീണ്ടും അപേക്ഷ നൽകി വോട്ടർ പട്ടികയിൽ പേരുചേർക്കേണ്ട ഗതികേടുണ്ടാക്കിയ ഏകപക്ഷീയവും ജനാധിപത്യ വിരുദ്ധമായ തീരുമാനമാണ് നേരത്തെ കമ്മീഷൻ കൈക്കൊണ്ടത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ സാധാരണ ചെയ്യാറുള്ളത് പോലെ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച നടത്തി അഭിപ്രായ സമന്വയമുണ്ടാക്കുവാൻ യാതൊരു സമീപനവും കമ്മീഷൻ സ്വീകരിച്ചില്ലെന്ന് മുല്ലപ്പള്ളി കുറ്റപ്പെടുത്തി.

കൊവിഡിന് മരുന്ന് കണ്ടെത്തിയെന്ന ഹർജിയുമായെത്തിയ ഡോക്റ്റർക്ക് പിഴ

ന്യൂഡൽഹി: കൊവിഡിനെതിരായ മരുന്ന് കണ്ടെത്തിയെന്ന് അവകാശപ്പെട്ട ആയുർവേദ ഡോക്റ്റർക്ക് പിഴയിട്ട് സുപ്രീം കോടതി. നിലവാരമില്ലാത്ത അവകാശവാദങ്ങൾ ഉയർത്തി കോടതിയുടെ സമയം പാഴാക്കിയതിനാണ് പിഴ . ഹരിയാന സ്വദേശിയായ ആയുർവേദ ഡോക്റ്ററായ ഓംപ്രകാശ് വൈദ്യർയ്ക്ക് 10,000 രൂപ പിഴയാണ് കോടതി വിധിച്ചത്.

രാജ്യത്തെ ഡോക്റ്റർമാരും ഗവേഷകരും കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി മുഴുകിയിരിക്കുമ്പോൾ തെറ്റായ വാദങ്ങളോടെ സമർപ്പിച്ച പൊതുതാൽപര്യ ഹർജിക്ക് രൂക്ഷ വിമർശനമാണ് കോടതിയിൽ നിന്ന് നേരിട്ടത്. ബിഎഎംഎസ് ബിരുദധാരിയായ ഓംപ്രകാശ് താൻ നിർമ്മിച്ച മരുന്ന് കൊവിഡിനെതിരെ പ്രയോഗിക്കാൻ അനുവദിക്കണമെന്നും അതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടായിരുന്നു പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തത്.

സപ്ലൈകോ: വിതരണക്കാർ കുറവ് നികത്തണമെന്ന് സിഎംഡി

തിരുവനന്തപുരം: സപ്ലൈകോ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന 11 ഇന ഓണക്കിറ്റിലെ ഒരിനമായ ശർക്കരയുടെ തൂക്കത്തിൽ കുറവുണ്ടായാൽ വിതരണക്കാർ കുറവ് നികത്തണമെന്ന് നിർദ്ദേശിച്ച് ഡിപ്പോ മനേജർമാർക്ക് സർക്കുലർ നൽകിയതായിസപ്ലൈകോ സിഎംഡി (ഇൻ-ചാർജ്ജ്) അലി അസ്ഗർ പാഷ അറിയിച്ചു.

ഇതുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 11,12 തീയതികളിൽ വിശദമായ സർക്കുലറാണ് നൽകിയിട്ടുള്ളത്. തൂക്കക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ വിതരണക്കാരെ സപ്ലൈകോ വിളിച്ചു വരുത്തി കുറവ് പരിഹരിച്ച് വിതരണം ചെയ്യാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. വിതരണക്കാർ അങ്ങനെ ചെയ്തില്ലെങ്കിൽ സപ്ലൈകോ റീ പാക്ക് ചെയ്ത് വിതരണം ചെയ്യും. റീ പാക്ക് ചെയ്യുന്ന ചെലവ് വിതരണക്കാരിൽ നിന്ന് ഈടാക്കാനും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതായും സി എംഡി അറിയിച്ചു

പാലക്കാട് പ്രവാസിയെ മർദിച്ച സംഭവം; 13 പേർക്കെതിരെ കേസ്

പാലക്കാട് നോക്കുകൂലി നൽകാത്തതിന്റെ പേരിൽ പ്രവാസി വ്യവസായിക്ക് മർദനമേറ്റ സംഭവത്തിൽ 13 പേർക്കെതിരെ പൊലീസ് കേസെടുത്തു. സിഐടിയു, ഐഎൻടിയുസി തൊഴിലാളികൾക്ക് എതിരായാണ് ആലത്തൂർ പൊലീസ് കേസെടുത്തത്. ഭീഷണിപ്പെടുത്തി പണാപഹരണം നടത്താൻ ശ്രമിക്കൽ, മർദനം എന്നീ വകുപ്പുകൾ ചേർത്താണ് കേസെടുത്തിരിക്കുന്നത്.തന്റെ കടയിലേക്ക് വന്ന ലോഡിറക്കിയതിനാണ് കഴനി ചുങ്കത്തെ പ്രവാസി വ്യവസായി ദീപക്കിന് കഴിഞ്ഞ ദിവസം സിഐടിയു, ഐഎൻടിയുസി തൊഴിലാളികളുടെ മർദനമേറ്റത്. . ദീപകിനെ മർദിച്ച സംഭവത്തിൽ 13 ചുമട്ടുതൊഴിലാളികൾക്കെതിരായാണ് പൊലീസ് കേസെടുത്തത്. ഭീഷണി, പണാപഹരണം നടത്താൻ ശ്രമിക്കൽ, മർദനം എന്നീ വകുപ്പുകളാണ് 13 പേർക്കെതിരെയും ചുമത്തിയിട്ടുള്ളത്.

ചിറ്റാറിലെ മത്തായിയുടെ മരണം സിബിഐ അന്വേഷിക്കും

■ ഹൈക്കോടതിയുടെ വിമർശനം ഭയന്ന് അർദ്ധരാത്രിയിൽ തീരുമാനം

കൊച്ചി: പത്തനംതിട്ട ചിറ്റാറിൽ ഫോറസ്റ്റുകാരുടെ കസ്റ്റഡിയിലിരിക്കെ മത്തായി എന്ന യുവാവ് മരിച്ച സംഭവത്തിൽ സിബിഐ അന്വേഷണം. കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടു കുടുംബം നൽകിയ ഹർജി പരിഗണിക്കുമ്പോൾ കോടതിയിൽ നിന്നും വിമർശനം ഉയരുമെന്ന തിരിച്ചറിവിലാണ് സർക്കാർ തീരുമാനം. ഹൈക്കോടതി പൊലീസിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് കേസ് സിബിഐയ്ക്ക് വിടുന്നത്. ഇക്കാര്യം സർക്കാർ കോടതിയെ അറിയിക്കും.

പ്രതികളായവരെ അറസ്റ്റ് ചെയ്യാതെ മൃതദേഹം സംസ്കരിക്കില്ലെന്ന നിലപാടിൽ ഉറച്ച് നിൽക്കുകയാണ് കുടുംബം. മത്തായിയുടെ മൃതദേഹം 25 ദിവസമായി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിനിടെ അതേസമയം വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കള്ളക്കേസ് എടുക്കാൻ ശ്രമം നടക്കുന്നെന്നാരോപിച്ച് കേരള ഉള്ളാട മഹാസഭ രംഗത്തെത്തി. അന്വേഷണത്തിന്റെ വിശദാംശങ്ങൾ, ചുമത്തിയിരിക്കുന്ന വകുപ്പുകൾ, മരണ കാരണം, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, നിയമോപദേശം എന്നിവ അടങ്ങിയ വിശദമായ റിപ്പോർട്ട് ഹൈക്കോടതിയിൽ കൊടുക്കാൻ തയ്യാറാക്കിയിരുന്നു. ഇതിനിടെയാണ് വിവാദങ്ങൾ ഒഴിവാക്കാൻ സിബിഐ അന്വേഷണത്തിനുള്ള സർക്കാർ തീരുമാനം.

നിയമ പരിരക്ഷയുള്ള സർക്കാർ ഉദ്യോഗസ്ഥരെ കൂടുതൽ തെളിവുകൾ കിട്ടാതെ അറസ്റ്റ് ചെയ്താൽ പിന്നീട് അന്വേഷണ ഉദ്യോഗസ്ഥർ കോടതി കയറേണ്ടി വരുമെന്നാണ് പൊലീസിന്റെ വാദം. എന്നാൽ വനപാലകരെ പ്രതിപ്പട്ടികയിൽ ചേർക്കാത്തതും അറസ്റ്റ് ചെയ്യാത്തതും ആരോപണ വിധേയർക്ക് മുൻകൂർ ജാമ്യത്തിന് വഴി ഒരുക്കുമെന്നാണ് കുടുംബത്തിന്റെ ആരോപണം. ഇതിനിടെ ആരോപണ വിധേയരായ വനപാലകരിൽ ഭൂരിഭാഗവും പട്ടിക ജാതി പട്ടിക വിഭാഗത്തിൽപ്പെട്ട വരാണെന്നും ഇപ്പോൾ നടക്കുന്ന സംഭവവികാസങ്ങൾ ഇവർക്ക് മാനസിക സംഘർഷമുണ്ടാക്കുന്നെന്നുമാണ് കേരള ഉള്ളാട മഹാസഭ ഉയർത്തുന്ന വാദം. ഇതെല്ലാം വലിയ വിവാദമായി മാറി. ഇതോടെയാണ് സർക്കാർ സിബിഐ അന്വേഷണത്തിന് പച്ചക്കൊടി കാട്ടുന്നത്.

കേസന്വേഷിക്കുന്ന ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈഎസ്പി ആർ. പ്രദീപ്കുമാർ അവധിയിൽ പ്രവേശിച്ചതോടെ ക്രൈം ബ്രാഞ്ച് ഡിവൈഎസ്പി ആർ. സുധാകരൻ പിള്ളയ്ക്കാണ് അന്വേഷണച്ചുമതല. പ്രതികളുടെ അറസ്റ്റിനുള്ള സാധ്യത വൈകിപ്പിക്കാനാണ് വനം വകുപ്പ് ഉദ്യോഗസ്ഥരും പൊലീസും തമ്മിലുള്ള ഒത്തുകളിക്കുന്നതെന്നാണ് മത്തായിയുടെ ഭാര്യ ഷീബയും മറ്റു കുടുംബാംഗങ്ങളും ആരോപിക്കുന്നത്. പ്രതികളെ അറസ്റ്റ് ചെയ്യാതെ മത്തായിയുടെ മൃതദേഹം സംസ്കരിക്കില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണ് കുടുംബം. പത്തനംതിട്ട സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള അന്വേഷണം ശരിയായ രീതിയിലല്ലെന്ന് ഹർജിയിൽ ആരോപിച്ചിരുന്നു. ശരിയായ അന്വേഷണം വേണമെന്നാവശ്യപ്പെട്ട് അധികൃതർക്ക് നിവേദനങ്ങൾ നൽകിയിട്ടും ഫലമുണ്ടായില്ല. ഈ സാഹചര്യത്തിലാണ് സിബിഐ. ഉൾപ്പെടെയുള്ള ഏതെങ്കിലും ദേശീയ ഏജൻസി കേസന്വേഷണം നടത്താൻ നിർദേശിക്കണമെന്നു ഹർജിയിൽ ആവശ്യപ്പെട്ടത്.

സിബിഐയ്ക്ക് കൈമാറാൻ ഹൈക്കോടതി നിർദേശം

കൊച്ചി: ചിറ്റാറിൽ വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച ഫാം ഉടമ മത്തായിയുടെ കേസിൽ അന്വേഷണം അടിയന്തരമായി സിബിഐയ്ക്ക് കൈമാറാൻ ഹൈക്കോടതി നിർദേശം. ഭാര്യ സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കോടതി നിർദേശം. അന്വേഷണം സിബിഐക്ക് കൈമാറാൻ തീരുമാനിച്ചതായി സർക്കാർ അറിയിച്ച പശ്ചാത്തലത്തിലാണ് ഹർജി തീർപ്പാക്കിയത്. സിബിഐ അന്വേഷണത്തെ എതിർക്കില്ലെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചിരുന്നു. ഭാര്യയുടെ ഹർജി ഹൈക്കോടതി പരിഗണിക്കാനിരിക്കെയായിരുന്നു ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുത്തത്. അതേസമയം വനംവകുപ്പ് കസ്റ്റഡിയിലിരിക്കെ മരിച്ച മത്തായിയുടെ മൃതദേഹം 25 ദിവസമായി സംസ്ക്കരിക്കാതെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

അത്തം മുതൽ തിരുവോണം വരെ ഓൺലൈനിൽ ഓണവിരുന്ന്

തിരുവനന്തപുരം: സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ സൗത്ത് സോൺ കൾച്ചറൽ സെന്ററും കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവനും സംയുക്തമായി അത്തം മുതൽ തിരുവോണം വരെ 'മാവേലി മലയാളം' എന്ന കലാവിരുന്ന് ഒരുക്കുന്നു. എല്ലാ ദിവസവും രാത്രി ഏഴു മുതൽ 8.30 വരെയാണ് കലാവിരുന്ന്. മാവേലി മലയാളം ഓൺലൈൻ അവതരണങ്ങളുടെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം ആറിന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിക്കും. സാംസ്കാരിക മന്ത്രി എ.കെ. ബാലൻ അധ്യക്ഷനാകും. സാംസ്കാരിക വകുപ്പ് സെക്രട്ടറി റാണി ജോർജ്, ഡയറക്റ്റർ ടി.ആർ. സദാശിവൻ നായർ, പ്രമോദ് പയ്യന്നൂർ, പ്രൊഫ.എം. ബാലസുബ്രമണ്യം എന്നിവരും പങ്കെടുക്കും.

22: ഗോത്ര നാടോടി, ക്ലാസിക്കൽ കലാരൂപങ്ങളിലൂടെയുള്ള മാതൃകം. തുടർന്ന് രാജസ്ഥാനിലെ കൽബെറിയ, ചക്രി നൃത്തങ്ങൾ.

23: കാവ്യോത്സവത്തിൽ എട്ട് കവികളുടെ ഓണക്കവിതകളും ഓണസ്മൃതികളും. തുടർന്ന് പഞ്ചാബിന്റെ ഭാങ്ഡാ, ലൂഡി നൃത്തങ്ങൾ.

24: ശാസ്ത്രീയ സംഗീത കച്ചേരി, മാജിക് മെന്റലിസം ആൻഡ് ബലൂൺ ആർട്, ഗുജറാത്തിലെ രത്വ, ദണ്ഡിയാ നൃത്തങ്ങൾ.

25: കഥാപ്രസംഗം, നങ്യാർകൂത്ത്, മൈം. ഹരിയാനയിലെ ഗൂമർ, ഫാഗ് നൃത്ത രൂപങ്ങൾ.

26: കേരളീയ കലകളും പുള്ളുവൻ പാട്ടും തിരിയുഴിച്ചിലും ചേർന്ന കേരളീയം രംഗാവതരണം, കർണാടകയിലെ ഡോലു കുനിത, പൂജാ കുനിത നൃത്തഗാനങ്ങൾ.

27: ക്ലാസിക്കൽ നൃത്തങ്ങളും കാക്കാരിശ്ശി നാടകവും, തമിഴ്നാട്ടിൽ നിന്നുള്ള കാവടി, തപ്പാട്ടം അവതരണങ്ങളും.

28: തുള്ളൽ ത്രയങ്ങളും ശാസ്ത്രീയ സംഗീത കച്ചേരിയും ആന്ധ്രാ പ്രദേശിന്റെ ലംബാഡി, ദിംസാ നൃത്തങ്ങളും.

29: അതിജീവന ഓണം ഫോക് മ്യൂസിക് ബാൻഡും കളരിയും, കേരളനടന അവതരണങ്ങളും മഹാരാഷ്ട്രയുടെ ലാവണി, കോലി നൃത്തങ്ങളും.

30: രാജശ്രീ വാര്യർ അവതരിപ്പിക്കുന്ന ഭരതനാട്യവും മണിപ്പൂരിന്റെ ഡോൽ, താങ്താ നൃത്ത രൂപങ്ങളും

31: കല്ലറ ഗോപൻ, ശ്രീറാം, അനിതാ ഷേയ്ക്ക്, കല്യാണി, അനുപ്രവീൺ എന്നിവർ അവതരിപ്പിക്കുന്ന ശ്രാവണസംഗീതം, കാശ്മീരിൽ നിന്നുള്ള റൗഫ്, നഗ്മ നൃത്താവതരണങ്ങൾ.

മാവേലി മലയാളം കലാവിരുന്ന്
https://www.facebook.com/AK.Balan.Official/
https://www.facebook.com/BharatBhavanKeralaOfficial/, https://www.facebook.com/szcc1986

എന്നീ ഫേസ്ബുക് പേജുകളിലും സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ സോഷ്യൽ മീഡിയ പേജുകളിലും തത്സമയം ലഭ്യമാകും.

നെല്ലു സംഭരണത്തിൽ വൻ അഴിമതിയെന്ന് പി.ടി. തോമസ്

തിരുവനന്തപുരം : സംസ്ഥാനത്തെ ഒന്നര ലക്ഷം നെൽ കൃഷിക്കാരിൽ നിന്നുള്ള നെല്ലു സംഭരണത്തിൽ പ്രതിവർഷം 73 കോടി രൂപയുടെ വൻ അഴിമതി നടക്കുന്നുവെന്നു പി.ടി. തോമസ് എംഎൽഎ. കൃഷിക്കാരിൽ നിന്നും സംഭരിക്കുന്ന നെല്ല് മില്ലുകാർക്കു കൊടുത്തു തിരികെ വാങ്ങുന്ന അനുപാതം കുറച്ചതു മൂലമാണു അഴിമതി സംഭവിക്കുന്നത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ 2018 ജനുവരി പതിനൊന്നിന് കൂടിയ യോഗത്തിലാണു അമ്പതോളം വൻകിട മില്ലുകാരെ സഹായിക്കുന്ന തരത്തിലുള്ള തീരുമാനമെടുത്തത്. നെല്ലു സംഭരണത്തിനു താങ്ങുവില, പാക്കിംഗ് ചാർജ്, പ്രോസസിംഗ് ചാർജ്, ട്രാൻസ്പോർട്ടേഷൻ ചാർജ്, മറ്റു നികുതി ഉൾപ്പെടെ എല്ലാ ചിലവുകളും കേന്ദ്രസർക്കാരാണു നൽകിവരുന്നതെന്നും പി.ടി.തോമസ് പത്രസമ്മേളനത്തിൽ പറഞ്ഞു. മില്ലുകാർക്ക് ഒരു ക്വിന്റൽ നെല്ലു നൽകിയാൽ 68 കിലോ അരിയാണു സർക്കാരിനു മില്ലുകാർ തിരികെ നൽകേണ്ടത്. ഇതു കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതമാണ്. ഇതു സംബന്ധിച്ചു കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിൽ ധാരണാപത്രവും നിലവിലുണ്ട്.

എന്നാൽ കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ തിരികെ നൽകുന്ന അരിയുടെ അനുപാതം 68 കിലോയിൽ നിന്നും 64.5 കിലോയായി മില്ലുകാർക്കു കുറച്ചു നൽകുകയായിരുന്നു. ഇതുമൂലം വൻകിട മില്ലുകാർക്കു പ്രതിവർഷം 73 കോടി രൂപയുടെ അമിതലാഭം ഉണ്ടാക്കാൻ മുഖ്യമന്ത്രി തന്നെ കൂട്ടുനിൽക്കുകയായിരുന്നുവെന്നും പി.ടി. തോമസ് പറഞ്ഞു.

തിരികെ തരുന്ന 68 ശതമാനം അരിയിൽ പലപ്പോഴും കരിഞ്ചന്തയിൽ ബ്രാൻഡ് അരിയായി പോവുകയും മില്ലുടമകൾ ഗുണനിലവാരം കുറഞ്ഞ അരി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നു കൂട്ടികലർത്തി നൽകുകയാണെന്നും ഈ അരിയാണ് മിക്കപ്പോഴും റേഷൻ കടകളിലുടെ ലഭിക്കുന്നതെന്നും പി.ടി.തോമസ് പറഞ്ഞു.കൃത്യമായ വിവരങ്ങൾ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണു മുഖ്യമന്ത്രിയുടെ മകൾക്കെതിരെ താൻ ആരോപണം ഉന്നയിച്ചതെന്നും അല്ലെങ്കിൽ മുഖ്യമന്ത്രി കേസ് കൊടുക്കട്ടെയെന്നും പി.ടി. തോമസ്.

തന്റെ ആരോപണത്തിന് ഇതുവരെയും ധനമന്ത്രിയോ കെഎസ്എഫ്ഇ ചെയർമാനോ വിശദീകരണം നൽകിയിട്ടില്ല. തന്റെ ആരോപണങ്ങൾക്കു ശേഷം മുഖ്യമന്ത്രിയുടെ മകളുടെ കമ്പിനിയായ എക്സാലോജിക്കിന്റെ വെബ് സൈറ്റ് അപ്രതിക്ഷ്യമായത് ഇതുവരെയും തിരികെ വന്നിട്ടില്ല. കരിമണൽ കർത്താ കമ്പിനി എന്തിനാണു മുഖ്യമന്ത്രിയുടെ മകളുടെ കമ്പിനിയിൽ അമ്പതു ലക്ഷം രൂപ നിക്ഷേപിച്ചത്.പിഡബ്ല്യുസിയുടെ ഡയറക്റ്റർ എങ്ങനെ ഏകാംഗ ഡയറക്റ്റർ മാത്രമുള്ള എക്സാലോജിക്കിന്റെ കൺസൾട്ടന്റായി എന്ന് വ്യക്തമാക്കണമെന്നും പി.ടി.തോമസ് പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

കൊവിഡ് കാല സഭാ സമ്മേളനത്തിന് ഒരുക്കങ്ങൾ ഇങ്ങനെ...

തിരുവനന്തപുരം: പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം തിങ്കളാഴ്ച ചേരുമ്പോൾ ഇതുവരെ ഇല്ലാത്തവിധം വ്യത്യസ്തമായ ഒരുക്കങ്ങൾ. കൊവിഡ് പശ്ചാത്തലത്തിൽ നടക്കുന്ന സമ്മേളനത്താനായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഈസമ്മേളനം ചേരാൻ മന്ത്രിസഭ ശിപാർശ ചെയ്തത് ഓഗസ്റ്റ് 12നാണ്. ഗവർണ്ണർ ഫയൽ ഒപ്പിട്ടത് പിറ്റേന്ന്. അംഗങ്ങൾക്ക് സമൻസ് അയച്ചത് ഓഗസ്റ്റ് 14നാണ്. അന്നു തന്നെ അംഗങ്ങൾക്ക് എസ്എംഎസും ഇ-മെയിലും അയച്ചു.

നിലവിൽ സഭയിലെ ആദ്യ നിരയിലെ മുഖ്യമന്ത്രിയും മന്ത്രിമാർ ഉൾപ്പെടെയുള്ള അംഗങ്ങൾ ഒരു കസേരയിൽ ഒരാളെന്ന നിലയിലും പിന്നീടുള്ള നിരയിൽ ഒരു കസേരയിൽ രണ്ട് പേർ എന്നനിലയിലുമാണ് ഇരിപ്പിടം ഒരുക്കിയിട്ടുള്ളത്. ഇതിന് പകരം കൊവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി എല്ലാ അംഗങ്ങൾക്കും പ്രത്യേക കസേരയിൽ ഇരിപ്പിടം ഒരുക്കി സാമൂഹിക അകലം പാലിക്കാൻ നടപടിയായി. അംഗങ്ങളുടെ മേശപ്പുറത്ത് സാനിട്ടൈസർ സ്ഥാപിക്കും. മുഖാവരണത്തിനായി മാസ്ക്, ഷീൽഡ് എന്നിവയും കൈയുറയും ലഭ്യമാക്കും. നിയമസഭാ മന്ദിരത്തിലേക്ക് പ്രവേശിക്കുന്നവരുടെ ശരീര താപനില പരിശോധിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

സമ്മേളന ദിവസം അതിരാവിലെ തന്നെ അംഗങ്ങൾക്ക് ആന്റിജൻ ടെസ്റ്റ് ചെയ്യുന്നതിന് ഉള്ള സൗകര്യം നിയമസഭാ മന്ദിരത്തിലും എം. എൽ. എ ഹോസ്റ്റലിലും ഒരുക്കാൻ ആരോഗ്യ വകുപ്പ് ഡയറക്റ്ററെ ചുമതലപ്പെടുത്തി. ആന്റിജൻ ടെസ്റ്റിൽ പോസിറ്റീവ് ആകുന്ന അംഗങ്ങൾക്ക് രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടുരേഖപ്പെടുത്താൻ അവസരമൊരുക്കിയതിനു ശേഷം സഭാ നടപടികളിൽ പങ്കെടുക്കാതെ നിയമസഭാ മന്ദിരം വിട്ടുപോകാൻ അവസരമൊരുക്കും.

പൊതുജനങ്ങൾക്കുള്ള പബ്ലിക് ഗാലറി, സ്പീക്കേഴ്സ് ഗാലറി എന്നിവയിലേക്ക് പ്രവേശനം ഉണ്ടായിരിക്കില്ല . ഒഫീഷ്യൽ ഗാലറിയിൽ അവശ്യംവേണ്ട ഉദ്യോഗസ്ഥന്മാർക്ക് മാത്രമേ പ്രവേശനമുണ്ടായിരിക്കുകയുള്ളൂ എന്ന് ചീഫ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സമ്മേളന ദിവസം അംഗങ്ങളുടെ മെഡിക്കൽ സേവനങ്ങൾക്കായി സൗകര്യമൊരുക്കി. ആംബുലൻസും മറ്റ് മെഡിക്കൽ സംവിധാനവും ലഭ്യമാണ്. സഭയുമായി ബന്ധപ്പെടുന്ന സ്റ്റാഫ് അംഗങ്ങളുടെ ആന്റിജൻ ടെസ്റ്റ് മുൻകൂറായി നടത്തും.

നിയമസഭാമന്ദിരവും പരസരവും അണുവിമുക്തമാക്കാൻ നടപടി തുടങ്ങി. സഭയ്ക്കുള്ളിൽ ഹാജരാകുന്ന ഉദ്യോഗസ്ഥരുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിലേക്കായി മുഖ്യമന്ത്രി, ധനമന്ത്രി, പാർലമെന്ററികാര്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവർ ഒഴികെയുള്ളവരുടെ അറ്റന്റർമാരെ സഭയ്ക്ക് പുറത്ത് വെയിറ്റ് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമ്മേളന നടപടികൾ നേരിട്ട് സംപ്രേഷണം ചെയ്യാൻ ചാനലുകൾക്ക് അനുമതിയുണ്ടെങ്കിലും എല്ലാ ചാനലുകളുടേയും ക്യാമറകൾ സഭയ്ക്കുള്ളിൽ അനുവദിക്കുന്നതിനും പകരം ദൃശ്യങ്ങൾ ലഭ്യമാക്കും. പ്രസ്സ് ഗ്യാലറികളിൽ സ്ഥലം ലഭിക്കാതെ വരുന്ന മാധ്യമ പ്രവർത്തകർക്ക് നിലവിൽ വീഡിയോ ക്യാമറകൾക്കായി ഉപയോഗിച്ചുവരുന്ന ഗ്യാലറിയിൽ താൽക്കാലിക പ്രവേശനം അനുവദിക്കും. പ്രസ്സ് ഗാലറി, ഔദ്യോഗിക ഗാലറി എന്നിവിടങ്ങളിൽ ഒന്നിടവിട്ട കസേരകൾ മാത്രം അനുവദിക്കും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാഹചര്യമില്ലാത്തതിനാൽ വോട്ടെടുപ്പ് ആവശ്യമായിവരുന്ന സന്ദർഭത്തിൽ കൈകൾ ഉയർത്തിയോ അംഗങ്ങളെ എഴുന്നേറ്റ് നിർത്തിയോ വോട്ടെടുപ്പ് നടത്താനാണ് തീരുമാനം.

സമ്മേളന ദിവസം അതിരാവിലെതന്നെ അംഗങ്ങൾക്ക് ആന്റിജൻ ടെസ്റ്റ് ചെയ്യുന്നതിന് ഉള്ള സൗകര്യം നിയമസഭാ മന്ദിരത്തിലും എം. എൽ. എ ഹോസ്റ്റലിലും ഒരുക്കാൻ ആരോഗ്യ വകുപ്പ് ഡയറക്റ്ററെ ചുമതലപ്പെടുത്തി.

മിൽമ ജീവനക്കാരുടെ ഓണം ബോണസ് പ്രഖ്യാപിച്ചു

കളമശേരി: മിൽമ ജീവനക്കാരുടെ ഓണം ബോണസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവ തീരുമാനിച്ചു. ഇതനുസരിച്ച് ബോണസും ഫെസ്റ്റിവൽ അലവൻസും സർക്കാർ ഉത്തരവനുസരിച്ച് നൽകുന്നതിനും പെർഫോമൻസ് അലവൻസായി 29,000 രൂപയും ഫെസ്റ്റിവൽ അഡ്വാൻസ് ആയി 55,000 രൂപ നൽകുന്നതിനും ധാരണയായി. കൂടാതെ 2,000 രൂപയുടെ ഉൽപന്ന കൂപ്പണും നൽകും.

എറണാകുളം മേഖലാ യൂണിയൻ ഓഫീസിൽ നടന്ന ട്രേഡ് യൂണിയൻ, മാനേജ്മെൻറ് ചർച്ചയിൽ മിൽമ എംപ്ലോയീസ് യൂണിയൻ (സിഐടിയു) ഭാരവാഹികളായ കെ. ചന്ദ്രൻപിള്ള, എം.പി. വിദ്യാനന്ദൻ, വി.കെ. ബൈജു, മാത്യു ഐസക്ക്, എ.ആർ. സിനു, വി. വിനോദ്, ടി.ആർ. രഞ്ജിത് തുടങ്ങിയവർ പങ്കെടുത്തു.

എൻഫോഴ്സ്മെന്റ് കേസിൽ സ്വപ്നയ്ക്ക് ജാമ്യമില്ല

കൊച്ചി: സ്വർണക്കടത്ത് കേസിലെ രണ്ടാം പ്രതി സ്വപ്ന സുരേഷിന് എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റ് രജിസ്റ്റർ ചെയ്ത കേസിലും ജാമ്യമില്ല. അന്വേഷണം പ്രാഥമിക ഘട്ടത്തിലാതിനാൽ ഇപ്പോൾ ജാമ്യം നൽകാനാവില്ലെന്നു ചൂണ്ടിക്കാട്ടി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ജാമ്യം നിഷേധിച്ചത്.

രാജ്യത്തും വിദേശത്തും ഉന്നത സ്വാധീനമുള്ള വ്യക്തികൾ ഉൾപ്പെട്ട കേസാണിത്. അതുകൊണ്ട് തന്നെ സ്വർണക്കടത്തുമായി ബന്ധപ്പെട്ട് ഉന്നതതല ബന്ധങ്ങൾ പരിശോധിക്കണമെന്നും ഇതിനു പിന്നിൽ വലിയ സംഘമുണ്ടെന്നും കോടതി നിരീക്ഷിച്ചു. ബാങ്ക് ലോക്കറിൽ സൂക്ഷിച്ചിട്ടുള്ള പണവും സ്വർണവും കള്ളപ്പണമാണെന്ന എൻഫോഴ്സ്മെന്റിന്റെ വാദം തള്ളിക്കളയാനാകില്ല.

പണത്തിന്റെ ഉറവിടത്തെക്കുറിച്ചു താൻ പറയുന്നതു ശരിയെന്നു തെളിയിക്കേണ്ടതു പ്രതിയുടെ ബാധ്യതയാണെന്നും കോടതി വ്യക്തമാക്കി. കള്ളപ്പണം വെളുപ്പിക്കുന്നതുമായി ബന്ധപ്പെട്ടു പ്രതി സ്വപ്ന സുരേഷിനെതിരേ കൃത്യമായ തെളിവുകളുണ്ടെന്ന് എൻഫോഴ്സ്മെന്റ് നേരത്തെ കോടതിയിൽ വ്യക്തമാക്കിയിരുന്നു.

ചാർട്ടേഡ് അക്കൗണ്ടന്റുമായി ചേർന്നു ലോക്കറിൽ പണം നിക്ഷേപിച്ചതിൽ കൂടുതൽ തെളിവ് ശേഖരണം ആവശ്യമുണ്ടെന്നും കൂടാതെ പ്രതികളെ കൂടുതൽ ചോദ്യം ചെയ്യേണ്ടതുണ്ടെന്നും എൻഫോഴ്സ്മെന്റ് കോടതിയിൽ പറഞ്ഞിരുന്നു. ശിവശങ്കറുമായുള്ള ഇടപാടുകളെ സംബന്ധിച്ചും കൂടുതൽ ചോദ്യം ചെയ്യേണ്ടതുണ്ടെന്നതടക്കമുള്ള കാര്യങ്ങളാണ് എൻഫോഴ്സ്മെന്റ് സ്വപ്നയുടെ ജാമ്യഹർജിക്കെതിരേ കോടതിയിൽ വ്യക്തമാക്കിയത്.

അതേസമയം, എൻഐഎ രജിസ്റ്റർ ചെയ്ത കേസിൽ സ്വപ്ന, സന്ദീപ്, സരിത് എന്നിവരടക്കം എട്ടു പ്രതികളുടെ റിമാൻഡ് കാലാവധി അടുത്ത മാസം 18 വരെ നീട്ടി. കൊച്ചിയിലെ എൻഐഎ കോടതിയുടേതാണു നടപടി. ഹവാല, ബിനാമി ഇടപാടുകൾ, കള്ളപ്പണം വെളുപ്പിക്കൽ എന്നിവയുമായി തനിക്ക് ഒരുബന്ധവും ഇല്ലെന്നാണ് സ്വപ്ന ജാമ്യ ഹർജിയിൽ വാദിച്ചത്.

ഇതുമായി ബന്ധപ്പെട്ട് തനിക്കെതിരേ ഒരു തെളിവും ഹാജരാക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റിന് കഴിഞ്ഞിട്ടില്ല. താൻ സമ്പാദിച്ചത് നിയമപരമായാണെന്നും അനധികൃതമായി ഒരു ഇടപാടും നടത്തിയിട്ടില്ലെന്നുമാണ് സ്വപ്ന സുരേഷിന്റെ വാദം. എന്നാൽ പ്രതികൾക്ക് ഈ കേസിൽ ബന്ധമുണ്ടെന്നതിന് കേസ് ഡയറിയിൽ മതിയായ തെളിവുകളുണ്ടെന്ന് ഇഡി വാദിച്ചു. സ്വപ്നയുടെ പേരിലുള്ള രണ്ട് ബാങ്ക് ലോക്കറിലെ പണം സംബന്ധിച്ച് നിരവധി ദുരൂഹതയുണ്ട്. ലോക്കറിൽ സൂക്ഷിച്ച പണം സംബന്ധിച്ച് ദുരൂഹത നിലനിൽക്കുന്നെന്നും ഉന്നത സ്വാധീനമുള്ള സ്വപ്നക്ക് ഉടൻ ജാമ്യം നൽകരുതെന്നുമാണ് എൻഫോഴ്സ്മെന്റ് വാദം.

കൊവിഡ് കാല സഭാ സമ്മേളനം: ഒരുക്കങ്ങൾ വ്യത്യസ്തം

തിരുവനന്തപുരം: പതിനാലാം കേരള നിയമസയുടെ ഇരുപതാം സമ്മേളനം തിങ്കളാഴ്ച ചേരുമ്പോൾ ഇതുവരെ ഇല്ലാത്തവിധം വ്യത്യസ്തമായ ഒരുക്കങ്ങൾ. കൊവിഡ് പശ്ചാത്തലത്തിൽ നടക്കുന്ന സമ്മേളനത്താനായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

സമ്മേളനം ചേരാൻ മന്ത്രിസഭ ശുപാർശ ചെയ്തത് കഴിഞ്ഞ 12നാണ്. ഗവർണർ ഫയൽ ഒപ്പിട്ടത് പിറ്റേന്ന്. അംഗങ്ങൾക്ക് സമൻസ് അയച്ചത് 14നാണ്. അന്നു തന്നെ അംഗങ്ങൾക്ക് എസ്എംഎസും ഇ-മെയ്‌ലും അയച്ചു.

നിലവിൽ സഭയിലെ ആദ്യ നിരയിലെ മുഖ്യമന്ത്രിയും മന്ത്രിമാർ ഉൾപ്പെടെ അംഗങ്ങൾ ഒരു കസേരയിൽ ഒരാളെന്ന നിലയിലും പിന്നീടുള്ള നിരയിൽ ഒരു കസേരയിൽ രണ്ട് പേർ എന്നനിലയിലുമാണ് ഇരിപ്പിടം ഒരുക്കിയിട്ടുള്ളത്. ഇതിന് പകരം കൊവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി എല്ലാ അംഗങ്ങൾക്കും പ്രത്യേകം ഇരിപ്പിടം ഒരുക്കി സാമൂഹിക അകലം പാലിക്കും. അംഗങ്ങളുടെ മേശപ്പുറത്ത് സാനിറ്റൈസർ സ്ഥാപിക്കും. മുഖാവരണത്തിനായി മാസ്ക്, ഷീൽഡ് എന്നിവയും കൈയുറയും ലഭ്യമാക്കും. നിയമസഭാ മന്ദിരത്തിലേക്ക് പ്രവേശിക്കുന്നവരുടെ ശരീര താപനില പരിശോധിക്കും.

സമ്മേളന ദിവസം അതിരാവിലെതന്നെ അംഗങ്ങൾക്ക് ആന്റിജൻ ടെസ്റ്റ് ചെയ്യുന്നതിന് ഉള്ള സൗകര്യം നിയമസഭാ മന്ദിരത്തിലും എംഎൽഎ ഹോസ്റ്റലിലും ഒരുക്കാൻ ആരോഗ്യ വകുപ്പ് ഡയറക്റ്ററെ ചുമതലപ്പെടുത്തി. ആന്റിജൻ ടെസ്റ്റിൽ പോസിറ്റിവ് ആകുന്ന അംഗങ്ങൾക്ക് രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടു രേഖപ്പെടുത്താൻ അവസരമൊരുക്കിയതിനു ശേഷം സഭാ നടപടികളിൽ പങ്കെടുക്കാതെ നിയമസഭാ മന്ദിരം വിട്ടുപോകാൻ അവസരമൊരുക്കും.

പൊതുജനങ്ങൾക്കുള്ള പബ്ലിക് ഗാലറി, സ്പീക്കേഴ്സ് ഗാലറി എന്നിവയിലേക്ക് പ്രവേശനം ഉണ്ടായിരിക്കില്ല .ഒഫീഷ്യൽ ഗാലറിയിൽ അവശ്യം വേണ്ട ഉദ്യോഗസ്ഥന്മാർ മാത്രമേയുണ്ടാകൂ. ആംബുലൻസും മറ്റ് മെഡിക്കൽ സംവിധാനവും ലഭ്യമാണ്. സഭയുമായി ബന്ധപ്പെടുന്ന സ്റ്റാഫ് അംഗങ്ങളുടെ ആന്റിജൻ ടെസ്റ്റ് മുൻകൂറായി നടത്തും.

നിയമസഭാമന്ദിരവും പരസരവും അണുവിമുക്തമാക്കാൻ നടപടി തുടങ്ങി. സഭയ്ക്കുള്ളിൽ ഹാജരാകുന്ന ഉദ്യോഗസ്ഥരുടെ എണ്ണം പരമാവധി കുറയ്ക്കും. മുഖ്യമന്ത്രി, ധനമന്ത്രി, പാർലമെന്ററികാര്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നിവർ ഒഴികെയുള്ളവരുടെ അറ്റൻഡർമാർക്ക് സഭയ്ക്കു പുറത്താകും സ്ഥാനം.

സമ്മേളന നടപടികൾ നേരിട്ട് സംപ്രേഷണം ചെയ്യാൻ ചാനലുകൾക്ക് അനുമതിയുണ്ടെങ്കിലും എല്ലാ ചാനലുകളുടേയും ക്യാമറകൾ സഭയ്ക്കുള്ളിൽ അനുവദിക്കുന്നതിനും പകരം ദൃശ്യങ്ങൾ ലഭ്യമാക്കും. പ്രസ്സ് ഗ്യാലറികളിൽ സ്ഥലം ലഭിക്കാതെ വരുന്ന മാധ്യമ പ്രവർത്തകർക്ക് നിലവിൽ വീഡിയോ ക്യാമറകൾക്കായി ഉപയോഗിച്ചുവരുന്ന ഗ്യാലറിയിൽ താത്കാലിക പ്രവേശനം അനുവദിക്കും. പ്രസ്സ് ഗാലറി, ഔദ്യോഗിക ഗാലറി എന്നിവിടങ്ങളിൽ ഒന്നിടവിട്ട കസേരകൾ മാത്രം അനുവദിക്കും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ സാഹചര്യമില്ലാത്തതിനാൽ വോട്ടെടുപ്പ് ആവശ്യമായിവരുന്ന സന്ദർഭത്തിൽ കൈകൾ ഉയർത്തിയോ അംഗങ്ങളെ എഴുന്നേറ്റ് നിർത്തിയോ വോട്ടെടുപ്പ് നടത്താനാണ് തീരുമാനം.

ശേഖരിക്കുന്നത് ടവർ ലൊക്കേഷൻ രേഖകൾ; ചെന്നിത്തലയുടെ ഹർജി തീർപ്പാക്കി

കൊച്ചി: കൊവിഡ്19 രോഗികളുടെ ഫോൺ വിളി രേഖകൾ ശേഖരിക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരേ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നൽകിയ ഹർജി ഹൈക്കോടതി തീർപ്പാക്കി. കൊവിഡ് രോഗികളുടെ ടവർ ലൊക്കേഷൻ മാത്രമേ പരിശോധിക്കുന്നുള്ളു എന്ന സംസ്ഥാന സർക്കാരിന്റെ വാദം കോടതി അംഗീകരിച്ചു. ദിവസവും കൊവിഡ് രോഗികളുടെ എണ്ണം കൂടുകയാണ്. ഇത്തരത്തിലൊരു തീരുമാനം സർക്കാർ എടുത്തതിൽ അപാകതയില്ലെന്നും കോടതി.

നിലവിലെ പ്രത്യേക സാഹചര്യം മനസിലാക്കണം. സെല്ലുലാർ കമ്പനികളെ ഹർജിയിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല. ടവർ വിവരങ്ങൾ എടുക്കുന്നതിൽ കുഴപ്പമില്ല എന്ന് ഇന്നലെ പറഞ്ഞിട്ട് എന്താണ് ഇന്ന് പുതിയ കാര്യങ്ങൾ പറയുന്നതെന്നും കോടതി ചെന്നിത്തലയുടെ അഭിഭാഷകനോട് ചോദിച്ചു. ടവർ ലൊക്കേഷൻ മാത്രം ഉൾപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുന്നുവെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവിറക്കണം. വ്യക്തി സുരക്ഷ ഉറപ്പാക്കാൻ വേണ്ട നടപടികൾ സർക്കാർ ഉറപ്പാക്കണമെന്നും കോടതി പറഞ്ഞു.

സമ്പർക്ക പട്ടിക തയാറാക്കാൻ വിവരശേഖരണം നടത്തുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ചൂണ്ടിക്കാണിച്ചാണ് ചെന്നിത്തല കോടതിയെ സമീപിച്ചത്. കൊവിഡ് രോഗികളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി കോൾ ഡേറ്റാ റെക്കോഡുകൾ ആവശ്യമില്ലെന്ന് കേസ് പരിഗണിക്കവെ സർക്കാർ കഴിഞ്ഞദിവസം കോടതിയെ അറിയിച്ചു. വിവരശേഖരണത്തിനായി ടവർ ലൊക്കേഷൻ ഡേറ്റ മാത്രമേ ആവശ്യമുള്ളു. രോഗം സ്ഥിരീകരിച്ച ദിവസത്തിന് പിന്നോട്ടുള്ള 14 ദിവസത്തെ ടവർ ലൊക്കേഷൻ വിവരങ്ങൾ മാത്രമേ ഇത്തരത്തിൽ ശേഖരിക്കുന്നുള്ളു എന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

കൊച്ചി: കൊവിഡ് രോഗികളുടെ ഫോൺ വിളി രേഖകൾ ശേഖരിക്കാനുള്ള സർക്കാർ തീരുമാനത്തിനെതിരെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നൽകിയ ഹർജി ഹൈക്കോടതി തീർപ്പാക്കി. കൊവിഡ് രോഗികളുടെ ടവർ ലൊക്കേഷൻ മാത്രമേ പരിശോധിക്കുന്നുള്ളു എന്ന സംസ്ഥാന സർക്കാരിന്റെ വാദം കോടതി അംഗീകരിച്ചു. ദിവസവും കൊവിഡ് രോഗികളുടെ എണ്ണം കൂടുകയാണ്. ഇത്തരത്തിലൊരു തീരുമാനം സർക്കാർ എടുത്തതിൽ അപാകതയില്ലെന്നും കോടതി അഭിപ്രായപ്പെട്ടു. നിലവിലെ പ്രത്യേക സാഹചര്യം മനസിലാക്കണമെന്ന് രമേശ് ചെന്നിത്തലയുടെ അഭിഭാഷകനോട് കോടതി പറഞ്ഞു. സെല്ലുലാർ കമ്പനികളെ ഹർജിയിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ല. ടവർ ഡീറ്റെയിൽസ് എടുക്കുന്നതിൽ കുഴപ്പമില്ല എന്ന് ഇന്നലെ പറഞ്ഞിട്ട് എന്താണ് ഇന്ന് പുതിയ കാര്യങ്ങൾ പറയുന്നതെന്നും കോടതി രമേശ് ചെന്നിത്തലയുടെ അഭിഭാഷകനോട് ചോദിച്ചു. ടവർ ലൊക്കേഷൻ മാത്രം ഉൾപ്പെടുത്തി വിവരങ്ങൾ ശേഖരിക്കുന്നുവെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവിറക്കണം. വ്യക്തി സുരക്ഷ ഉറപ്പാക്കാൻ വേണ്ട നടപടികൾ സർക്കാർ ഉറപ്പാക്കണമെന്നും കോടതി പറഞ്ഞു.

സമ്പർക്ക പട്ടിക തയ്യാറാക്കാൻ വിവരശേഖരണം നടത്തുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ചൂണ്ടിക്കാണിച്ചാണ് രമേശ് ചെന്നിത്തല കോടതിയെ സമീപിച്ചത്. കൊവിഡ് രോഗികളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി കോൾ ഡേറ്റാ റെക്കോഡുകൾ ആവശ്യമില്ലെന്ന് കേസ് പരിഗണിക്കവെ സർക്കാർ കഴിഞ്ഞദിവസം കോടതിയെ അറിയിച്ചു. വിവരശേഖരണത്തിനായി ടവർ ലൊക്കേഷൻ ഡേറ്റ മാത്രമേ ആവശ്യമുള്ളു. രോഗം സ്ഥിരീകരിച്ച ദിവസത്തിന് പിന്നോട്ടുള്ള 14 ദിവസത്തെ ടവർ ലൊക്കേഷൻ വിവരങ്ങൾ മാത്രമേ ഇത്തരത്തിൽ ശേഖരിക്കുന്നുള്ളു എന്നും സർക്കാർ വ്യക്തമാക്കിയിരുന്നു.

സഭാ സമ്മേളനത്തിന് മുമ്പ് മുഖ്യമന്ത്രി രാജിവയ്ക്കണം: ചെന്നിത്തല

തിരുവനന്തപുരം: നിയമ സഭാ സമ്മേളനത്തിന് മുമ്പ് മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതിയിൽ മുഖ്യമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യുഡിഎഫ് ഓഗസ്റ്റ്27 ന് വാർഡ് തലത്തിൽ സത്യഗ്രഹ സമരം നടത്തും. കോടതി നിർദേശങ്ങളും കൊവിഡ് പ്രോട്ടൊക്കോളും പാലിച്ച് ഒരു വാർഡിൽ ഒരാൾ എന്ന നിലയിലായിരിക്കും ഉച്ചവരെ സത്യഗ്രഹം. പാർട്ടി ഓഫിസുകളിലോ അവരവരുടെ വീടുകളിലോ ആയിരിക്കണം സത്യാഗ്രഹം നടത്തേണ്ടതെന്ന് ചെന്നിത്തല.

അഴിമതിയുടെ ചെളിക്കുണ്ടിൽ നിൽക്കുന്ന ഒരു സർക്കാരായി ഇതുമാറിക്കഴിഞ്ഞു. ജനങ്ങളോട് പച്ചക്കള്ളം പറയുന്ന മുഖ്യമന്ത്രിയാണിത്. മുഖ്യമന്ത്രി നേരത്തെ പറഞ്ഞത് വടക്കാഞ്ചേരി പദ്ധതിയുമായി സർക്കാരിന് ഒരു ബന്ധവുമില്ലെന്നാണ്. റെഡ് ക്രെസന്റാണ് പണം മുടക്കുന്നത്. അവർക്ക് ഭൂമി നൽകിയതോടെ സർക്കാരിന്റെ ഉത്തരവാദിത്തം അവസാനിച്ചെന്നാണു മുഖ്യമന്ത്രി പറഞ്ഞത്. റെഡ്ക്രസന്റ് ഉപകരാർ നൽകിയ യൂണിടാക്ക് എനർജി സെല്യൂഷൻസ് എന്ന കമ്പനിയുമായി സർക്കാരിന് ബന്ധമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത് തെറ്റാണ്. പദ്ധതിയുടെ എല്ലാ ഘട്ടത്തിലും യൂണിടാക്കുമായി സർക്കാർ നേരിട്ട് ബന്ധപ്പെട്ടതിന്റെ രേഖകളാണ് പുറത്തു വന്നിട്ടുള്ളത്. ഈ പദ്ധതിയിൽ എല്ലാ ഘട്ടത്തിലും സർക്കാരിന്റെ ഇടപെടലും നേതൃത്വവും ഉണ്ടായിരുന്നുവെന്നാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നതെന്ന് ചെന്നിത്തല കുറ്റപ്പെടുത്തി.

ഒരു കോടി രൂപയല്ല, 4.25 കോടി രൂപയാണ് യഥാർത്ഥ കമ്മീഷനെന്ന് വെളിപ്പെടുത്തിയത് മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവാണ്. അപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസിന് ഇതറിയാമായിരുന്നുവെന്ന് വന്നിരിക്കുന്നു.. അതിനെക്കാൾ ഗൗരവതരമായ കാര്യം തനിക്ക് ഇത് നേരത്തെ അറിയാമായിരുന്നെന്ന് ധനകാര്യ മന്ത്രി തോമസ് ഐസക്ക് പറഞ്ഞതാണ്. നിയമ മന്ത്രി എ.കെ.ബാലനും അത് ശരി വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതായത് കോഴയെക്കുറിച്ച് സർക്കാരിൽ എല്ലാ പേർക്കും അറിയാമായിരുന്നു എന്നാണ് ഇത് തെളിയിക്കുന്നതെന്നും അദ്ദേഹം.

ലൈഫ് ഭവനം: വിജിലൻസ് അന്വേഷണമാകാം- കോടിയേരി

തിരുവനന്തപുരം: ലൈഫ് മിഷനുവേണ്ടി യുഎഇയിലെ സന്നദ്ധ സംഘടനയായ റെഡ് ക്രസന്റ് വടക്കാഞ്ചേരിയിൽ നിർമിച്ചുകൊണ്ടിരിക്കുന്ന ഫ്ലാറ്റ് സമുച്ചയവുമായി ബന്ധപ്പെട്ട് ഉയർന്ന കമ്മിഷൻ ഇടപാടുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്ന കേന്ദ്ര ഏജൻസികളായ എൻഐഎ, കസ്റ്റംസ്, എൻഫോഴ്സ്മെന്റ് എന്നിവയ്ക്കു പുറമെ, സംസ്ഥാന വിജിലൻസിന് അന്വേഷിക്കാനാവുമെങ്കിൽ അതിന് സർക്കാർ നടപടി എടുക്കണമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

നിയമപരമായി ഏതന്വേഷണത്തിനും പാർട്ടി എതിരല്ല. കമ്മിഷൻ വാങ്ങിയിട്ടുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി എടുക്കണം. കമ്മിഷൻ വാങ്ങിയത് സിപിഎമ്മോ എൽഡിഎഫോ ലൈഫ് മിഷനോ അല്ല. യുഎഇ കോൺസുലേറ്റുമായി ബന്ധപ്പെട്ടവർക്കെതിരെയാണ് ആക്ഷേപം. വടക്കാഞ്ചേരിയിലെ ഫ്ലാറ്റിന്റെ സുരക്ഷയും ഉറപ്പും ലൈഫ് മിഷൻ പരിശോധിക്കട്ടെ.

വൻ തോതിൽ പണം മുടക്കി പ്രൊഫഷണൽ ടീമുകളെ ഉപയോഗിച്ചാണ് യുഡിഎഫ് പ്രചാരണം നടത്തുന്നത്. രണ്ടാം ലാവലിൻ എന്നാണ് ലൈഫ് പദ്ധതിയെപ്പറ്റി യുഡിഎഫ് കൺവീനറുടെ ആക്ഷേപം. ഒന്നാം ലാവലിന് എന്തു സംഭവിച്ചുവെന്ന് ഓർമ വേണം. സിബിഐകോടതിയും ഹൈക്കോടതിയും രാഷ്ട്രീയ പ്രേരിതമായ ആ കേസ് തള്ളിയതാണെന്ന് കോടിയേരി ഓർമിപ്പിച്ചു.

രാജ്യസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് വോട്ടുചോർച്ച ഉണ്ടാവും. ജോസ് കെ. മാണിയുടെ ഇതു സംബന്ധിച്ച നിലപാട് സ്വാഗതാർഹമാണ്. അദ്ദേഹവുമായി ഒരു ചർച്ചയും നടത്തിയിട്ടില്ല .എൽഡിഎഫാണ് ഇതേപ്പറ്റി തീരുമാനിക്കേണ്ടത്. അവിശ്വാസ പ്രമേയം യുഡിഎഫിന് തിരിച്ചടിയാവും.

തുർക്കിയിലെ ക്രിസ്ത്യൻ പള്ളി മുസ്‌ലിം പള്ളി ആക്കിയതിലും അയോധ്യയിൽ സുപ്രീം കോടതി നിർദേശം മറികടന്ന് പ്രധാനമന്ത്രി ശിലാന്യാസം നടത്തിയതിലും ദേശീയ വിദ്യാഭ്യാസ നയത്തിലും യുഡിഎഫിന് സ്വന്തമായി അഭിപ്രായമില്ലെന്നും മുന്നണിയിലെ കക്ഷികളും നേതാക്കളും വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയാണെന്നും ഇത് യുഡിഎഫ് ശിഥിലമാവുന്നതിന്റെ തെളിവാണെന്നും കോടിയേരി ചൂണ്ടിക്കാട്ടി.

"ഞാൻ പൂജയിലും മന്ത്രത്തിലും വിശ്വസിക്കുന്ന ആളല്ല. പ്രതിപക്ഷ നേതാവ് കല്ലുവച്ച നുണ പ്രചരിപ്പിക്കുകയാണ്. ആർഎസ്എസിനെ എതിർക്കുന്ന ഞാൻ വർഗീയവാദിയാണന്നാണ് ചെന്നിത്തലയുടെ ആക്ഷേപം. തലശേരി കലാപ കാലയളവിൽ ആർഎസ്എസ് ഉയർത്തിയ ആക്ഷേപം ചെന്നിത്തല ഏറ്റെടുക്കേണ്ടിയിരുന്നില്ല"- കോടിയേരി പറഞ്ഞു. കൊവിഡ് ബാധിതരുടെ സമ്പർക്കവിവരത്തിനായി ഫോൺ രേഖകൾ സർക്കാർ സ്വീകരിക്കുന്നതിനെതിരെ ഹൈക്കോടതിയെ സമീപിച്ച പ്രതിപക്ഷനേതാവിന് ശക്തമായ തിരിച്ചടിയാണ് കിട്ടിയതെന്നും അദ്ദേഹം അറിയിച്ചു.

പ്രധാനമന്ത്രിക്ക് രണ്ട് ലക്ഷം ഇ മെയിൽ

തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറാനുള്ള തീരുമാനത്തിനെതിരെ സിപിഎം പ്രധാനമന്ത്രക്ക് രണ്ട് ലക്ഷം ഇ മെയിൽ സന്ദേശങ്ങൾ അയയ്ക്കുമെന്നും സിപിഎം സംസ്ഥാന സെക്രട്ടറിയറ്റ് യോഗത്തിന് ശേഷം നടന്ന വാർത്താസമ്മേളനത്തിൽ കോടിയേരി പറഞ്ഞു. വൻതോതിൽ അഴിമതിക്ക് വഴിവയ്ക്കുന്ന വിധത്തിലാണ് കേന്ദ്ര സർക്കാർ തീരുമാനമെടുത്തത്. രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളും സീപോർട്ടും അദാനിക്ക് എന്നതാണ് കേന്ദ്രനയം. ഇതിനെതിരെ ശക്തമായ പ്രതിഷേധമുയർത്തുമെന്ന് കോടിയേരി അറിയിച്ചു.

തിരുവനന്തപുരം വിമാനത്താവളം: സ്റ്റേ തേടി സർക്കാർ ഹൈക്കോടതിയിൽ

കൊച്ചി: തിരുവനന്തപുരം വിമാനത്താവള നടത്തിപ്പ് അദാനി ഗ്രൂപ്പിനു നൽകാനുള്ള തീരുമാനത്തിനെതിരേ സംസ്ഥാന സർക്കാർ വീണ്ടും നിയമ നടപടിക്ക്. സ്വകാര്യവത്കരണത്തിനെതിരേ നേരത്തെ നൽകിയ അപ്പീലിൽ സർക്കാർ പുതിയ ഉപഹർജി സമർപ്പിച്ചു. എജിയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. കേന്ദ്ര സർക്കാർ നടപടികൾ സ്റ്റേ ചെയ്യണമെന്നാണ് സംസ്ഥാന സർക്കാർ നൽകിയ ഹർജിയിലെ ആവശ്യം.

പൊതുമേഖലയിൽ നിലനിന്നപ്പോൾ നൽകിയ സഹായസഹകരണങ്ങൾ സ്വകാര്യവത്കരിക്കപ്പെടുന്ന വിമാനത്താവളത്തിനു നൽകാൻ കഴിയില്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ വ്യക്തമാക്കിയിരുന്നു. സംസ്ഥാന സർക്കാർ ഉയർത്തിയ കടുത്ത എതിർപ്പ് വകവയ്ക്കാതെയാണ് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പു ചുമതല കേന്ദ്ര സർക്കാർ അദാനി എന്റർപ്രൈസസിന് നൽകിയത്. ഇതോടൊപ്പം ജയ്പുർ, ഗോഹട്ടി വിമാനത്താവളങ്ങളുടെ നടത്തിപ്പും അദാനിക്കു ലഭിച്ചു. അൻപതു വർഷത്തേക്കാണ് യാത്രക്കാരിൽ നിന്ന് യൂസർ ഫീ ഈടാക്കാനുള്ള അധികാരം ഉൾപ്പെടെ വിമാനത്താവളത്തിന്റെ നടത്തിപ്പ് ചുമതല. വിമാനത്താവളത്തിന്റെ നടത്തിപ്പ് അദാനി ഗ്രൂപ്പിന് നൽകാനുള്ള കേന്ദ്ര സർക്കാർ നടപടികൾ തടയണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാരും കെഐഎസ്ഐഡിസിയും നേരത്തെ ഹൈക്കോടതിയെ സമീപിച്ചെങ്കിലും ഈ ഹർജികൾ തള്ളിയിരുന്നു. തുടർന്ന് നൽകിയ അപ്പീലിലാണ് ഇപ്പോൾ ഉപഹർജി സമർപ്പിച്ചത്. നിയമവഴികൾ തേടുന്നതിനു പുറമേ ശക്തമായ തുടർപോരാട്ടത്തിനാണു സംസ്ഥാന സർക്കാരിന്റെ തീരുമാനം. വിമാനത്താവള നടത്തിപ്പിനും തുടർ വികസനത്തിനും സർക്കാരിന്റെ പിന്തുണക്കത്ത് അഥവാ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് അനിവാര്യമാണ്. സ്വകാര്യവത്കരണത്തെ ശക്തമായി എതിർക്കുന്ന സംസ്ഥാന സർക്കാർ പിന്തുണക്കത്ത് എന്ന ആയുധമാകും അദാനിക്കെതിരേ ഉപയോഗിക്കുക. എന്നാൽ, സർക്കാർ നിയമപോരാട്ടം തുടർന്നാലും ടെൻഡർ റദ്ദാക്കാൻ സാധ്യതയില്ലെന്നു നിയമവിദഗ്ധർ. ഇതുമായി ബന്ധപ്പെട്ട കേസിൽ നേരത്തെ സർക്കാരിന് എതിരായിരുന്നു ഹൈക്കോടതി വിധി. ടെൻഡർ പ്രകാരമുള്ള നടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നത് സുപ്രീംകോടതി സ്റ്റേ ചെയ്യാതിരുന്നതിനാൽ നടത്തിപ്പ് ഏറ്റെടുക്കുന്നതിന് നിയമ പ്രശ്നങ്ങളുണ്ടാകില്ലെന്നാണ് വിലയിരുത്തൽ.

തിരുവനന്തപുരം വിമാനത്താവളം സംസ്ഥാനത്തിനു നൽകണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: സംസ്ഥാന സർക്കാർ തയാറെങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ കേന്ദ്രസർക്കാർ അതിന് മുൻഗണന നൽകണമെന്നു മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ലേല നടപടികളിൽ പങ്കെടുത്തതാണ് സംസ്ഥാന സർക്കാരിനു സംഭവിച്ച വീഴ്ചയെന്നും അദ്ദേഹം. അദാനി ഗ്രൂപ്പിനെക്കാൾ ചെറിയ തുക ക്വോട്ട് ചെയ്ത് സംസ്ഥാന സർക്കാർ പുറത്തായി. ലേലത്തിൽ പങ്കെടുത്ത് പുറത്തായതുമൂലം തുടർന്നുള്ള നിയമപോരാട്ടത്തിൽ സർക്കാരിന്റെ നില ദുർബലമായി- ഉമ്മൻചാണ്ടി പറഞ്ഞു.

തിരുവനന്തപുരം വിമാനത്താവളം ഏറ്റെടുക്കാൻ സംസ്ഥാന സർക്കാർ തയാറായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ലേലമൊഴിവാക്കി ചർച്ചയിലൂടെ ധാരണയുണ്ടാക്കി സംസ്ഥാന സർക്കാരിനു കൈമാറുകയാണു വേണ്ടത്. എന്നാൽ, കേന്ദ്രം അത് സ്വകാര്യമേഖലയ്ക്കു കൈമാറാനാണു തീരുമാനിച്ചത്. ഇത് ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുമെന്ന് ഉമ്മൻ ചാണ്ടി. .

സാധാരണഗതിയിൽ നഷ്ടത്തിലോടുന്ന സ്ഥാപനങ്ങളാണ് സ്വകാര്യവത്കരിക്കുന്നത്. ലാഭകരമായും മാതൃകാപരമായും പ്രവർത്തിക്കുന്ന തിരുവനന്തപുരം വിമാനത്താവളത്തിന് 636 ഏക്കർ സ്ഥലവുമുണ്ട്.

മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വിമാനത്താവളം വിൽക്കുന്നതിൽ ദുരൂഹതയുണ്ട്.

പ്രത്യേക കമ്പനി രൂപീകരിച്ച് വിമാനത്താവളത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കാം എന്നാണ് സംസ്ഥാനം കേന്ദ്രത്തെ അറിയിച്ചത്. രാജ്യത്തെ തന്നെ ആദ്യത്തെ സംയുക്ത സംരംഭമായ കൊച്ചി വിമാനത്താവളം, അതേ മാതൃകയിൽ പ്രവർത്തിക്കുന്ന കണ്ണൂർ വിമാനത്താവളം തുടങ്ങിയവ വിജയകരമായി നടത്തുന്ന അനുഭവസമ്പത്ത് കേരളത്തിനുണ്ട്.- ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

മൂന്നു ദിവസം കൊണ്ട് രണ്ടു ലക്ഷത്തിലേറെ കേസുകൾ

● വ്യാപനം അതിവേഗം

ന്യൂഡൽഹി: മൂന്നു ദിവസം കൊണ്ട് രാജ്യത്ത് പുതുതായി രണ്ടുലക്ഷത്തിലേറെ കൊവിഡ് കേസുകൾ. തുടർച്ചയായി മൂന്നാം ദിവസവും അറുപതിനായിരത്തിലേറെ പുതിയ രോഗബാധിതരെ കണ്ടെത്തിയപ്പോൾ ഇന്ത്യയിലെ മൊത്തം വൈറസ് ബാധിതർ 29 ലക്ഷം പിന്നിട്ടു. രാജ്യത്ത് പുതിയ കേസുകൾ ഏറ്റവും കൂടുതൽ കണ്ടെത്തുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. ഓഗസ്റ്റിൽ മാത്രം ഇതുവരെ 12 ലക്ഷത്തിലേറെ കേസുകളാണ് ഇന്ത്യയിൽ സ്ഥിരീകരിച്ചിരിക്കുന്നത്.

ജൂലൈയിൽ മൊത്തം രാജ്യത്തു സ്ഥിരീകരിച്ചത് 11 ലക്ഷത്തിലേറെ കേസുകളായിരുന്നു. ഓഗസ്റ്റിൽ ഇതുവരെ അമെരിക്കയിൽ സ്ഥിരീകരിച്ചത് പത്തു ലക്ഷത്തോളം കേസുകളാണ്; ബ്രസീലിൽ എട്ടു ലക്ഷത്തിനടുത്തും. ഇന്ത്യയിലെ റിക്കവറി നിരക്ക് 74 ശതമാനത്തിലേറെയായിട്ടുണ്ട് എന്നതാണ് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് ആശ്വാസം നൽകുന്നത്. മരണനിരക്ക് 1.89 ശതമാനമായി കുറഞ്ഞതും ആശ്വാസമാണ്.

ആരോഗ്യ മന്ത്രാലയം ഇന്നലെ പുതുക്കിയ കണക്കു പ്രകാരം അവസാന 24 മണിക്കൂറിൽ രാജ്യത്തു സ്ഥിരീകരിച്ചത് 68,898 കേസുകളാണ്. ഇതോടെ മൊത്തം രോഗബാധിതർ 29,05,823 ആയി. കഴിഞ്ഞ ദിവസം 69,652 പേർക്ക് രോഗം സ്ഥിരീകരിച്ചതാണ് ഇന്ത്യയിലെ പ്രതിദിന വർധനയിലെ റെക്കോഡ്. അതിനു തലേന്ന് 64,531 പേർക്കും രോഗം കണ്ടെത്തിയിരുന്നു. അവസാന 24 മണിക്കൂറിനിടെ 983 പേർ കൂടി കൊവിഡ് ബാധിച്ചു മരിച്ചു. ഇതോടെ മൊത്തം മരണം 54,849 ആയിട്ടുണ്ട്.

ഇതുവരെ 21.58 ലക്ഷത്തിലേറെ പേർ രോഗമുക്തരായി. റിക്കവറി നിരക്ക് 74.30 ശതമാനം. 6.92 ലക്ഷത്തിലേറെയാണ് ആക്റ്റിവ് കേസുകൾ. വ്യാഴാഴ്ച എട്ടു ലക്ഷത്തിലേറെ സാംപിളുകൾ പരിശോധിച്ചെന്ന് ഐസിഎംആർ. റിക്കവറി നിരക്കിൽ ഏറ്റവും മുന്നിൽ ഡൽഹിയാണ്- 90.10 ശതമാനം. തമിഴ്നാട്ടിൽ 83.50 ശതമാനം. ഗുജറാത്തിൽ 79.40, തെലങ്കാനയിൽ 77.40, രാജസ്ഥാനിൽ 76.80, പശ്ചിമ ബംഗാളിൽ 76.50, ബിഹാറിൽ 76.30, മധ്യപ്രദേശിൽ 75.80 എന്നിങ്ങനെയാണ് ഏറ്റവും ഉയർന്ന റിക്കവറി നിരക്കുള്ള സംസ്ഥാനങ്ങൾ.

മഹാരാഷ്ട്രയിൽ 326 പേർ 24 മണിക്കൂറിനിടെ മരിച്ചു. തമിഴ്നാട്ടിൽ 116, കർണാടകയിൽ 102, ആന്ധ്രയിലും യുപിയിലും 95 വീതം, പശ്ചിമ ബംഗാളിൽ 53, പഞ്ചാബിൽ 36, ഡൽഹിയിൽ 22, ഗുജറാത്തിൽ 16 എന്നിങ്ങനെയാണ് അവസാന ദിവസത്തെ മരണം. മഹാരാഷ്ട്രയിലെ മൊത്തം കൊവിഡ് മരണം 21,359 ആയിട്ടുണ്ട്. തമിഴ്നാട്ടിൽ 6239, കർണാടകയിൽ 4429, ഡൽഹിയിൽ 4257, ആന്ധ്രയിൽ 3001, ഗുജറാത്തിൽ 2853, യുപിയിൽ 2733, പശ്ചിമ ബംഗാളിൽ 2634, മധ്യപ്രദേശിൽ 1171 എന്നിങ്ങനെ ഇതുവരെയുള്ള കൊവിഡ് മരണങ്ങൾ.

14,500ഓളം പേർക്കാണ് ഒരൊറ്റ ദിവസം മഹാരാഷ്ട്രയിൽ പുതുതായി രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്തെ മൊത്തം രോഗബാധിതർ 6.43 ലക്ഷത്തിലേറെയായി. മഹാരാഷ്ട്രയ്ക്കു പുറമേ എട്ടു സംസ്ഥാനങ്ങളിൽ കൂടി പ്രതിദിന വർധനയിൽ പുതിയ റെക്കോഡുണ്ട്. പശ്ചിമ ബംഗാൾ, പഞ്ചാബ്, ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തിസ്ഗഡ്, ഹരിയാന, പുതുച്ചേരി, മേഘാലയ എന്നിവയാണ് അവരുടെ ഏറ്റവും വലിയ പ്രതിദിന വർധന രേഖപ്പെടുത്തിയത്. തുടർച്ചയായി അയ്യായിരത്തിലേറെ കേസുകൾ കണ്ടെത്തുന്നുണ്ട് തമിഴ്നാട്ടിൽ.

രോഗമുക്തരായവർ മൂന്നു ലക്ഷം പിന്നിട്ട് തമിഴകം

ചെന്നൈ: തമിഴ്നാട്ടിൽ കൊവിഡ് രോഗമുക്തരായവരുടെ എണ്ണം മൂന്നു ലക്ഷം പിന്നിട്ടു. 3,01,913 പേർ ഇതുവരെ രോഗമുക്തരായിട്ടുണ്ടെന്ന് സംസ്ഥാന ആരോഗ്യ മന്ത്രാലയം. അതേസമയം, അയ്യായിരത്തിലേറെ പേർക്ക് പ്രതിദിനം പുതുതായി രോഗം സ്ഥിരീകരിക്കുന്നതു തുടരുകയാണ്. 24 മണിക്കൂറിനിടെ 5,986 പേർക്കു കൂടി രോഗം കണ്ടെത്തി. ഇതോടെ മൊത്തം വൈറസ്ബാധിതർ 3.61 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇപ്പോൾ ചികിത്സയിലുള്ളത് 53,283 പേരാണ്. അവസാന 24 മണിക്കൂറിൽ 116 പേരാണു തമിഴ്നാട്ടിൽ കൊവിഡ് ബാധിച്ചു മരിച്ചത്. സംസ്ഥാനത്തെ ഇതുവരെയുള്ള കൊവിഡ് മരണം 6,239 ആയിട്ടുണ്ട്. കഴിഞ്ഞ ദിവസം മരിച്ചവരിൽ 13 പേർ 50 വയസിനു താഴെയുള്ളവരാണെന്ന് സംസ്ഥാന ആരോഗ്യ മന്ത്രാലയം.

ചെന്നൈ നഗരത്തിലെ മാത്രം ഇതുവരെയുള്ള മരണസംഖ്യ 2,537 ആണ്. ഓഗസ്റ്റ് മൂന്നു മുതൽ തുടർച്ചയായി നൂറിലേറെ മരണം പ്രതിദിനം രേഖപ്പെടുത്തുന്നുണ്ട് തമിഴകത്ത്. കൊവിഡ് ടെസ്റ്റുകളും വർധിപ്പിച്ചു വരുകയാണ് സംസ്ഥാനം. വ്യാഴാഴ്ച പരിശോധിച്ചത് 75,076 സാംപിളുകളാണ്. ഇതുവരെ 39.88 ലക്ഷം സാംപിളുകൾ സംസ്ഥാനത്തു പരിശോധിച്ചു കഴിഞ്ഞു.

ആശങ്ക ശമിക്കാതെ മഹാരാഷ്ട്ര

പ്രത്യേക ലേഖകൻ

മുംബൈ: കൊവിഡ് രോഗവ്യാപനത്തിൽ വീണ്ടും റെക്കോഡ് വർധനയുമായി മഹാരാഷ്ട്ര. 14,492 പേർക്കാണ് സംസ്ഥാനത്തു പുതുതായി രോഗം സ്ഥിരീകരിച്ചത്. ഒരു ദിവസം ഇത്രയും പേർക്കു രോഗബാധ കണ്ടെത്തുന്നത് ആദ്യം. സംസ്ഥാനത്തെ മൊത്തം രോഗബാധിതർ ഇതോടെ 6,43,289 ആയി ഉയർന്നു. 326 പേരുടെ മരണം കൂടി സ്ഥിരീകരിച്ചിട്ടുണ്ട്. മൊത്തം കൊവിഡ് മരണസംഖ്യ 21,359 ആയി. 1.62 ലക്ഷത്തിലേറെ പേർ ഇപ്പോൾ സംസ്ഥാനത്ത് കൊവിഡ് ചികിത്സയിലുണ്ട്. 71.37 ശതമാനം റിക്കവറി നിരക്കുള്ളപ്പോഴും ആരോഗ്യ മേഖലയ്ക്ക് സമ്മർദം കുറയുന്നില്ല. 3.32 ശതമാനം മരണനിരക്കുണ്ട് എന്നതും ഗൗരവം വർധിപ്പിക്കുന്നു.

മുംബൈ നഗരത്തിൽ മാത്രം 24 മണിക്കൂറിനിടെ രോഗം സ്ഥിരീകരിച്ചത് 1,275 പേർക്കാണ്. മുംബൈ നഗരം ഉൾപ്പെടുന്ന മെട്രൊപൊളിറ്റൻ റീജിയണിൽ മൊത്തം 3,659 പേർക്ക് രോഗം കണ്ടെത്തി. 2.99 ലക്ഷത്തിലേറെയാണ് മെട്രൊപൊളിറ്റൻ റീജിയണിലെ മൊത്തം രോഗബാധിതർ. മുംബൈ നഗരത്തിൽ മാത്രം 1,32,822. മെട്രൊപൊളിറ്റൻ റീജിയണിൽ ഇതുവരെ 11,968 പേർ മരിച്ചു. മുംബൈ നഗരത്തിലെ മാത്രം മരണസംഖ്യ 7,314.

പൂനെ നഗരത്തിൽ 1,682 കേസുകളാണു പുതുതായി കണ്ടെത്തിയത്. പിംപ്രി ചിഞ്ച്വാഡിൽ ആയിരം പുതിയ കേസുകൾ. നാസിക്കിലും 745 പേർക്കു പുതുതായി രോഗം സ്ഥിരീകരിച്ചു. പൂനെ ജില്ലയിൽ 3,544 പുതിയ കേസുകളാണുള്ളത്. 1.35 ലക്ഷത്തിലേറെയായിട്ടുണ്ട് പൂനെ ജില്ലയിലെ മൊത്തം വൈറസ്ബാധിതർ. 3,361 പേർ ജില്ലയിൽ ഇതുവരെ കൊവിഡ് ബാധിച്ചു മരിച്ചു. മെട്രൊപൊളിറ്റൻ റീജിയണിലും പൂനെയിലും രോഗബാധ നിയന്ത്രിക്കാൻ കഴിയാതെ വരുന്നതാണ് ഉദ്ധവ് താക്കറെ സർക്കാരിന് ആശങ്കയേറ്റുന്നത്.

പൊലീസിനു രോഗം കൂടുന്നു

വ്യാഴാഴ്ച മാത്രം മഹാരാഷ്ട്രയിൽ 303 പൊലീസുകാർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. അഞ്ചു പൊലീസുകാർ മരിക്കുകയും ചെയ്തു. 14 ഓഫിസർമാരടക്കം 136 പൊലീസുകാർ ഇതുവരെ സംസ്ഥാനത്തു കൊവിഡ് ബാധിച്ചു മരിച്ചിട്ടുണ്ട്. മുംബൈ പൊലീസിൽ മാത്രം മരിച്ചത് 62 പേരാണ്. സംസ്ഥാനത്ത് 13,180 പൊലീസുകാർക്ക് ഇതുവരെ കൊവിഡ് ബാധിച്ചു. ഇതിൽ 1,387 പേർ ഓഫിസർമാരാണെന്നും ആഭ്യന്തര വകുപ്പ് ചൂണ്ടിക്കാട്ടുന്നു. ഇപ്പോൾ ചികിത്സയിലുള്ളത് 2,389 പൊലീസുകാരാണ്.

ജയിലുകളിൽ

മഹാരാഷ്ട്രയിലെ 27 ജയിലുകളിലായി 1,478 കൊവിഡ് കേസുകളാണു കണ്ടെത്തിയിട്ടുള്ളത്. ആറു പേർ ഇതുവരെ മരിച്ചു. രോഗബാധിതരിൽ 312 പേർ ജയിൽ ജീവനക്കാരാണ്. 219 കേസുകളുള്ള നാഗ്പുർ സെൻട്രൽ ജയിലാണ് ഏറ്റവും മോശമായ അവസ്ഥയിൽ. പൂനെയിലെ യർവാദ സെൻട്രൽ ജയിലിൽ 190 കേസുകളുണ്ട്. ആർതർ റോഡ് ജയിലിൽ 182.

ജയിലുകളിൽ രോഗം കണ്ടെത്തിയവരിൽ 848 തടവുപുള്ളികൾ രോഗമുക്തരായി. 272 ജയിൽ ജീവനക്കാരും രോഗമുക്തി നേടിയിട്ടുണ്ട്. രോഗവ്യാപന ഭീഷണി ഒഴിവാക്കാൻ പതിനായിരത്തിലേറെ തടവുപുള്ളികളെ മോചിപ്പിച്ചു. ഇരുപത്താറായിരത്തിലേറെ പേരാണ് ഇപ്പോൾ ജയിലുകളിലുള്ളത്.

വയോധികർക്ക് ബിസിജി വാക്സിൻ നൽകാൻ ഐസിഎംആർ

ന്യൂഡൽഹി: ക്ഷയരോഗത്തിനെതിരേ ഉപയോഗിക്കുന്ന ബിസിജി വാക്സിൻ പ്രായമേറിയവരിൽ കൊവിഡ് 19 പ്രതിരോധത്തിനായി ഉപയോഗിക്കാനാവുമോ എന്ന് പരീക്ഷിക്കാൻ ഐസിഎംആർ. സേഠ് ജിഎസ് മെഡിക്കൽ കോളെജ്, കെഇഎം ആശുപത്രി എന്നിവിടങ്ങളിൽ ഐസിഎംആറിന്റെ നേതൃത്വത്തിൽ പരീക്ഷണം തുടങ്ങിയതായി ബൃഹാൻ മുംബൈ കോർപ്പറേഷൻ അറിയിച്ചു.

ബിസിജി വാക്സിനെടുത്തവരിൽ രോഗ തീവ്രത കുറയുമോ എന്നും പരിശോധിക്കുന്നുണ്ട്.

65-70 വയസ് പ്രായമായ കൊവിഡ് 19 ബാധിച്ചിട്ടില്ലാത്തവർക്കും ബിസിജി വാക്സിൻ നൽകും. ബിസിജി വാക്സിൻ പ്രായമേറിയവരിൽ കൊവിഡ് 19 മൂലമുള്ള മരണ നിരക്ക് കുറയ്ക്കുന്നതായി സൂചനകളുണ്ടെന്നും ഇക്കാര്യം സ്ഥിരീകരിക്കാനാണു പരീക്ഷണമെന്നും ബൃഹാൻ മുംബൈ കോർപ്പറേഷൻ.

സമ്മത പത്രം ഉറപ്പാക്കിയശേഷമാകും വയോധികരിൽ പരീക്ഷണം. ആറു മാസം ഇവരെ പൂർണമായി നിരീക്ഷിക്കും. ചെന്നൈ, അഹമ്മദാബാദ്, ഭോപ്പാൽ, ജോധ്പുർ, ന്യൂഡൽഹി നഗരങ്ങളിലും പരീക്ഷണം നടത്തുമെന്നും ഐസിഎംആർ.

കൊവിഡ്: ഇന്ത്യ മൂർധന്യത്തിലേക്ക് ?

ന്യൂഡൽഹി: കൊവിഡ് വ്യാപനത്തിന്റെ മൂർധന്യത്തിലേക്ക് (പീക്ക്) ഇന്ത്യ എത്തുകയാണോ? അതിന്റെ സൂചനകൾ കാണുന്നുണ്ടെന്ന് ആരോഗ്യ വിദഗ്ധർ. കേസുകൾ കൂടുന്നതിനൊപ്പം റിക്കവറി നിരക്കും വലിയ തോതിൽ ഉയർന്നിരിക്കുന്നു. ഇത് പീക്ക് ഘട്ടത്തിലേക്ക് രാജ്യം അടുത്തുകൊണ്ടിരിക്കുന്നു എന്നാണു സൂചിപ്പിക്കുന്നതത്രേ.

റിക്കവറി നിരക്ക് 74 ശതമാനം കടന്നിരിക്കുന്നു. അവസാന 24 മണിക്കൂറിൽ 62,000ലേറെ പേരാണ് രോഗമുക്തരായത്. 29 ലക്ഷം കേസുകളിൽ 21.5 ലക്ഷവും രോഗമുക്തരുടേതാണ് ഇപ്പോൾ. ജൂൺ 17ന് 52.8 ശതമാനമായിരുന്നു ഇന്ത്യയിലെ കൊവിഡ് ഭേദമായവരുടെ നിരക്ക്. ജൂലൈ 16ന് അത് 63.24 ശതമാനമായി. ഇപ്പോൾ 74.30 ശതമാനം. രാജ്യത്തെ യഥാർഥ കേസ് ലോഡ് മൊത്തം കേസുകളുടെ 24 ശതമാനത്തിൽ താഴെയാണ്.

75 ശതമാനം റിക്കവറി നിരക്കിലെത്തുമ്പോൾ രാജ്യം കൊവിഡ് വ്യാപനത്തിന്റെ പീക്കിൽ എത്തുമെന്നാണു കണക്കാക്കുന്നത്. അങ്ങനെയെങ്കിൽ വൈകാതെ ആ ഘട്ടത്തിലെത്തും. അതിനു ശേഷം ഗ്രാഫ് താഴോട്ടിറങ്ങുമെന്നാണു പ്രതീക്ഷ. അതിനർഥം അതോടെ സ്ഥിരമായ താഴോട്ടിറക്കം ഉറപ്പാകുമെന്നല്ല. പുതിയ പീക്കുകൾ ഉണ്ടാവാതിരിക്കാനുള്ള ശക്തമായ നടപടികൾ അതിനുശേഷവും സ്വീകരിക്കണം.

ഇന്ത്യ പോലെ വിശാലമായ രാജ്യത്ത് പീക്ക് കൃത്യമായി നിർണയിക്കാനാവില്ലെന്നും ചിലർ ചൂണ്ടിക്കാട്ടുന്നുണ്ട്. രാജ്യത്തിന്റെ ഓരോ ഭാഗത്തും ഓരോ സമയത്താണ് മൂർധന്യാവസ്ഥയുണ്ടാവുന്നത് എന്നതാണു കാരണം. ഡൽഹിയും തമിഴ്നാടും പീക്ക് ഘട്ടം പിന്നിട്ടിട്ടുണ്ട്. മഹാരാഷ്ട്രയും പശ്ചിമ ബംഗാളും പോലുള്ള സംസ്ഥാനങ്ങൾ ഇനിയും അവിടെയെത്തിയിട്ടില്ല. മറ്റു നിരവധി സംസ്ഥാനങ്ങളിൽ രോഗവ്യാപനം സമീപകാലത്താണ് വലിയ തോതിൽ ഉയരാൻ തുടങ്ങിയിട്ടുള്ളത്.

പീക്കിൽ എത്തിയ പ്രമുഖ രാജ്യങ്ങളെല്ലാം 80 ശതമാനത്തിൽ താഴെ റിക്കവറി നിരക്കിലാണ് കൊവിഡ് ഗ്രാഫിന്റെ ഉച്ചസ്ഥാനത്തു കയറിയത്. ജൂലൈ 29ന് 70,869 കേസുകൾ റിപ്പോർട്ട് ചെയ്തതാണ് ബ്രസീലിലെ പീക്ക്. അന്ന് അവരുടെ റിക്കവറി നിരക്ക് 69.9 ശതമാനമായിരുന്നു. ഫെബ്രുവരി 12ന് 14,108 കേസുകൾ സ്ഥിരീകരിച്ചതാണ് ചൈന മൂർധന്യാവസ്ഥയായി പറയുന്നത്. അന്നത്തെ ചൈനയുടെ റിക്കവറി നിരക്ക് 71.5 ശതമാനം.

ജൂൺ നാലിന് 79.5 ശതമാനം റിക്കവറി നിരക്കുള്ളപ്പോഴാണ് മലേഷ്യയുടെ പീക്ക്. ജൂൺ നാലിന് 77.6 ശതമാനം റിക്കവറി നിരക്കിൽ ഇറാൻ പീക്കിലെത്തി. 70.4 ശതമാനം റിക്കവറി നിരക്കിലാണ് ചിലിയുടെ പീക്ക്. ജൂൺ 17ന് 4,919 കേസുകൾ റിപ്പോർട്ട് ചെയ്തതു സൗദി അറേബ്യയുടെ മൂർധന്യാവസ്ഥയിലാണ്. 64.9 ശതമാനമായിരുന്നു അന്ന് അവരുടെ റിക്കവറി നിരക്ക്. 77.1 ശതമാനത്തിലാണ് ബഹറിനിൽ 'പീക്ക്' കണ്ടത്.

ടിവിക്കും കംപ്യൂട്ടറിനും വിലക്കേർപ്പെടുത്തി ബംഗാൾ ഗ്രാമം

കോൽക്കത്ത: ടിവി കാണുന്നതും മൊബൈൽ ഫോണുകളും കംപ്യൂട്ടറുകളും ഉപയോഗിക്കുന്നതും ഉൾപ്പെടെ വിനോദ ഉപാധികൾക്കെതിരേ ഫത്വ പുറപ്പെടുവിച്ച് പശ്ചിമ ബംഗാൾ ഗ്രാമം. മുർഷിദാബാദ് ജില്ലയിലെ രഘുനാഥ് ഗഞ്ചിനു സമീപം അദ്വൈത നഗർ വില്ലെജ് ആണ് ഇവയെല്ലാം മതപരമായ വിശ്വാസങ്ങൾക്കു വിരുദ്ധമെന്നു പ്രഖ്യാപിച്ച് വിലക്കേർപ്പെടുത്തിയത്. 12,000 ജനസംഖ്യയുള്ള ഗ്രാമത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളാണ് ബഹുഭൂരിപക്ഷം.

ക്യാരംസ് കളിക്കു, ലോട്ടറി വാങ്ങുക, സംഗീതം തുടങ്ങിയവയെല്ലാം വിലക്കിയിട്ടുണ്ട് ഗ്രാമ സമിതി. ഇവ ലംഘിച്ചാൽ 500 മുതൽ 70000 വരെ രൂപ പിഴയും ഏത്തമിടലുമാണ് ശിക്ഷ. യുവതലമുറ സാംസ്കാരിക മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതു തടയാനാണ് ഈ നടപടിയെന്നും സംഗീതവും സിനിമയും മതവിശ്വാസത്തിനു വിരുദ്ധമാണെന്നും അദ്വൈത നഗർ സാമൂഹിക പരിഷ്കരണ സമിതി അധ്യക്ഷൻ അസറുൾ ഷെയ്ഖ്.

കഴിഞ്ഞ ഒമ്പതിനാണ് വിവാദ തീരുമാനങ്ങൾ പ്രഖ്യാപിച്ച് ഗ്രാമത്തിലാകെ പോസ്റ്റർ പതിച്ചത്. ടിവി കാണുന്നതിനും മൊബൈൽ ഫോണുകളും കംപ്യൂട്ടറുകളും ഉപയോഗിച്ചു പാട്ടുകേൾക്കുന്നതിനും 1000 രൂപയാണു പിഴ. ക്യാരംസ് കളിച്ചാൽ 500 രൂപ. ലോട്ടറി വാങ്ങിയാൽ 2000 രൂപ പിഴ. വിലക്ക് ലംഘിക്കുന്നവരെക്കുറിച്ചു വിവരമറിയിക്കുന്നവർക്ക് 200 മുതൽ 1000 വരെ രൂപ പ്രതിഫലം ലഭിക്കും. മദ്യം വിറ്റാലാണ് ഏറ്റവും വലിയ പിഴ- 7000 രൂപ. മദ്യപിച്ചാൽ 2000 രൂപയും പത്തു തവണ ഏത്തമിടലും. ഫത്വയിൽ തെറ്റായൊന്നുമില്ലെന്നു തൃണമൂൽ കോൺഗ്രസ് നേതാവും പഞ്ചായത്ത് പ്രസിഡന്റുമായ അബ്ദുർ റൗഫ്. യുവാക്കൾ സംഗീതത്തിന് അടിമപ്പെട്ടു വഴിതെറ്റിപ്പോകുന്നത് തടയാനാണു നടപടിയെന്നും റൗഫ്. എന്നാൽ, നിയമം കൈയിലെടുക്കുന്നത് ആരായാലും കർശന നടപടിയുണ്ടാകുമെന്ന് ഷംഷേർഗഞ്ച് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫിസർ ജോയ്ദീപ് ചക്രവർത്തി.

ശ്രീശൈലം ഡാമിലെ വൈദ്യുതി നിലയത്തിൽ തീപിടിത്തം; 9 പേർ മരിച്ചു

ഹൈദരാബാദ്: തെലങ്കാന- ആന്ധ്രപ്രദേശ് അതിർത്തിയിലെ ശ്രീശൈലം ജലവൈദ്യുത പദ്ധതിയുടെ ഭൂഗർഭ നിലയത്തിലുണ്ടായ തീപിടിത്തത്തിൽ ഒമ്പതു പേർ മരിച്ചു. വ്യാഴാഴ്ച രാത്രിയാണ് ഇവിടെ തീ പടർന്നത്. 17 പേരുണ്ടായിരുന്നു ഈ സമയം പ്ലാന്റിൽ. എട്ടു പേർ രക്ഷപെട്ടു. ആറു മൃതദേഹങ്ങൾ കണ്ടെടുത്തു. മൂന്നു പേരുടെ മൃതദേഹങ്ങൾക്കായി തെരച്ചിൽ തുടരുകയാണെന്ന് നാഗർകർണൂൽ ജില്ലാ കലക്റ്റർ എൽ. ശർമൻ അറിയിച്ചു.

ഷോർട്ട് സർക്യൂട്ടാണ് അപകടകാരണമെന്നു പ്രാഥമിക നിഗമനം. തുരങ്കത്തിൽ പുക നിറഞ്ഞതിനാൽ രക്ഷാപ്രവർത്തനം ദുഷ്കരമായെന്ന് അധികൃതർ. മരണമടഞ്ഞവരിൽ രണ്ട് അസിസ്റ്റന്റ് എൻജിനീയർമാരുമുണ്ടെന്നും മോഹൻ കുമാർ എന്നയാളെ തിരിച്ചറിഞ്ഞെന്നും ഡാം അധികൃതർ. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു.

പാർലമെന്ററി സമിതിക്കു മുന്നിൽ ഹാജരാവാൻ ഫെയ്സ്ബുക്കിനോട് തരൂർ

ന്യൂഡൽഹി: ഐടി കാര്യങ്ങൾക്കായുള്ള പാർലമെന്ററി സമിതിക്കു മുന്നിൽ സെപ്റ്റംബർ രണ്ടിനു ഹാജരാവാൻ ഫെയ്സ്ബുക്കിനു നിർദേശം നൽകി സമിതി അധ്യക്ഷൻ കൂടിയായ സീനിയർ കോൺഗ്രസ് നേതാവ് ശശി തരൂർ. ഫെയ്സ്ബുക്ക് ഇന്ത്യയിൽ പക്ഷപാതം കാണിക്കുന്നുവെന്ന വോൾസ്ട്രീറ്റ് ജേർണൽ റിപ്പോർട്ടിന്മേൽ രാഷ്ട്രീയ വിവാദം തുടരുന്നതിനിടെയാണിത്.

സോഷ്യൽ മീഡിയ ദുരുപയോഗം, പൗരാവകാശ സംരക്ഷണം, ഡിജിറ്റൽ സ്പെയ്സിലെ വനിതാ സുരക്ഷ തുടങ്ങിയ വിഷയങ്ങളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ചാണ് സമിതിക്കു മുന്നിൽ വെളിപ്പെടുത്തേണ്ടത്. ചില ബിജെപി നേതാക്കളുടെ വിദ്വേഷ പ്രസംഗങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരേ ഫെയ്സ്ബുക്ക് അതിന്റെ തത്വപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ലെന്നാണ് നേരത്തേ വോൾസ്ട്രീറ്റ് ജേർണൽ റിപ്പോർട്ട് ചെയ്തിരുന്നത്. സോഷ്യൽ മീഡിയ പക്ഷപാതപരമായി ദുരുപയോഗിക്കുന്നു എന്നാണ് കോൺഗ്രസ് ആരോപിക്കുന്നത്.

ഫെയ്സ്ബുക്ക് പ്രതിനിധികളിൽ നിന്നു വിശദീകരണം തേടുന്ന സെപ്റ്റംബർ രണ്ടിലെ സമിതി യോഗത്തിൽ ഹാജരാവാൻ ഇലക്ട്രോണിക്സ് ആൻഡ് ഐടി മന്ത്രാലയത്തിലെ പ്രതിനിധികളോടും തരൂർ ആവശ്യപ്പെട്ടിട്ടുണ്ട്. ഫെയ്സ്ബുക്കിനെ സമിതിക്കു മുന്നിൽ വിളിച്ചുവരുത്താനുള്ള തരൂരിന്റെ നീക്കം വലിയ രാഷ്ട്രീയ വിവാദമായി മാറിയിരുന്നു. തരൂർ നയിക്കുന്ന സമിതിയിലെ അംഗങ്ങളായ ബിജെപി എംപിമാർ നിഷികാന്ത് ദുബെയും രാജ്യവർധൻ സിങ് റാത്തോഡും കോൺഗ്രസ് നേതാവിന്റെ രാഷ്ട്രീയക്കളിയാണിതെന്ന് ആരോപിച്ചു രംഗത്തുവന്നിരുന്നു. തരൂരിനെ സമിതി ചെയർമാൻ സ്ഥാനത്തു നിന്നു മാറ്റണമെന്ന് അവർ ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്കു കത്തും നൽകിയിട്ടുണ്ട്. തന്റെ രാഷ്ട്രീയ അജൻഡക്കായി തരൂർ ചെയർമാൻ സ്ഥാനം ദുരുപയോഗിക്കുന്നുവെന്ന് നിഷികാന്ത് ദുബെ ആരോപിച്ചു. ഇതിനെതിരേ ദുബെയ്ക്ക് തരൂർ അവകാശ ലംഘന നോട്ടീസും നൽകിയിട്ടുണ്ട്.

ഇറാനെതിരായ ഉപരോധം പുനഃസ്ഥാപിക്കണമെന്ന് യുഎസ്

യുഎൻ: ഇറാനെതിരേ ഐക്യരാഷ്ട്ര സഭയുടെ സമ്പൂർണ ഉപരോധം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് അമെരിക്ക. 2015ലെ ആണവ ഉടമ്പടി ഇറാൻ ലംഘിച്ചുവെന്ന് ആരോപിച്ചാണ് യുഎസ് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് ട്രംപ് ഭരണകൂടം ഐക്യരാഷ്ട്ര സഭയ്ക്ക് ഔദ്യോഗികമായി കത്തു നൽകി.

ഇറാനെതിരായ യുഎൻ ആയുധ ഉപരോധം നീട്ടാനുള്ള നിർദേശം നേരത്തേ യുഎൻ രക്ഷാസമിതി തള്ളിയിരുന്നു. ആയുധ ഉപരോധം ഒക്റ്റോബറിൽ അവസാനിക്കുകയാണ്. ഈ സാഹചര്യത്തിലാണ് സമ്പൂർണ ഉപരോധം പുനഃസ്ഥാപിക്കാൻ യുഎസ് നീക്കം. എന്നാൽ, ഇറാനെ അനുകൂലിക്കുന്ന രാജ്യങ്ങൾ ഇതിനെതിരേ രംഗത്തുവന്നിട്ടുണ്ട്. പ്രത്യാഘാതങ്ങളുണ്ടാകുമെന്ന് ഇറാനും മുന്നറിയിപ്പു നൽകി.

സമ്പൂർണ ഉപരോധം ആവശ്യപ്പെട്ട് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോയാണ് യുഎൻ രക്ഷാസമിതി പ്രസിഡന്റിനു നേരിട്ടു കത്ത് നൽകിയത്. എന്നാൽ, ഉപരോധം പുനഃസ്ഥാപിക്കാൻ യുഎസിന് നിയമപരമായ അവകാശമില്ലെന്ന് രക്ഷാസമിതിയിലെ മറ്റു പ്രതിനിധികൾ ചൂണ്ടിക്കാട്ടുന്നു. 2018ൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് തന്നെ ആണവ ഉടമ്പടിയിൽ നിന്നു പിന്മാറിയതാണ്. ഉപരോധ നീക്കവുമായി യുഎസ് മുന്നോട്ടുപോയാൽ അവർ രക്ഷാസമിതിയിൽ കൂടുതൽ ഒറ്റപ്പെടുമെന്നാണു മറ്റു പ്രതിനിധികൾ ചൂണ്ടിക്കാട്ടുന്നത്.

ആണവ പരിപാടികൾ നിയന്ത്രിക്കാമെന്ന് 2015ലെ ഉടമ്പടിയിൽ ഇറാൻ സമ്മതിച്ചതിനു ശേഷമാണ് അവർക്കെതിരായ സമ്പൂർണ ഉപരോധം പിൻവലിക്കപ്പെട്ടത്.

DHFL Changing Rules Changing Lives

ദിവാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

നാഷണൽ ഓഫിസ്- എച്ച്ഡിഐഎൽ ടവർ, ബി- വിങ്, ആറാം നില, ആനന്ദ് കനേകർ മാർഗ്, ബാന്ദ്ര (ഈസ്റ്റ്), മുംബൈ- 400051
ശാഖാ ഓഫിസ്- ധിരാജ് ബൗഗ്, ബിൽഡിംഗ് ' എ ' ഗ്രൗണ്ട് & ഒന്നാം നില, ആക്സിസ് ബാങ്കിന് സമീപം, മൊണാലിസ ബിൽഡിങ്ങിന് എതിർവശം, ആഗ്ര റോഡ്, ഹരി നിവാസ് സർക്കിൾ, നൗപാഡ, താനെ, (വെസ്റ്റ്)- 400602

ഡിമാൻഡ് നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(2) റൂൾ 3 ചേർത്തു വായിക്കുക. 2002ലെ സെക്യൂരിറ്റൈസേഷൻ, റീകൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) സെക്ഷൻ 13(2) റൂൾ 3 എന്നിവ പ്രകാരം താഴെപ്പറയുന്ന വായ്പ്പക്കാരോട് പണം തിരിച്ചടക്കണമെന്നു വ്യക്തമാക്കിക്കൊണ്ട് നോട്ടീസിനു താഴെ ഒപ്പിട്ടിരിക്കുന്ന ദിവാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (ഡിഎച്ച്എഫ്എൽ) അംഗീകൃത ഓഫിസർ ഡിമാൻഡ് നോട്ടീസ് അയച്ചിരുന്നു. നോട്ടീസ് നൽകി അറുപതു ദിവസത്തിനുള്ളിൽ വായ്പാ കുടിശിക തിരിച്ചടക്കണമെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള നോട്ടീസ് ഒരിക്കൽ കൂടി പ്രസിദ്ധീകരിക്കുന്നു. അടയ്ക്കേണ്ട തുകയും പലിശയും തിയതിയും ഡിമാൻഡ് നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. നോട്ടീസിൽ പറഞ്ഞിരിക്കുന്ന തിയതിക്കകം വായ്പ തിരിച്ചടയ്ക്കാവുന്നതാണ്. വായ്പാ കുടിശിക തിരിച്ചടക്കുമെന്നുറപ്പാക്കുന്നതിനായി താഴെപ്പറയുന്ന വസ്തുക്കൾ വായ്പ്പക്കാർ ഡിഎച്ച്എഫ്എലിന് ജാമ്യം നൽകിയിട്ടുണ്ട്.

വായ്പ്പക്കാർ/ സഹവായ്പ്പക്കാർ/ ജാമ്യക്കാരുടെ പേര്/ ലോൺ കോഡ്	ഡിമാൻഡ് നോട്ടീസിന്റെ തിയതി, തുക, എൻപിഎ തിയതി	ജാമ്യവസ്തുവിന്റെ വിലാസം (സ്ഥാവര വസ്തുക്കൾ)
(LC No. 00001013 കോഴിക്കോട് ബ്രാഞ്ച്) അക്ബർ ഷാദ് പി (വായ്പ്പക്കാരൻ) ഫെബിൻ പി (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 1080462/- (₹ Ten lakh Eighty Thousand Four Hundred Sixty Two) NPA (01-02-2020)	തിരൂർ താലൂക്ക്, തൃക്കണ്ടിയൂർ വില്ലേജ്, തിരൂർ, മലപ്പുറം, കേരളം - 676101, റീസർവേ നമ്പർ 264/3 ലെ 16.66 സെന്റ് സ്ഥലം,
(LC No. 00002158 തിരുവനന്തപുരം ബ്രാഞ്ച്) സാംബശിവൻ ഗംഗാധര പണിക്കർ (വായ്പ്പക്കാരൻ) സാബു രഞ്ജിത്ത് സാംബശിവൻ രമണി (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 139142/- (₹ One lakh Thirty Nine Thousand One Hundred Forty Two) NPA (01-02-2020)	റീസർവ്വെ നമ്പർ -361/3/4 അരുവിക്കര വില്ലേജ് അരുവിക്കര പി ഓ അരുവിക്കര പി ഓ തിരുവനന്തപുരം തിരുവനന്തപുരം കേരളം: - 695564
(LC No. 00003115 തൃശൂർ ബ്രാഞ്ച്) ഷെയ്ക്ക് സുരാജ് (വായ്പ്പക്കാരൻ) ദുൽഷാദ് അബ്ദുൾ ഖാദർ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 513548/- (₹ Five lakh Thirteen Thousand Five Hundred Forty Eight) NPA (01-02-2020)	സർവ്വേ നമ്പർ 38/2 മുണ്ടത്തിക്കോട് വില്ലേജ്, തലപ്പിള്ളി താലൂക്ക് എൻ എസ് എസ് ഹൈസ്കൂളിന് സമീപം തൃശ്ശൂർ ജില്ല, തൃശ്ശൂർ, കേരളം: - 680623
(LC No. 00002164 തൃശൂർ ബ്രാഞ്ച്) ഷെയ്ക്ക് സുരാജ് (വായ്പ്പക്കാരൻ) ദുൽഷാദ് അബ്ദുൾ ഖാദർ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 644333/- (₹ Six lakh Forty Four Thousand Three Hundred Thirty Three) NPA (01-02-2020)	സർവ്വേ നമ്പർ 38/2 മുണ്ടത്തിക്കോട് വില്ലേജ് തലപ്പിള്ളി താലൂക്ക്, തൃശ്ശൂർ തൃശ്ശൂർ കേരളം: 680623
(LC No. 00003679 തൃശൂർ ബ്രാഞ്ച്) അനീഷ് പി (വായ്പ്പക്കാരൻ) അശ്വതി എ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 1054582/- (₹ Ten lakh Fifty Four Thousand Five Hundred Eighty Two) NPA (01-02-2020)	റീ സർവേ നമ്പർ 40 /13-2 ചേമ്പ്രശ്ശേരി വില്ലേജ്, ഏറനാട് താലൂക്ക് താലപ്പൊലിപറമ്പ് ജംക്ഷന് സമീപം, മലപ്പുറം മലപ്പുറം കേരളം: - 676521
(LC No. 00000608 കോട്ടയം ബ്രാഞ്ച്) രാജി കെ ആർ (വായ്പ്പക്കാരൻ) അഭിലാഷ് ആർ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 799836/- (₹ Seven lakh Ninety Nine Thousand Eight Hundred Thirty Six) NPA (01-02-2020)	റീ സർവ്വേ നമ്പർ: 644 /1-6-1 പോരുവഴി വില്ലേജ് കുന്നത്തൂർ താലൂക്ക് ,കുന്നത്തൂർ താലൂക്ക് കൊല്ലം കൊല്ലം കേരളം: - 690520
(LC No. 00000051 കോട്ടയം ബ്രാഞ്ച്) ലാലി ആന്റണി (വായ്പ്പക്കാരൻ) ആന്റണി മാത്യു (സഹ വായ്പക്കാരൻ 1) ഫിലിപ്പ് അബ്രഹാം (സഹ വായ്പക്കാരൻ 2)	18-06-2020 /₹ 1816752/- (₹ Eighteen lakh Sixteen Thousand Seven Hundred Fifty Two) NPA (01-02-2020)	റീ സർവ്വേ നമ്പർ: 298/6 രാമപുരം വില്ലേജ് കുരിഞ്ഞി പി ഓ . മീനച്ചിൽ താലൂക്ക് കുരിഞ്ഞി പി .ഒ മീനച്ചിൽ താലൂക്ക് കോട്ടയം കോട്ടയം കേരളം -686576
(LC No. 00001289 കോട്ടയം ബ്രാഞ്ച്) ഹരികുമാർ എം (വായ്പ്പക്കാരൻ) മോഹനകുമാർ കെ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 2798399/- (₹ Twenty Seven lakh Ninety Eight Thousand Three Hundred Ninety Nine) NPA (01-02-2020)	റീ സർവ്വേ നമ്പർ 244/1/3 പനച്ചിക്കാട് വില്ലേജ്, കോട്ടയം കോട്ടയം കോട്ടയം കേരളം: - 686533
(LC No. 00000941 കോട്ടയം ബ്രാഞ്ച്) റോഷൻ ജോൺ (വായ്പ്പക്കാരൻ) എലിസബത്ത് കെ വർഗീസ് (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 3309760/- (₹ Thirty Three lakh Nine Thousand Seven Hundred Sixty) NPA (01-02-2020)	റീ സർവ്വേ നമ്പർ 402/13, പായിപ്പാട് വില്ലേജ്, ചങ്ങനാശ്ശേരി താലൂക്ക് ചങ്ങനാശ്ശേരി താലൂക്ക് കോട്ടയം കോട്ടയം കേരളം: - 686537
(LC No. 00010763 കൊച്ചി ബ്രാഞ്ച്) മുരളീധരൻ തങ്കപ്പൻ കുറുപ്പശ്ശേരി (വായ്പ്പക്കാരൻ) ജയ സി ആർ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 3618211/- (₹ Thirty Six lakh Eighteen Thousand Two Hundred Eleven) NPA (01-02-2020)	റീ സർവേ നമ്പർ 97/5, 97/ 2-2 കോടനാട് വില്ലേജ്, കുന്നത്തുനാട് താലൂക്ക്, പന്നകുരുതോട്ടത്തിന് സമീപം ,എറണാകുളം കേരളം -682015
(LC No. 00010480 കൊച്ചി ബ്രാഞ്ച്) രവി എം ബി (വായ്പ്പക്കാരൻ) നിതേഷ് മഠത്തിപ്പറമ്പിൽ രവി (സഹ വായ്പക്കാരൻ 1) നിജേഷ് എം ആർ (സഹ വായ്പക്കാരൻ 2)	18-06-2020 /₹ 1595079/- (₹ Fifteen lakh Ninety Five Thousand Seventy Nine) NPA (01-02-2020)	സർവേ നമ്പർ 212/9 ഒരു കൊട്ടുവള്ളി വില്ലേജ് പറവൂർ താലൂക്ക് കൊച്ചി എറണാകുളം കേരളം: 683519
(LC No. 00006464 കൊച്ചി ബ്രാഞ്ച്) ജയൻ സി വി (വായ്പ്പക്കാരൻ) പുഷ്പകുമാരി എ കെ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 280940/- (₹ Two lakh Eighty Thousand Nine Hundred Forty) NPA (01-02-2020)	റീ സർവ്വേ നമ്പർ 27/4 കോടനാട് വില്ലേജ് കൂവപ്പടി കുന്നത്തുനാട് താലൂക്ക് കൂവപ്പടി, പെരുമ്പാവൂർ, എറണാകുളം, കേരളം- 683544
(LC No. 00010040 കൊച്ചി ബ്രാഞ്ച്) കിഴിക്കാരൻ സെബാസ്റ്റ്യൻ റോയ് (വായ്പ്പക്കാരൻ) ഷോലെറ്റ് റോയ് (സഹ വായ്പക്കാരൻ 1) ജോസഫ് സെബാസ്റ്റ്യൻ (സഹ വായ്പക്കാരൻ 2) ഷാർലിൻ റോയ് (ജാമ്യക്കാരൻ 1)	18-06-2020 /₹ 4803206/- (₹ Forty Eight lakh Three Thousand Two Hundred Six) NPA (01-01-2020)	ഫ്ലാറ്റ് നമ്പർ 9 ബി ഒൻപതാം നില, ലിവിറ്റ് ഹാർമണി ആലുവ വെസ്റ്റ്, Vo, Rsy220 / 2/2, 220/2, 220/3 ആലുവ താലൂക്ക് ആലുവ താലൂക്ക് ഈസ്റ്റ് കടുങ്ങലൂർ എറണാകുളം കേരളം: - 683102
(LC No. 00001765 കണ്ണൂർ ബ്രാഞ്ച്) രമേശൻ കോപ്പൽ വളപ്പിൽ (വായ്പ്പക്കാരൻ) പ്രീതി രമേശൻ (സഹ വായ്പക്കാരൻ 1)	18-06-2020 /₹ 1109019/- (₹ Eleven lakh Nine Thousand Nineteen) NPA (01-02-2020)	റീസർവേ നമ്പർ 47/4 ഉദുമ വില്ലേജ് ഉദം-പാടിൻഹരേ , ഹോസ്ദുർഗ് ഉദം-പാഡിൻഹാരെ, ഹോസ്ദുർഗ് കാസർഗോഡ് കേരളം: - 671319

മുകളിൽപ്പറഞ്ഞ വായ്പ്പക്കാർ ഡിഎച്ച്എഫ്എല്ലിലേക്ക് പണം തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടാൽ മുകളിൽ പരാമർശിച്ചിരിക്കുന് വസ്തുക്കളിൽ സെക്ഷൻ 13(4), അനുയോജ്യമായ നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ്. നടപടികളുടെ ചെലവും മറ്റു പരിണത ഫലങ്ങളും പൂർണമായും വായ്പ്പക്കാരന്റേതായിരിക്കും. നിയമപ്രകാരം ഡിഎച്ച് എഫ്എല്ലിന്റെ എഴുത്തു രേഖകളില്ലാതെ വിൽപ്പന, കരാർ തുടങ്ങിയ മാർഗങ്ങളിലൂടെ ഈ വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിൽ നിന്ന് വായ്പ്പക്കാരനെ വിലക്കിയിരിക്കുന്നു. ഇതു ലംഘിക്കുന്നവർ ശിക്ഷിക്കപ്പെടും.

തീയതി : 22-08-2020
സ്ഥലം : കേരളം

ഒപ്പ് (അംഗീകൃത ഓഫീസർ)
ദിവാൻ ഹൗസിങ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്

കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

നിർമൽ NR -187 നറുക്കെടുപ്പ് ഫലം Held on 21/08/2020
AT GORKY BHAVAN,NEAR BAKERY JUNCTION, THIRUVANANTHAPURAM

ഒന്നാം സമ്മാനം 70ലക്ഷം രൂപ NX 579592 (MALAPPURAM)

സമാശ്വാസ സമ്മാനം 8000 രൂപ

NN 579592	NO 579592	NP 579592	NR 579592
NS 579592	NT 579592	NU 579592	NV 579592
NW 579592	NY 579592	NZ 579592	

2-ാം സമ്മാനം 10 ലക്ഷം രൂപ NP 504733 (KAYAMKULAM)

3-ാം സമ്മാനം 1 ലക്ഷം രൂപ

NN 677045	NO 205379	NP 357272	NR 272713
NS 545544	NT 549395	NU 330551	NV 235718
NW 206135	NX 688982	NY 205069	NZ 635843

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4-ാം സമ്മാനം 5000 രൂപ

1016	2458	4106	4329	4385	5568	6467	6533	7120	7257
7440	8078	8163	8215	8584	9106	9199	9254		

5-ാം സമ്മാനം 1000 രൂപ

0012	0034	0090	0452	0952	1012	1090	1767	1985	2117
2599	2972	3404	3473	3848	4698	4885	5336	5519	5696
5722	5976	6267	6273	6415	6604	6613	6958	7606	7638
8005	8794	8799	8846	9783	9853				

6-ാം സമ്മാനം 500 രൂപ

0680	0888	0921	1027	1130	1157	1167	1217	1365	1449
1485	1661	1729	1765	1904	2057	2146	2195	2490	2578
2851	3182	3368	3434	3512	3821	3825	3901	3905	4047
4076	4315	4362	4420	4519	4575	4681	4768	4815	5121
5166	5167	5197	5423	5448	5506	5795	6002	6345	6538
6545	6671	6734	7289	7316	7460	7563	8129	8520	8655
8904	8915	8985	9357	9558	9656	9785	9793	9861	9960

7-ാം സമ്മാനം 100 രൂപ

0088	0089	0259	0406	0411	0465	0615	0647	0672	0731
0932	0989	1026	1123	1375	1899	1912	1986	2034	2076
2089	2153	2202	2309	2462	2592	2600	2704	2729	2735
2759	2907	3080	3153	3164	3257	3264	3280	3281	3285
3661	3731	3801	3836	3971	3979	4109	4140	4190	4192
4198	4210	4222	4252	4266	4419	4536	4573	4583	4743
4766	4776	4798	4806	4837	4900	5099	5263	5899	6068
6087	6215	6272	6395	6427	6479	6481	6519	6695	6742
6755	6897	6898	6902	7008	7046	7086	7234	7429	7463
7484	7663	7731	7766	7798	7846	7936	8126	8157	8161
8235	8289	8332	8352	8605	8628	8649	8687	8689	8969
9104	9236	9407	9428	9507	9634	9771	9792	9836	9922

(ഒപ്പ്) മനോജ് പി., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക

അല്ലി

വൈപ്പിൻ : മുനമ്പം ചെമ്പങ്ങാട്ട് പരേതനായ സുബ്രഹ്മണ്യന്റെ ഭാര്യ അല്ലി (89) അന്തരിച്ചു. മക്കൾ: രാജമ്മ, ബാബു , സജീവ്, അനിത, വിജയ , പ്രേംലാൽ. മരുമക്കൾ: ദാസ്, പ്രസന്ന, ശ്യാമള, വിശ്വനാഥൻ, സോജൻ (ഖത്തർ), ഷീജ.

ജോസഫ് അട്ടിപ്പേറ്റി

വൈപ്പിൻ: ഓച്ചൻതുരുത്ത് അട്ടിപ്പേറ്റി ജോസഫ് (87) അന്തരിച്ചു. എറണാകുളം സെന്റ് ഫ്രാൻസിസ് ഡി സെയിൽസ് മുൻ ജീവനക്കാരൻ ആയിരുന്നു. ഭാര്യ: എടവനക്കാട് കരുവേലി പറമ്പിൽ പരേതയായ സാറാമ്മ. മക്കൾ: ക്ളീറ്റസ്, സലോമി, ഡിക്സൺ, സീന, സജി, സുനി, സിമ്മി, സാലി. മരുമക്കൾ: മിനി, വർഗീസ്, പുഷ്പി, ജെയിംസ്, ടിജി, ആന്റണി, സാജൻ, ജീവൻ.



വേലായുധൻ

വടക്കാഞ്ചേരി: മുള്ളൂർക്കര വടവരമ്പത്ത് വേലായുധൻ (കുട്ടൻ- 89) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: കാർത്യായനി. മക്കൾ: സുരേന്ദ്രൻ, അജിത, രജിനി, പ്രിയ. മരുമക്കൾ: രതി, സുദേവൻ, വിജയൻ, സന്തോഷ്.

മോളി

വടക്കാഞ്ചേരി: പുന്നംപറമ്പ് കല്ലുംകൂട്ടം കല്ലിങ്കിൽ വീട്ടിൽ പരേതനായ മാർക്കോസ് ഭാര്യ മോളി (65) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: സ്വപ്ന, സാഗർ, സൽമ. മരുമക്കൾ: ഷാജു, ലിസ, വിവേക്.

സണ്ണി

കുന്നത്തങ്ങാടി: കിഴക്കേ പരയ്ക്കാട് കൊഴലിപ്പറമ്പിൽ പൗലോസ് മകൻ സണ്ണി (74) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തങ്കമ്മ. മക്കൾ: സോണി, സോബി. മരുമക്കൾ: വിനിത, സ്റ്റെഫി.

ഏലികുട്ടി ടോം

തൃശൂർ: പെരിങ്ങാവ് തേജസ് അവന്യൂവിൽ പരേതനായ കാഞ്ഞിരപ്പള്ളി ടോം സി കാഞ്ഞിരപ്പിള്ളിയുടെ ഭാര്യ ഏലികുട്ടി ടോം (84) ക്യാനഡയിലെ ടൊറന്റോയിൽ അന്തരിച്ചു. മൂവാറ്റുപുഴ ഈസ്റ്റ് വാഴപ്പിള്ളി നടുക്കുടി കുടുംബാംഗമാണ്. മക്കളില്ല. സംസ്കാരം തിങ്കളാഴ്ച ക്യാനഡയിൽ നടക്കും.

ഇയ്യുണ്ണി

മനക്കൊടി: കിഴക്കുംപുറം വടക്കൻ മധുക്കര ഇയ്യുണ്ണി (73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അന്നമ്മ.

സുരേഷ് ബാബു

പറവൂർ: മൂത്തകുന്നം കൂവപറമ്പിൽ സുരേഷ് ബാബു (68) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: മേദിനി. മക്കൾ: അഞ്ചു, അശ്വതി, അർജ്ജുൻ. മരുമക്കൾ: ഉണ്ണികൃഷ്ണൻ, ബിനോജ്.

ത്രേസ്യ

ചാലക്കുടി: കൊരട്ടി നാൽപ്പാടൻ പീറ്റർ ഭാര്യ ത്രേസ്യ (78) അന്തരിച്ചു. മക്കൾ: ആനി, ദേവസ്സി, ജോണി, മരുമക്കൾ: സുനിത, ഷീന.

ത്രേസ്യാമ്മ

വൈപ്പിൻ: ചെറായി മാനാട്ട് ലെയിനിൽ, പരേതനായ കൈതാരൻ ദേവസിയുടെ ഭാര്യ ത്രേസ്യാമ്മ (താണ്ടമ്മ -86) അന്തരിച്ചു. മക്കൾ: ബാബു, മേരി. മരുമക്കൾ: ജോസഫ്, ഡെയ്സി.

ഫാത്തിമ

മഞ്ചേരി: പയ്യനാട് താമരശ്ശേരി പരേതനായ തെന്നാടൻ മുഹമ്മദ് എന്ന നാണിയുടെ ഭാര്യ ആറുവീട്ടിൽ ഫാത്തിമ (75) അന്തരിച്ചു. മക്കൾ: അബ്ദുൽ മജീദ്, ഉസ്മാൻ, ഫൈസൽ, റൈഹാനത്ത്, റജീന.

ബിയ്യക്കുട്ടി

മഞ്ചേരി: അയനിക്കോട് പരേതനായ പയ്യശ്ശേരി തണ്ടുപാറക്കൽ ഹൈദറുടെ ഭാര്യ അക്കരപീടിക ബിയ്യക്കുട്ടി (75) അന്തരിച്ചു. മക്കൾ: അബ്ദുറഹ്മാൻ, അബ്ദുൽ അസീസ്, സുനിൽ ബാബു, ജമീല, റൈഹാനത്ത്, സലീന, ഹസീന, പരേതയായ ആമിന.

അബൂബക്കർ

വടക്കാഞ്ചേരി: പരുത്തിപ്ര കിണറാമാക്കാൽ അബൂബക്കർ (കുഞ്ഞാൻക്ക 73) അന്തരിച്ചു. കബറടക്കം നടത്തി. സിപിഎം പരുത്തിപ്ര ബ്രാഞ്ച് അംഗമാണ്. ഭാര്യ: നബീസ. മക്കൾ: മജീദ്, സൈനുദീൻ, ഷംസുദീൻ, ഖദീജ. മരുമക്കൾ: ഷാജിത, നദീറ, ഹൈറുന്നീസ, പരേതനായ സിദ്ദി.

ലീല

അങ്കമാലി: എടക്കുന്ന് മുണ്ടപ്പിള്ളി ചെറിയാൻ മകൾ ലീല (നീലി - 69)അന്തരിച്ചു. സംസ്കാരം നടത്തി. അവിവാഹിതയാണ്.

ജോസഫ് അലക്സാണ്ടർ

ചേർത്തല: കെഎസ്ആർടിസി ബസ് സ്റ്റാൻഡിലെ ജോളി സ്റ്റോഴ്സ് ഉടമ നഗരസഭ 26-ാം വാർഡിൽ പുല്ലൂരുത്തിക്കരി ജോസഫ് അലക്സാണ്ടർ (ജോപ്പൻ-78) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ: മേരിക്കുട്ടി തുറവൂർ പള്ളത്ത് കുടുംബാംഗം. മക്കൾ: ജോഷി ജോസഫ് (ദുബായ്), സണ്ണി, ജോമോൻ, പരേതരായ ജോളി, ജോയ്സി. മരുമക്കൾ: ജ്യോതി (അസി. പ്രഫസർ, എസ്എൻജിഎം കാറ്ററിങ് കോളജ് തുറവൂർ), ബിനി.

പ്രസീത

അങ്കമാലി: മാള നെയ്തിക്കുടി നെല്ലിപ്പറമ്പൻ ബിനീലിന്റെ ഭാര്യ പ്രസീത (35) അന്തരിച്ചു. സംസ്കാരം നടത്തി.

അങ്കമാലി തുറവുർ മേക്കാട്ടുമാലി കുടുംബാംഗമാണ്. മകൻ: സായ് കൃഷ്ണ.

വിത്സൻ

ചാലക്കുടി: വെട്ടുകടവ് ചിറമ്മൽ മുളങ്ങാടൻ കൊച്ചുവറീത് മകൻ വിത്സൻ (61) അന്തരിച്ചു. ഭാര്യ: അൽഫോൻസ. മക്കൾ: വിപിൻ, നിജിൽ, മിധിൻ. മരുമകൾ: നിസ വിപിൻ. സംസ്കാരം ഇന്ന് ഉച്ചക്ക് മൂന്നിന് ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ.

സാവിത്രി

നെട്ടൂർ: കോറ്റാടയിൽ പരേതനായ സുകുമാരന്റെ ഭാര്യ സാവിത്രി (73) അന്തരിച്ചു. സംസ്ക്കാരം ഇന്ന്. മക്കൾ: സന്തോഷ് കുമാർ, സുനിൽ കുമാർ. മരുമക്കൾ: അനിത, കലാദേവി.

സൈനബ

കലൂർ: ദേശാഭിമാനി റോഡ് ഈച്ചരങ്ങാട്ട് ലൈനിൽ പൂവൻകേരി പരേതനായ അബൂബക്കർ ഭാര്യ സൈനബ (85) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: അഷ്റഫ്, സബിയ, ലൈല, നദീറ, ജമീല. മരുമക്കൾ : അലിയാർ, ജമാൽ, കദീജ, പരേതരായ കബീർ, ഹനീഫ.

കെ. കൃഷ്ണനാശാരി

നെയ്യാറ്റിൻകര: മരുതത്തൂർ താന്നിക്കാവില വീട്ടിൽ കെ. കൃഷ്ണനാശാരി (92) അന്തരിച്ചു. ഭാര്യ: പരേതയായ രാമലക്ഷ്മി. മകൾ: ലളിതാംബിക, സരസ്വതി, ശാന്തകുമാരി, രേണുക, സതീഷ്കുമാർ, അനിത. മരുമക്കൾ: വിജയകുമാർ, പരേതനായ രാമചന്ദ്രൻ, ഗോപാലകൃഷ്ണൻ, രാജൻ, സുനിത, ബിജു.

സി.രഘുനാഥൻ

തിരുവനന്തപുരം: അരുവിക്കര ഇരുമ്പ തോട്ടത്തിൽ വീട്ടിൽ സി.രഘുനാഥൻ (60) അന്തരിച്ചു. സഹോദരങ്ങൾ: പരേതയായ കെ.വിജയമ്മ, പരേതനായ ശിവാനന്ദൻ, സി. പീതാംബരൻ(എസ്എൻഡിപി യോഗം മുൻ നെടുമങ്ങാട് യൂണിയൻ സെക്രട്ടറി), കെ. ശ്യാമള, കെ.പ്രഭാവതി, കെ.കൃഷ്ണമ്മ, പരേതനായ സി. പ്രതാപൻ.

ദാമോദരൻ

ചേർത്തല: അർത്തുങ്കൽ വാളശ്ശേരിൽ ദാമോദരൻ (75)അന്തരിച്ചു. ഭാര്യ: സതി ദാമോദരൻ. മക്കൾ: ദിനീഷ് ദാമോദരൻ, ധനീഷ് ദാമോദരൻ.

എസ്. ഭാസ്കരപ്പണിക്കർ

നെയ്യാറ്റിൻകര: കൊടങ്ങാവിള ചന്ദ്രിക നിവാസിൽ വിമുക്ത ഭടൻ എസ്. ഭാസ്കരപ്പണിക്കർ (76) അന്തരിച്ചു. ഭാര്യ: ജി.എൽ. ചന്ദ്രിക. മക്കൾ: ബി. പ്രവീൺകുമാർ (കെഎസ്ആർടിസി), പ്രജിത, ബൈജു. മരുമക്കൾ: ബീന, എസ്.വി. പ്രസീത്, ജെ.വി. കൃഷ്ണപ്രിയ.

ജലാലുദ്ദീൻ

നെയ്യാറ്റിൻകര: കടയിൽവിള വീട്ടിൽ ജലാലുദ്ദീൻ (82) അന്തരിച്ചു. ഭാര്യ: പരേതയായ ആബിദ (റിട്ട.ടീച്ചർ ജെബിഎസ് നെയ്യാറ്റിൻകര). മക്കൾ: ഷൈലാബീഗം (മരാമത്ത് വകുപ്പ്), ഷക്കീലാബീഗം (മുത്തൂറ്റ് പോത്തൻകോട്), ഷാഹിതദാബീഗം (തിരുവനന്തപുരം മെഡിക്കൽ കോളെജ്), കഹാഫ് (റിയാദ്). മരുമകൾ: മുഹമ്മദ് ഹുസ്സൈൻ (റിട്ട.വാട്ടർ അഥോറിറ്റി), അബ്ദുൽ ല്തത്തീഫ്, ഷാനവാസ്, അനുഷ (മൂവരും റിയാദ്).

ആയിഷബി

പാറോപ്പടി: അഞ്ചുകണ്ടത്തിൽ പരേതനായ ഇമ്പിച്ചിക്കോയ എന്നവരുടെ ഭാര്യ ആയിഷബി(79) അന്തരിച്ചു. മക്കൾ: എ.കെ. റുഖിയ (ലൈല), ഷറഫുന്നീസ, റഷീദ, മൈമൂന, ഹസ്സൻകോയ (സിപിഎം പാറോപ്പടി സൗത്ത് ബ്രാഞ്ച് സെക്രട്ടറി), ഷാജഹാൻ (മെഡിക്കൽ റപ്പ്), ഷംസില (കക്കോടി), അബ്ദുൽകരീം (യൂത്ത് കോൺഗ്രസ് പാറോപ്പടി മുൻ മണ്ഡലം പ്രസിഡന്റ്). ഷഹീബാനു. മരുമക്കൾ: മുഹമ്മദ് (കാട്ടുകുളങ്ങര), അബൂബക്കർ (എരഞ്ഞിപ്പാലം), സലീം (തോപ്പയിൽ), ഹംസക്കോയ (പറമ്പിൽ ബസാർ), ഹനീഫ (വേങ്ങേരി), നജീബ് (കൊമ്മേരി), ഹസീന, സെക്കീന, ആരിഫ. ഖബറടക്കം ഇന്ന് രാവിലെ എട്ടിന് കാഞ്ഞിരത്തിങ്ങൽ ജുമാമസ്ജിദ് ഖബർസ്ഥാനിൽ.

പി.വേലായുധൻ ആചാരി

നെയ്യാറ്റിൻകര: ഓലത്താന്നി ശശി ഭവനിൽ റിട്ട. വില്ലേജ് ഓഫീസർ പി. വേലായുധൻ ആചാരി (92) അന്തരിച്ചു. ഭാര്യ: പരേതയായ ലക്ഷ്മി. മകൾ: ശാന്തകുമാരി (റിട്ട. ജയിൽ വകുപ്പ്), ശശികുമാർ (കെഎസ്എഫ്ഇ, നെയ്യാറ്റിൻകര), മൃഗമാക്കൽ പരേതനായ കെ. ഗണേശൻ, എ.എസ്. സുധ (എൽഐസി ഏജന്റ്).

ഐസക്ക്

വെള്ളറട: അഞ്ചുമരംകാല കുഴിവിള വീട്ടിൽ ഐസക്ക്(85) അന്തരിച്ചു. ഭാര്യ: രത്നം. മക്കൾ: രാധ, രാജം, സതി, സിനി. മരുമക്കൾ: ജെറോം, രാജൻ, ജയരാജ്. സംസ്കാരം ഇന്ന് രാവിലെ എട്ടിന്.

ബിജി.എസ്.കുമാർ

നെയ്യാറ്റിൻകര: ബാലരാമപുരം പനയറക്കുന്നു ഒലിവു ഭവനിൽ ബാലരാമപുരം ഗ്രാമ പഞ്ചായത്ത് ജീവനക്കാരൻ ഡി. സജികുമാറിന്റെ ഭാര്യ ബിജി. എസ്.കുമാർ (48) അന്തരിച്ചു. മകൾ: ലിജി, സജി. മരുമക്കൾ അഖിൽ, സുജിൻരാജ് (മിലിട്ടറി).

പത്തുമ്മ

തിരുരങ്ങാടി: ആസാദ് നഗർ പരേതനായ തെക്കിൽ അബുബക്കറിന്റെ ഭാര്യ കുഞ്ഞി മരക്കാർ അകത്തു പത്തുമ്മ (70) അന്തരിച്ചു. മക്കൾ: അബ്ദുൽ സലാം, നാസർ, ലത്തീഫ്, കാലിദ്, ഫിറോസ്, മൊയ്ദീൻ കോയ, കദീജ, സുലൈഖ, ആയിഷ, സലീന. മരുമക്കൾ: സുലൈഖ, കയറുനിസ്സ, സകീന, റഹാമാത്ത്, ബുഷ്റ, മുനീറ.

ബാവ ഹാജി

വെള്ളിയാംപുറം: കുന്നുംപുറം ബാവ ഹാജി(77) അന്തരിച്ചു. ഭാര്യ: പരേതയായ ഫാത്തിമക്കുട്ടി ഹജ്ജുമ്മ. മക്കൾ: മുഹമ്മദ് ഖാസിം (അബൂദാബി), ഇസ്മായിൽ ഫാത്തിമ, ഖദീജ, സാജിദ, ആയിഷ, നഫീസ. മരുമക്കൾ: പരേതനായ അബ്ദുൽ, ഹമീദ് വെള്ളിയാംപുറം, അബ്ദുൽറസാഖ്കോറാട് (കുവൈത്ത്), ഇബ്റാഹീം തെന്നല (സൗദി), സലീം കുറ്റിപ്പുറം (സൗദി), ആബിദ തസ്ഫീറ.

സുകുമാരൻ

നെയ്യാറ്റിൻകര: കമുകിൻക്കോട് ആർ.ആർ ഭവനിൽ സുകുമാരൻ (72) അന്തരിച്ചു. ഭാര്യ: യശോദ. മക്കൾ: സിന്ധു.വൈ.എസ്., ബിന്ദു.വൈ.എസ്., രാജേഷ്.എസ്. മരുമകൾ: പുരുഷോത്തമൻ , ചന്ദ്രൻ. റ്റി, രാജി.എ.വി.

ഉണ്ണീൻകുട്ടി മൗലവി

എടവണ്ണ: പത്തപ്പിരിയം വായനശാലക്കു സമീപം കാരാടൻ ഉണ്ണീൻകുട്ടി മൗലവി (84) അന്തരിച്ചു. ഭാര്യ: നഫീസ(കോട്ടക്കൽ). മക്കൾ: അബ്ദുൽ റസാഖ്, ഷരീഫ്, ഉമ്മുസൽമ, കൗസറ.

ഗോമതിയമ്മ

നെയ്യാറ്റിൻകര: ആലുമ്മൂട് വാറുവിളാകത്ത് വീട്ടിൽ പരേതനായ മാധവൻ നായരുടെ ഭാര്യ ഗോമതിയമ്മ (96) അന്തരിച്ചു .

ടിപ്പർ ലോറി അപകടം: ഡ്രൈവർ മരിച്ചു

അമ്പലപ്പുഴ : റാന്നിയിൽ വച്ച് കരിങ്കല്ല് കയറ്റി വരുന്ന വഴി കോഴഞ്ചേരിയിൽ വച്ചാണ് അപകടം നടന്നത്. മറ്റൊരു ഡ്രൈവർക്കു ഗുരുതര പരുക്ക്. രണ്ടും ഡ്രൈവർമാരും അമ്പലപ്പുഴ പായൽ കുളങ്ങര സ്വദേശികൾ. മയസദനത്തിൽ, പായൽകുളങ്ങര വളപ്പ്, മഹേഷ് (33) ആണ് മരിച്ചത്. ഭാര്യ: പരേതയായ രമ്യ, അച്ഛൻ: ഗോപിക്കുട്ടൻ, അമ്മ: കൃഷ്ണകുമാരി. മൃതദേഹം കോഴഞ്ചേരി താലൂക് ആശുപത്രി മോർച്ചറിയിൽ. പരുക്കേറ്റ ഡ്രൈവർ ഉണ്ണിക്കുട്ടൻ (27) പുത്തൻചിറ, അനി ചിക്കഡ് എന്നിവർ കോട്ടയം മെഡിക്കൽ കോളേജിൽ ആശുപത്രിയിൽ ചികിത്സയിൽ.

മഹേഷ്

വാഹനാപകടത്തിൽ യുവാവിന് ദാരുണാന്ത്യം

സുമേഷ്

വടക്കാഞ്ചേരി: വാഹനാപകടത്തിൽ യുവാവിന് ദാരുണാന്ത്യം. മുണ്ടത്തിക്കോട് സൗഹൃദ നഗർ ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് സമീപം നിയന്ത്രണം വിട്ട ചരക്ക് ലോറി ബൈക്കിന് പുറകിൽ ഇടിച്ച് ബസ് ഡ്രൈവറായ യുവാവ് മരണമടഞ്ഞു. പൂമല പറമ്പായി കിണറ്റിങ്കൽ ചന്ദ്രന്റെ മകൻ സുമേഷ് (29) ആണ് മരണമടഞ്ഞത്. വേലൂരിൽ നിന്ന് പൂമലയിലേക്ക് വരികയായിരുന്ന സുമേഷിന്റെ ബൈക്കിന് പുറകിൽ ചരക്ക് ലോറി ഇടിക്കുകയും തുടർന്ന് നിരത്തിലേക്ക്തെറിച്ച് വീണ യുവാവ് എതിരേ വന്ന ലോറിയുടെ അടിയിലേക്ക് വീഴുകയായിരുന്നു. സംസ്ക്കാരം നടത്തി. അമ്മ: സുലോചന. സഹോദരങ്ങൾ: അനീഷ്, സുനീഷ്, അജിത.

വീട്ടമ്മയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

മാള: വീട്ടിലെ കുളിമുറിയിൽ യുവതിയായ വീട്ടമ്മയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. ആനപ്പാറ ദേശത്ത് കാച്ചപ്പിള്ളി ജിജോയുടെ ഭാര്യ സിനി (32)നെയാണ് ഇന്നലെ രാവിലെ മരിച്ച നിലയിൽ കണ്ടെത്തിയത്. ഏഴ് വർഷമായി ഇവരുടെ വിവാഹം കഴിഞ്ഞിട്ട്. രണ്ട് പെൺകുട്ടികളുണ്ട്. സംസ്ക്കാരം ഇന്ന് പോസ്റ്റുമാട്ടത്തിന് ശേഷം ജൂബിലി നഗർ പള്ളിയിൽ.

അമ്മയും മകനും ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ

രജിത, വൈഷ്ണവ്

തുറവൂർ: അമ്മയും മകനും ദുരുഹസാഹചര്യത്തിൽ മരിച്ച നിലയിൽ കാണപ്പെട്ടു. കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് പതിമൂന്നാം വാർഡിൽ എഴുപുന്നതെക്ക് പെരിങ്ങാട്ട് നികർത്തിൽ വിനോദിന്റെ ഭാര്യ രജിത(31) യും മകൻ വൈഷ്ണവ് (10) വുമാണ് മരിച്ച നിലയിൽ വീട്ടിൽ കാണപ്പെട്ടത്. രജിത മുറിയിലെ ഫാനിൽ തുങ്ങി മരിച്ച നിലയിലും മകൻ വൈഷ്ണവിനെ കട്ടിലിന്റെ കാലിൽ കെട്ടിയിട്ട നിലയിലുമാണ് കണ്ടത്. രജിത നാല് മാസം ഗർഭിണിയുമാണ്. കടബാധ്യതയെ തുടർന്നാണ് ആത്മഹത്യ ചെയ്യുന്നതെന്ന് രജിതയുടെ ആത്മഹത്യാകുറിപ്പിൽ പറയുന്നു. കുത്തിയതോട് പൊലിസ് സ്ഥലത്തെത്തി മേൽനടപടി സ്വീകരിച്ചു.

കൊവിഡ് ബാധിച്ച് മരിച്ചു

കൊച്ചി: കൊവിഡ് പൊസിറ്റീവായി എറണാകുളം മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന പച്ചാളം ലൂർദ് ആശുപത്രിക്ക് സമീപം താമസിക്കുന്ന മാലിയിൽ ഗോപിനാഥൻ (63) മരിച്ചു. മരണം കോവിഡ് മൂലമാണെന്ന് സ്ഥിരീകരിക്കുന്നതിനായി സ്രവം ആലപ്പുഴ എൻഐവി ലാബിലേക്കയച്ചു. ഹൃദയസംബന്ധമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നു.

ക്വട്ടേഷൻ സംഘങ്ങൾ തമ്മിൽ സംഘർഷം: കത്തികുത്തിൽ ഒരാൾക്ക് പരുക്ക്; നാല് പേരെ പൊലീസ് അറസ്റ്റ് ചെയ്തു

ഏലൂർ: ഏലൂരിൽ താമസിക്കുന്ന ക്വട്ടേഷൻ സംഘങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിൽ കത്തികുത്തിൽ ഒരാൾക്ക് പരുക്ക്. സംഭവത്തിൽ സംഘത്തിലെ നാലു പേരെ ഏലൂർ പൊലീസ് അറസ്റ്റ് ചെയ്തു. ഏലൂർ പുതിയ റോഡ് കോട്ടകുന്ന് വീട്ടിൽ രമേശ് (29), ഏലൂർ മേപ്പരികുന്ന് ചെട്ടി കോളനിയിൽ രാജേഷ് (25), ഏലൂർ കിഴക്ക് മരങ്ങാട്ട് വീട്ടിൽ മഹേന്ദ്രൻ , ഏലൂർ പാതാളം കോട്ടപറമ്പ് വീട്ടിൽ ശരവണൻ (24) എന്നിവരെയാണ് ഏലൂർ എസ്.എച്ച്.ഒ. മനോജ് എം, എസ്.ഐ. സാബു കെ പീറ്റർ, എഎസ്ഐ ശ്യാം ലെസ്‌ലി, സിപിഒമാരായ അരുൺ, ഹരിമോൻ, അനിരുദ്ധൻ, നിഖിൽ, ഷിബു ജോസഫ് എന്നിവരുടെ നേതൃത്വത്തിലാണ് ഇവരെ പിടികൂടിയത്. ബുധനാഴ്ച രാത്രി 7.45 ന് പാതാളം എസ്ബിഐ. ബാങ്കിന് സമീപമുള്ള ഇടവഴിയാണ് സംഘർഷമുണ്ടായത്. ഇരു സംഘങ്ങളും തമ്മിലുള്ള പകയാണ് സംഘർഷത്തിന് കാരണമെന്ന് ഏലൂർ പൊലീസ് പറഞ്ഞു. കത്തി കുത്തിൽ തുടയ്ക്കാണ് പ്രശാന്തിന് കുത്തേറ്റത്. തുടർന്ന് സാരമായി പരുക്കേറ്റ പ്രശാന്തിനെ പാതാളം ഇഎസ്ഐ ആശുപത്രിയിലും അവിടെ നിന്നും എറണാകുളം ജനറൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും മടക്കിയതിനെ തുടർന്ന് എറണാകുളം സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രതികളിൽ പലർക്കും ഏലൂർ സ്റ്റേഷനിൽ കേസുണ്ട്. കൊവിഡ് ടെസ്റ്റ് , തുടർന്ന് വീഡിയോ കോൺഫറൻസ് വഴി മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാക്കി പ്രതികളെ കറുകുറ്റി സെല്ലിലേക്ക് മാറ്റുമെന്ന് എസ്.ഐ.സാബു കെ പീറ്റർ അറിയിച്ചു.

ഫഹദിന്റെയും നസ്രിയയുടെയും വിവാഹ വാർഷികം

ഫഹദിന്റെയും നസ്രിയയുടെയും ആറാം വിവാഹ വാർഷികം സോഷ്യൽ മീഡിയയിൽ ആഘോഷമാക്കിയിരിക്കുകയാണ് ആരാധകർ.

കഴിഞ്ഞ ദിവസം ഫഹദിനും നസ്രിയയ്ക്കും വിവാഹവാർഷിക ആശംസകൾ നേർന്ന് സഹതാരങ്ങളും ആരാധകരുമെല്ലാം തന്നെ എത്തിയിരുന്നു . ഫഹദ് സോഷ്യൽ മീഡിയയിൽ അത്ര സജീവമല്ലെങ്കിലും നസ്രിയ വിശേഷങ്ങളെല്ലാം പങ്കുവെച്ചുകൊണ്ട് എത്താറുണ്ട്. ഫഹദിനൊപ്പമുള്ള നസ്രിയയുടെ മിക്ക ചിത്രങ്ങളും ആരാധകർ ഏറ്റെടുക്കാറുണ്ട്. ലോക് ഡൗൺ കാലത്തും ഫഹദിന്റെ പുതിയ ചിത്രങ്ങളെല്ലാം പങ്കുവെച്ച് നസ്രിയ എത്തിയിരുന്നു ഫഹദിന്റെ ചിത്രങ്ങൾക്ക് പുറമെ വളർത്തുനായ ആയ ഓറിയോയുടെ ചിത്രങ്ങളും നസ്രിയ പങ്കുവെക്കാറുണ്ട്. നസ്രിയയ്ക്കും ഫഹദിനും പുറമെ ഓറിയോയും സോഷ്യൽ മീഡിയയിലെ താരമാണ്. ട്രാൻസാന് ഫഹദിന്റെ ഒടുവിൽ പുറത്തിറങ്ങിയ ചിത്രം.

വിഷ്ണു വിശാൽ ചിത്രം 'രാക്ഷസൻ' രണ്ടാം ഭാഗം

വിഷ്ണു വിശാലും മലയാളം നടി അമല പോളും നായികാനായകന്മാരായി എത്തിയ സൈക്കോ ത്രില്ലർ ചിത്രം രാക്ഷസൻ 2018 ഒക്ടോബറിലായിരുന്നു റിലീസ് ചെയ്തത്. രാം കുമാറാണ് ചിത്രം സംവിധാനം ചെയ്തത് . നടൻ വിഷ്ണു വിശാലിന്റെ എക്കാലത്തെയും മികച്ച ചിത്രങ്ങളിൽ ഒന്ന് കൂടിയായി രാക്ഷസൻ വിലയിരുത്തപ്പെട്ടു. ഇപ്പോഴിതാ ഈ സൂപ്പർ ഹിറ്റ് ചിത്രത്തിന് രണ്ടാം ഭാഗം അണിയറയിൽ ഒരുങ്ങുന്നു എന്നാണ് റിപ്പോർട്ടുകൾ പുറത്തുവരുന്നത്. രാംകുമാർ തന്നെയാണ് രാക്ഷസൻ 2 സംവിധാനം ചെയ്യുക. സോഷ്യൽ മീഡിയയിലൂടെ ചിത്രത്തിലെ നായകൻ വിഷ്ണു വിശാൽ നടത്തിയ അഭ്യർത്ഥനയും അതിന് ചിത്രത്തിന്റെ സംവിധായകൻ രാം കുമാർ നൽകിയ മറുപടിയുമാണ് ചർച്ചകൾക്ക് തുടക്കം കുറിച്ചിരിക്കുന്നത്.ചിത്രത്തിന് രണ്ടാം ഭാഗമുണ്ടാക്കാനുള്ള തിരക്കഥ തയ്യാറായോ എന്ന് സംവിധായകൻ റാം കുമാറിനോടായി വിഷ്ണു ചോദിക്കുകയായിരുന്നു. പിന്നാലെ മറുപടിയുമായി റാം കുമാർ എത്തി. നടന്നുകൊണ്ടിരിക്കുകയാണെന്നായിരുന്നു സംവിധായകന്റെ മറുപടി

ചെറിയ ഇടവേള എടുത്ത് ഖുശ്ബു



ഖുശ്ബു സുന്ദർ സോഷ്യൽ മീഡിയയിൽ നിന്ന് വിട്ടു നിൽക്കാനൊരുങ്ങുകയാണ്. ഖുശ്ബു തന്നെ വ്യക്തമാക്കിയതാണ് ഇക്കാര്യം. കണ്ണിന് ഒരു ശസ്ത്രക്രിയ കഴിഞ്ഞെന്നും സ്റ്റിച്ച് ഇട്ടിരിക്കുകയാണെന്നും ഖുശ്ബു വ്യക്തമാക്കുന്നു. അതിനാൽ തന്നെ റെസ്റ്റ് വേണമെന്നും സോഷ്യൽ മീഡിയയിൽ നിന്നും താൻ വിട്ടു നിൽക്കാൻ തീരുമാനിച്ചെന്നും ഖുശ്ബു പറയുന്നു. ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള ചിത്രം പങ്കുവെച്ചു കൊണ്ടാണ് ഖുശ്ബു ഇക്കാര്യം ആരാധകരെ അറിയിച്ചിരിക്കുന്നത്. ഇന്ന് രാവിലെ കണ്ണിന് ഒരു ശസ്ത്രക്രിയ വേണ്ടി വന്നു. അതിനാൽ കുറച്ചു ദിവസം ഞാൻ സോഷ്യൽമീഡിയയിൽ സജീവമായിരിക്കില്ലെന്ന് ഖുശ്ബു ഫേസ്ബുക്കിൽ കുറിച്ചിരിക്കുന്നു.പെട്ടെന്നു തന്നെ തിരിച്ച് വരും.'പുറത്തിറങ്ങുന്നുണ്ടെങ്കിൽ മാസ്ക് ധരിക്കാൻ മറക്കരുതെന്നും സാമൂഹിക അകലം പാലിക്കണമെന്നും ഖുശ്ബു പറയുന്നു.ലോക്ക് ഡൗൺ കാലത്ത് ഖുശ്ബു സോഷ്യൽ മീഡിയയിൽ ഏറെ സജീവമായിരുന്നു.

'സീ യു സൂൺ' ഒടിടി റിലീസിന്

ഫഹദ് ഫാസിൽ ചിത്രം സീ യു സൂൺ ഒടിടി റിലീസിന് ഒരുങ്ങുന്നു. മഹേഷ് നാരായണൻ സംവിധാനം ചെയ്യുന്ന ചിത്രം ആമസോൺ പ്രൈമിൽ സെപ്റ്റംബർ ഒന്നിനാണ് റിലീസ് ചെയ്യുന്നത്. ദർശന രാജേന്ദ്രൻ, റോഷൻ മാത്യു എന്നിവരാണ് ചിത്രത്തിലെ മറ്റ് പ്രധാന താരങ്ങൾ. ഫഹദ് ഫാസിൽ ആണ് നിർമാണം. ഗോപി സുന്ദർ ആണ് സംഗീതം ഒരുക്കുന്നത്.ഒന്നര മണിക്കൂർ ദൈർഖ്യമുള്ള സിനിമ പൂർണമായും ഐ ഫോണിലാണ് ചിത്രീകരിച്ചിരിക്കുന്നത്. സിനിമയുടെ ട്രെയിലർ ഉടൻ ആമസോൺ വഴി റിലീസ് ചെയ്യും. ടേക്ക് ഓഫ്, മാലിക് എന്നീ ചിത്രങ്ങൾക്കു ശേഷം ഫഹദും മഹേഷ് നാരായണനും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്.

ഫഹദ് ഫാസിലും നിമിഷ സജയനുമാണ് മാലിക്കിൽ കേന്ദ്ര കഥാപാത്രങ്ങളാകുന്നത്. സുലൈമാൻ എന്ന കഥാപാത്രമായാണ് ഫഹദ് വേഷമിടുന്നത്. 20 വയസ് മുതൽ 57 വയസ് വരെയുള്ള നാല് കാലഘട്ടങ്ങളാണ് ചിത്രത്തിൽ കാണിക്കുന്നത്. ഏറെ കാലിക പ്രസക്തിയുള്ള വിഷയമാണ് ചിത്രം കൈകാര്യം ചെയ്യുന്നത്.

രാജകുമാരിയായി അനിഖ

ബാലതാരമായെത്തി മലയാളികളുടെ മനസിലേക്ക് ചേക്കേറിയ താരമാണ് അനിഖ സുരേന്ദ്രൻ. മലയാളത്തിന് പുറമേ തമിഴിലു തിരക്കുള്ള താരമാണ് അനിഖ. അനിഖയുടെ ഏറ്റവും പുതിയ ഫോട്ടൊ ഷൂട്ട് ചിത്രങ്ങളാണിപ്പോൾ വൈറലാകുന്നത്.

രാജേഷ് മണ്ണാർക്കാടാണ് അനിഖയുടെ മണവാട്ടിയായുള്ള ചിത്രങ്ങൾ പകർത്തിയിരിക്കുന്നത്. ഷീനയാണ് മേക്കപ്പ് ആർട്ടിസ്റ്റ്.

കഥ തുടരുന്നു എന്ന ചിത്രത്തിലൂടെയാണ് അനിഖ അഭിനയരംഗത്തേക്ക് കടക്കുന്നത്. എന്നൈ അറിന്താൽ എന്ന ചിത്രത്തിലൂടെ തമിഴിലും അനിഖ അരങ്ങേറ്റം കുറിച്ചു.

ഗൗതം മേനോൻ സംവിധാനം ചെയ്ത ക്വീൻ എന്ന വെബ് സീരിസിലാണ് അവസാനമായി വേഷമിട്ടത്.

പാർവതി പറയുന്നു

എന്നും വിവാദങ്ങളിലൂടെ സഞ്ചരിക്കുന്ന നടിയാണ് പാർവതി തിരുവോത്ത്. ഇപ്പോൾ ഒരു പ്രമുഖ മാധ്യമത്തിന് നല്കിയ അഭിമുഖത്തിലാണ് താരം മറ്റൊരു വിവാദമായ പരാമർശം നടത്തിയത്. തന്റെ സ്വീകാര്യതയ്ക്ക് വേണ്ടി താൻ ആരുടെയും ശിങ്കിടിയായി നിൽക്കാറില്ലെന്നാണ് പാർവതിപറയുന്നത്. സത്യം പറയുന്നത് കൊണ്ടാണ് തനിക്കെതിരെ ഭീഷണി സന്ദേശങ്ങൾ വന്നത്. നമ്മൾ നിലപാടുകളിൽ ഉറച്ച് നിൽക്കുമ്പോൾ അതുവരെ നിലപാട് ഇല്ലാതെ നിന്നത് കൊണ്ട് ഗുണം കിട്ടിയവർക്ക് അതൊരു ഭീഷണിയായിട്ട് തോന്നിയേക്കാമെന്നും പാർവതി പറയുന്നു. മലയാള സിനിമയിലെ ഒരു സൂപ്പർ സ്റ്റാർ മെയിൽ ആക്ടറുടെ കൂടെ താൻ വർക്ക് ചെയ്തിട്ടുണ്ടെന്നും സിനിമസെറ്റിൽ അയാൾ വലിയ രീതിയിലുള്ള കോപ്രാട്ടിത്തരങ്ങളാണ് കാണിച്ചതെന്നും പാർവതി വ്യക്തമാക്കുന്നു. 'ഒരു നടിയെ മാത്രമേ എക്സെൻട്രിക് എന്നും വട്ടുണ്ടെന്നും വിളിച്ചു കേട്ടിട്ടുള്ളൂ. സെക്സിസത്തിന്റെ ഭാഗം തന്നെയാണിത്. ഒരു പെൺകുട്ടി അവളുടെ അഭിപ്രായം പറയുമ്പോൾ അത് എക്സെൻട്രിക്കായി, വട്ടായി. ഒരു പുരുഷൻ ഇത് പറയുമ്പോൾ ഹീറോയിസമായി. ഇത് ബേസിക്കായ സെക്സിസമാണ് ' പാർവതി പറയുന്നു.

അക്ഷയ് കുമാർ സിനിമയുടെ ചിത്രീകരണം തുടങ്ങി

ബോളിവുഡ് പതിയെ സിനിമകളുടെ ചിത്രീകരണം ആരംഭിച്ചിരിക്കുകയാണ് . ചിത്രീകരണം ആരംഭിച്ച സൂപ്പർതാര ബോളിവുഡ് ചിത്രങ്ങളൊന്നും ഇന്ത്യയിലല്ല തുടങ്ങിയിരിക്കുന്നത്. ആമിർ ഖാൻ നായകനാവുന്ന ലാൽ സിംഗ് ഛദ്ദ പുതിയ ഷെഡ്യൂൾ ആരംഭിച്ചത് തുർക്കിയിൽ ആയിരുന്നു. ഇപ്പോഴിതാ അക്ഷയ് കുമാറിന്റെ പുതിയ ചിത്രം ലണ്ടനിലും ചിത്രീകരണം തുടങ്ങിയിരിക്കുന്നു.രഞ്ജിത്ത് എം തിവാരി സംവിധാനം ചെയ്യുന്ന സ്പൈ ത്രില്ലർ ചിത്രം 'ബെൽ ബോട്ട്'ത്തിന്റെ ചിത്രീകരണമാണ് ലണ്ടനിൽ ആരംഭിച്ചിരിക്കുന്നത്. സോഷ്യൽ മീഡിയയിലൂടെ അക്ഷയ് കുമാർ തന്നെയാണ് ഇക്കാര്യം അറിയിച്ചത്. ചിത്രത്തിന്റെ ക്ലാപ്പ് ബോർഡ് പിടിച്ചുകൊണ്ടുള്ള ഒരു ചെറു വീഡിയോയോടു കൂടിയാണ് അക്ഷയ് കുമാറിന്റെ പോസ്റ്റ്. ലൈറ്റ്സ്, ക്യാമറ, മാക്സ് ഓൺ ആൻഡ് ആക്ഷൻ എന്നാണ് അദ്ദേഹം പറയുന്നത്. പേര് സൂചിപ്പിക്കുന്നതുപോലെ എൺപതുകൾ പശ്ചാത്തലമാക്കുന്ന സിനിമയാണ് ബെൽ ബോട്ടമെന്ന് അറിയുന്നു. വാണി കപൂർ ആണ് നായിക. ഹുമ ഖുറേഷിയും ലാറ ദത്തയും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്. അക്ഷയ് കുമാറിന്റെ പുറത്തിറങ്ങാനിരിക്കുന്ന ചിത്രം ലക്ഷ്മി ബോംബ് ആണ്. ചിത്രം സംവിധാനം ചെയ്യുന്നത് രാഘവ ലോറൻസാണ്.

'മണിച്ചിത്രത്താഴ് ' ഇനി മിനി സ്ക്രീനിലേക്ക്

മലയാളികളുടെ എക്കാലത്തെയും പ്രിയപ്പെട്ട 'മണിച്ചിത്രത്താഴ്' ഇനി മിനി സ്ക്രീനിലേക്ക്. സണ്ണിയും, ഗംഗയും, നകുലനുമെല്ലാം എപ്പിസോഡുകളായി സ്വീകരണമുറിയിലേക്ക്. 27 വർഷങ്ങൾക്കിപ്പുറം, മലയാളത്തിൽ സൂപ്പർഹിറ്റായ ഒരു ചിത്രത്തിന് സീരിയൽ ഭാഷ്യമൊരുങ്ങുന്നു. സൈക്കോളജിക്കൽ ഹൊറർ എന്ന വിഭാഗത്തിൽ ഒരു സിനിമ 1993ൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തിൽ നിന്നുമാണ് ചിത്രം അവതരിപ്പിക്കപ്പെട്ടത്. സ്ഥിരം പ്രേത ബാധ-ഒഴിപ്പിക്കൽ പ്രമേയത്തിൽ നിന്നും മനഃശാസ്ത്രത്തിന്റെ പരിസരങ്ങളിലേക്ക് ഒരു കഥയെ കൂട്ടിക്കൊണ്ടു പോകാൻ നടത്തിയ വിജയകരമായ ശ്രമമായാണ് മണിച്ചിത്രത്താഴ് എക്കാലവും ഓർക്കപ്പെടുക.

ഭാവചിത്ര ജയകുമാറാണ് മണിച്ചിത്രത്താഴിന് സീരിയൽ ഭാഷ്യം ഒരുക്കുന്നത്. ചിങ്ങം ഒന്നിനായിരുന്നു പ്രഖ്യാപനം. കുറേക്കാലമായി ഈ പ്രൊജക്റ്റിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങളിൽ ചിത്രീകരണം ആരംഭിക്കാൻ ഇനിയും കടമ്പകൾ ഏറെയുണ്ട്. കൊൽക്കത്ത, തഞ്ചാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ ചിത്രീകരിക്കേണ്ടതുണ്ട്. മലയാളികളുടെ ചോരയിലലിഞ്ഞ ചിത്രമാണ് മണിച്ചിത്രത്താഴെന്ന് ജയകുമാർ. ഈ ചിത്രത്തിന് ശേഷം എന്ത് എന്ന ചിന്തയിലാണ് ഈ ഉദ്യമമെന്നും അദ്ദേഹം പറയുന്നു.

മധു മുട്ടത്തിന്റെ തിരക്കഥയിൽ ഫാസിൽ അണിയിച്ചൊരുക്കിയ ചിത്രമാണിത്. സ്വർഗ്ഗചിത്ര അപ്പച്ചനായിരുന്നു നിർമ്മാണം. പ്രിയദർശൻ, സിദ്ധിഖ് ലാൽ, സിബി മലയിൽ എന്നിവർ ഈ ചിത്രത്തിന് സെക്കന്റ് യൂണിറ്റ് ഡയറ്കടർമാരായി എന്നതും ഒരു പ്രത്യേകതയാണ്. മുഖ്യഛായാഗ്രാഹകനായി വേണു എത്തിയപ്പോൾ, സെക്കൻഡ് യൂണിറ്റിൽ ആനന്ദക്കുട്ടനും സണ്ണി ജോസഫും ക്യാമറ കൈകാര്യം ചെയ്തു. ഗംഗയും നാഗവല്ലിയുമായി സ്ക്രീനിലെത്തിയ ശോഭന ആ വർഷത്തെ മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം നേടി.

വിജയ്- മുരുഗദോസ് ചിത്രത്തിൽ കെജിഎഫ് സ്റ്റണ്ട് മാസ്റ്ററും

ലോകേഷ് കനകരാജ് ഒരുക്കുന്ന മാസ്റ്ററിനായുള്ള കാത്തിരിപ്പിലാണ് വിജയ് ആരാധകർ. വിജയിയുടെ അടുത്ത ചിത്രം ദളപതി 65 ഒരുങ്ങുന്നുവെന്ന റിപ്പോർട്ടുകൾ നേരത്തെ പുറത്തുവന്നിരുന്നു. ഇപ്പോഴിത ചിത്രം സംവിധാനം ചെയ്യുന്നത് എ.ആർ മുരുഗദോസാണെന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. ദേശീയ പുരസ്കാര ജേതാവായ സ്റ്റണ്ട് കൊറിയോഗ്രാഫർ അൻപറിവാണ് ചിത്രത്തിന് സംഘട്ടനമൊരുക്കുന്നത്. കെജിഎഫ്, കൈദി എന്നീ ചിത്രങ്ങൾക്ക് ശേഷം അൻപറിവ് സ്റ്റണ്ട് കൊറിയോഗ്രഫി നിർവഹിക്കുന്ന ചിത്രം കൂടിയാണിത്. സൺ പിക്ചേഴ്സാണ് ചിത്രം നിർമിക്കുന്നത്. എ.ആർ മുരുഗദോസും വിജയിയും ഒന്നിച്ചെത്തുന്ന നാലാമത്തെ ചിത്രം കൂടിയാണിത്. ഇതിന് മുൻപ് തുപ്പാക്കി, കത്തി, സർക്കാർ എന്നീ ചിത്രങ്ങളിലാണ് ഇരുവരും ഒന്നിച്ചെത്തിയത്.ചിത്രത്തിനായി സന്തോഷ് ശിവനാണ് ഛായാഗ്രഹണം നിർവഹിക്കുന്നതെന്നും റിപ്പോർട്ടുണ്ട്. സംഗീതമൊരുക്കുന്നത് തമൻ ആണ്. മലയാളിയായ മഡോണ സെബാസ്റ്റിനും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നുണ്ടെന്നാണ് സൂചന. ചിത്രത്തിൽ വിജയിയുടെ പ്രതിഫലം 100 കോടി രൂപയാണെന്നും നേരത്തെ റിപ്പോർട്ടുകൾ വന്നിരുന്നു.

ബാഴ്സയുടെ പരാജയം റയൽ ആഘോഷിച്ചു

മാഡ്രിഡ്: ബാഴ്സലോണയുടെ ബയേൺ മ്യൂണിക്കിനെതിരായ പരാജയം റയൽ മാഡ്രിഡ് താരങ്ങൾ ആഘോഷിച്ചു എന്ന് റയലിന്റെ മധ്യനിര താരം ക്രൂസ് പറഞ്ഞു. റയൽ മാഡ്രിഡിന്റെ ഏറ്റവും വലിയ വൈരികളാണ് ബാഴ്സലോണ.ബാഴ്സലോണ പരാജയപെട്ട ദിവസം റയൽ മാഡ്രിഡിന്റെ വാട്സാപ്പിൽ താരങ്ങൾ ആ പരാജയം ചെറുതായി തന്നെ ആഘോഷിച്ചു എന്ന് ക്രൂസ് പറഞ്ഞും എന്തൊക്കെയാണ് വാട്സാപ്പ് ഗ്രൂപ്പിൽ ഉണ്ടായത് എന്ന് പുറത്ത് പറയാൻ കഴിയില്ല. എന്നാൽ അവിടെ ആരുൻ ദുഖിതരല്ലായിരുന്നു എന്നും പല തരത്തിലുള്ള ആഘോഷങ്ങൾ നടക്കുക ആയിരുന്നു എന്നും ക്രൂസ് പറഞ്ഞു. ഇത്തവണ ലാലിഗയിൽ ബാഴ്സലോണയെ മറികടന്ന് റയൽ മാഡ്രിഡ് കിരീടം നേടിയിരുന്നു. ബാഴ്സലോണ കഴിഞ്ഞ ആഴ്ചയാണ് അവരുടെ ചരിത്രത്തിലെ തന്നെ ഏറ്റവും മോശം പരാജയം ഏറ്റുവാങ്ങിയത്. ചാമ്പ്യൻസ് ലീഗിൽ ബയേൺ മ്യൂണിക്കിന് മുന്നിൽ 8-2ന് ആയിരുന്നു ബാഴ്സലോണ പരാജയപ്പെട്ടത്.

രോഹിത് ശർമയടക്കം അഞ്ച് ഖേൽ രത്ന

ജിൻസി ഫിലിപ്പിന് ധ്യാൻചന്ദ് പുരസ്കാരം, 'അർജുന'യിൽ മലയാളിയില്ല

മലയാളി താരം ജിൻസി ഫിലിപ്പിന് ധ്യാൻടന്ദ് പുരസ്കാരംന്യൂഡൽഹി: രാജ്യത്തെ പരമോന്നത കായിക പുരസ്കാരമായ ഖേൽരത്നയ്ക്കു ഇത്തവണ അഞ്ച് അവകശികൾ. ഇന്ത്യൻ ക്രിക്കറ്റിലെ സൂപ്പർ താരവും നിശ്ചിത ഓവർ ടീം വൈസ് ക്യാപ്റ്റനുമായ രോഹിത് ശർമയ്ക്കും ഇത്തവണ ഖേൽരത്ന ലഭിച്ചിട്ടുണ്ട്. ടേബിൾ ടെന്നീസ് താരം മനിക ബത്ര, ഗുസ്തി താരം വിനേഷ് ഫോഗട്ട്, ഹോക്കി താരം റാണി, പാരാലിംപിക്സിൽ സ്വർണം നേടിയ മാരിയപ്പൻ തങ്കവേലു എന്നിവരാണ് ഖേൽരത്ന ലഭിച്ച മറ്റു താരങ്ങൾ. മലയാളി താരം ജിൻസി ഫിലിപ്പിന് ധ്യാൻചന്ദ് പുരസ്കാരം ലഭിക്കും. അതേസമയം ദ്രോണാചാര്യ പുരസ്കാരത്തിന് അത്ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ ശുപാർശ ചെയ്ത മലയാളി കോച്ച് രാധാകൃഷ്ണൻ നായരെ കായിക മന്ത്രാലയം പരിഗണിച്ചില്ല. 2016നു ശേഷം ആദ്യമായാണ് അഞ്ചു താരങ്ങളെ ഖേൽരത്നയ്ക്കു വേണ്ടി ദേശീയ സ്പോർട്സ് അവാർഡ് സെലക്ഷൻ കമ്മിറ്റി ശുപാർശ ചെയ്തത്. ഖേലരത്ന നേടിയ നാലാമത്തെ ക്രിക്കറ്ററാണ് രോഹിത്. ഇന്ത്യൻ നായകൻ വിരാട് കോഹ്‌ലിയാണ് ഏറ്റവും ഒടുവിൽ ഈ നേട്ടത്തിന് അവകാശിയായത്. 2018ലായിരുന്നു ഇത്. സച്ചിൻ ടെൻഡുൽക്കർ (1998), എംഎസ് ധോണി (2007) എന്നിവരാണ് ഖേൽരത്ന നേടിയ മറ്റു ക്രിക്കറ്റർമാർ. ദ്രോണാചാര്യ പുരസ്കാരത്തിന് ആജീവനാന്ത കാറ്റഗറിയിൽ എട്ട് അവകാശികളുണ്ട്. ധർമേന്ദ്ര തിവാരി (അമ്പെയ്ത്ത്), പുരുഷോത്തം റായ് (അത്റ്റിക്സ്) ശിവ് സിങ് (ബോക്സിങ്), റൊമേഷ് പതാനിയ (ഹോക്കി), കൃഷ്ണകുമാർ ഹുഡ (കബഡി), വിജയ് ബാലചന്ദ്ര മുനീഷ്വർ (പാരാ പവർലിഫ്റ്റിങ്), നരേഷ് കുമാർ (ടെന്നീസ്), ഓംപ്രകാശ് ദഹിയ (ഗുസ്തി) എന്നിവർക്കാണ് ദ്രോണാചാര്യ ലഭിച്ചത്. ദ്രോണാചാര്യ പുസ്കാരത്തിന് സ്ഥിരം കാറ്റഗറിയിൽ അവാർഡിന് അർഹരായവർ ജൂഡ് ഫെലിക്സ് സെബാസ്റ്റ്യൻ (ഹോക്കി), യോഗേഷ് മാൽവിയ (മല്ലാകാംബ്), ജസ്പാൽ റാണ (ഷൂട്ടിങ്), കുൽദീപ് കുമാർ ഹൺഡു (വുഷു), ഗൗരവ് ഖരാന (പാരാ ബാഡ്മിന്റൺ) എന്നിവരാണ്.

27 പേർ അർജുന അവാർഡ് പങ്കിട്ടപ്പോൾ 15 പേർ ധ്യാൻചന്ദ് പുരസ്കാരത്തിനും തിരഞ്ഞെടുക്കപ്പെട്ടു. കുൽദീപ് സിങ് ബുല്ലാർ, ജിൻസി ഫിലിപസ് (അത്ലറ്റിക്സ്), പ്രദീപ് ശ്രീകൃഷ്ണ ഗാന്ധെ, തൃപ്തി മുരുഗുന്ദെ)ബാഡ്മിന്റൺ), എൻ ഉഷ, ലഖ സിങ് (ബോക്സിങ്), സുഖ്വീന്ദർ സിങ് സന്ധു (ഫുട്ബോൾ), അജിത് സിങ് (ഹോക്കി), മൻപ്രീത് സിങ് (കബഡി), രഞ്ജിത് കുമാർ (പാരാ അത്ലറ്റിക്സ്), സത്യപ്രകാശ് തിവാരി (പാരാ ബാഡ്മിന്റൺ), മൻജീത്ത് സിങ് (തുഴച്ചിൽ), സച്ചിൻ നാഗ് (നീന്തൽ), നന്ദൻ പി ബാൽ (ടെന്നീസ്), നേതാർപാൽ ഹൂഡ (ഗുസ്തി എന്നിവർക്കാണ് പുരസ്കാരം. അർജുന അവാർഡ് വിജയികൾ അതാനു ദാസ് (അമ്പെയ്ത്ത്), ദ്യുതിചന്ദ് (അത്ലറ്റിക്സ്), സാത്വിക് സായ് രാജ് റെഡ്ഡി, ചിരാഗ് ചന്ദ്രശേഖർ ഷെട്ടി (ബാഡ്മിന്റൺ), വിശേഷ് ബ്രിഗുവൻഷി (ബാസ്കറ്റ് ബോൾ), മനീഷ് കൗഷിക്ക്, ലവ്ലിന ബോർഗോഹെയ്ൻ (ബോക്സിങ്), ഇഷാന്ത് ശർമ, ദീപ്തി ശർമ (ക്രിക്കറ്റ്), സാവന്ത് അജയ് ആനന്ദ് (ഇക്വെസ്ട്രിയൻ), സന്ദേഷ് ജിങ്കൻ (ഫുട്ബോൾ), അദിഥി അശോക് (ഗോൾഫ്), ആകാഷ്ദീപ് സിങ്, ദീപിക (ഹോക്കി), ദീപക് (കബഡി), സരിത സുധാകർ (ഖോ ഖോ), ദത്തു ബബൻ ബൊക്കാനൽ (തുഴച്ചിൽ), മനു ബേക്കർ, സൗരഭ് ചൗധരി (ഷൂട്ടിങ്), മധുരിക സുഹാസ് പാട്കർ (ടേബിൾ ടെന്നീസ്), ദിവ്ജി ശരൺ (ടെന്നീസ്), ശിവ് കേശവൻ (വിന്റർ സ്പോർട്സ്), ദിവ്യ കക്രാൻ, രാഹുൽ അവാരെ (ഗുസ്തി), സുയാഷ് നാരായൺ ജാദവ് (പാര സ്വിമ്മിങ്), സന്ദീപ് (പാരാ അത്ലറ്റിക്സ്), മനീഷ് നർവാൾ (പാരാ ഷൂട്ടിങ്).

രോഹിത് ശർമ, വിനേഷ് ഫോഗട്ട്

മികവോടെ ജിൻസി

കൊച്ചി: ദേശീയ കായിക പുരസ്ക്കാരങ്ങൾ പ്രഖ്യാപിച്ചപ്പോൾ പട്ടികയിൽ ഒരേയൊരു മലയാളിക്കു മാത്രമാണ് പട്ടികയിൽ ഇടം നേടാനായത്. . കോരുത്തോടിൽ ഒളിംപിക്സ് ട്രാക്കിലേക്ക് ഓടിക്കയറിയ ഇന്ത്യയുടെ എക്കാലത്തെയും മികച്ച 400 മീറ്ററിലെ മികച്ചതാരങ്ങളിൽ ഒരാളായ ജിൻസി ഫിലിപ്പാണ് ധ്യാൻ ചന്ദ് പുരസ്കാരത്തിന് അർഹയായത്. പതിറ്റാണ്ടിലേറെ കാലത്തെ പഴക്കമുണ്ട് ഇന്ത്യയുടെ റിലേ ടീമിലെ മലയാളി ആധിപത്യത്തിന്.

ആ പട്ടികയിൽ മാറ്റി നിർത്താനാവാത്ത നാമമാണ് ജിൻസി ഫിലിപ്പ്. ദ്രോണാചാര്യൻ കെ.പി തോമസ് മാഷിൻ്റെ പ്രിയശിഷ്യ. 1998 ലെ ബാങ്കോക്ക് ഏഷ്യൻ ഗെയിംസിൽ വെള്ളി. 1999 ലെ നേപ്പാൾ സാഫ് ഗെയിംസിൽ സ്വർണം. 2000 ജക്കാർത്ത ഏഷ്യൻ ചാമ്പ്യൻഷിപ്പിൽ സ്വർണം. 2002 ബുസാൻ ഏഷ്യൻ ഗെയിംസിൽ സ്വർണം. 1999 ലെ സ്പെയിനിൽ നടന്ന ലോക അത്ലറ്റിക് ചാംപ്യൻഷിപ്പിലും ഇന്ത്യക്കായി റിലേയിൽ ബാറ്റൺ ഏന്തിയ താരം. മലയോര ഗ്രാമമായ കോരുത്തോട്ടിലെ അരീക്കൽ വീട്ടിൽ വി.ജെ ഫിലിപ്പിന്റെയും അന്നമ്മ ഫിലിപ്പിന്റേയും മകളായി 1977 ഏപ്രിൽ 12 ന് ജനനം. കുട്ടിക്കാലത്ത് തന്നെ ജിൻസി ഓട്ടം തുടങ്ങിയിരുന്നു. കർഷകനായ പിതാവ് രാവിലെ സ്വന്തം പശുക്കളെ കറന്ന്പാലുമായി മലകയറി ഇറങ്ങി കോരുത്തോട് സിറ്റിയിലേക്ക് പോകുമ്പോൾ കൊച്ചു ജിൻസിയും ഒപ്പം കൂടുമായിരുന്നു.

പിതാവിന്റെ വേഗതയുള്ള നടത്തത്തെ ജിൻസി ഓടി തോൽപ്പിക്കും. ആദ്യം പഠിച്ച കോരുത്തോട് സെന്റ് ജോർജ് സ്കൂളിലെ ഓട്ടമത്സരങ്ങളിൽ സ്ഥിരമായി സമ്മാനങ്ങൾ നേടിയതോടെയാണ് കെ.പി തോമസ് മാഷിന്റെ അടുത്ത് പരിശീലനത്തിന് എത്തുന്നത്. മലയോരത്തെചെങ്കുത്തായ കയറ്റിറക്കങ്ങളെയും മലഞ്ചെരുവുകളെയും കീഴടക്കിയാണ് ജിൻസി ഫിലിപ്പ് ഒളിംപിക്സ് ട്രാക്കിലെത്താനുള്ള കരുത്ത് നേടിയത്. തോമസ് മാഷിന്റെ സി.കെ.എം ഹൈസ്കൂളിലെ പരിശീലന കളരിയിൽ എത്തിയതോടെ മികച്ച താരമായി മാറി. സംസ്ഥാന, ദേശീയ സ്കൂൾ അത്ലറ്റിക് ചാംപ്യൻഷിപ്പുകളിൽ മികച്ച പ്രകടനം കാഴ്ചവെച്ചു. പരിശീലകൻ ടി.പി ഔസേപ്പാണ് തൃശൂർ വിമല കോളജിൽ എത്തിച്ചത്. പരിശീലകനായ ഇ.ജെ ജോർജ് ആയിരുന്നു പിന്നീട് പരിശീലകൻ. 1995 ൽസി.ആർ.പി.എഫിൽ ജോലിക്ക് കയറി. ഓൾ ഇന്ത്യാ പൊലിസ് മീറ്റിലും ലോക പൊലിസ് മീറ്റിലും നിരവധി മെഡലുകൾ നേടി.

പട്യാല നാഷണൽ ക്യാമ്പിൽ എത്തിയ ജിൻസി പ്രിയപ്പെട്ട ഇനമായ 400 മീറ്റർ റിലേയിൽ ഒളിംപ്യന്മാർക്കൊപ്പം പരിശീലനത്തിനിറങ്ങി. മികച്ച പ്രകടനം നടത്തിയ ജിൻസി ഫിലിപ്പ് ഇന്ത്യൻ വനിത റിലേ ടീമിലെ സ്ഥിരാഗംമായി. തിരുവനന്തപുരം സായി സെന്ററിലെ പരിശീലകയാണിപ്പോൾ. ഇന്ത്യയുടെ എക്കാലത്തെയും മികച്ച താരമായിരുന്ന ഒളിംപ്യൻ പി. രാമചന്ദ്രനാണ് ഭർത്താവ്.

ജിൻസി ഫിലിപ്പ്

ഡ്രീം 11 ഐപിഎൽ ലോഗോ പുറത്തുവിട്ടു

മുംബൈ: ഐപിഎല്ലിന്റെ 13ാം സീസണിലെ മുഖ്യ സ്പോൺസർമാരായ ഡ്രീം 11ന്റെ പേരോടു കൂടിയ പുതിയ ലോഗോ പുറത്തുവിട്ടു. ഐപിഎൽ തങ്ങളുടെ ഒഫീഷ്യൽ ടിറ്റർ, ഇൻസ്റ്റഗ്രാം അക്കൗണ്ടുകളിലൂടെയാണ് ഡ്രീം11ഐപിഎൽ എന്ന ഹാഷ് ടാഗോടെയാണ് ലോഗോ പങ്കു വച്ചിരിക്കുന്നത്. നിലവിലെ ഐപിഎൽ ചാംപ്യൻമാരായ മുംബൈ ഇന്ത്യൻസും ഇൻസ്റ്റഗ്രാം പേജിലൂടെ പുതിയ ലോഗോ ഷെയർ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഗാർഡ് ഏറ്റെടുത്തിരിക്കുകയാണ്, ഡ്രീം11ഐപിഎൽ എന്ന ക്യാപ്ഷനോടെയാണ് അവർ ലോഗോ പങ്കുവച്ചത്. ചൊവ്വാഴ്ചയാണ് ഐപിഎല്ലിന്റെ മുഖ്യ സ്പോൺസർഷിപ്പ് അവകാശം ഡ്രീം 11 നേടിയെടുത്തത്. നേരത്തേ തന്നെ ബിസിസിഐയുമായി അവർക്കു പാർട്നർഷിപ്പുണ്ട്. എജ്യുക്കേഷൻ പ്ലാറ്റ്ഫോമുകളായ അൺഅക്കാദമി, ബൈജൂസ് എന്നിവരെ പിന്തള്ളിയാണ് ഡ്രീം 11 ഇത്തവണ മുഖ്യ സ്പോൺസർഷിപ്പ് നേടിയെടുത്തത്.

മൂന്നു വർഷത്തെ കരാറിനായിരുന്നു ഡ്രീം 11ന് താൽപ്പര്യമെങ്കിൽ ബിസിസിഐ ഇതിനോടു യോജിച്ചില്ല. നിലവിൽ ഈ വർഷത്തെ ടൂർണമെന്റിലെ മാത്രം സ്പോൺസർമാരാണ് ഡ്രീം 11. കരാർ പ്രകാരം ഡ്രീം 11 ഈ വർഷം 222 കോടി രൂപയും തുടർന്നുള്ള രണ്ടു വർഷങ്ങളിൽ 240 കോടി രൂപ വീതവുമാണ് ഓഫർ ചെയ്തിരുന്നത്. പക്ഷെ ബിസിസിഐ ഇതു തള്ളുകയായിരുന്നു. കരാർ ഒരു വർഷത്തേക്കു മാത്രം മതിയെന്നും ബിസിസിഐ തീരുമാനിക്കുകയായിരുന്നു. കൊവിഡ് മഹാമാരി അവസാനിച്ചാൽ അടുത്ത വർഷത്തെ ഐപിഎല്ലിൽ കൂടുതൽ തുക ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ബിസിസിഐ. അതുകൊണ്ടാണ് ഡ്രീം 11നുമായി മൂന്നു വർഷത്തെ കരാറുണ്ടാക്കാൻ ബിസിസിഐ വിസമ്മതിച്ചതെന്നാണ് വിവരം. അടുത്ത വർഷവും വിവോ സ്പോൺസർഷിപ്പിൽ നിന്നു വിട്ടുനിൽക്കുകയാണെങ്കിൽ ഡ്രീം 11നായിരിക്കും മുൻതൂക്കമെന്നും ബിസിസിഐ അറിയിച്ചിരുന്നു. മുൻ സ്പോൺസർമാരും ചൈനീസ് സ്മാർട്ട് ഫോൺ കമ്പനിയുമായ വിവോ പ്രതിവർഷം നൽകിയ തുകയുടെ പകുതിയോളം മാത്രമേ ഡ്രീം 11 ബിസിസിഐയ്ക്കു നൽകുന്നുള്ളൂ. കഴിഞ്ഞ സീസണിലെ ഐപിഎൽ വരെ പ്രതിവർഷം 440 കോടി രൂപയായിരുന്നു വിവോ ബിസിസിഐയ്ക്കു നൽകിയിരുന്നത്. ഓൺലൈൻ ഗെയിമിങ് കമ്പനിയായ ഡ്രീം 11 സ്പോർട്ട ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിലുള്ളതാണ്. മഹാരാഷ്ട്രയിലെ മുംബൈ കേന്ദ്രമാക്കിയാണ് ഡ്രീം ഇലവൻ പ്രവർത്തിക്കുന്നത്. 2012ൽ രൂപീകരിക്കപ്പെട്ട കമ്പനിയാണ് ഡ്രീം 11.

ഐപിഎല്ലിലെ ആറു ഫ്രാഞ്ചൈസികളുമായി നേരത്തേ തന്നെ കരാറുള്ള അവർക്കു 19 വിവിധ ലീഗുകളുകളുടെ പാർട്നർമാർ കൂടിയാണ്.

രാജസ്ഥാൻ റോയൽസ് യുഎഇയിൽ

അബുദാബി: ഇന്ത്യൻ പ്രീമിയർ ലീഗിൽ പങ്കെടുക്കുന്നതിന് വേണ്ടി രാജസ്ഥാൻ റോയൽസ് യു.എ.ഇയിലെത്തി. 2008 ഐ.പി.എല്ലിലെ ചാമ്പ്യന്മാരായ രാജസ്ഥാൻ റോയൽസ് ആണ് യു.എ.ഇയിലെത്തിയ ആദ്യ ഐ.പി.എൽ ടീം. ഇന്ന് രാവിലെ മറ്റൊരു ഐ.പി.എൽ ടീമായ കിങ്സ് ഇലവൻ പഞ്ചാബും യു.എ.ഇയിൽ എത്തിയിരുന്നു. യു.എ.ഇ യിലേക്ക് തിരിക്കുന്നതിന് മുൻപ് കോവിഡ് ടെസ്റ്റ് പൂർത്തിയാക്കുകയും നെഗറ്റീവ് ആവുകയും ചെയ്തതിന് ശേഷമാണ് ടീമുകൾ യു.എ.ഇയിലേക്ക് യാത്ര തിരിച്ചത്. തുടർന്ന് യു.എ.ഇയിലെത്തിയ ടീമുകൾ 6 ദിവസം ക്വറന്റൈൻ പൂർത്തിയാക്കിയതിന് ശേഷം പരിശീലനം ആരംഭിക്കും. ഇതിനിടയിൽ താരങ്ങൾ 3 തവണ കൊറോണ ടെസ്റ്റ് നടത്തുകയും നെഗറ്റീവ് ആവുകയും വേണം. ദുബായിലെ ഐ.സി.സി അക്കാദമിയിലെ സൗകര്യങ്ങളും അബുദാബിയിലെ സായിദ് ക്രിക്കറ്റ് സ്റ്റേഡിയത്തിലെ സൗകര്യങ്ങളുമാണ് ഐ.പി.എൽ ടീമുകൾ ഉപയോഗിക്കുക.

റെയ്നയ്ക്ക് മോദിയുടെ അഭിനന്ദനം

ന്യൂഡൽഹി: ഇന്ത്യൻ ക്രിക്കറ്റിനു നൽകിയ സംഭാവന മുൻനിർത്തി ഈയിടെ വിരമിച്ച ഇന്ത്യൻ താരം സുരേഷ് റെയ്നയെ കത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. രണ്ടു പേജുള്ള കത്തിലാണ് റെയ്ന അദ്ദേഹം പ്രശംസ കൊണ്ട് മൂടിയത്. കത്ത് ടിറ്ററിലൂടെ പുറത്തുവിട്ട റെയ്ന നന്ദി അറിയിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ദിവസം മുൻ ഇതിഹാസ നായകൻ എംഎസ് ധോണിയെയും പ്രധാനമന്ത്രി കത്തിലൂടെ പ്രശംസിച്ചിരുന്നു. ധോണിയും റെയ്നയും ആഗസ്റ്റ് 15നായിരുന്നു അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നു വിമരിക്കുന്നതായി പ്രഖ്യാപിച്ചത്. ആദ്യം ധോണിയാണ് കളി മതിയാക്കുന്നതായി ഇൻസ്റ്റഗ്രാം പേജിലൂടെ ലോകതത്തെ അറിയിച്ചതെങ്കിൽ മിനിറ്റുകളൂടെ വ്യത്യാസത്തിൽ റെയ്നയും വിരമിക്കുന്നതായി അറിയിച്ചു. പ്രധാനമന്ത്രിയുടെ കത്തിന്റെ ചുരുക്കം ഇങ്ങനെയായിരുന്നു- പ്രിയപ്പെട്ട സുരേഷ്, ആഗസ്റ്റ് 15ന് നിങ്ങൾ ജീവിതത്തിലെ ഏറ്റവും കടുപ്പമേറിയ തീരുമാനങ്ങളിലൊന്നാണ് എടുത്തത്. വിരമിക്കൽ എന്ന വാക്ക് ഉപയോഗിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം നിങ്ങൾ വളരെ ചെറുപ്പവും ഊർജസ്വലനുമാണ്. ക്രിക്കറ്റ് ഫീൽഡിലെ വളരെ വിജയകരമായ ഇന്നിങ്സിനു ശേഷം നിങ്ങൾ ജീവിതത്തിലെ അടുത്ത ഇന്നിങ്സിന് പാഡണിയുകയാണ്. നിങ്ങൾ ക്രിക്കറ്റിൽ ജീവിക്കുകയും അത് ശ്വസിക്കുകയും ചെയ്തു.

ക്രിക്കറ്റിനോടുള്ള നിങ്ങളുടെ താൽപ്പര്യം ജീവിതത്തിന്റെ തുടക്കകാലം മുതൽ തന്നെയുണ്ടായിരുന്നു. മുറാദ്നഗറിലെ തെരുവുകളിൽ നിന്നും തുടങ്ങിയ കളി വൈകാതെ ലഖ്നൗവിലെ ഗ്രൗണ്ടുകൾ വരെയെത്തി. അതു മുതൽ എത്ര സംഭവബഹുലമായ യാത്രയായിരുന്നു അത്. നിങ്ങൾ അഗാധമായി ഇഷ്ടപ്പെടുന്ന സ്വന്തം രാജ്യത്തെ മൂന്നു ഫോർമാറ്റുകളിലും പ്രതിനിധീകരിക്കാൻ കഴിഞ്ഞു. സാഹചര്യം ആവശ്യപ്പെടുമ്പോൾ ക്യാപ്റ്റന് ആശ്രയിക്കാവുന്ന ബൗളറെന്ന നിലയിലും മികച്ച ബാറ്റ്സ്മാനെന്ന നിലയിലും തലമുറകൾ നിങ്ങളെ ഓർമിക്കും. നിങ്ങളുടെ ഫീൽഡിങ് മാതൃകാപരവും പ്രചോദനം നൽകുന്നതുമായിരുന്നു.

അന്താരാഷ്ട്ര ക്രിക്കറ്റില ചില ക്യാച്ചുകൾ നിങ്ങളുടെ സവിശേഷ മുദ്രയുള്ളതായിരുന്നു. ഫീൽഡിലെ ജാഗ്രത കാരണം നിങ്ങൾ രക്ഷപ്പെടുത്തിയ റൺസ് എത്രയെന്നു എണ്ണി തിട്ടപ്പെടുത്താൻ ദിവസങ്ങൾ തന്നെ വേണ്ടിവരും. ബാറ്റ്സ്മാനെന്ന നിലയിൽ നിങ്ങളുടെ പ്രകടനം പ്രത്യേകിച്ചും പുതിയ ഫോർമാറ്റായ ടി20യിൽ മറ്റുള്ളവരിൽ നിന്നും വേർതിരിച്ച് നിർത്താവുതാണ്. ഇത് എളുപ്പമുള്ള ഫോർമാറ്റല്ല. സമയത്തിന് അനുസരിച്ച് വളരെ പെട്ടെന്നു കളിയിൽ മാറ്റം ആവശ്യപ്പെടുന്ന കളിയാണിത്. 2011ലെ ലോക കപ്പിൽ, പ്രത്യേകിച്ചും അവസാന ഘട്ടങ്ങളിൽ നിങ്ങളുടെ സംഭാവനകൾ ഇന്ത്യ ഒരിക്കലും മറക്കില്ല. അഹമ്മദാബാദിലെ മൊട്ടേറ സ്റ്റേഡിയത്തിൽ ഓസ്ട്രേലിയക്കെതിരായ ക്വാർട്ടർ ഫൈനലിൽ നിങ്ങളുടെ പ്രകടനം ഞാൻ നേരിട്ടു കണ്ടിരുന്നു. നമ്മുടെ ടീമിന്റെ വിജയത്തിൽ നിങ്ങളുടെ ഇന്നിങ്സിന്റെ സംഭാവന വളരെ വലുതായിരുന്നു. അന്ന് ഞാൻ ലൈവായി കണ്ട നിങ്ങളുടെ കവർ ഡ്രൈവുകൾ ഇനി കാണാനാവില്ലെന്നത് ഭൂരിഭാഗം ആരാധകരെയും നിരാശപ്പെടുത്തുമെന്ന് ഉറച്ച വിശ്വാസത്തോടെ തന്നെ പറയാൻ കഴിയും. കായിക താരങ്ങൾ കളിക്കളത്തിലെ പ്രകടനത്തിന്റെ പേരിൽ മാത്രമല്ല പുറത്തേയും പെരുമാറ്റത്തിന്റെ പേരിലാണ് ആരാധിക്കപ്പെടുന്നത്. നിങ്ങളുടെ പോരാട്ടവീര്യം നിരവധി യുവതലമുറയെ പ്രചോദിപ്പിക്കും.

ക്രിക്കറ്റ് കരിയറിൽ നിങ്ങൾക്കു ഇടയ്ക്കു പരിക്കുൾപ്പെടെയുള്ള ചില തിരിച്ചടികൾ നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഓരോ തവണയും ഈ വെല്ലുവിളികളെ അതിജീവിച്ച് നിങ്ങൾ മടങ്ങിവന്നു. എല്ലായ്പ്പോഴും ടീം സ്പിരിറ്റിന്റെ പര്യായങ്ങളിലൊന്ന് കൂടിയായിരുന്നു സുരേഷ് റെയ്ന. നിങ്ങൾ വ്യക്തിപരമായ വിജയത്തിനു വേണ്ടിയല്ല, മറിച്ച് ടീമിന്റെ വിജയത്തിനു വേണ്ടിയാണ് കളിച്ചത്. ഒരുപാട് ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തോടുള്ള നിങ്ങളുടെ സഹാനുഭൂതി തന്നെയാണ് കാണിക്കുന്നത്. വനിതാ ശാക്തീകരണം, സ്വച്ഛ് ഭാരത് എന്നിവയടക്കം ആവശ്യമുള്ളപ്പോഴെല്ലാം നിങ്ങൾ സഹായം വാഗ്ദാനം ചെയ്ത് മുന്നോട്ട് വന്നിട്ടുണ്ട്. ഭാവിയിൽ എന്താണോ നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നത് അതിൽ വിജയിക്കുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. ഈ അവസരം പ്രിയങ്ക, ഗ്രാസിയ, റിയോ എന്നിവർക്കൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ നിങ്ങൾ ഉപയോഗിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ഇന്ത്യയെ കായികരംഗത്തെ ലീഡറാക്കാൻ നിങ്ങളെക്കൊണ്ട് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തതിലും യുവമനസുകളെ നിരന്തരം പ്രചോദിപ്പിക്കുകയും ചെയ്തതിനും നന്ദി.

പ്രധാനമന്ത്രിയുടെ പ്രശംസയ്ക്കു റെയ്ന നന്ദി അറിയിച്ചു. ഞങ്ങൾ കളിക്കുമ്പോൾ രാജ്യത്തിന് രക്തവും വിയർപ്പും നൽകുകയാണ്. ഈ രാജ്യത്തെ ജനങ്ങളാലും പ്രധാനമന്ത്രിയാലും ഇഷ്ടപ്പെടുന്നതിനേക്കാൾ വലിയൊരു അഭിനന്ദനം ലഭിക്കാനില്ല. നിങ്ങളുടെ പ്രശംസയ്ക്കും ആശംസകൾക്കും നന്ദി പ്രധാനമന്ത്രി. നന്ദിയോടെ ഇതു സ്വീകരിക്കുകയാണെന്നും റെയ്ന കത്തിനൊപ്പം ടീറ്റ് ചെയ്തു.

ഐപിഎല്ലിലെ വാക് പോരാട്ടങ്ങൾ

അബുദാബി: ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 13ാം സീസൺ സെപ്റ്റംബർ 19ന് യുഎഇയിൽ ആരംഭിക്കാനിരിക്കുകയാണ്. താരസമ്പന്നത കൊണ്ടും ആരാധക പിന്തുണകൊണ്ടും ലോകത്തിലെ ഏറ്റവും മികച്ച ക്രിക്കറ്റ് ലീഗാണ് ഐപിഎൽ. ആരാധകരെ ആവേശം കൊള്ളിക്കുന്ന നിരവധി സംഭവങ്ങൾ ഐപിഎല്ലിന്റെ 12 വർഷത്തെ ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്. എന്നാൽ ഐപിഎല്ലിന് നാണക്കേടാകുന്ന ചില വാക്പോരാട്ടങ്ങൾക്കും ടൂർണമെന്റ് സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഐപിഎല്ലിന്റെ ചരിത്രത്തിൽ ആരാധകർ മറക്കാത്ത മൂന്ന് വാക് പോരാട്ടങ്ങളാണ് പ്രധാനമായുമുള്ളത്.

ശ്രീശാന്തിന് ഹർഭജന്റെ അടി

ഐപിഎല്ലിന്റെ പ്രഥമ സീസണിൽത്തന്നെയാണ് ഐപിഎല്ലിലെ ഏറ്റവും മോശം വാക് പോരാട്ടവും കയ്യാങ്കളിയും നടന്നത്. ഇന്ത്യൻ താരങ്ങളായ ഹർഭജൻ സിങ്ങും ശ്രീശാന്തും തമ്മിലായിരുന്നു ഇത്. 2008ൽ ഹർഭജൻ മുംബൈ ഇന്ത്യൻസിനുവേണ്ടിയും ശ്രീശാന്ത് കിങ്സ് ഇലവൻ പഞ്ചാബിനുവേണ്ടി കളിക്കുന്ന സമയം. ഹർഭജനെ കളിയാക്കിയെന്നതിന്റെ പേരിൽ ശ്രീശാന്തിന്റെ മുഖത്ത് ഹർഭജൻ അടിക്കുകയായിരുന്നു. സംഭവം വലിയ വിവാദമായെങ്കിലും അവസാനം ഹർഭജൻ മാപ്പ് പറഞ്ഞ് തടിയൂരി.

ഗൗതം ഗംഭീർ-വിരാട് കോഹ്‌ലി വാക് പോര്

2013 സീസണിലാണ് ഇന്ത്യൻ താരങ്ങളായ ഗൗതം ഗംഭീറും വിരാട് കോഹ്‌ലിയും തമ്മിൽ ശക്തമായ വാക് പോരാട്ടം നടന്നത്. ഗംഭീർ കൊൽക്കത്തയുടെ നായകനായിരിക്കുമ്പോൾ കോഹ്‌ലി റോയൽ ചലഞ്ചേഴ്സ് താരമായിരുന്നു. കോഹ്‌ലിയുടെ പുറത്താകലിൽ ഗംഭീറിന്റെ ആഹ്ലാദത്തിൽ പ്രകോപിതനായ കോഹ്‌ലി ഗംഭീറിനെതിരേ വാക് പ്രയോഗവുമായി എത്തി. ഗംഭീറും കോഹ്‌ലിക്ക് നേരത്തെ എത്തിയതോടെ സംഭവം കയ്യാങ്കളിയിലേക്ക് നീങ്ങി. എന്നാൽ കൊൽക്കത്തയിലെ സഹതാരങ്ങൾക്ക് ചേർന്ന് ഇരുവരേയും മാറ്റി വിടുകയായിരുന്നു.

സ്റ്റാർക്കിനെ ബാറ്റുകൊണ്ടെറിഞ്ഞ് പൊള്ളാർഡ്

2014 സീസണിലാണ് മുംബൈയുടെ കീറോൺ പൊള്ളാർഡും ആർസിബിയുടെ മിച്ചൽ സ്റ്റാർക്കും തമ്മിൽ പരസ്പരം നിയന്ത്രണം വിട്ട് പെരുമാറിയത്. സ്റ്റാർക്ക് ഓടി പന്തെറിയാനെത്തിയപ്പോൾ പൊള്ളാർഡ് ക്രീസിൽ നിന്ന് മാറി. ഇതിൽ പ്രകോപിതനായ സ്റ്റാർക്ക് പൊള്ളാർഡിന് നേരെ പന്തെറിഞ്ഞു. തിരിച്ച് സ്റ്റാർക്കിനെ നേരെ പൊള്ളാർഡ് ബാറ്റുകൊണ്ട് എറിഞ്ഞെങ്കിലും കൈയിൽ നിന്ന് വഴുതി പോയതിനാൽ അപകടം ഒഴിവായി. പിന്നീട് സഹതാരങ്ങളും അംപയറും ചേർന്നാണ് പ്രശ്നം പരിഹരിച്ചത്.

ഗാംഗുലിയും ഷെയ്ൻ വോണും നേർക്കുനേർ

2008ലെ സീസണിലാണ് ഇതിഹാസ താരങ്ങളാ ഷെയ്ൻ വോണും സൗരവ് ഗാംഗുലിയും നേർക്കുനേർ പോരടിച്ചത്. ഗാംഗുലി കൊൽക്കത്തയുടേയും ഷെയ്ൻ വോൺ രാജസ്ഥാന്റെയും ഭാഗമായിരുന്നു. കൊൽക്കത്തയുടെ നായകനായിരുന്ന ഗാംഗുലിയുടെ ക്യാച്ച് ഗ്രയിം സ്മിത്ത് എടുത്തെങ്കിലും ഗാംഗുലി ഗ്രൗണ്ട് വിടാൻ വിസമ്മതിച്ചു. തേർഡ് അംപയറുടെ വിധിയിൽ ഗാംഗുലി ഔട്ടല്ലെന്ന് വ്യക്തമായതോടെ രാജസ്ഥാൻ നായകൻ ഷെയ്ൻ വോൺ പ്രകോപിതനാവുകയായിരുന്നു. ഇരുവരും തമ്മിൽ ശക്തമായ വാക് പോരാട്ടം തന്നെയാണ് നടന്നത്.

സുവാരസിനോട് പൊയ്ക്കോളാൻ ബാഴ്സ

ബാഴ്സലോണ: ബാഴ്സലോണ ക്ലബിൽ സുവാരസ് ഇനി ഉണ്ടാകില്ല എന്ന് ഉറപ്പാകുന്നു. സുവാരസിനോട് ബാഴ്സലോണ വിടാൻ ക്ലബ് തന്നെ നിർദ്ദേശം നൽകിയതായാണ് വിവരങ്ങൾ. ബാഴ്സലോണയുടെ പുതിയ പരിശീലകൻ കോമാൻ തന്നെ സുവാരസ് ക്ലബ് വിടും എന്ന സൂചന നൽകി.

സുവാരസ്, റാകിറ്റിച്, ഉംറ്റിറ്റി എന്നിവർക്ക് ഒക്കെ ക്ലബ് വിടാം എന്നാണ് കോമന്റെ നിർദ്ദേശം. സുവാരസ് അയാക്സിലേക്ക് പോകുമെന്നാണ് കരുതപ്പെടുന്നത്.സുവാരസിനെ നൽകി പകരം അയാക്സിന്റെ വാൻ ഡെ ബീകിനെ സ്വന്തമാക്കാൻ ആണ് ബാഴ്സലോണ ആലോചിക്കുന്നത്.സുവാരസിനായി ഡച്ച് ക്ലബായ അയാക്സ് ബാഴ്സലോണയെ സമീപിച്ചിട്ടുണ്ട്.

SENSEX: 38,434.72 (+214.33)

NIFTY: 11,371.60 (+59.40)

വിനിമയ നിരക്ക്

ഡോളർ	74.95
യൂറോ	88.29
പൗണ്ട്	98.45
സ്വിസ്ഫ്രാങ്ക്	82.16
സിംഗപ്പൂർ ഡോളർ	54.73
ഓസ്ട്രേലിയൻ	53.81
കനേഡിയൻ	56.75
ബഹറിൻ ദിനാർ	198.54
കുവൈറ്റ് ദിനാർ	245.17
ഒമാനി റിയാൽ	194.65
സൗദി റിയാൽ	19.96
യു എ ഇ ദിർഹം	20.38
ഖത്തർ	20.42

സുഗന്ധവ്യഞ്ജന കയറ്റുമതി കൂടി

2019-2020ൽ ആകെ സുഗന്ധവ്യഞ്ജന കയറ്റുമതി 11.83 ലക്ഷം ടൺ, വ്യാപാര മൂല്യം 21515.4 കോടി

കൊച്ചി: അന്താരാഷ്ട്ര വിപണിയിലെ കനത്ത മത്സരങ്ങൾക്കിടയിലും ഉയർന്ന ഗുണമേന്മയും ഗുണനിലവാരവും നിലനിർത്തി 2019-2020 സാമ്പത്തിക വർഷത്തിൽ ഇന്ത്യൻ സുഗന്ധവ്യഞ്ജന കയറ്റുമതി 21515.4 കോടി രൂപയുടെ (3033.44 മില്യൺ യുഎസ് ഡോളർ) നേട്ടം കൊയ്തു. സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ ചരിത്രത്തിൽ ആദ്യമായാണ് 3 ബില്യൺ യുഎസ് ഡോളർ നേട്ടം കൈവരിക്കുന്നത്.

ആഗോളവിപണിയിലെ വർധിച്ച ആവശ്യകത മുതലാക്കി 11.83 ലക്ഷം മെട്രിക് ടൺ സുഗന്ധവ്യഞ്ജനങ്ങളും സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളും ആണ് 2019-20 വർഷത്തിൽ കയറ്റുമതി ചെയ്യപ്പെട്ടത്. മൊത്തം സുഗന്ധവ്യഞ്ജന കയറ്റുമതി മൂല്യത്തിലും അളവിലും ലക്ഷ്യമിട്ടതിലും കൂടുതലാണ്. 19666.90 കോടി രൂപ (2850.28 യുഎസ് ഡോളർ) മൂല്യമുള്ള 10,75,000 മെട്രിക് ടൺ കയറ്റുമതി ലക്ഷ്യത്തിനെതിരെ അളവിൽ 110 ശതമാനവും രൂപ മൂല്യത്തിൽ 109 ശതമാനവും ഡോളർ മൂല്യത്തിൽ 106 ശതമാനവും നേട്ടം കൈവരിക്കാനായി.

2018-2019 വർഷത്തിൽ 19505.81 കോടി രൂപ വിലമതിക്കുന്ന 1100250 മെട്രിക് ടൺ സുഗന്ധവ്യഞ്ജനങ്ങളും സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളും കയറ്റുമതി ചെയ്തു. 2019-2020 വർഷത്തിൽ ഇത് 21515.4 കോടി രൂപ വില വരുന്ന 11.83 മെട്രിക് ടൺ ആയി വർധിച്ചു. 2018-2019 വർഷത്തെ കയറ്റുമതിയുമായി താരതമ്യം ചെയ്യുമ്പോൾ അളവിൽ എട്ട് ശതമാനവും, രൂപ മൂല്യത്തിൽ പത്ത് ശതമാനവും, ഡോളർ മൂല്യത്തിൽ എട്ട് ശതമാനവും നേട്ടമുണ്ടാക്കാനായി.

2018-2019 വർഷത്തിൽ 219 സുഗന്ധവ്യഞ്ജനങ്ങളും സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളും കയറ്റുമതി ചെയ്തപ്പോൾ 2019-20ൽ ഇത് 225 ആയി ഉയർന്നു. മുളക്, പുതിനയും പുതിന ഉത്പന്നങ്ങളും, ജീരകം, സുഗന്ധവ്യഞ്ജന എണ്ണ, സത്തുകൾ, മഞ്ഞൾ തുടങ്ങിയവ ആകെ കയറ്റുമതിയുടെ 80 ശതമാനം സംഭാവന ചെയ്തു. ലോകത്താകമാനം 185 രാജ്യങ്ങളിലേക്ക് സുഗന്ധവ്യഞ്ജനങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെങ്കിലും ചൈന (24%), യുഎസ്എ (16%), ബംഗ്ലാദേശ് (6%), യുഎഇ (6%), തായ്‌ലാൻഡ് (5%), ശ്രീലങ്ക, മലേഷ്യ, യുകെ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളാണ് കയറ്റുമതി വരുമാനത്തിന്റെ 70 ശതമാനവും നൽകുന്നത്. കഴിഞ്ഞ വർഷങ്ങളിലേത് പോലെ, ഏറ്റവുമധികം കയറ്റുമതി ചെയ്യപ്പെട്ട സുഗന്ധവ്യഞ്ജനം വറ്റൽമുളകാണ്; ഇത്തവണ 4,84,000 മെട്രിക് ടൺ മുളകാണ് (മൂല്യം: 6,221.70 കോടി രൂപ) കയറ്റുമതി ചെയ്തത്. മുൻ വർഷത്തിലേതിനെ അപേക്ഷിച്ച് മൂല്യത്തിൽ 15 ശതമാനമാണ് വർധനവ്. ഏറ്റവുമധികം കയറ്റുമതി ചെയ്യപ്പെട്ട രണ്ടാമത്തെ സുഗന്ധവ്യഞ്ജനം ജീരകമാണ്. അളവിൽ 16 ശതമാനവും മൂല്യത്തിൽ 12 ശതമാനവും വർധനവോടെ 3225 കോടി രൂപ വിലമതിക്കുന്ന 210000 മെട്രിക് ടൺ ജീരകം കയറ്റുമതി ചെയ്തു.

കടുത്ത മത്സരങ്ങൾക്കിടയിലും ആഗോള വിപണിയിലെ ഗുണമേന്മയേറിയ സുഗന്ധവ്യഞ്ജനങ്ങൾക്കുള്ള വർധിച്ച ആവശ്യകത നിറവേറ്റുന്നതിന് ഇന്ത്യയ്ക്കു കഴിഞ്ഞു. കൊവിഡ്-19 പോലെയുള്ള മഹാമാരികൾ, ആരോഗ്യ സംവർധകങ്ങളായ സുഗന്ധവ്യഞ്ജനങ്ങളുടെ ആവശ്യകത ഉയർത്തുന്നുവെന്ന് സ്പൈസസ് ബോർഡ് സെക്രട്ടറി ഡി. സത്യൻ പറഞ്ഞു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയിൽ ഏറ്റവുമധികം വർധനവ് നേടിയ സുഗന്ധവ്യഞ്ജനം ഇഞ്ചിയാണ്. അളവിൽ 178 ശതമാനവും മൂല്യത്തിൽ 129 ശതമാനവും ആണ് വർധന. 449.05 കോടി രൂപ വിലമതിക്കുന്ന 50,410 മെട്രിക് ടൺ ഇഞ്ചി കയറ്റുമതി ചെയ്തു. പേരേലത്തിന്റെ കയറ്റുമതി അളവിൽ 28 ശതമാനവും മൂല്യത്തിൽ 11 ശതമാനവും ഉയർച്ച രേഖപ്പെടുത്തി. 67.58 കോടി രൂപ വിലമതിക്കുന്ന 1100 മെട്രിക് ടൺ പേരേലം 2019-20ൽ വ്യാപാരം ചെയ്യപ്പെട്ടു.

മൂല്യവർധിത ഉത്പന്നങ്ങളായ കറിപ്പൊടികൾ, പേസ്റ്റുകൾ, മസാലക്കൂട്ടുകൾ എന്നിവയ്ക്കൊക്കെ വിദേശ വിപണികളിൽ ഉയർന്ന ആവശ്യകതയാണുള്ളത്. ഇവയുടെ കയറ്റുമതി അളവിൽ 13 ശതമാനവും മൂല്യത്തിൽ 12 ശതമാനവും ഉയർച്ച രേഖപ്പെടുത്തി. 834.1 കോടി രൂപ വിലമതിക്കുന്ന 38200 മെട്രിക് ടൺ കറിപ്പൊടികൾ, പേസ്റ്റുകൾ മുതലായവ 2019-20ൽ കയറ്റുമതി ചെയ്തു. മൂല്യവർധിത ഉത്പന്നങ്ങളുടെ വർധിച്ച ആവശ്യകത നിലനിൽക്കുന്നതിനാൽ സുഗന്ധവ്യഞ്ജന എണ്ണ, സത്തുകൾ; പുതിന, പുതിന ഉത്പന്നങ്ങൾ എല്ലാം നേട്ടം കൊയ്തു. 22725 മെട്രിക് ടൺ പുതിന ഉത്പന്നങ്ങളും 13950 മെട്രിക് ടൺ സുഗന്ധവ്യഞ്ജന എണ്ണയും സത്തുക്കളും രാജ്യത്തു നിന്നും കയറ്റുമതി ചെയ്യപ്പെട്ടു. പുതിനയുടെ കയറ്റുമതി മൂല്യത്തിൽ 49 ശതമാനവും അളവിൽ 35 ശതമാനവും വർധനവ് രേഖപ്പെടുത്തി, 3321 .79 കോടി രൂപ വിലമതിക്കുന്ന 19,980 ടൺ പുതിനയും പുതിന ഉത്പന്നങ്ങളുമാണ് രാജ്യത്തുനിന്നും കയറ്റുമതി ചെയ്തത്. മുൻവർഷത്തെ അപേക്ഷിച്ച് സെലറിയുടെയും, മല്ലി, ഉലുവ, കടുക് തുടങ്ങിയ ബീജവ്യഞ്ജനങ്ങളുടെയും കയറ്റുമതി 2019-20ൽ ഗണ്യമായ വർധനവ് രേഖപ്പെടുത്തി.

നേട്ടത്തിലേക്ക് കുതിച്ച് ഓഹരി വിപണി

മുംബൈ: കഴിഞ്ഞ ദിവസത്തെ നഷ്ടത്തിൽ നിന്നുയർന്ന് ഓഹരി സൂചികകൾ. സെൻസെക്സ് 214.33 പോയിന്റ് നേട്ടത്തിൽ 38,434.72ലും നിഫ്റ്റി 59.40 പോയിന്റ് ഉയർന്ന് 11,371.60ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ബിഎസ്ഇയിലെ 1836 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 971 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 169 ഓഹരികൾക്ക് മാറ്റമില്ല. ഏഷ്യൻ-യൂറോപ്യൻ ഓഹരികളിലെ മുന്നേറ്റമാണ് രാജ്യത്തെ വിപണിയുടെ നേട്ടത്തിനു പിന്നിൽ.

ലോഹം, ഐടി ഒഴികെയുള്ള സൂചികകൾ നേട്ടമുണ്ടാക്കി. നിഫ്റ്റി ബാങ്ക്, ധനകാര്യം, പൊതുമേഖല ബാങ്ക്, റിയാൽറ്റി സൂചികകൾ ഒരുശതമാനത്തിലേറെ ഉയർന്നു. ബിഎസ്ഇ മിഡ്ക്യാപ് 0.57ശതമാനവും സ്മോൾ ക്യാപ് 1.41 ശതമാനവും നേട്ടത്തിലാണ് ക്ലോസ് ചെയ്തത്.

പുതിയ ലുക്കിൽ പാനസോണിക് സിവ സ്വിച്ചുകൾ

തിരുവനന്തപുരം: ഇലക്ട്രിക്കൽ കൺസ്ട്രക്ഷൻ മെറ്റീരിയൽസ് (ഇസിഎം) രംഗത്തെ രാജ്യത്തെ ഏറ്റവും വലിയ നിർമാതാക്കളിലൊന്നായ പാനസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യ 'സിവ' എന്ന പേരിൽ മിതമായ നിരക്കിലുള്ളതും മനോഹരവുമായ മോഡുലാർ സ്വിച്ചുകൾ പുറത്തിറക്കി.

നിലവിലെ പോർട്ട്ഫോളിയോയിൽ ശ്രദ്ധേയമായ കൂട്ടിച്ചേർക്കലുകൾ വരുത്തിയിരിക്കുന്ന സിവ ആധുനിക സാങ്കേതികവിദ്യ, പരമാവധി പ്രവർത്തനക്ഷമത, മനോഹരമായ ഡിസൈൻ എന്നിവയുടെ സവിശേഷമായ സംയോജനമാണ് കാഴ്ചവെക്കുന്നതെന്ന് കമ്പനി അവകാശപ്പെടുന്നു.

മനോഹാരിതയ്ക്ക് മാറ്റു കൂട്ടാനായി ഏറ്റവും മികച്ച ഉത്പന്നങ്ങൾ തിരയുന്ന ഇന്നത്തെ ഉപഭോക്താക്കളുടെ മാറുന്ന അഭിരുചികളിൽ വലിയ പ്രതീക്ഷയർപ്പിക്കുകയാണ് പുതിയ ശ്രേണി. സ്വിച്ചുകൾ, സോക്കറ്റുകൾ, ആക്സസറികൾ (ഫാൻ റഗുലേറ്ററുകൾ), ടെലിഫോൺ സോക്കറ്റുകൾ, റിസപ്റ്ററുകൾ, ടിവി സോക്കറ്റുകൾ, യുഎസ്ബി ചാർജറുകൾ എന്നിവയടക്കമുള്ള മനോഹരവും വ്യത്യസ്തവുമായ ശ്രേണിയിലുള്ള ഉത്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശീയമായി വികസിപ്പിക്കുകയും രൂപകൽപ്പന ചെയ്യുകയും ചെയ്തതാണ് പാനസോണിക് ലൈഫ് സൊല്യൂഷൻസ് ഇന്ത്യയുടെ സിവയെന്ന് മാനേജിങ് ഡയറക്റ്റർ വിവേക് ശർമ പറഞ്ഞു.

കടക്കെണിയിൽ നിന്ന് കരകയറാൻ സർക്കാർ സഹായം

കൊച്ചി: കടക്കെണിയിലായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് (എംഎസ്എംഇ) വ്യക്തിഗത വായ്പ നൽകാനുള്ള 20,000 കോടി രൂപയുടെ കേന്ദ്ര സർക്കാർ പദ്ധതി പ്രാബല്യത്തിലായി. 2018 മാർച്ച് 31വരെ സ്റ്റാൻഡേർഡ് അക്കൗണ്ട്, 2018-19, 2019-20 വർഷങ്ങളിൽ സ്റ്റാൻഡേർഡ് അക്കൗണ്ട് അല്ലെങ്കിൽ കിട്ടാക്കട ഗണം എന്നിവയിൽ വായ്പയുള്ള സ്ഥാപനങ്ങളുടെ സംരംഭകർക്ക് അർഹത.

റിസർവ് ബാങ്കിന്റെ വായ്പ പുനഃക്രമീകരണ വ്യവസ്ഥകൾ ബാധകമെങ്കിൽ, കഴിഞ്ഞ ഏപ്രിൽ 30വരെ കിട്ടാക്കടമായവ പരിഗണിക്കും. വായ്പ ലഭിച്ചാൽ സ്ഥിതി മെച്ചപ്പെടുമെന്ന് ബാങ്ക് വിലയിരുത്തണം. പലിശ നിരക്ക് ബാങ്കുകൾക്കു തീരുമാനിക്കാം. 2021 മാർച്ച് 31 മുതൽ 10 വർഷത്തേക്കാണ് വായ്പ. ആദ്യ 7 വർഷം പ്രതിമാസ പലിശ മാത്രം. അതായത്, അടിസ്ഥാന തുകയ്ക്ക് 7 വർഷം മൊറട്ടോറിയം. ഈ തുക അടുത്ത മൂന്ന് വർഷത്തിനകം അടയ്ക്കണം. കാലാവധിക്കു മുൻപുതന്നെ പിഴയില്ലാതെ വായ്പ തിരിച്ചടയ്ക്കാം.

സ്വർണം 38,880

വെളിച്ചെണ്ണ : മില്ലിങ്	16,800	മുതിര	3700
വെളിച്ചെണ്ണ	15,400	എള്ള്	13,000- 14,000
കൊപ്ര	10,325-10,900	മല്ലി	7400-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	31,900	ജാതിക്ക തൊണ്ടൻ (കിലോ)	200-220
പുതിയ കുരുമുളക്	30,900	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	380-400
കുരുമുളക് ഗാർബിൾഡ്	33,900	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000-1100
ചുക്ക് മീഡിയം	28,500	ഗ്രാമ്പൂ (കിലോ)	550
ചുക്ക് ബെസ്റ്റ്	30,000		
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7700		
കാഞ്ഞിരക്കുരു	1850	റബർആർ എസ് എസ് 5 ഗ്രേഡ്	11,600 -12,200
അടയ്ക്ക ന്യൂ	ഇല്ല		
അടയ്ക്ക ഓൾഡ്	29,000- 30,000	റബർആർ എസ് എസ് 4 ഗ്രേഡ്	12,800
പഞ്ചസാര	3720	ഒട്ടുപാൽ	7300
മുളക്	13,000-24,000	ലാറ്റക്സ്	7400
ഉഴുന്ന്	9,000-10,000		
ചെറുപയർ	9,000-10,000	സ്വർണം	38,880
കടല	5400-6500	പാം ഓയിൽ	8520

ചെമ്മീൻ കൃഷിയെ തകർത്ത് കൊവിഡ്

കൊച്ചി: കൊവിഡിനെ തുടർന്ന് സംസ്ഥാനത്തെ ചെമ്മീൻ കൃഷി മേഖലയ്ക്ക് 308 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി പഠനം. ചെന്നൈ ആസ്ഥാനമായ കേന്ദ്ര ഓരുജല കൃഷി ഗവേഷണ സ്ഥാപനം (സിബ) നടത്തിയ പഠനത്തിലാണ് ലോക്ഡൗൺ നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ ചെമ്മീൻ ഉത്പാദനം ഗണ്യമായി കുറഞ്ഞത് കണ്ടെത്തിയത്. 12,000 പേർക്ക് തൊഴിൽ നഷ്ടമായെന്നും പഠനത്തിലുണ്ട്.

ലോക്ഡൗൺ നിയന്ത്രണങ്ങൾ കാരണം ഇന്ത്യയുടെ ചെമ്മീൻ ഉത്പാദനത്തിൽ മുൻവർഷത്തേക്കാൾ 40 ശതമാനത്തോളം ഇടിവുണ്ടായിട്ടുണ്ടെന്നാണ് കണക്കുകൂട്ടുന്നതെന്ന് സിബ ഡയറക്റ്റർ ഡോ. കെ. കെ. വിജയൻ പറഞ്ഞു. ഇതിലൂടെയുള്ള നഷ്ടം 1.60 ബില്യൺ അമെരിക്കൻ ഡോളറാണ്. 3144 ഹെക്റ്ററിലാണ് കേരളത്തിൽ ചെമ്മീൻകൃഷി നടക്കുന്നത്. കൃഷിയിലൂടെയുള്ള സംസ്ഥാനത്തിന്റെ ശരാശരി വാർഷിക ചെമ്മീൻ ഉത്പാദനം 1500 ടൺ ആണ്.

വിത്ത്, തീറ്റ എന്നിവ ആവശ്യത്തിന് ലഭിക്കാത്തതും തൊഴിലാളികളെ കിട്ടാത്തതും മൂലം സംസ്ഥാനത്തെ ചെമ്മീൻകൃഷി മുൻവർഷത്തേക്കാൾ 30 ശതമാനം കുറഞ്ഞു. തയാറെടുപ്പുകൾ പൂർത്തീകരിച്ചശേഷം ആവശ്യത്തിന് വിത്തും തീറ്റയും ലഭിക്കാത്തതിനാൽ 50 ശതമാനം കർഷകർ കൃഷിയിൽ നിന്ന് പിന്തിരിഞ്ഞു. കൃഷി തുടങ്ങിയ പലരും രോഗവ്യാപനം ഭയന്ന് പൂർണവളർച്ചയെത്തുന്നതിന് മുമ്പ് വിളവെടുപ്പ് നടത്തിയത് നഷ്ടത്തിന് ആക്കം കൂട്ടി. 80 ദിവസം വേണ്ടിടത്ത് 25 ശതമാനം കർഷകരും 30 ദിവസത്തിനുള്ളിൽ വിളവെടുത്തു. 10 ശതമാനം കർഷകരാണ് 80 ദിവസം കൃഷി കാലാവധി പൂർത്തിയാക്കിയത്. കൃഷി, സംസ്കരണം, വിതരണം എന്നീ രംഗങ്ങളിൽ 12,000 പേർക്ക് തൊഴിൽ നഷ്ടമുണ്ടായതുവഴിയുള്ള നഷ്ടം മാത്രം 108 കോടി രൂപയാണ്.

ഓണക്കച്ചവടത്തിലേക്ക് ബാലരാമപുരം

തിരുവനന്തപുരം: ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ വന്നതോടെ ബാലരാമപുരത്ത് ഓണം വിപണികളിൽ തിരക്ക് അനുഭവപ്പെട്ടു തുടങ്ങി. കഴിഞ്ഞ രണ്ടുദിവസമായി രാവിലെ 7 മുതൽ വൈകിട്ട് 7 വരെ വ്യാപാര സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ഓണക്കച്ചവടത്തിൽ പ്രതീക്ഷയർപ്പിക്കുകയാണ് കച്ചവടക്കാർ. റംസാൻ, ബക്രീദ്, വിഷു തുടങ്ങിയ സീസണുകൾ നഷ്ടപ്പെട്ടതോടെ ദുരിതത്തിലായിരുന്നു പലരും. സ്കൂൾ വിപണിയും ഇത്തവണ നഷ്ടത്തിലായിരുന്നു.

വരും ദിവസങ്ങളിൽ കൂടുതൽ പേർക്ക് ഓണം ബോണസും ശമ്പളവും കിട്ടിത്തുടങ്ങുന്നതോടെ വിപണിയിൽ കൂടുതൽ ഉണർവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷ. കൈത്തറി വസ്ത്രങ്ങളും മറ്റ് തുണിത്തരങ്ങളും വാങ്ങാൻ ആളുകൾ എത്തിത്തുടങ്ങിയിട്ടുണ്ട്. പലചരക്ക്, മലക്കറി തുടങ്ങിയ കച്ചവടക്കാരും സാധനങ്ങൾ കൂടുതൽ സ്റ്റോക്ക് ചെയ്യാൻ ശ്രമം തുടങ്ങി. അത്തം പിറന്നതോടെ പൂക്കൾക്കും മാർക്കറ്റ് ലഭിക്കുമെന്നാണ് പ്രതീക്ഷ. ചിങ്ങം ഒന്നിന് പൂവിന് ആവശ്യക്കാർ ബാലരാമപുരത്ത് ഏറെയായിരുന്നു.

വീട്ടുമുറ്റത്ത് അത്തപ്പൂക്കളങ്ങൾ ഒരുക്കാനും കല്യാണ ആവശ്യങ്ങൾക്കും പൂക്കൾ തേടി ആളുകൾ എത്തുമെന്ന കണക്കുക്കൂട്ടലിലാണ് പൂ വിപണി. യാത്രാ സൗകര്യങ്ങളുടെ കുറവും തമിഴ്നാട്ടിൽ നിന്നുള്ള സാധനങ്ങളുടെ വരവും വിപണിക്ക് തിരിച്ചടിയാവുന്നുണ്ട്. കൊവിഡ് മാനദണ്ഡപ്രകാരം സാമൂഹിക അകലവും മറ്റും പാലിച്ചാണ് ആളുകളെത്തുന്നത്.

വെസ്പയ്ക്കും അപ്രീലിയയ്ക്കും ഓണം ഓഫറുമായി പിയാജിയോ

കൊച്ചി: വെസ്പയ്ക്കും അപ്രീലിയയ്ക്കും, പിയാജിയോ ഇന്ത്യ, പ്രത്യേക ഓണം ഓഫർ പ്രഖ്യാപിച്ചു. കേരളത്തിലെ ഡീലർഷിപ്പുകളിൽ നിന്ന് വെസ്പയും അപ്രീലിയയും വാങ്ങുമ്പോൾ 6700 രൂപ വരെയുള്ള നിർബന്ധ ഇൻഷ്വറൻസ് സൗജന്യമായി ലഭിക്കും. ഈ ഓഫർ പുതുതായി അവതരിപ്പിച്ച വെസ്പ ഫെയ്സ് ലിഫ്റ്റ് എസ്എക്സ്എൽ, വിഎക്സ്എൽ അപ്രീലിയ 160, 125, പുതിയ അപ്രീലിയ സ്റ്റോം 125 തുടങ്ങി എല്ലാ മോഡലുകൾക്കും ലഭിക്കും.

വെസ്പ എസ്എക്സ്എൽ, വിഎക്സ്എൽ ശ്രേണിയുടെ പ്രധാന സവിശേഷതകൾ സാങ്കേതികമായി മുന്നിട്ടുനിൽക്കുന്ന മോണോകോക്ക് ഫുൾ സ്റ്റീൽ ബോഡി, പ്രസരിപ്പുള്ള ത്രീ കേട്ട് ബോഡി കളർ, ആന്റി ലോക്ക് ബ്രേക്കിങ് സിസ്റ്റം/ ടിൻ പോട്ട് കാലിപർ ഡിസ്ക് ബ്രേക്കോടു കൂടിയ കംബൈൻഡ് ബ്രേക്കിങ് സിസ്റ്റം എന്നിവയാണ്. പുതുതായി മുഖം മിനുക്കിയ വെസ്പ മോഡലുകളിൽ ക്രിസ്റ്റൽ ഇലുമിനേഷൻ എൽഇഡി ഹെഡ് ലൈറ്റ്, മധ്യഭാഗത്തായി ഇന്റഗ്രേറ്റ് ചെയ്ത ഡേ ടൈം റണ്ണിങ് ബീം ലൈറ്റ്, യുഎസ്ബി മൊബൈൽ ചാർജിങ് പോർട്ട്, ബൂട്ട് ലൈറ്റ് എന്നീ സവിശേഷ ഫീച്ചറുകളും ഉൾപ്പെടുത്തിയത് സ്റ്റൈലിനൊപ്പം കൂടുതൽ സൗകര്യവും കൂടി നൽകുന്നു.

പുതിയ അപ്രീലിയ ശ്രേണിയിൽ വരുന്നത് കൊതിപ്പിക്കുന്ന എസ്ആർ 160, എസ്ആർ 125, സ്റ്റോം 125 എന്നിവയിലും പുതുതായി അവതരിപ്പിച്ച ഡിസ്ക് ബ്രേക്ക്, ഡിജിറ്റൽ ക്ലസ്റ്റർ ഉൾപ്പെടുന്ന മോഡലുകളുമാണ്. ഈ പ്രത്യേക ഓഫർ കേരളത്തിലെ എല്ലാ വെസ്പ, അപ്രീലിയ ഡീലർഷിപ്പുകളിലും 2020 ഓഗസ്റ്റ് 31 വരെ ലഭ്യമാണ്.

ഓണവിപണി ഉണർന്നു

കോട്ടയം: ഓണക്കോടിക്കായി തുണിക്കടകൾ പുതിയ സ്റ്റോക്ക് ഇറക്കിയപ്പോൾ പണിക്കൂലിയിൽ ഇളവ് പ്രഖ്യാപിച്ചിരിക്കുകയാണ് ജ്വല്ലറികൾ. കർഷകർക്കും ഓണവിപണി പ്രതീക്ഷയേകുന്നുണ്ട്. സംസ്ഥാനാന്തര യാത്രകൾക്ക് നിയന്ത്രണങ്ങളുണ്ടെങ്കിലും ഓണവിപണി സജീവമാക്കാൻ വ്യാപാരസ്ഥാപനങ്ങൾ നേരത്തേ ഒരുക്കം തുടങ്ങിയിരുന്നു. ഓർഡർ നൽകിയതിനനുസരിച്ച് സംസ്ഥാനത്തിനു പുറത്തുനിന്ന് വസ്ത്രങ്ങളടക്കമുള്ള സാധനങ്ങൾ കടകളിൽ എത്തിയിട്ടുണ്ട്. ചില ജ്വല്ലറികൾ പണിക്കൂലിയിൽ 50% വരെ ഇളവും പ്രഖ്യാപിച്ചു. ജില്ലയുടെ മറ്റിടങ്ങളിലും സമാന ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

ഓണക്കുലകൾ വിപണിയിലേക്ക്

കർഷകർക്ക് പ്രതീക്ഷയായി ഓണവിപണിയിലേക്കുള്ള നേന്ത്രക്കുലകളുടെ വിളവെടുപ്പ് തുടങ്ങി. കർഷകർ നേന്ത്രക്കുലകൾ വെട്ടിത്തുടങ്ങി. കർഷകരിൽ നിന്ന് ഓണക്കുലകൾ നേരിട്ടു വാങ്ങാനുള്ള ഒരുക്കങ്ങൾ വ്യാപാരികൾ തുടങ്ങി. പുറത്തു നിന്നുള്ള പച്ചക്കറിവരവ് കുറഞ്ഞതോടെ നിത്യച്ചന്തയിലേക്കും ഗ്രാമീണ കർഷകരിൽ നിന്ന് നേരിട്ട് വിളകൾ ശേഖരിക്കുന്നുണ്ട്.

കോട്ടയം സ്വപ്നം കാണുന്നു, പുതിയ ലോകം

കോട്ടയം: ശബരിമല വിമാനത്താവളം നിലവിൽ വന്നാൽ നേരിട്ടും അല്ലാതെയും ആയിരക്കണക്കിന് തൊഴിലവസരങ്ങൾ ഉണ്ടാവുമെന്ന വിലയിരുത്തലിൽ കോട്ടയം. സുഗന്ധദ്രവ്യങ്ങളും തനതു കാർഷിക വിളകളും ആഗോള വിപണിയിലേക്ക് അതിവേഗം എത്തിക്കാം സാധിക്കുമെന്നത് പുതിയ കാർഷിക സംസ്കാരത്തിനും തുടക്കമാവും.

ഇടുക്കി ജില്ലയിലെ കാർഷിക ഉത്പന്നങ്ങൾ മുതൽ കാഞ്ഞിരപ്പള്ളി മേഖലയിലെ അപൂർവ പഴവർഗങ്ങൾക്കു വരെ കയറ്റുമതി സാധ്യതയുണ്ട്. പന്തളത്തെയും തിരുവല്ലയിലെയും ശർക്കര, സംസ്കരിച്ച ചക്ക ഉത്പന്നങ്ങൾ, തുടങ്ങിയവയ്ക്ക് ഗൾഫ്-യുഎസ് വിപണിയിൽ താത്പര്യമേറെയാണ്. വള്ളംകളിയും പടയണിയും വിദേശ വിനോദ സഞ്ചാരികളെ ഇവിടെയെത്തിക്കും. തീർഥാടകരുമായുള്ള ചാർട്ടേഡ് വിമാനങ്ങൾ വന്നാൽ ആതിഥ്യ വ്യവസായം (ഹോട്ടൽ, ഹോംസ്റ്റേ, റസ്റ്റോറന്റ് മേഖല) മെച്ചപ്പെടും. ചെലവു കുറഞ്ഞ മികച്ച ചികിത്സ നൽകുന്ന സൂപ്പർ സ്പെഷ്യൽറ്റി ആശുപത്രികളെ കോർത്തിണക്കി മെഡിക്കൽ ടൂറിസമാണ് മറ്റൊരു സാധ്യത. പച്ചമരുന്നുകളുടെ ലഭ്യത ഉറപ്പാക്കി ആയുർവേദത്തിന്റെ സാധ്യതയിലേക്കും വേരിറക്കാം.

നാടെങ്ങും ഖാദി ഓണം

കാസർഗോഡ്: ചിങ്ങവെയിൽ തെളിഞ്ഞതോടെ ഖാദി ഓണവിപണി ഉടുത്തൊരുങ്ങി. കണ്ണഞ്ചിപ്പിക്കുന്ന വസ്ത്രങ്ങളുമായാണ് ഖാദി നാടെങ്ങും ഓണം മേള തുടങ്ങിയത്. കൊവിഡ് കാല പരിമിതി മറികടക്കാൻ ഉപഭോക്താക്കൾക്ക് വിലക്കുറവും ഓഫറുകളും കൈ നിറയെയുണ്ട്.

ഖാദി നെയ്ത്തുഗ്രാമങ്ങളിൽ നിന്നുള്ള സിൽക്ക് സാരികളാണ് ആകർഷണം. ടിഎൻആർ സിൽക്ക് സാരികൾ മേളയുടെ താരമാണ്. പല നിറങ്ങളിൽ ആദായ വിലയിലുള്ള പ്രിന്റ് സിൽക്ക് സാരികൾ ട്രെൻഡിനൊത്ത് ഇണങ്ങുന്നവയാണ്. കോട്ടൺ സാരികളുടെ പുതിയ മോഡലുകളുമുണ്ട്. കഴുകാൻ പറ്റാവുന്നവ, ദൈനംദിന ഉപയോഗത്തിനുള്ളവ എന്നിവ വിലയിൽ സാധാരണക്കാരന് താങ്ങാം. പുരുഷന്മാർക്കുള്ള കുപ്പടം മുണ്ടുകൾ, ഡബിൾ ദോത്തികൾ, കളർ മുണ്ടുകൾ എന്നിവയും വാങ്ങാം. മാസ്കുകളും മേളയിലെ താരമാണ്.

ഉന്ന കിടക്കകൾ, തലയിണകൾ, ബെഡ് ഷീറ്റുകൾ തുടങ്ങിയവയും നറുതേൻ, സോപ്പ് എന്നിവയുമുണ്ട്. വില വലുതല്ല. 30 വരെയാണ് മേള. ഖാദി വസ്ത്രങ്ങൾക്ക് 30 ശതമാനം വരെ ഗവ. റിബേറ്റുണ്ട്. സർക്കാർ-അർധസർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപവരെ ക്രെഡിറ്റ് സൗകര്യവും ഒരുക്കിയിട്ടുണ്ട്.

മഹാത്മ ഗാന്ധി യൂണിവേഴ്സിറ്റി ബിഎസ്‌സി കംപ്യൂട്ടർ സൈൻസ് പരീക്ഷയിൽ നാലാം റാങ്ക് നേടിയ ഐഷ.എം.എ, കൊച്ചിൻ യൂണിവേഴ്സിറ്റിക്കു സമീപം മണ്ണോപ്പിള്ളി നഗറിൽ പി.എം.അഷറഫിന്റെ (റിട്ട. പൊലീസ് സബ് ഇൻസ്പെക്റ്റർ) യും, ഷാമിലയുടെയും മകളാണ്.

കുടിവെള്ളക്ഷാമം പരിഹരിയ്ക്കണം

പറവൂർ: മാസങ്ങളായി അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന ആവശ്യവുമായി വടക്കേക്കര പഞ്ചായത്തിലെ പാല്യത്തുരുത്ത് നിവാസികൾ ജല അതോറിറ്റി അസിസ്റ്റന്റ് എക്സി എഞ്ചിനീയർക്ക് നിവേദനം നൽകി. ദേശീയപാതക്കടിയിലൂടെ കടന്നുപോകുന്ന 400 എംഎം പ്രിമോ പൈപ്പ് കാലപ്പഴക്കത്താൽ ഇടക്കിടക്ക് പൊട്ടുന്നത് പതിവ് സംഭവമാണ്. ഇതുമൂലം ദിവസങ്ങളോളം വടക്കേക്കര, ചിറ്റാറ്റുകര പഞ്ചായത്തുകളിലെ ജനങ്ങൾ കുടിവെള്ളം കിട്ടാതെ ദുരിതക്കയത്തിലാകും. തീരമേഖലയോട് ചേർന്നു കിടക്കുന്ന ഈ പ്രദേശത്തെ ജലാശയങ്ങൾ ഉപ്പുരസം കലർന്നതായതിനാൽ ജല അതോറിറ്റിയുടെ വെള്ളമാണ് ഏക ആശയം. വേനൽക്കാലം വരുന്നതോടെ കുടിവെള്ള ക്ഷാമം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ ഉടൻ പ്രശ്ന പരിഹാരം കാണണമെന്നും നിവേദനത്തിലുണ്ട്.

പുരസ്കാര വിതരണം

പറവൂർ: കൈതാരം വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കൈതാരം മുസ്‌ലീം ജമാഅത്തിലെ എസ്എസ്എൽസി, പ്ലസ്ടു വിജയികൾക്ക് വിദ്യാഭ്യാസ പുരസ്കാര വിതരണവും ഗൈഡൻസ് ക്ലാസും നടത്തി. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന വെർചൽ മീറ്റിങ്ങിൽ പ്രസിഡന്റ് വി.ബി.അഷറഫ് അധ്യക്ഷത വഹിച്ചു. കരിയർ ഗുരുവും കൗൺസിലറുമായ ഇബ്രാഹിം ബാബു, സിവിൽ സർവീസ് റാങ്ക് ജേതാവ് ആഷിഖ് അലി എന്നിവർ വിദ്യാർഥികളുമായി സംവദിച്ചു. കെ.എ.അലി ഹാജി, കെ.ഐ.ബാവ, അഡ്വ.മൻസൂർ അലി, അൻവർ കൈതാരം, ഷെബീർ ബക്കർ എന്നിവർ സംസാരിച്ചു.

ബാലാലയ പ്രതിഷ്ഠ നാളെ

പറവൂർ: പറവൂർ ഈഴവ സമാജം പറവൂത്തറ ശ്രീകുമാരമംഗലം ക്ഷേത്രം പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി ക്ഷേത്രാങ്കണത്തിൽ നിർമ്മിച്ച ബാലാലയത്തിൽ വിഗ്രഹ പ്രതിഷ്ഠാ നാളെ നടക്കും. ക്ഷേത്രം തന്ത്രി ചെറായി പുരുഷോത്തമൻ തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ ഇന്ന് രാവിലെ ഗണപതിഹവനത്തോടെ ചടങ്ങുകൾ തുടങ്ങും. പരിഗ്രഹം, തത്വഹോമം, അനുജ്ഞാകലശാഭിഷേകം, വൈകിട്ട് പ്രദാസശുദ്ധി, ജീവകലശം, മണ്ഡപശുദ്ധി, കലശം എഴുന്നള്ളിപ്പ്, മണ്ഡലപൂജ, ആരാധന, അധിവാസഹോമം എന്നിവ നടക്കും. നാളെ രാവിലെ പത്തിന് ബാലാലയ പ്രതിഷ്ഠ നടക്കും.

എസ്‌സി മോർച്ച പ്രഖ്യാപന യോഗം

തൃപ്പൂണിത്തുറ: ബിജെപി എസ്‌സി മോർച്ച തൃപ്പൂണിത്തറ മണ്ഡലം കമ്മിറ്റി പ്രഖ്യാപന യോഗം ബിജെപി മണ്ഡലം പ്രസിഡന്റ് ശ്രീക്കുട്ടൻ തുണ്ടത്തിലിന്റെ അധ്യക്ഷതയിൽ ചേർന്നു. പ്രസിഡന്റ് വി.വി.അജയൻ, ജനറൽ സെക്രട്ടറി സി.എചന്ദ്രൻ, വൈസ് പ്രസിഡന്റുമാർ പി.പി.സിബിൻ, ബിസി രത്നമ്മ സെക്രട്ടറിമാർ എസ്.സജിലാൽ, പ്രേംദാസ്, ട്രഷറർ മനോജ്.വി തുടങ്ങിയവരെ പ്രഖ്യാപിച്ചു. പുതിയ ഭാരവാഹികളെ ശ്രീക്കുട്ടൻ തുണ്ടത്തിൽ ഷാളണിയിച്ച് സ്വീകരിച്ചു.യോഗത്തിൽ വച്ച് തൃപ്പൂണിത്തറ മുനിസിപ്പാലിറ്റിയുടെ കീഴിൽ പണികഴിപ്പിച്ചിട്ടുള്ള പുതിയ ഷോപ്പിങ് കോംപ്ലക്സിൽ പട്ടിക വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം അട്ടിമറിച്ചതിൽ പ്രതിഷേധിച്ച് എസ്‌സി മോർച്ച മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടികൾക്ക് തുടക്കം കുറിക്കുവാൻ തീരുമാനിച്ചു. വി.വി.അജയൻ, സി.എ.ചന്ദ്രൻ, ബി.സി.പ്രിൻസ് തുടങ്ങിയവർ സംസാരിച്ചു.

ആറാട്ടുപുഴയുടെ പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു

അങ്കമാലി: മൂക്കന്നൂർ, തുറവൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ആറാട്ടുപുഴയുടെ പുനരുദ്ധാരണ പ്രവർത്തികൾ റോജി.എം.ജോൺ എംഎൽഎ ഉദ്ഘാടനം ചെയ്തു. ആറാട്ടുപുഴ കടവിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ടി.പോൾ അധ്യക്ഷത വഹിച്ചു. മൂക്കന്നൂർ പഞ്ചായത്ത് പ്രസിഡന്റ് ജയാ രാധാകൃഷ്ണൻ, തുറവൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.വൈ.വർഗീസ്, സിൽവി ബൈജു, ബടി.എം.വർഗീസ്, ഗ്രേസി റാഫേൽ, എൽസി വർഗീസ്, സിജു ഈരാളി, കെ.പി.അയ്യപ്പൻ, ഗ്രാമ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ ലീലാമ്മ പോൾ, കെ.വി.ബിബീഷ്, വിവിധ കക്ഷി നേതാക്കളായ ഏല്യാസ്.കെ.തരിയൻ, ജോസ് മാടശേരി, കെ.എൻ.വിഷ്ണു, സന്തോഷ് പണിക്കർ എന്നിവർ പ്രസംഗിച്ചു. റോജി.എം.ജോൺ എംഎൽഎ മുൻകൈയെടുത്ത് ചെറുകിട ജലസേചന വകുപ്പ് അനുവദിച്ച 11.70 ലക്ഷം രൂപയുടെ അടങ്കൽ പദ്ധതിയും അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയും സംയുക്തമായാണ് ആറാട്ടുപുഴ പുനരുദ്ധാരണ പ്രവർത്തികൾ നിർവഹിക്കുന്നത്.

എറണാകുളം തിരുമല ക്ഷേത്രത്തിൽ നടന്ന നിറപുത്തരി ചടങ്ങ്. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന ചടങ്ങിന് ക്ഷേത്രം തന്ത്രി എസ്.ശ്രീനിവാസ ഭട്ട്, വൈദികൻ ഡി.സുധീഷ് ഭട്ട്, ക്ഷേത്രം ട്രസ്റ്റികളായ പി.രംഗദാസ പ്രഭു, കെ.ജെ.രാധാകൃഷ്ണ കമ്മത്ത്, രാമനാരായണ പ്രഭു, ക്ഷേത്രം മണിയം ആർ.രാമചന്ദ്ര കമ്മത്ത് എന്നിവർ നേതൃത്വം നൽകി.

അതിഥിത്തൊഴിലാളിയുടെ മകൾക്ക് സർവകലാശാല പരീക്ഷയിൽ റാങ്ക്

പായൽ.

കൊച്ചി: മഹാത്മാഗാന്ധി സർവകലാശാല ബിഎ ഹിസ്റ്ററി ആർക്കിയോളജിയിൽ (മോഡൽ രണ്ട്)ഒന്നാം റാങ്ക് അതിഥിത്തൊഴിലാളിയുടെ മകൾക്ക്. പെരുമ്പാവൂർ മാർത്തോമ കോളെജ് വിദ്യാർഥി പായൽ കുമാരിയാണ് ഈ നേട്ടം കവൈവരിച്ചത്. ബിഹാർ ഷെയ്ക്പുര ജില്ലയിലെ ഗോസായ്മതി ഗ്രാമത്തിൽനിന്നുള്ള പ്രമോദ്കുമാർ-ബിന്ദുദേവി ദമ്പതിമാരുടെ മകളാണ് പായൽ. എറണാകുളം കങ്ങരപ്പടിയിലെ വാടകവീട്ടിലാണു താമസം.നാലു വയസുള്ളപ്പോഴാണ് പായൽകുമാരി സഹോദരങ്ങൾക്കും മാതാപിതാക്കൾക്കുമൊപ്പം കേരളത്തിലെത്തിയത്. പ്രമോദ് കുമാർ ഒരു പെയിന്റ് കടയിലെ ജീവനക്കാരനാണ്. മൂന്നു മക്കളെയും പോറ്റുന്നത് വളരെ ബുദ്ധിമുട്ടിയാണ്. പ്ലസ് ടു 95 ശതമാനം മാർക്കോടെയാണ് പായൽ ജയിച്ചത്. ബിരുദപഠനം സാമ്പത്തിക പരാധീനത മൂലം ഇടയ്ക്ക് മുറിയുമെന്ന ഘട്ടമെത്തിയപ്പോൾ കോളെജിന്റെ പിന്തുണ ലഭിച്ചു. സഹോദരൻ ആകാശ് സ്വകാര്യ സ്ഥാപനത്തിൽ ജിഎസ്ടി. വിഭാഗത്തിൽ ജോലിനോക്കുന്നു. സഹോദരി പല്ലവി കുമാരി രണ്ടാം വർഷ ബിരുദ വിദ്യാർഥിയാണ്. ജെഎൻയു.ൽ പി.ജി ചെയ്യണമെന്നാണ് പായൽകുമാരിയുടെ ആഗ്രഹം.

കൊച്ചി കോർപ്പറേഷനിൽ വൻ സാമ്പത്തിക ക്രമക്കേട്

കൊച്ചി: കൊച്ചിൻ കോർപ്പറേഷനിൽ ഖജനാവ് കൊള്ളയടിക്കുന്നുവെന്ന് ഓഡിറ്റ് റിപ്പോർട്ട്. മാന്വൽ രശീത് ഉപയോഗിച്ചുള്ള പണപ്പിരിവിൽ തട്ടിയത് ലക്ഷങ്ങൾ. കോർപ്പറേഷനിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുനടന്നതായി തെളിയിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് പുറത്ത്.കഴിഞ്ഞ ദിവസം പ്രസിദ്ധീകരിച്ച 2018-19 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലാണ് ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത്. ഓൺലൈൻ നികുതി പിരിവ് നടപ്പാക്കാത്തതിനാൽ നഗരസഭയിലെ സിംഹഭാഗം തനതു വരുമാനവും ബിൽ കലക്റ്റർമാർ മുഖേന മാന്വൽ രശീത് ഉപയോഗിച്ചാണ് നികുതി പിരിക്കുന്നത്.

കോടിക്കണക്കിന് രൂപയുടെ പിരിവിൽ വലിയ തോതിലുള്ള ക്രമക്കേടുകളാണ് ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ചിരിക്കുന്നത്.രശീത് ബുക്കുകളുടെ അച്ചടി മുതൽ ഓഡിറ്റ് വരേയും അതിനു ശേഷമുള്ള പരിപാലനവും വളരെ, ഗുരുതരമായ അലംഭവമാണ് പുലർത്തിയിരുന്നത്.

ഇതുമൂലം പണാപഹരണം ഉൾപ്പെടെയുള്ള സംഭവങ്ങൾ നിരന്തരം ഉണ്ടാകുന്നു. വർഷങ്ങൾക്ക് മുൻപ് ഓഡിറ്റ് പരിശോധന കഴിഞ്ഞതും ക്യാൻസൽ ചെയ്യപ്പെട്ടതുമായ രശീതുകൾ പോലും ഇത്തരത്തിൽ നികുതി പിരിവിനായി ദുരുപയോഗം ചെയ്ത് പണാപഹരണം നടത്തിയതായി ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. മട്ടാഞ്ചേരി ടൗൺ ഹാൾ, കൽവത്തി കമ്മ്യൂണിറ്റി ഹാൾ എന്നിവയിലെ ബുക്കിങ് രജിസ്റ്ററിൽ വ്യാജ രശീത് നമ്പർ എഴുതിചേർത്ത് നാലര ലക്ഷം രൂപ അപഹരിച്ചതും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ച രശീത് ബുക്കുകൾ ഓഡിറ്റ് വിഭാഗം അധികൃതർ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും അവ നൽകിയില്ലായെന്ന് ഗുരുതര ആരോപണവും ഉന്നയിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യത്തിൽ വലിയ പോരായ്മയാണ് ഓഡിറ്റ് വിഭാഗം നിരീക്ഷിച്ചിട്ടുള്ളത്.വിവിധ വകുപ്പുകൾ തമ്മിലുള്ള എകോപനമില്ലായ്മയും, ആഭ്യന്തര നിയന്ത്രണത്തിലുള്ള പോരയ്മയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വസ്തു നികുതി ഡിമാന്റ് കലക്ഷൻ കുടിശിക എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ ഒന്നും വേണ്ടവണ്ണം പരിപാലിക്കുന്നില്ല.

ബിൽ കലക്റ്റർമാർ താൽക്കാലികമായി ഉപയോഗിക്കുന്ന ഹാന്റ് ബുക്കുകളെയാണ് നഗരസഭ കണക്കുകൾ തയാറാക്കുന്നതിനായി ആശ്രയിക്കുന്നത്. അതിതിനാൽ നികുതി ചോർച്ച കണ്ടെത്താനും തടയാനും നഗരസഭയ്ക്ക് കഴിയുന്നില്ല. വൻകിട കെട്ടിട സമുച്ചയങ്ങൾ ഉള്ള കൊച്ചി നഗരത്തിൽ വരുമാന ശ്രോതസുകൾ കാര്യമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഓഡിറ്റ് റിപ്പോർട്ടിൽ ആരോപണമുണ്ട്.ബാങ്കിൽ നിന്ന് കളക്ഷൻ ആകാതെ മടങ്ങുന്ന ചെക്കുകളുടെ തുക ബന്ധപ്പെട്ട പാർട്ടിയിൽ നിന്ന് ഈടാക്കിയിട്ടില്ലായെന്നു മാത്രമല്ലമടങ്ങിയ ചെക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തുന്നുമില്ല.ഇത്തരം ക്രമക്കേടിലൂടെ കോർപ്പറേഷൻ വൻതുകയാണ് നഷ്ടമായത്. ബാങ്കിൽ നിന്നും പിൻവലിക്കുന്ന തുകകൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുന്നുമില്ല. ഇതുമൂലം പിൻവലിക്കുന്ന തുകകൾ എങ്ങിനെ വിനിയോഗിക്കുന്നുവെന്നും വ്യക്തമല്ല. ഈ തുകകൾ വിനിയോഗിച്ചതിന്റെ വൗച്ചറുകൾ ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് സമർപ്പിച്ചില്ലെന്നും റിപ്പോർട്ടിലുണ്ട്.

നഗരസഭയ്ക്ക് 69 ബാങ്ക് അക്കൗണ്ടുകളാണുള്ളത്. ബാങ്ക് ബുക്കും പാസ് ബുക്കും തമ്മിൽ വ്യക്തമായ രീതിയിൽ ഒത്തു നോക്കിയിട്ടില്ല. ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന് പാസ് ബുക്ക് മാത്രമാണ് സമർപ്പിച്ചിരുന്നുള്ളൂ. കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം തയാറാക്കുന്ന വാർഷിക ധനകാര്യ പത്രിക കൗൺസിൽ അംഗീകാരത്തിന് ശേഷം ജൂൺ ആദ്യവാരത്തിനകം ഓഡിറ്റിങ്ങിംഗിന് സമർപ്പിക്കണമെന്നാണ് നിമയം. എന്നാൽ അതും കൊച്ചിൻ കോർപ്പറേഷൻ കാറ്റിൽ പറത്തി.

ആവശ്യമായ ഫയലുകൾ കൈമാറാനോ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ നൽകാനോ തയാറാവാത്തതും സംശയകരമാണെന്നാണ് ഓഡിറ്റു റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.



മുതലായവർ പരിശോധിക്കുകയും ചെയ്യുക.

1-5-0 തനത് വരവ് - പണാപഹരണം മുതൽ വരുമാന ചോർച്ച വരെ

കേരള മുനിസിപ്പാലിറ്റി നിയമം 1994, വകുപ്പ് 283 പ്രകാരം, നഗരസഭയുടെ തനതുവരുമാനങ്ങളിൽ നികുതി വരവുകളും നികുതിയേതര വരവുകളും ഉൾപ്പെടുന്നു. പ്രധാന നികുതിവരവുകൾ വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ്. നികുതിയേതരവരവുകളിൽ വിവിധ ഫീസിനങ്ങളും വാടക, ലേലം, ഫോമുകളുടെ വിറ്റുവരവ് മുതലായവയും ഉൾപ്പെടുന്നു. ഫീസിനങ്ങളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, ഡി&ഒ ലൈസൻസ് ഫീസ്, ജനന- മരണ രജിസ്ട്രേഷൻ ഫീസ് ഇടങ്ങിയവയാണ്.

ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്.

കുറ്റക്കാർക്കെതിരേ കർശന നടപടി സ്വീകരിക്കണം: എൽഡിഎഫ്

കൊച്ചി കോർപ്പനിലെ കുത്തഴിഞ്ഞ ഭരണമാണ് ഇത്തരം ക്രമക്കേടുകൾക്ക് കാരണമായതെന്നും, കുറ്റക്കാർക്കെതിരേ കർശന നടപടി സ്വീകരിക്കാൻ തയാറാവണമെന്നും എൽഡിഎഫ്. വിഷയം ചർച്ച ചെയ്യാനായി പ്രത്യേക കൗൺസിൽ വിളിച്ചു ചേർക്കണമെന്ന് പ്രതിപക്ഷ നേതാവ് കെ.ജെ.ആന്റണിയും എൽഡിഎഫ് പാർലമെന്ററി പാർട്ടി സെക്രട്ടറി വി.പി.ചന്ദ്രനും ആവശ്യപ്പെട്ടു. ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചാൽ ഒരു മാസത്തിനകം പ്രത്യേക കൗൺസിൽ വിളിച്ച് ചർച്ച ചെയ്യണമെന്ന നിയമവും പാലിക്കപ്പെടുന്നില്ല. നിയമ പരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ തികഞ്ഞ പരാജയമായിരിക്കയാണെന്ന് എൽഡിഎഫ് ആരോപിക്കുന്നു.

വൃക്ഷത്തൈ നട്ട് പ്രതിഷേധിച്ചു

വൈപ്പിൻ: കേന്ദ്രത്തിന്റെ ഇഐഎ കരട് ബില്ല് പിൻവലിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസ് രാജീവ് ഗാന്ധിയുടെ ജന്മദിനത്തിൽ ആഹ്വാനം ചെയ്ത വൃക്ഷത്തൈ നടൽ പ്രതിഷേധ പരിപാടി ജില്ലാ പ്രസിഡന്റ് ടിറ്റോ ആന്റണി ഉദ്ഘാടനം ചെയ്തു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് നിതിൻ സി.ബി.അധ്യക്ഷതനായി. മുൻ പ്രസിഡന്റ് ബിമൽ ബാബു, യൂത്ത് കോൺഗ്രസ് നേതാക്കളായ മഹേഷ്, മനു, സനീഷ്, സഞ്ജു, കണ്ണൻ എന്നിവർ പങ്കെടുത്തു.

മുങ്ങിയ ബോട്ട് നീക്കണമെന്ന്

വൈപ്പിൻ: മുസരീസ് പൈതൃക വിനോദ സഞ്ചാര പദ്ധതിയുടെ ഭാഗമായി തുറന്ന പള്ളിപ്പുറം കോട്ട ബോട്ട് ജെട്ടിക്ക് സമീപം 10 വർഷം മുമ്പ് മുങ്ങിയ മത്സ്യബന്ധന ബോട്ട് എടുത്തുമാറ്റണമെന്ന് കോൺഗ്രസ് (എസ്) വൈപ്പിൻ ബ്ലോക്ക് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് പി.സി.പരമേശ്വരൻ അധ്യക്ഷനായി. ബിന്ദു പരമേശ്വരൻ, ജെയ്സൺ ജോസഫ്, സജി ആന്റണി, ആന്റണി കൈതക്കൽ, നിഷിൽ.പി സിദ്ധാർഥ്, ശ്യാംലാൽ, ഇല്ല്യാസ്, സോജൻ, ശങ്കർ നായരമ്പലം എന്നിവർ സംസാരിച്ചു.

ആശുപത്രിക്ക് മുന്നിൽ ധർണ

വൈപ്പിൻ: അയ്യമ്പിള്ളി ആശുപത്രിയിൽ 24 മണിക്കൂറും ഡോക്റ്ററുടെ സേവനം വേണമെന്നാവശ്യപ്പെട്ട് മത്സ്യ തൊഴിലാളി കോൺഗ്രസിന്റെ നേതൃത്വത്തിൽ ആശുപത്രിക്ക് മുന്നിൽ ധർണ നടത്തി. പി.എൻ.നിജിമോൻ അധ്യക്ഷനായി. വി.എസ്.സോളിരാജ് ഉദ്ഘാടനം ചെയ്തു. എ.എസ്.കുട്ടൻ, വിജയ മോഹൻ, എം.എം.പ്രമുഖൻ, കെ.എം.പ്രസൂൺ, എന്നിവർ സംസാരിച്ചു.

എറണാകുളം കരയോഗത്തിന്റെ ഓണം വിപണനം ഹൈബി ഈഡൻ എംപി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. സജീവ് കുമാർ പാലാഴി, സി.ജി.രാജഗോപാൽ, പി.രാമചന്ദ്രൻ, എ.ബാലഗോപാലൻ, കെ.ജനാർദ്ദനൻ, കെ.വി.പി.കൃഷ്ണകുമാർ, ആലപ്പാട്ട് മുരളീധരൻ, കെ.പി.കെ.മേനോൻ, സുധ കൃഷ്ണകുമാർ തുടങ്ങിയവർ സമീപം.

സെക്രട്ടറി ഹാജരായില്ല: കൗൺസിൽ ബഹളം

മരട്: നഗരസഭ യുടെഅടിയന്തിര യോഗത്തിൽ സെക്രട്ടറി ഹാജരായില്ല. യോഗം ബഹളത്തിൽ മുങ്ങി. ഈ സമയം സെക്രട്ടറിയെ സംരക്ഷിക്കാൻ ഇടതുപക്ഷം രംഗത്തെത്തിയത് കൗതുകമായി. മരടിലെ ഫ്ലാറ്റ് പൊളിച്ച വിഷയത്തിൽ സമീപവാസികളെ പറഞ്ഞു പറ്റിക്കുകയും, സർക്കാരിൽ തെറ്റായ റിപ്പോർട്ട് നൽകുകയും, നഗരസഭയിലെ തെരുവു നായ്ക്കളെ എബിസി പദ്ധതി പ്രകാരം വന്ധ്യംകരണം നടത്തിയതിൽ കൊടുത്ത് തീർക്കാനുള്ള തുകയ്ക്ക് പോലും സെക്രട്ടറി ഒപ്പിട്ടു നൽകാത്തതിൽ ഓണക്കാലം അടുത്തിരിക്കേ ജോ ലിക്കർ പട്ടിണിയാവേണ്ട സ്ഥിതിയാണെന്നും മുൻ വൈസ് ചെയർമാൻ കൂടിയായ ആന്റെണി ആശാം പറമ്പിൽ യോഗം ആരംഭിച്ചപ്പോൾ തന്നെ സെക്രട്ടറി ഹാജരാവാതിരുന്നതിനെ ചോദ്യം ചെയ്തു സംസാരിക്കുകയുണ്ടായി.തുടർന്നു നടപ്പു വർഷത്തെ പദ്ധതി വിഹിതം സർക്കാർ അംഗീകരിക്കാത്തതും സെക്രട്ടറിയുടെ കഴിവുകേടാണെന്നും, സെക്രട്ടറിയെ മാറ്റി മുഴുവൻ സമയ സെക്രട്ടറിയെ വേണമെന്നു മാവശ്യമുയർന്നതോടെയാണ്. സെക്രട്ടറിക്ക് പിന്തുണയുമായി ഇടതു പക്ഷത്തെ സിപിഎം കൗൺസിലർമാർ രംഗത്തുവന്നത്.സെക്രട്ടറിയെയെന്നല്ല നഗരസഭ ഉദ്യോഗസ്ഥരെ പോലും ശരിയായ രീതിയിൽ നിയന്ത്രിക്കാൻ ഭരണകക്ഷികൾക്കായിട്ടില്ലെന്നും നഗരസഭാ ഭരണം തീർത്തും പരാജയമാണെന്നും വാദിച്ചതോടെ ബഹളമയമായി മാറുകയായിരുന്നു.സെക്രട്ടറിയില്ലാത്ത യോഗത്തിലെ തീരുമാനങ്ങൾ സെക്രട്ടറി അംഗീകരിക്കുമോ എന്ന യുഡിഎഫിന്റെ അംഗങ്ങൾ ചോദിച്ചതും സഭയിലെ ബഹളത്തിന് ആക്കം കൂട്ടുകയാണുണ്ടായത്.

അങ്കമാലി നഗരസഭയിലെ എല്ലാ വാർഡുകളിലേക്കും വിതരണം ചെയ്യുവാനുള്ള ഹോമിയോ മരുന്ന് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എം.എസ്.ഗിരീഷ്കുമാർ നഗരസഭാ ചെയർപേഴ്സൺ എം.എ.ഗ്രേസിയ്ക്ക് കൈമാറുന്നു.

നഗരസഭയിലെ 30 വാർഡുകളിലും ഹോമിയോ മരുന്ന് വിതരണം

അങ്കമാലി: നഗരസഭയിൽ സർവീസ് സഹകരണ ബാങ്ക് 714 -ന്റെയും ഹോമിയോ ആശുപത്രിയുടെയും സഹകരണത്തോടെ 30 വാർഡുകളിലും രോഗ പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനുള്ള മരുന്ന് വിതരണം നടത്തും. സഹകരണ ബാങ്ക് ഓഡിറ്റോറിയത്തി നടന്ന ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് എം.എസ്.ഗിരീഷ്കുമാർ നഗരസഭാ ചെയർപേഴ്സൺ എം.എ.ഗ്രേസിയ്ക്ക് ഹോമിയോ മരുന്നുകൾ കൈമാറി. വരും ദിവസങ്ങളിൽ നഗരസഭ കൗൺസിലർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിൽ മരുന്ന് വീടുകളിൽ എത്തിക്കും. ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷ പുഷ്പ മോഹൻ സഹകരണ ബാങ്ക് ഡയറക്റ്റർ ബോർഡ് അംഗങ്ങളായ ഷോബി ജോർജ്, ഷൈറ്റ ബെന്നി, ജെറിൻ ജോസ് മഞ്ഞളി, ജോസ്മോൻ പള്ളിപ്പാട്ട്, പങ്കജം കുമാരൻ, നഗരസഭാ കൗൺസിലേഴ്സ്, ഹോമിയോ മെഡിക്കൽ ഓഫിസർ ഡോ.അലക്സ് വർഗീസ് ബാങ്ക് സെക്രട്ടറി ഇൻ ചാർജ് സീന തോമസ്, നഗരസഭാ സെക്രട്ടറി ബീന എസ്.കുമാർ എന്നിവർ പ്രസംഗിച്ചു.

165 കൊവിഡ് ബാധിതരിൽ 155 പേർക്ക് സമ്പർക്കം

കൊച്ചി: ജില്ലയിൽ ഇന്നലെ രോഗം സ്ഥിരീകരിച്ച 165 കൊവിഡ് ബാധിതരിൽ 155 പേർ സമ്പർക്ക ബാധിതർ. വിവിധ ആശുപത്രികളിൽ കൊവിഡ് സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1812 ആയി. 89 പേർ രോഗ മുക്തി നേടി. 792 പേരെ കൂടി പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 688 പേരെ നിരീക്ഷണ പട്ടികയിൽ നിന്നൊഴിവാക്കി. നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെയെണ്ണം 15764 ആണ്. ഇതിൽ 13611 പേർ വീടുകളിലും 190 പേർ കൊവിഡ് കെയർ സെന്ററുകളിലും 1963 പേർ പണം കൊടുത്തുപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്. വിവിധ ആശുപ്രതികളിൽ/ എഫ്എൽറ്റിസികളിൽ നിന്ന് 129 പേരെ ഡിസ്ചാർജ് ചെയ്തു.

പുറത്ത് നിന്ന് എത്തിയവർ

1. നിലവിൽ കളമശ്ശേരിയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വെസ്റ്റ് ബംഗാൾ സ്വദേശി (19)2.ഉദംപൂർ സ്വദേശി (21)3. ഉത്തർപ്രദേശ് സ്വദേശി(29)4. നിലവിൽ കളമശ്ശേരിയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വെസ്റ്റ് ബംഗാൾ സ്വദേശി (40) 5. നിലവിൽ കളമശ്ശേരിയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന വെസ്റ്റ് ബംഗാൾ സ്വദേശി (36)6. ദാമൻ ആൻഡ് ഡ്യൂ സ്വദേശി (30)7. നിലവിൽ സൗത്ത് വഴക്കുളത്തെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒഡിഷ സ്വദേശി (29)8.സിങ്കപ്പൂരിൽ നിന്നെത്തിയ ഷിപ്പിംഗ് കമ്പനി ജീവനക്കാരൻ (27)9.ആന്ധ്രാപ്രദേശിൽ നിന്നെത്തിയ ഷിപ്പിംഗ് കമ്പനി ജീവനക്കാരൻ(31)10.ഷാർജയിൽ നിന്നെത്തിയ ആലങ്ങാട് സ്വദേശി(51)

സമ്പർക്കം വഴി രോഗം സ്ഥിരീകരിച്ചവർ

11.ആയവന സ്വദേശി (13)12. ആയവന സ്വദേശി(70)13. ആയവന സ്വദേശിനി (14)14.ആയവന സ്വദേശിനി (65)15. ആയവന സ്വദേശിനി(56)16.ആലുവ സ്വദേശി (21)17. ആലുവ സ്വദേശി (69)18. ഇടക്കൊച്ചി സ്വദേശി (38)19.എടക്കാട്ടുവയൽ സ്വദേശി (32) 20.എടക്കാട്ടുവയൽ സ്വദേശിനി (31)21.എരൂർ സ്വദേശി(63)22.എരൂർ സ്വദേശിനി(39) 23. എറണാകുളം സ്വദേശിനി(24) 24. ഐ എൻ എച്ച്. എസ് സഞ്ജീവനി (25) 25.കടുങ്ങല്ലൂർ സ്വദേശി (48) 26.കല്ലൂർക്കാട് സ്വദേശി(33) 27. കല്ലൂർക്കാട് സ്വദേശിനി (1) 28. കുന്നത്തുനാട് പട്ടിമറ്റം സ്വദേശി (15) 29. കുന്നത്തുനാട് പട്ടിമറ്റം സ്വദേശിനി (35) 30.കുന്നത്തുനാട് സ്വദേശിനി (22) 31.കുന്നത്തുനാട് സ്വദേശിനി (47)32.കുമ്പളം സ്വദേശി (3) 33. കുമ്പളം സ്വദേശി (33)34. കുമ്പളങ്ങി സ്വദേശി (26) 35.കുമ്പളങ്ങി സ്വദേശി(23) 36.കുമ്പളങ്ങി സ്വദേശി(57) 37. കുമ്പളങ്ങി സ്വദേശിനി (7) 38.കുമ്പളങ്ങി സ്വദേശിനി(27) 39. കുമ്പളങ്ങി സ്വദേശിനി(54) 40. കോതമംഗലം സ്വദേശിനി(51) 41. ചളിക്കവട്ടം സ്വദേശി(32) 42.ചൂർണിക്കര സ്വദേശി(49) 43.ചെല്ലാനം സ്വദേശി(13) 44.ചെല്ലാനം സ്വദേശി(35) 45. ചെല്ലാനം സ്വദേശി(59) 46. ചെല്ലാനം സ്വദേശിനി(58) 47.ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (10)48. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (17) 49. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (16)50. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (16) 51. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (17) 52. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (17) 53. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (26) 54. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (45) 55. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (47) 56. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(12) 57. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(13)58.ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(15)59. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(16) 60. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17) 61. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17) 62. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17)63. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17)64. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17)65.തിരുവാണിയൂർ സ്വദേശിനി (48)66. തൃക്കാക്കര സ്വദേശി(31)67.തേവര സ്വദേശി(26)68. തേവര സ്വദേശിനി(50)69. തേവര സ്വദേശിനി(60)70. തോപ്പുംപടി സ്വദേശി (37)71.തോപ്പുംപടി സ്വദേശിനി (52)72.നാവിക സേന ഉദ്യോഗസ്ഥൻ (19)73. നാവിക സേന ഉദ്യോഗസ്ഥൻ (20)74. നാവിക സേന ഉദ്യോഗസ്ഥൻ (22)75.നാവിക സേന ഉദ്യോഗസ്ഥൻ (24)76.നാവിക സേന ഉദ്യോഗസ്ഥൻ (27)77. നാവിക സേന ഉദ്യോഗസ്ഥൻ (34)78. നാവിക സേന ഉദ്യോഗസ്ഥൻ (38)79.നിലവിൽ കളമശ്ശേരിയിൽ ജോലി ചെയ്യുന്ന ഇടുക്കി സ്വദേശി (23)80. നിലവിൽ പലാരിവട്ടത്തെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആലപ്പുഴ സ്വദേശിനി (23)81. നിലവിൽ വെണ്ണലയിൽ താമസിക്കുന്ന കോട്ടയം സ്വദേശിനി(47)82.നിലവിൽ വെണ്ണലയിൽ താമസിക്കുന്ന തിരുവനന്തപുരം സ്വദേശിനി(23)83.നിലവിൽ വെണ്ണലയിൽ താമസിക്കുന്ന തൃശൂർ സ്വദേശിനി(20) 84.നിലവിൽ വെണ്ണലയിൽ താമസിക്കുന്ന പത്തനംതിട്ട സ്വദേശിനി(22) 85. നെല്ലിക്കുഴി സ്വദേശി(35) 86.നെല്ലിക്കുഴി സ്വദേശി(6) 87.പല്ലാരിമംഗലം സ്വദേശി (13) 88.പല്ലാരിമംഗലം സ്വദേശിനി(16) 89. പള്ളിപ്പുറം സ്വദേശി (42) 90.പള്ളുരുത്തി സ്വദേശി (20) 91.പള്ളുരുത്തി സ്വദേശി (34) 92.പള്ളുരുത്തി സ്വദേശി (39) 93. പള്ളുരുത്തി സ്വദേശി (49) 94.പള്ളുരുത്തി സ്വദേശി (50) 95.പള്ളുരുത്തി സ്വദേശി (55) 96. പള്ളുരുത്തി സ്വദേശി (64) 97. പള്ളുരുത്തി സ്വദേശി (66) 98. പള്ളുരുത്തി സ്വദേശി(35) 99.പള്ളുരുത്തി സ്വദേശിനി (19) 100.പള്ളുരുത്തി സ്വദേശിനി (2) 101. പള്ളുരുത്തി സ്വദേശിനി (44) 102.പള്ളുരുത്തി സ്വദേശിനി (59) 103.പള്ളുരുത്തി സ്വദേശിനി (8) 104.പുത്തൻവേലിക്കര സ്വദേശി(15) 105. പുത്തൻവേലിക്കര സ്വദേശിനി (39) 106. പൂതൃക്ക സ്വദേശി(80) 107. പൂതൃക്ക സ്വദേശിനി(22) 108.പോത്താനിക്കാട് സ്വദേശി (21)109.ഫോർട്ട് കൊച്ചി സ്വദേശി(43) 110. ഫോർട്ട് കൊച്ചി സ്വദേശിനി (42) 111.ഫോർട്ട് കൊച്ചി സ്വദേശിനി (58) 112. മഞ്ഞപ്ര സ്വദേശി (56) 113. മഞ്ഞപ്ര സ്വദേശിനി(25) 114.മഞ്ഞപ്ര സ്വദേശിനി(35) 115.മട്ടാഞ്ചേരി സ്വദേശി (40) 116. മട്ടാഞ്ചേരി സ്വദേശി(10) 117.മട്ടാഞ്ചേരി സ്വദേശി(27) 118. മട്ടാഞ്ചേരി സ്വദേശി(44) 119.മട്ടാഞ്ചേരി സ്വദേശി(60) 120.മട്ടാഞ്ചേരി സ്വദേശിനി (27) 121. മട്ടാഞ്ചേരി സ്വദേശിനി(14)122. മട്ടാഞ്ചേരി സ്വദേശിനി(17) 123. മട്ടാഞ്ചേരി സ്വദേശിനി(46) 124.മട്ടാഞ്ചേരി സ്വദേശിനി(49) 125. മുളന്തുരുത്തി സ്വദേശി (29) 126. മുളന്തുരുത്തി സ്വദേശി (34) 127. മുളന്തുരുത്തി സ്വദേശി(52) 128. മുളന്തുരുത്തി സ്വദേശി(60) 129.മുളന്തുരുത്തി സ്വദേശിനി (3) 130.മുളന്തുരുത്തി സ്വദേശിനി (30) 131. മുളന്തുരുത്തി സ്വദേശിനി (60) 132.മുളന്തുരുത്തി സ്വദേശിനി (9)133. മൂക്കന്നൂർ സ്വദേശി(49) 134.രാമമംഗലം സ്വദേശി (52) 135. വടവുകോട് സ്വദേശിനി(12) 1 36. വടവുകോട് സ്വദേശിനി(39) 137. വടവുകോട് സ്വദേശിനി(47) 138. വടുതല സ്വദേശി(26) 139. വടുതല സ്വദേശി(27) 140. വടുതല സ്വദേശി(62) 141. വാരപ്പെട്ടി സ്വദേശിനി(36) 142. വെങ്ങോല സ്വദേശി (1) 143.വെങ്ങോല സ്വദേശി (29) 144.വെങ്ങോല സ്വദേശി (4) 145. വെങ്ങോല സ്വദേശിനി85) 146. വൈറ്റില സ്വദേശിനി(30) 147. വൈറ്റില സ്വദേശിനി(36) 148. നിലവിൽ ചേരാനെല്ലൂരിൽ താമസിക്കുന്ന എറണാകുളം സ്വകാര്യ ആശുപത്രിയിലെ ഡോക്ടർ (23) 149. നിലവിൽ പെരുമ്പാവൂരിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്തുവരുന്ന ആരോഗ്യ പ്രവർത്തക യായ നായത്തോട് അങ്കമാലി സ്വദേശിനി (45) 150. തൃശ്ശൂരിൽ ആരോഗ്യ പ്രവർത്തകയായ പല്ലാരിമംഗലം സ്വദേശിനി(47) 151.മട്ടാഞ്ചേരി സ്വദേശിയായ ആരോഗ്യ പ്രവർത്തക(47) 152. കോതമംഗലം സ്വദേശി (44) 153. തിരുവാണിയൂർ സ്വദേശി (50) 154.കുന്നത്തുനാട് പട്ടിമറ്റം സ്വദേശി (52) 155.ഫോർട്ട് കൊച്ചി സ്വദേശി (41) 156.നിലവിൽ കളമശ്ശേരിയിൽ താമസിക്കുന്ന ബീഹാർ സ്വദേശി (38) 157. കല്ലൂർകാട് സ്വദേശിനി (30) 158.പല്ലാരിമംഗലം സ്വദേശി (56) 159.പാലാരിവട്ടം സ്വദേശിനി(21) 160. എറണാകുളത്തു ചികിത്സക്കെത്തിയ ആലപ്പുഴ സ്വദേശിനി(35)161. മൂക്കന്നൂർ സ്വദേശിനി(48)162. കോതമംഗലം സ്വദേശി (60) 163. അങ്കമാലി സ്വദേശി(37) 164. തൃക്കാക്കരയിൽ താമസിക്കുന്ന കാസർഗോഡ് സ്വദേശി (26)165. കുമ്പളങ്ങി സ്വദേശി

AKSHAYA
CATERING & RESTAURANT
PUTHUSSERY NAGAR
PALLIPARAMBUKAVU ROAD, TRIPUNITHURA
PH:9846048184,9074520320
TAKE AWAY AND HOME DELIVERY ONLY
SPECIAL RECIPES
Aloo Matar Masala, Mexican Fried Rice, Vegan Pad Thani Noodles, Kung Pao Paneer, Schezwan Pao Tofu Fried Rice, Mushroom Babycorn Manchurian Samurai Noodles, Chilli Gopi, Chapati, Parotta,Chilli Parotta,
20 Varities of Dosa, Masala Dosa, Thattu dosa, Podi Dosa, Butter Masala, Paneer, Ghee Roast etc..

EXCHANGE OFFER
your old mattress with
BAJAJ FINSERV Kurl-on
GEO AGENCIES
Chittoor Road, Ernakulam
Ph: 98470 02727

സ്മരണാഞ്ജലി
നാലാം ചരമവാർഷികം
22-08-2020

പി. കെ. ഗോപാലൻ
കുറുപ്പനേഴത്ത് വീട്
തെക്കൻ പറവൂർ
ദുഃഖ സ്മരണകളോടെ കുടുംബാംഗങ്ങൾ
PUTHANPURAYIL FAMILY TRUST
SOUTH PARAVOOR, ERNAKULAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.229 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

കൊവിഡ് ഭീതിയുയർത്തി പനച്ചമൂട്ടിൽ വീണ്ടും അനധികൃത മത്സ്യ ചന്ത

വെള്ളറട: കൊവിഡ് ഭീതിയുയർത്തി പനച്ചമൂട്ടിൽ വീണ്ടും അനധികൃത മത്സ്യ ചന്ത. വെള്ളറട പഞ്ചായത്തിലാകമാനം കൊവിഡ് 19 പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ പ്രവർത്തിച്ചിരുന്ന പനച്ചമൂട് പൊതു ചന്തയുടെ പ്രവർത്തനം നിറുത്തി വച്ചിട്ടു മാസങ്ങളായി. ഈ അവസരം മതലെടുത്താണ് അനധികൃത ചന്ത പ്രവർത്തിച്ചു വരുന്നത്. ചെറിയകൊല്ല വെള്ളറട റോഡിൽ പനച്ചമൂട് പുളിമൂട് ജംഗ്ഷനു സമീപം റോഡിൽ തമിഴ്നാടിന്റെ ഭാഗത്താണ് അനധികൃത ചന്ത പ്രവർത്തിക്കുന്നത്.മത്സ്യവും പച്ചക്കറിയും വാങ്ങാൻ കൊ വിഡ് നിർദ്ദേശങ്ങൾ പാലിക്കാതെ തിക്കും തിരക്കും കാട്ടി ഒത്തുകൂടുന്നവരിലൂടെയാണ് കൊവിഡ് വ്യാപനം നടക്കുന്നതെന്നാണ് നാട്ടുകാരിൽ ഒരു വിഭാഗം പറയുന്നത്.

തമിഴ്നാട് ഭാഗത്ത് ചന്ത പ്രവർത്തിക്കുന്നതുകാരണം കേരള പൊലീസിനു നിയന്ത്രിക്കുന്നതിൽ നിയമ പ്രശ്നങ്ങൾ ഉള്ള തക്കവും വ്യാപാരികൾ മുതലെടുക്കുന്നുണ്ട്.

എന്നാൽ നിയന്ത്രിക്കുവാൻ അധികാരമുള്ള തമിഴ്നാട് പൊലീസ് കണ്ടഭാവം നടിക്കുന്നില്ല എന്നും നാട്ടുകാർ. ഏതാനും ദിവസങ്ങൾക്കു മുൻപ് പനച്ചമൂട്ടിൽ കേരളാ പൊലീസ് സ്ഥാപിച്ചിരുന്ന ബാരിക്കേഡുകൾ സ്ഥലത്തെ വിവിധ രാഷ്ടീയ പ്രവർത്തകർ എടുത്തു മാറ്റിയിരുന്നു.

കുരിശുമല വിശുദ്ധ പത്താം പീയൂസ് ദേവാലയ തിരുനാളിന് കൊടിയേറുന്നു.

പീയൂസ് ദേവാലയ തിരുനാളിന് കൊടിയേറി

വെള്ളറട: കുരിശുമല വിശുദ്ധ പത്താം പീയൂസ് ദേവാലയ തിരുനാളിന് കൊടിയേറി. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആഘോഷങ്ങൾ ഒഴിവാക്കിയാണ് മൂന്ന് ദിവസങ്ങളിലായി തിരുനാൾ നടക്കുന്നത്. ഇടവക ജനങ്ങൾ ഭവനങ്ങളിൽ അൽത്താര ഒരുക്കി ഓൺലൈനായാണ് തിരുകർമ്മങ്ങളിൽ പങ്കെടുക്കാൻ ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. തിരുനാൾ 23 ന് സമാപിക്കും.

പീരങ്കി മൈതാനത്ത് ഓണച്ചന്ത തുടങ്ങി

കൊല്ലം: ഓണത്തോടനുബന്ധിച്ച് ഭക്ഷ്യസിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പീരങ്കി മൈതാനത്ത് ഓണച്ചന്ത തുടങ്ങി. എം. നൗഷാദ് എം.എൽ എ ദീപം തെളിയിച്ചു. ഓണച്ചന്തകളുടെ സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവ്വഹിച്ച ശേഷമാണ് ജില്ലയിൽ പ്രവർത്തനമാരംഭിച്ചത്. മേയർ ഹണി ബെഞ്ചമിൻ ആദ്യ വിൽപ്പന നടത്തി. പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്തുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ചന്തയിൽ ഗൃഹോപകരണങ്ങൾ ഉൾപ്പടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഹോർട്ടികോർപ്പിന്റെ മേൽനോട്ടത്തിലുള്ള വിഷരഹിത പച്ചക്കറികളും ന്യായമായ നിരക്കിൽ ലഭിക്കും. കുടുംബശ്രീ അടക്കമുള്ള സർക്കാർ ഏജൻസികളും ചന്തയിൽ ഭാഗമാണ്. കോവിഡ് പ്രോട്ടോകോളുകൾ പാലിച്ച് സാമൂഹിക അകലം ഉറപ്പ് വരുത്തിയാണ് ചന്ത പ്രവർത്തിക്കുന്നത്. തെർമൽ സ്കാനിംഗ് പരിശോധനകളും തിരക്ക് ഒഴിവാവാക്കാൻ കൗണ്ടർ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ജില്ലാ ഡിപ്പോയിലെ പതിനഞ്ചോളം ജീവനക്കാരുടെ സേവനവും ഈ മാസം 31 വരെ തുടരുന്ന ചന്തയിലുണ്ട്. രാവിലെ 10 മണി മുതൽ വൈകിട്ട് 6 വരെയാണ് പ്രവർത്തിസമയം. ഡെപ്യൂട്ടി മേയർ എസ് ഗീതാകുമാരി, ഡിവിഷൻ കൗൺസിലർ റീന സെബാസ്റ്റ്യൻ, താലൂക്ക് സപ്ലൈ ഓഫീസർ ദീപ, സിവിൽ സപ്ലൈ ജില്ലാ ഡിപ്പോ മാനേജർ ഗോപകുമാർ , ഹോർട്ടികോർപ് ജില്ലാ മാനേജർ മധു എന്നിവർ പങ്കെടുത്തു.

സിവിൽ സപ്ലൈസ് കൊല്ലം പീരങ്കിമൈതാനത്ത് ആരംഭിച്ച ഓണച്ചന്തയിലെ പച്ചക്കറി സ്റ്റോളിലെ ആദ്യ വിൽപ്പന മേയർ ഹണി ബെഞ്ചമിന് കിറ്റ് നൽകി എം.നൗഷാദ് എംഎൽഎ നിർവ്വഹിക്കുന്നു.

ഓണത്തിരക്കിൽ ജാഗ്രത കൈമോശം വരരുത് ; മന്ത്രി

കൊല്ലം: ഓണത്തിരക്കിനിടയിൽ കൊവിഡ് പ്രതിരോധത്തിനുള്ള ജാഗ്രത കൈമോശം വരരുതെന്ന് മന്ത്രി ജെ.മേഴ്സിക്കുട്ടിയമ്മ. ജില്ലാ തലത്തിൽ നടന്ന ഉന്നതല അവലോകന യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. അയവ് ചില മേഖലകളിൽ ആവാം. കടകളിൽ എത്തുന്നവർ സ്വയം നിയന്ത്രണം പാലിക്കണം. പൊലീസിന് എല്ലാ കടകളും ശ്രദ്ധിക്കാനാവില്ല. കടയുടമകളുടെ കൂടി സഹകരണം നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിൽ തേടണം. നിയന്ത്രണങ്ങൾ എല്ലാവരുടെയും രക്ഷയെ കരുതിയാണെന്ന ബോധം വരും വിധമാവണം പ്രവർത്തനങ്ങൾ. എന്നാൽ ചില ഭാഗത്ത് കണ്ടുവരുന്ന ബോധപൂർവ്വമായ നിയമ ലംഘനത്തിന് കർശന നടപടി വേണമെന്നും മന്ത്രി നിർദേശിച്ചു. മത്സ്യ വിപണനം വഴിയോരത്ത് പാടില്ല. ചില പഞ്ചായത്തുകൾ ഇതിൽ കാര്യക്ഷമമായി വിജയിച്ചിട്ടുണ്ട്. മറ്റു പഞ്ചായത്തുകൾ കൂടി ശ്രദ്ധിക്കണം. മാർക്കറ്റുകളിൽ വില്ക്കാൻ മത്സ്യം വേണമെന്ന് തൊഴിലാളികൾ ആവശ്യമുന്നയിച്ചാൽ മത്സ്യഫെഡ് അവ നൽകണമെന്നും മന്ത്രി നിർദേശിച്ചു.

വാർഡുകൾ മുഴുവൻ കണ്ടയിൻമെന്റ് സോണാക്കി അടയ്ക്കുന്നത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി എം.പിമാരായ എ. ആരിഫ്, കെ. സോമപ്രസാദ്, എം എൽ എ മാരായ പി അയിഷാ പോറ്റി, ആർ രാമചന്ദ്രൻ, മുല്ലക്കര രത്നാകരൻ എന്നിവർ അറിയിച്ചു. നിലവിൽ മൈക്രോ ലവൽ കണ്ടയിൻമെന്റാണ് നടപ്പിലാക്കുന്നതെന്നും, ഇക്കാര്യം പരിശോധിച്ച് പൊലീസ് ക്രമീകരണം ഏർപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. തീരദേശമുൾപ്പടെ ജില്ലയിൽ കൊവിഡ് വ്യാപനം തടയാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുമെന്ന് ജില്ലാ കലക്ടർ ബി.അബ്ദുൽ നാസർ അറിയിച്ചു.

നീണ്ടകരയിൽ കൂടുതൽ പൊലീസിനെ നിയോഗിച്ച് നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തിയതായി സിറ്റി പൊലീസ് കമ്മീഷണർ ടി. നാരായണനും അറിയിച്ചു. ഡി.എം.ഒ ആർ ശ്രീലത, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ബിനുൻ വാഹിദ് തുടങ്ങി വകുപ്പ് തല ഉദ്യോഗസ്ഥർ ഓൺലൈൻ യോഗത്തിൽ സംസാരിച്ചു.

നെയ്യാർഡാം ആദിവാസി കോളനികളിൽ കൊവിഡിന്റെ മറവിൽ വ്യാജ വാറ്റ് വ്യാപകം

കാട്ടാക്കട : നെയ്യാർ വന്യജീവി സങ്കേതത്തിലെ പുരവിമല, ചാക്കപ്പാറ, കാരിക്കുഴി, കുന്നത്തുമല, തെൻമല, കൊമ്പ തുടങ്ങി ആദിവാസി സെറ്റിൽമെന്റിൽ വ്യാജ വാറ്റ് വ്യാപകം. സെറ്റിൽ മെൻറിലെ ഇടറോഡുകൾ അടച്ചതും പൊലീസും എക്സൈസും വരാത്തതിനാലും വ്യാജ വാറ്റുകാർക്ക് അനുഗ്രഹമാകുന്നു.

ചാക്കപ്പാറയിൽ ഒരു താൽക്കാലിക ചെക്ക് പോസ്റ്റും താൽക്കാലിക ഫോറസ്റ്റ് വാച്ചർമാരും ഉണ്ട്. താൽക്കാലിക ജീവനക്കാർ അവിടെത്തെ നാട്ടുകാരനായതിനാൽ അതു വഴിയും പുരവിമല, കാരിക്കുഴി എന്നിവിടങ്ങൾ വഴിയും വള്ളത്തിലൂടെയും ചാരയവും ശർക്കരയും യഥേഷ്ടം കടന്നു പോകുന്നതായി ആണ് നാട്ടുകാർ പറയുന്നത്. രാത്രിയിലും പകലും പുറമേ നിന്നും നിരവധി വാഹനങ്ങൾ സെറ്റിൽമെന്റിൽ എത്തുന്നു എന്നും ഏതെങ്കിലും വിധത്തിൽ ഒരു റെയ്ഡ് നടക്കുന്നു ഉണ്ടെന്നറിഞ്ഞാൽ ഇവിടെത്തെ ചില ഉദ്യോഗസ്ഥരും വാച്ചർമാരും വാറ്റുകാരെ അറിയിക്കുക പതിവാണ് എന്നും നാട്ടുകാർ പറയുന്നുണ്ട്. അതേ സമയം ഫോറസ്റ്റ് ഡിപ്പാർട്ട് മെന്റ് അറിയാതെ ആർക്കും സെറ്റിൽമെന്റിനുള്ളിൽ കടക്കാൻ പ്രയാസമാണ്. അതിനാൽ ആണ് ഇവിടെത്തെ വാർത്തകൾ പുറം ലോകം അറിയാൻ കഴിയാതെ വരുന്നത്.

രണ്ട് ദിവസം മുൻപ് വ്യാജ വാറ്റിൽ ഏർപ്പെട്ടിരുന്നവരെ ജീവക്കാർ തന്നെ പിടികൂടുകയും വാറ്റു ഉപകരണങ്ങൾ ഉൾപ്പെടെ പിടിച്ചെടുത്ത് കാരിക്കുഴി സെക്ഷൻ ഓഫീസിൽ എത്തിക്കുകയും ചെയ്തു. ഇത് മേൽ ഉദ്യോഗസ്ഥരെ അറിയിക്കാതെ സംഭവം ഒതുക്കി തീർക്കുകയാണ് ചെയ്തതായും പറയപ്പെടുന്നു. വീണ്ടും ഇവർ വ്യാജവാറ്റിൽ സജീവമായി. കൂടാതെ ലൈഫ് ഭവന പദ്ധതിയിൽ ആദിവാസികൾക്ക് വീടുപണിക്കായി ആവശ്യത്തിലധികം മരങ്ങൾ മുറിക്കുകയും അവ തടികൾ മില്ലുകളിൽ അറുപ്പിക്കുകയും ചെയ്ത ശേഷം ബാക്കി വരുന്നവ വിൽപ്പന നടത്താനും സഹായിക്കുന്നുണ്ട്. വീടുപണിക്കായി എത്തുന്ന ജെസിബി സെറ്റിൽമെന്റിൽ കടക്കണമെങ്കിൽ ചില ജീവനക്കാരെ കാണേണ്ട വിധം കണ്ടില്ലെങ്കിൽ വീട് പണിയും നടക്കില്ലന്നും ഇവിടുത്തുകാർ പറയുന്നു.

നല്ല രീതിയിൽ വനം കൈയ്യേറ്റം നടന്നു വരുന്നുണ്ടെന്നും ഇത് ഉദ്യോഗസ്ഥരെ അറിയിച്ചാൽ കൈമടക്ക് ഒതുക്കി തീർക്കുകയാണ്. അധികൃതർ എത്രയും വേഗം അന്വേഷണം നടത്തി നടപടി എടുക്കണമെന്നും കാടിനെയും ഇവിടുത്തുകാരെയും സംരക്ഷിക്കണമെന്നാണു ആദിവാസി സെറ്റിൽമെന്റിലുകളിൽ ആൾക്കാർ പറയുന്നത്

15 ലക്ഷം വിലവരുന്ന നിരോധിത പുകയില ഉത്പന്നങ്ങൾ പൊലീസ് പിടികൂടി

തൊടിയൂരിൽ വീട്ടിൽ നിന്നും പിടികൂടിയ നിരോധിത പുകയില ഉത്പന്നങ്ങൾ.

കരുനാഗപ്പള്ളി: തൊടിയൂരിൽ വീട്ടിൽ രഹസ്യമായി സൂക്ഷിച്ചിരുന്ന നിരോധിത പുകയില ഉത്പന്നങ്ങളുടെ വൻശേഖരം കരുനാഗപ്പള്ളി പൊലീസ് പിടികൂടി .കൊല്ലം സിറ്റി പൊലീസ് കമ്മീഷണർ സി. നാരയണന് കിട്ടിയ രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കരുനാഗപ്പള്ളി എ.സി.പി ബി.ഗോപകുമാറിന്റെ നിർദേശത്തെ തുടന്ന് എസ്.എച്ച്.ഒ. എസ്.മഞ്ജുലാലിന്റെറെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് പുകയില ഉൽപ്പന്നങ്ങൾ കണ്ടെടുത്തത്.

തൊടിയൂർ പുലിയൂർ വഞ്ചി വടക്ക് ഫാത്തിമ മൻസിലിൽ സുധീറിന്റെ വീട്ടിൽ കാറിലും, വീടിനോട് ചേർന്ന ഷെഡ്ഡിൽ നിന്നുമായി 21,000 പായ്കറ്റ് നിരോധിത പുകയില ഉത്പന്നങ്ങളാണ് കരുനാഗപ്പള്ളി പൊലീസ് പിടികൂടിയത്.

പിടികൂടിയനിരോധിത പുകയില ഉത്പന്നങ്ങൾക്ക് വിപണിയിൽ 15 ലക്ഷത്തോളം രൂപ വില വരും.സുധീറിനെ ഇതിനു മുൻപും പലതവണ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതിന് പോലീസ് പിടികൂടിയിട്ടുണ്ട്.

വിദ്യാർത്ഥികളും യുവാക്കളുമാണ് ഇതിന്റെ ഉപഭോക്തക്കൾ. സുധീർ ഒളിവിലാണ്. ഇയാൾക്കായി പൊലീസ് അന്വേഷണം ഊർജ്ജിതമാക്കി. റെയ്ഡിൽ കരുനാഗപ്പള്ളി എ.സി.പി.ബി.ഗോപകുമാർ, എസ്.എച്ച്.ഒ.മഞ്ജു ലാൽ, എസ്.ഐ.മാരായ ജയശങ്കർ, അലോഷ്യസ്, സമീർക്കോയ, എ.എസ്.ഐ. സന്ദീപ്, സി.പി ഒ, രജീഷ് എന്നിവർ പങ്കെടുത്തു.

നീണ്ടകര ഹാർബർ രണ്ടു ദിവസത്തേക്ക് അടച്ചു

കൊല്ലം: കൊവിഡ് മുൻ കരുതലുകളുടെ ഭാഗമായി നീണ്ടകര ഹാർബർ രണ്ടു ദിവസത്തേക്ക് അടച്ചു. ജില്ലാ ഉന്നതതല യോഗത്തിൽ ജില്ലയുടെ ചുമതലയുള്ള മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ജില്ലാ കലക്ടർ ബി.അബ്ദുൽ നാസർ, പൊലീസ് മേധാവികൾ എന്നിവരുമായി നടത്തിയ ചർച്ചയെ തുടർന്നാണ് തീരുമാനം. അടഞ്ഞുകിടക്കുന്ന ശക്തികുളങ്ങര ഹാർബർ അണു മുക്തമാക്കിയ ശേഷം രണ്ടു ദിവസത്തിനകം തുറക്കും. ഹാർബറുകളിൽ തൊഴിലാളികൾക്ക് രോഗം സ്ഥിരീകരിച്ചതിനാലാണ് നടപടി. ഹാർബറുകൾ തുറക്കുമ്പോൾ കൂടുതൽ കൗണ്ടറുകൾ തുറക്കും സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കുമെന്നും ആവശ്യമായ അധികം ഉദ്യോഗസ്ഥർക്ക് ചുമതലകൾ നൽകുമെന്നും ജില്ലാ കലക്ടർ അറിയിച്ചു.

ഓണത്തിന് കാഷ്യു കോർപ്പറേഷൻ വക പുതിയ ഉത്പ്പന്നങ്ങൾ

കൊല്ലം: ഓണത്തിന് കാഷ്യു കോർപ്പറേഷൻ വക പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി. പ്രീമിയം ഗിഫ്റ്റ് ബോക്സ്, പ്ലാറ്റിനം ഗിഫ്റ്റ് ബോക്സ്, ടിൻ പരിപ്പ് എന്നിവയാണിവ. കൊല്ലം പ്രസ് ക്ലബ്ബിൽ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ് ജയമോഹന് കൈമാറി. നിലവിൽ 11 ഉൽപ്പന്നങ്ങളാണ് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായി വിപണിയിലുള്ളത്. പ്രീമിയം, പ്ലാറ്റിനം ഗിഫ്റ്റ് ബോക്സുകളിലും ആകർഷകമായ ടിൻ കണ്ടെയ്നറുകളിലും കശുവണ്ടി പരിപ്പും കോർപ്പറേഷന്റെ എല്ലാ ഉൽപ്പന്നങ്ങളും വിപണിയിലിറക്കുന്നു.

കഴിഞ്ഞ രണ്ട് വർഷങ്ങളിലും അന്തർദേശീയ തലത്തിൽ നടന്ന 'കാജു ഇന്ത്യ' അന്തർദേശീയ കോൺക്ലേവിൽ മികച്ച മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കിയതിന് പുരസ്ക്കാരം കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്. റോസ്റ്റഡ് ആന്റ് സൾട്ടഡ് കാഷ്യൂ, കാഷ്യൂ വിറ്റ, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, കാഷ്യൂ സൂപ്പ്, ചോക്കോ കാജു, മിൽക്കി കാജു, അസോർട്ടഡ് കാഷ്യൂ, കശുമാങ്ങയിൽ നിന്നുള്ള ഉൽപ്പന്നങ്ങളായ കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ ജ്യൂസ്, കാഷ്യൂ പൈൻ ജാം എന്നീ ഉൽപ്പന്നങ്ങളാണ് ഓണക്കാലത്ത് വിപണിയിലെത്തിക്കുന്നത്.

നാടൻ തോട്ടണ്ടിയിൽ നിന്നുള്ള 150 ഗ്രേഡിലുള്ള ജംബോ സൈസ് കശുവണ്ടി പരിപ്പും വിപണിയിലുണ്ട്. കേരളത്തിലെ അംഗീകൃത ഏജൻസികൾ വഴിയും ആമസോൺ ഓൺലൈൻ വ്യാപാര ശൃംഖല വഴിയും ഇന്ത്യയിലുടനീളം കശുവണ്ടി ഉൽപ്പന്നങ്ങൾ വാങ്ങാം.

കൂടാതെ ലുലു ഹൈപർമാർക്കറ്റിന്റെ ലോകത്തെ എല്ലാ വിപണന കേന്ദ്രങ്ങളിലും മാർക്കറ്റ് ഫെഡിന്റെ വ്യപാര സ്ഥാപനങ്ങളിലൂടെയും കശുവണ്ടി പരിപ്പും ഉൽപ്പന്നങ്ങളും ലഭിക്കും.

ഓണക്കാലത്ത് 5 കോടി രൂപയുടെ പരിപ്പ് വാങ്ങുന്നവർക്ക് 25 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. സെപ്റ്റംബർ 20 വരെയാണ് സബ്സിഡിയുള്ളതെന്നും എംഡി രാജേഷ് രാമകൃഷ്ണൻ അറിയിച്ചു.

കാഷ്യു കോർപ്പറേഷൻ വക പുതിയ ഉൽപ്പന്നങ്ങൾ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ കൊല്ലം പ്രസ്ക്ലബ് പ്രസിഡന്റ് അജിത്ത് ശ്രീനിവാസനു കൈമാറുന്നു. കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ്.ജയമോഹൻ സമീപം.

റേഷൻ സാമഗ്രികൾ വിതരണം ചെയ്യുന്നതിൽ ക്രമക്കേട്; ഇഞ്ചി വിളയിലെ റേഷൻ കട സസ്പെന്റ് ചെയ്തു

പാറശാല: റേഷൻ കടയിൽ നിന്നും ഗുണഭോക്താക്കൾക്ക് അർഹമായ റേഷൻസാമഗ്രികൾ വിതരണം ചെയ്യുന്നില്ലെന്ന് വ്യാപക പരാതി. ഇഞ്ചിവിളനടുത്തോട്ടത്തെ എ ആർ ഡി 535 നമ്പർ റേഷൻ കടക്കെതിരെയാണ് പരാതിയുയരുന്നത്. എസ്.വിപിൻ ചന്ദ്രനെന്നയാളുടെ പേരിൽ ലൈസൻസിയുള്ള റേഷൻ കടയുടെ നിയന്ത്രണവും മേൽനോട്ടവും ഇയാളുടെ പിതാവും ബിജെപിയുടെ നേതാവുമായിട്ടുള്ള വ്യക്തി എന്നാണ് നാട്ടുകാർ പറയുന്നത്. ഗുണഭോക്താക്കൾക്ക് നൽകാനുള്ള റേഷൻ വിഹിതം വെട്ടിക്കുന്നതായി നേരത്തെയും വ്യാപക പരാതി ഉയർന്നിരുന്നു. മകന്റെ ലൈസൻസിയുടെ മറവിൽ റേഷൻകട നിയന്ത്രിക്കുന്നതും കണക്കെഴുതുന്നതും കടയുടെ പൂർണ നിയന്ത്രണങ്ങൾ വരുതിയിലാക്കി പകൽകൊള്ള നടത്തുന്നതും പിതാവാണെന്നാണ് ഗുണഭോക്താക്കളുടെ ആരോപണം. അർഹമായറേഷൻ സാമഗ്രികൾ വെട്ടിക്കുറക്കുന്നത് ചോദ്യം ചെയ്യുന്ന ഗുണഭോക്താക്കളെ ഭീഷണിപ്പെടുത്തുന്നതായും അവഹേളിക്കുന്ന തരത്തിൽ ഇയാൾ പ്രതികരിക്കുന്നതായും പ്രദേശവാസികൾ പരാതിപ്പെടുന്നു. ഇത്തരത്തിൽ റേഷൻസാമഗ്രികൾ വെട്ടിക്കുറച്ചതിനെതിരെ ഇഞ്ചിവിള സ്വദേശിയായ എബിനേഷ് സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി, ജില്ലാ കളക്ടർ, സിവിൽ സപ്ലൈസ് കമ്മിഷണർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ താലൂക്ക് സപ്ലൈ ഓഫീസറിന്റെയും ലീഗൽ മെട്രോളജി വിഭാഗത്തിന്റെയും നേതൃത്വത്തിൽ റേഷൻ കടയിൽ പരിശോധന നടത്തുകയും കടയിലെ ഗുണഭോക്താക്കളായ പത്തോളം പേരുടെ മൊഴി രേഖപ്പെടുത്തുകയും ചെയ്തു. പരിശോധനയിൽ റേഷൻസാമഗ്രികളുടെ സ്റ്റോക്കിൽ നേരിയ വ്യത്യാസം കണ്ടെത്തിയതായി താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. ഇതിനെ തുടർന്നാണ് റേഷൻ കട ജില്ലാ സപ്ലൈ ഓഫീസർ സസ്പെന്റ് ചെയ്തത്.

കടൽക്ഷോഭത്തിൽ തകർന്ന പ്രദേശങ്ങൾ മേയർ സന്ദർശിച്ചു

തിരുവനന്തപുരം: കടൽക്ഷോഭം മൂലം നാശനഷ്ടങ്ങൾ ഉണ്ടായ ശംഖുമുഖം വാർഡിലെ ചെറുവെട്ടുകാട് പ്രദേശം മേയർ കെ.ശ്രീകുമാർ സന്ദർശിച്ചു. കടലാക്രമണം മൂലം നഗരസഭയുടെ റോഡ് ഉൾപ്പെടെ ചെറുവെട്ടുകാട് പ്രദേശത്ത് തകർന്നിട്ടുണ്ട്. ശംഖുമുഖം വെട്ടുകാട് പ്രദേശത്തെ കടൽക്ഷോഭം മൂലം കഴിഞ്ഞ ദിവസങ്ങളിലായി നൂറു കണക്കിന് തെങ്ങുകൾക്കും നിരവധി വീടുകൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചിരുന്നു. ഇവിടങ്ങളിലാണ് മേയർ സന്ദർശിച്ചത്. വരും ദിവസങ്ങളിൽ കടൽക്ഷോഭത്തെ പ്രതിരോധിക്കാൻ വേണ്ടി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മേയർ കളക്ടറുമായി സംസാരിച്ചു. അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി തഹസിൽദാർ അടക്കമുള്ളവരെ ചുമതലപ്പെടുത്തിയതായി മേയർ പറഞ്ഞു. വീടുകൾ തകർന്ന് പ്രതിസന്ധിയിലായവരെ മാറ്റി പാർപ്പിക്കാനും അവർക്ക് വേണ്ട ആഹാര സാധനങ്ങളും നിത്യോപയോഗ സാധനങ്ങൾ അടക്കം എത്തിക്കുവാനും നഗരസഭയുടെ ഇടപെടൽ ഉണ്ടാകുമെന്നും മേയർ പറഞ്ഞു. കടക്ഷോഭം മൂലം പ്രശ്നങ്ങൾ നേരിടുന്ന പ്രദേശങ്ങളിൽ നടക്കുന്ന ജനകീയ പ്രവർത്തനങ്ങളെ നഗരസഭയുടെ നേതൃത്വത്തിൽ സഹായിച്ചു വരുന്നുണ്ട്. വാർഡ് കൗൺസിൽ വെട്ടുകാട്സോളമൻ, സിപിഎം വഞ്ചിയൂർ ഏരിയ സെക്രട്ടറി ലെനിൻ, നഗരസഭ സൂപ്രണ്ടിങ് എഞ്ചിനീയർ ഉണ്ണി എന്നിവർ മേയറോടോപ്പം ഉണ്ടായിരുന്നു.

കടൽക്ഷോഭം മൂലം നാശനഷ്ടങ്ങൾ ഉണ്ടായ ശംഖുമുഖം വാർഡിലെ ചെറുവെട്ടുകാട് പ്രദേശം മേയർ കെ.ശ്രീകുമാർ സന്ദർശിക്കുന്നു.

പുനലൂർ ഗവ. ഹോമിയോ ആശുപത്രി നാടിന് സമർപ്പിച്ചു

പുനലൂർ: പൊതു ജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാധുനിക സൗകര്യങ്ങളോടു കൂടിയ പുനലൂർ ഗവൺമെന്റ് ഹോമിയോ ആശുപത്രി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ വീഡിയോ കോൺഫറൻസിലൂടെ നാടിന് സമർപ്പിച്ചു. വാടകക്കെട്ടിടത്തിലായിരുന്ന പുനലൂർ നഗരസഭയുടെ ഹോമിയോ ആശുപത്രിയാണ് ആധുനിക സൗകര്യങ്ങളോട് കൂടിയ ബഹു നില മന്ദിരത്തിലേക്ക് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ജില്ലയിലെ ഹോമിയോപ്പതി രംഗത്ത് നിരവധി വികസന പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് കഴിഞ്ഞു. ശാസ്താംകോട്ട, ചാത്തന്നൂർ, ഇട്ടിവ, ഇളമാട്, തൊടിയൂർ ഡിസ്പെൻസറിളുടെ പ്രവർത്തനം ആധുനിക നിലവാരത്തിലേക്ക് ഉയർത്താൻ സാധിച്ചു. കൊവിഡ് കാലത്ത് പൊതു സമൂഹം അതീവജാഗ്രത പുലർത്തണമെന്നും രോഗ പകർച്ച ഒഴിവാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്നും മന്ത്രി പറഞ്ഞു. വനം വകുപ്പ് മന്ത്രി കെ.രാജു ശിലാഫലകം അനാച്ഛാദനം ചെയ്തു. കൊവിഡ് രോഗത്തിനെതിരെ വാക്സിൻ കണ്ടുപിടിച്ചിട്ടില്ലെങ്കിലും ഹോമിയോപ്പതി മേഖലയിൽ രോഗപ്രതിരോധത്തിന് ആവശ്യമായ സംവിധാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പുനലൂർ ചെമ്മന്തൂരിലെ പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപം നഗരസഭ ഭൂമിയിലാണ് രണ്ടു നിലകളിലായുള്ള ഹോമിയോ ആശുപത്രി നിർമിച്ചിട്ടുള്ളത്. നാഷണൽ ഹെൽത്ത് മിഷൻ വഴി ലഭ്യമാക്കിയ ഒരു കോടി രൂപ ചെലവഴിച്ചാണ് ആശുപത്രി പണികഴിപ്പിച്ചത്. പുനലൂർ നഗരസഭാ ചെയർമാൻ അഡ്വ. കെ എ ലത്തീഫ് അധ്യക്ഷനായി. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുഭാഷ് ജി നാഥ് സ്വാഗതം പറഞ്ഞു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 237 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

Metro Vaartha

കഥ

വിഭ്രമാത്മകം

പ്രശാന്ത് വിസ്മയ
മാമല, എറണാകുളം

ഹൃദയത്തിന്റെ നിറമുള്ള തിരശ്ശീലകൊണ്ട് നിറഞ്ഞ ബി വാർഡ്. മാലാഖമാരെന്ന് പുകഴ്പ്പെട്ട നഴ്സുമാര് കടുംനീല നിറമുള്ള മേലുടുപ്പ് ധരിച്ച് വിശ്രമില്ലാതെ ചിറകടിച്ച് അങ്ങോട്ടുമിങ്ങോട്ടും പാറി നടക്കുന്നുണ്ട്. കാഡ്രിയാക് കെയർ യൂണിറ്റിന്റെ തൊട്ടടുത്താണ് ബി വാർഡ്.
നേരെയുള്ള ബെഡ്ഡിലെ വളരെ ക്ഷീണിതനായ ഒരു മദ്ധ്യവയസ്ക്കനെ ചക്രക്കസേരയിൽ ഇരുത്തി ഓപ്പറേഷൻ തീയേറ്ററിലേക്ക് കൊണ്ടുപോകുമ്പോൾ കറുത്ത തട്ടമിട്ട അയാളുടെ ഭാര്യയുടെ മുഖത്ത് തികഞ്ഞ നിസ്സംഗത. അവരെ സഹായിക്കാനും ആരുമില്ലെന്ന് തോന്നുന്നു.
ഇടതു സൈഡിലുള്ള ബെഡ്ഡിൽ വിശ്രമിക്കുന്ന ഒരു വൃദ്ധന്റെ നിർത്താതെയുള്ള ചുമ ആയകാലത്ത് വലിച്ചു കേറ്റിയ സിഗററ്റുപുകയുടെ പ്രത്യാക്രമണം.
ഡ്യൂട്ടി ചേയ്ഞ്ചായതിനാൽ പരസ്പരം ഉത്തരവാദിത്തങ്ങൾ ഏല്പിച്ച് മടങ്ങാൻ തയ്യാറെടുക്കുന്ന മാലാഖമാര്. കിട്ടിയ സമയം കൊണ്ട് വീട്ടിലെ വിശേഷങ്ങൾ പെട്ടെന്ന് പറഞ്ഞ് തീർക്കാൻ അവർ വ്യഗ്രത കാട്ടി. അപ്പോഴേക്കും ഒരു ഡോക്റ്റർ തിരക്കുപിടിച്ച് വാർഡിലേക്ക് എത്തി കൂടെ വെള്ളയുടുപ്പിട്ട അസിസ്റ്റന്റുമാരും എത്തിച്ചേർന്നു.
പുറത്ത് ആംബുലൻസിന്റെ ഉച്ചത്തിലുള്ള കരച്ചിൽ. എവിടെയൊനടന്ന ആക്സിഡന്റിന്റെ അവസാനശ്വാസം പിടിച്ചെത്തിയവർ.
വെറുതെ ഓർത്തു. എന്തൊരു ജീവിതം എന്നെങ്കിലുമൊരിക്കൽ ഈ ആശുപത്രി കവാടത്തിലൂടെ കടന്നുപോകേണ്ടിവരും. പതുക്കെ ഒരു മയക്കത്തിലേക്ക് അയാൾ വഴുതിവീണു. പെട്ടെന്ന് ഒരു സ്വപ്നത്തിന്റെ വിഭ്രമാത്മകമായ ചില കാഴ്ച്ചകൾ അയാളുടെ മനസ്സിലൂടെ പാഞ്ഞുപോകുന്ന തുടർയാത്രകളായെത്തി.
പ്രശ്നങ്ങൾ... നൂറായിരം പ്രശ്നങ്ങൾ... ചെറിയ കുഴലുകൾ കെട്ടുപിണഞ്ഞ് കിടന്നു. അതിലൂടെ നിരവധി വർണ്ണങ്ങളിലുള്ള ദ്രാവകങ്ങൾ നിറഞ്ഞൊഴുകി കുതിച്ചുപായുന്നു. അയാളുടെ രക്തസമ്മർദ്ധം ഉയർന്നു. പെട്ടെന്ന് നിറമുള്ള ദ്രാവകങ്ങൾ കുഴലുകളിൽ നിന്ന് പൊട്ടിച്ചിതറി!
വല്ലാത്തൊരു ശബ്ദത്തോടെ അയാൾ മയക്കം വിട്ടുണർന്നു.
കണ്ണു തുറക്കുമ്പോൾ തിരക്കുള്ള നഗരത്തിലെ പൊടിനിറഞ്ഞ ടാർറോഡിൽ ഒരു ജീവച്ഛവമായി അയാൾ കിടക്കുകയായിരുന്നു.

Metro Vaartha

കവിത

സഹജൻ മുഹമ്മ
ആലപ്പുഴ

പോരാളി

സത്യങ്ങൾ നക്ഷത്രങ്ങളെ
പോലെയാണ്
കണ്ണു ചിമ്മിത്തുറന്ന്
ജ്വലിച്ചുകൊണ്ടേയിരിക്കും
ആചൈതന്യംകാലദേശാന്തരങ്ങളിലൂടെയും
സഞ്ചരിച്ചുകൊണ്ടിരിക്കും
വസ്തു, ഇടം , ചലനം,ഊർജ്ജം
മാറ്റം ഇതു സത്യമാണ്
സത്യം പറഞ്ഞവരെ നാടുകടത്തി,
തുറുങ്കിലടച്ചു, ചുട്ടുകൊന്നു
കാലം പീഡിപ്പിക്കപ്പെട്ടവരോടു
മാപ്പു പറഞ്ഞു കൊണ്ടേയിരിക്കുന്നു
അന്ധവിശ്വാസം, അനാചാരം,
മനുഷ്യ നിന്ദ, ഇതും അസത്യത്തിന്റെ
മറ്റൊരു രൂപമാണ്
പോരാളി സത്യമാണ്
അവനെപ്പോഴും എല്ലാറ്റിനെയും
പുതുക്കിപ്പണിതുകൊണ്ടെയിരിക്കും.

Metro Vaartha

കവിത

ഉണ്ണി വാരിയത്ത്
മുംബൈ

വിമോചനം

അഷ്ടലക്ഷ്മീ നിൻ തിരുമുമ്പിൽ വിളക്കുവെച്ചു
സാഷ്ടാംഗപ്രണാമം ഞാൻ ചെയ്വൂ നിഷ്ഠയോടെന്നും
ശിഷ്ടജീവിതകാലഘട്ടത്തിലടിയനു
നഷ്ടകഷ്ടങ്ങളിൽനിന്നേകില്ലേ വിമോചനം?

Metro Vaartha

കുട്ടി വര

Shaun S Sheril
Villa Nazareth CBSE School
Aryanad, Thiruvananthapuram

My family page-ൽ
ഫോട്ടോകൾ അയയ്ക്കുന്നതിനും,
കഥ, കവിത എന്നിവ
അയയ്ക്കുന്നതിനുമുള്ള
വാട്ട്സ്ആപ് നമ്പർ

7034041234

അയയ്ക്കുന്നവർ പൂർണ്ണവിലാസവും
ഫോട്ടോയും അയയ്ക്കാൻ
മറക്കരുത്

Metro Vaartha

ഇനി ജീവിതം ഇങ്ങനെ

Metro Vaartha

ഹാപ്പി സെൽഫി

പഴയ കൂട്ടായ്മകളുടെ ഓർമ്മകൾ പങ്കുവയ്ക്കാം. കൂട്ടുകാരോടൊപ്പം കുടുംബത്തോടൊപ്പം മുൻപ് എടുത്തിട്ടുള്ള സെൽഫികൾ അയച്ചുതരൂ. ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ അടിക്കുറിപ്പും

നഷ്ടബോധത്തിന്റെ നാളുകൾ...
കഴിഞ്ഞ ഓണക്കാല ഓർമ്മയിൽ ചങ്ങനാശേരി ചീരഞ്ചിറ ജി യുപി സ്കൂളിൽ നിന്ന്.

നിയന്ത്രണം ലംഘിച്ച് കോഴിക്കോട് പൊലീസ് ക്ലബ്ബിൽ വിരുന്ന് സൽക്കാരം വിവാദമാകുന്നു

ദീപു മറ്റപ്പള്ളി
കോഴിക്കോട്: ഗൃഹപ്രവേശന ചടങ്ങിനോടനുബന്ധിച്ച് കോവിഡ് നിയന്ത്രണം ലംഘിച്ച് കോഴിക്കോട് പൊലീസ് ക്ലബ്ബിൽ വിരുന്ന് സൽക്കാരം സംഘടിപ്പിച്ച ജില്ലയിലെ അസിസ്റ്റന്റ് കമ്മീഷണർക്ക് ആദ്യം കോവിഡ് സ്ഥിരീകരിച്ചു. പിന്നീട് നെഗറ്റീവാകുകയും ചെയ്തു. എന്നാൽ സംഭവം പുറത്തുവന്നതോടെ വിവാദം കൊഴുക്കുകയാണ്. സത്ക്കാരത്തിൽ പങ്കെടുത്ത ഉയർന്ന പൊലീസ് ഉദ്യോഗസ്ഥരടക്കം നിരീക്ഷണത്തിൽ പോയിരിക്കുകയാണ്. കഴിഞ്ഞ പന്ത്രണ്ടാം തീയതിയാണ് കോഴിക്കോട് പൊലീസ് ക്ലബിൽ പരിപാടി നടത്തിയത്. ചടങ്ങിൽ സിറ്റി പൊലീസ് കമ്മീഷണറും അസിസ്റ്റന്റ് പൊലീസ് കമ്മീഷണർമാരും സി.ഐ റാങ്കിലുള്ളവരും ഉൾപ്പെടെ നിരവധിപേർ പങ്കെടുത്തു. സംഭവം വിവാദമായതോടെ ആഭ്യന്തരവകുപ്പ് വിശദീകരണം ആവശ്യപ്പെട്ടു. പ്രതിമാസ അവലോകന പരിപാടിയാണ് നടന്നതെന്നാണ് വിശദീകരണം. വിഷയത്തിൽ സ്പെഷ്യൽ ബ്രാഞ്ചും റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ, ഉന്നതരെ സംരക്ഷിച്ച് കൊണ്ടുള്ള റിപ്പോർട്ടാണ് നൽകിയിട്ടുള്ളതെന്നാണ് സൂചന. ഒത്തുചേരലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തി കൊണ്ട് സിറ്റി പൊലീസ് കമ്മീഷണർ നേരത്തെ സർക്കുലർ പുറത്തിറക്കിയിരുന്നു. പൊലീസുകാർ പൊതുപരിപാടിയിൽ പങ്കെടുക്കണമെങ്കിൽ അതാത് സ്റ്റേഷനിലെ എസ്എച്ച്ഒമാരുടെ അനുമതി വാങ്ങണമെന്നാണ് നിർദ്ദേശം. ഇത് നിലനിൽക്കെയാണ് പൊലീസുകാരുടെ നിയമംലംഘന സൽക്കാരം നടന്നത്.

മത്സ്യങ്ങൾക്ക് തീറ്റ കൊടുക്കുന്ന ആണ്ടിക്കുട്ടി

നന്മണ്ടക്കാർക്ക് കൃഷിയുടെ പര്യായം ആണ്ടിക്കുട്ടി

പ്രകാശ് നന്മണ്ട
ബാലുശേരി: കൃഷി ഏതുമായികൊള്ളട്ടെ 'അത് ഒരു തപസ്യയാണ് ആണ്ടിക്കുട്ടിക്ക്. പാടത്തും പറമ്പത്തും ഐശ്വര്യത്തിന്റെ നിറക്കാഴ്ചയൊരുക്കുന്ന കർഷകനാണ് കാരക്കുന്നത്തെ പുത്തഞ്ചേരി ആണ്ടിക്കുട്ടി' ഒരു നാടിന്റെ ജൈവ കൃഷിയുടെയും മത്സ്യകൃഷിയുടെയും ബ്രാൻഡ് അമ്പാസിഡറാണ് ഈ ക്ഷീരകർഷകൻ. മണ്ണിനെ സ്നേഹിക്കുന്ന കൃഷിയെ നെഞ്ചിലേറ്റുന്ന ആരുടെയും മനം കുളുർക്കും പുത്തഞ്ചേരി പറമ്പിലെത്തിയാൽ. പറമ്പിൽ ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ, പച്ചമുളക്, കുരുമുളക്, വീടിന്റെ അങ്കണത്തിൽ അങ്കോറ വർഗത്തിൽപ്പെട്ട മുയലുകൾ, പേർഷ്യൻ പൂച്ചകൾ, അകേറിയത്തിലേക്ക് ആവശ്യമായ ആമസോൺ ബനാന, വാട്ടർ മൊസൈക്, വാട്ടർ കേബേജ്, താമര, ആമ്പൽ കൃഷികൾ, കൃഷിയുടെ നിറക്കാഴ്ചകൾ കാണാനെത്തുന്നവർക്ക് ഒരു കൃഷിക്കാരൻ എങ്ങനെയായിരിക്കണമെന്ന് ആണ്ടിക്കുട്ടി പറയും. നല്ല വിളവ് ലഭിക്കാൻ മനുഷ്യ സാമിപ്യം വിളകൾക്കാവശ്യമാണ്. കൃഷിക്കാരൻ വിളകൾക്ക് ഒപ്പമുണ്ടാകണം. ഇവിടെയാണ് ക്ഷീര കർഷകൻ കൂടിയായ ആണ്ടിക്കുട്ടി മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നത്. പത്താം വയസിൽ കർഷകനായ പിതാവ് നടുവിലയിൽ രാമോട്ടിയിൽ നിന്നും കൃഷിപാഠം സ്വായത്തമാക്കിയ ഇദ്ദേഹം തന്റെ കൃഷിയിടത്തിൽ കർമ്മനിരതൻ. പുലർച്ചെ തന്നെ കൃഷിയിടത്തിലിറങ്ങുന്ന ശീലത്തിന് മാറ്റമില്ല. ഭാര്യ സൗമിനിയും ഒപ്പമുണ്ടാകും പച്ചക്കറി കൃഷി കൂടാതെ മത്സ്യകൃഷിയിലും വിജയഗാഥ രചിക്കുകയാണ്. തന്റെ പാടത്ത് വിശാലമായ മൂന്നു കുളങ്ങൾ കുഴിച്ച് വിവിധയിനം മത്സ്യകൃഷിയും ചെയ്യുന്നു.ഓസ്കർ ,തിലാപ്പിയ, മത്സ്യകൃഷിയിലെ ഭാഗ്യനക്ഷത്രവും, രുചിയിൽ കേമനുമായ ആസാം വാള അടക്കം വിവിധയിനം മത്സ്യങ്ങൾ. തൊഴിൽ രഹിതരായ യുവാക്കൾക്കും ആണ്ടിക്കുട്ടി വഴികാട്ടിയാണ്. മത്സ്യകൃഷിയെക്കുറിച്ച് അറിയാനാണ് ഭൂരിഭാഗം പേരും വരുന്നതെന്നും അവരോട് ഈ കർഷകന് പറയാനുള്ളത് നല്ല അറിവോടു കൂടിയെ ഇത്തരം കൃഷിയിലേക്ക് ഇറങ്ങാവു എന്നുമാണ്. പഞ്ചായത്തിന്റെയും കൃഷിഭവന്റെയും പുരസ്ക്കാരങ്ങൾ നേടിയ ആണ്ടിക്കുട്ടി പുതു തലമുറക്കും മാതൃകയാണ്.

കോടശ്ശേരിയിൽ യുവാവിനെ കൊലപെടുത്തിയ സംഭവം പ്രതികൾ കസ്റ്റഡിയിൽ

കൊല്ലപ്പെട്ട സനീഷ്



അറസ്റ്റിലായ പ്രതികൾ

വടക്കാഞ്ചേരി: കോടശ്ശേരി നായാടികോളനിയിൽ യുവാവിനെ മരത്തിൽ കെട്ടിയിട്ട് മർദ്ദിച്ച് കൊലപ്പെടുത്തി. യുവതിയുൾപ്പടെ പ്രതികളായ മൂന്നു പേരെ എരുമപ്പെട്ടി പൊലിസ് അറസ്റ്റ് ചെയ്തു. വേലൂർ പഞ്ചായത്തിലെ കോടശ്ശേരിയിലാണ് നാടിനെ നടുക്കിയ സംഭവം. വേലൂർ മേൽതണ്ടിലം സ്വദേശി മനക്കലാത്ത് കൃഷ്ണൻ മകൻ സനീഷി(26) നെയാണ് മരത്തിൽ കെട്ടിയിട്ട് മർദ്ദിച്ച ശേഷം തലക്ക് വെട്ടി കൊലപ്പെടുത്തിയ നിലയിൽ കണ്ടെത്തിയത്. മരണമടഞ്ഞ സനീഷ് നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണന്നു പൊലീസ് പറഞ്ഞു.
കൊല നടത്തിയ ശേഷം കടന്നു കളഞ്ഞ പ്രതികളെ മണിക്കൂറുകൾക്കുള്ളിൽ പൊലീസ് അറസ്റ്റു ചെയ്തു. ചിയ്യാരം ആലവെട്ടുകുഴി കൊണ്ടാട്ടു പറമ്പിൽ ഇസ്മയിൽ (38), ഭാര്യ കോടശ്ശേരി സ്വദേശി സരസ്വതിയെന്ന ഷെമി (22), ബന്ധു ഒല്ലൂക്കര സ്വദേശി അസീസ് (27) എന്നിവരാണ് പിടിയിലായത്. ഷെമിയും മരണമടഞ്ഞ സനീഷും തമ്മിൽ മുൻപ് അടുപ്പത്തിലായിരുന്നതായി പറയുന്നു. കഴിഞ്ഞ ദിവസം വൈകീട്ട് 5ന് നായാടിക്കോളനിയിലെത്തിയ സനീഷും ഷെമി ഉൾപ്പടെയുള്ള പ്രതികളും ഒരുമിച്ചിരുന്ന് മദ്യപിച്ചിരുന്നു. ഇതേ തുടർന്നുണ്ടായ തർക്കമാണ് കൊലയിൽ കലാശിച്ചത്. വഴക്ക് തുടങ്ങിയപ്പോൾ മറ്റ് രണ്ടു വീട്ടുകാർ കോളനിയിൽ നിന്ന് പുറത്തേക്ക് പോയിരുന്നു. രാത്രി 9 ഓടെ ഇവർ തിരിച്ചു വന്നപ്പോൾ സനീഷിനെ മരത്തിൽ കെട്ടിയിട്ട് കല്ലും വടികളും ഉപയോഗിച്ച് മർദ്ദിക്കുന്നതാണ് കാണുന്നത്. തടയാൻ ശ്രമിച്ച തങ്ങളെ ഇസ്മയിൽ കൊടുവാൾ വീശി ഭയപ്പെടുത്തി ഓടിച്ചതായും പരുക്കേറ്റ് അബോധാവസ്ഥയിലായ സനീഷിനെ കൊണ്ടുപോകാൻ ആംബുലൻസ് വിളിച്ചെങ്കിലും പ്രതികൾ അനുവദിച്ചില്ലെന്നും ഇവർ പറയുന്നു. കോളനിവാസികൾ വിവരമറിയിച്ച് എരുമപ്പെട്ടി പൊലീസ് സ്ഥലത്തെത്തിയപ്പോഴേക്കും സനീഷ് മരിച്ചിരുന്നു. മരത്തിൽ നിന്നും കയററുത്ത് നിലത്തു കിടത്തിയ യുവാവിന്റെ ശരീരമാസകലം പരുക്കേൽക്കുകയും തലക്ക് വെട്ടേറ്റ നിലയിലുമായിരുന്നു. അടിവസ്ത്രമില്ലായിരുന്നു . ഷർട്ട് മാത്രമാണ് ധരിച്ചിരുന്നത്. ഫോറൻസിക് ഓഫീസർ ഷീല ജോസ്, വിരലടയാള വിദഗ്ദൻ യു രാംദാസ് എന്നിവർ സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. പരിസരവാസികളുടെ മൊഴിയിൽ നിന്ന് പ്രതികളെ തിരിച്ചറിഞ്ഞ പൊലീസ് മണിക്കൂറുകൾക്കുള്ളിൽ പ്രതികളെ തൃശൂർ അക്കിക്കാവിൽ പിടികൂടുകയായിരുന്നു. കുന്നംകുളം എസിപി ടി.എസ്. സിനോജ്, ഇൻസ്പെക്റ്റർ കെ.കെ. ഭൂപേഷ്, എസ്ഐ പി.ആർ. രാജീവ് എന്നിവരുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് പ്രതികളെ പിടികൂടിയത്.

അത്തം വന്നെത്തി... അത്തം മുതൽ പത്തു നാൾ വിവിധതരം പൂക്കളം കേരളത്തിൽ പതിവായിരുന്നു. എന്നാൽ കോവിഡിനെ തുടർന്ന് സ്വന്തം തൊടിയിൽ നിന്നും പൂക്കളമൊരുക്കാൻ പൂക്കൾ എടുക്കുന്ന കുട്ടികൾ. ഫോട്ടോ : **ബാബുരാജ് പൊറത്തിശ്ശേരി**

ഓണത്തിരക്കിലേയ്ക്ക് നാട് നീങ്ങുന്നു

ഹരി ഇരിങ്ങാലക്കുട
ഇരിങ്ങാലക്കുട : ഇന്ന് അത്തം. മലയാള മനസ്സുകളിൽ ഗതകാല സ്മരണകളുടെ തുയിലുണർത്തുമായി വീണ്ടുമൊരോണം വന്നെത്തുകയായി. അത്തം പത്തിന് തിരുവോണം എന്നാണ് പഴമൊഴി. ഇന്ന് മുതൽ മുറ്റത്തു കളമെഴുതി പൂക്കളമൊരുക്കും. പൂക്കൾ തേടി തൊടികൾ തോറുമുള്ള അലച്ചിലുകൾ പുതുതലമുറക്ക് അപരിചിതം. പൂക്കളങ്ങളിൽ നാട്ടുപ്പൂക്കൾ അന്യമായി. ഇപ്പോൾ തമിഴ്നാട്ടിൽ നിന്നും കർണാടകയിൽ നിന്നുമുള്ള പൂക്കളാണ് പൂക്കളങ്ങളെ മനോഹരമാക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇക്കുറി ഓണാഘോഷം ഉണ്ടാകില്ല എന്നാണ് സർക്കാർ ഭാഷ്യം. എങ്കിലും മലയാളി ഗൃഹങ്ങളിൽ ഓണാഘോഷം നാട്ടുനടപ്പനുസരിച്ചുണ്ടാകും. അത്ര കണ്ട് മലയാളിയുടെ നൊസ്റ്റാൾജിക് ഫെസ്റ്റിവലായി ഓണം മാറികഴിഞ്ഞു.എന്നിരുന്നാലും വരവ് പൂക്കളെയും ആശ്രയിക്കരുതെന്നുള്ളത് മൂലം ഓണത്തിന്റെ പകിട്ട് കുറയുമെന്നുള്ള കാര്യം ഉറപ്പാണ്. അതിജീവിക്കുക എന്ന മുദ്രാവാക്യം ഉയർത്തിയുള്ള മലയാളികളുടെ പ്രയാണം ഓണം നഷ്ടപ്പെടില്ലന്നുള്ള കാഴ്ചപാടിലാണ് മലയാളികൾ. കഴിഞ്ഞ രണ്ട് വർഷങ്ങളിലും പ്രളയം മൂലം ഓണാഘോഷം ഔദ്യോഗികമായി ഒഴിവാക്കിയപ്പോഴും സ്വന്തം നിലയിൽ തങ്ങളുടെ ആഘോഷം വേണ്ട നിലയിൽ നടത്തി മലയാളികളുടെ ദേശീയോത്സവത്തെ വരവേറ്റിരുന്നു. ഇത്തവണ മാസ്ക്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചുമുള്ള ഓണാഘോഷത്തിനാണ് മലയാളികൾ തയ്യാറെടുക്കെടുന്നത്.

കൊവിഡ് വാക്സിൻ പരീക്ഷണത്തിന് സ്വയം വിധേയനായി മലയാളി മാതൃകയാകുന്നു

അഷ്റഫ് തച്ചറപടിക്കൽ
തിരൂരങ്ങാടി: കോവിഡ് രോഗത്തിനെതിരെയുള്ള കുത്തിവെപ്പിന്റെ മൂന്നാംഘട്ട വാക്സിൻ പരീക്ഷണത്തിന് സ്വയം വിധേയനായി കക്കാട് കരിമ്പിൽ സ്വദേശി കെ നൗഷാദാണ് മാതൃകയാവുന്നത്. ബഹ്റൈനിൽ സീസൺ ഗ്രൂപ്പ് കമ്പനിയിൽ രണ്ടരവർഷമായി ഷെഫായി ജോലിചെയ്തുവരികയാണ്. കഴിഞ്ഞ ജനുവരിയിൽ നാട്ടിലെത്തിയ നൗഷാദ് ഫെബ്രുവരിയിൽ തിരിച്ചു പോയതാണ്. വാക്സിൻ കുത്തിവെപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സ്വയം തൽപ്പരനായി ബഹ്റൈൻ മെഡിക്കൽ ഡിപ്പാർട്ട്മെന്റിന്റെ സൈറ്റിൽ കയറി രജിസ്റ്റർ ചെയ്യുകയായിരുന്നു. അങ്ങനെ മെസ്സേജ് വന്നതിന്റെ അടിസ്ഥാനത്തിൽ വാക്സിൻ സ്വീകരിച്ചു. മൂന്നാംഘട്ട പരീക്ഷണത്തിലാണ് നൗഷാദ് ഉൾപ്പെട്ടത്. കോവിഡ് എന്ന മഹാമാരി പൊട്ടി പുറപെട്ട സമയത്ത് തന്നെ ലോകത്ത് നിന്ന് ഇതിനെ തുടച്ച് നീക്കാൻ എന്നെക്കൊണ്ട് ചെയ്യാൻ കഴിയുന്ന സംഭാവന മാത്രമാണ് ചെയ്തതെന്ന് നൗഷാദ് പറഞ്ഞു. ബഹ്റൈനിൽ ആറായിരത്തോളം പേരിലാണ് വാക്സിൻ പരീക്ഷിക്കുന്നത്. ചൈനയുടെ സിനോഫാം സിഎൻബിജിയാണ് വാക്സിൻ വികസിപ്പിക്കുന്നത്.ചൈനയുടെ സർക്കാർ സംവിധാനത്തിന്റ പിന്തുണ കൂടിയുള്ള ഔദ്യോഗിക കമ്പനിയാണ് സിനോ ഫാം കമ്പനി. ലോകത്തിലെ ആറാമത്തെ വാക്സിൻ ഉത്പാദകരായ സിനോ ഫാം കമ്പനി മൂന്നാംഘട്ട പരീക്ഷണത്തിൽ നിരവധി രാജ്യങ്ങളിൽ ഒരേസമയത്ത് പതിനായിരങ്ങളിലാണ് വാക്സിൻ പരീക്ഷണം നടത്തുന്നത് എന്നത് പ്രത്യേകതയാണ്. 16 ന് ആദ്യ ഡോസ് സ്വീകരിച്ചശേഷം ആരോഗ്യപ്രവർത്തകർ വിളിച്ച് വിവരങ്ങൾ അന്വേഷിക്കുന്നുണ്ടെന്ന് നൗഷാദ് പറഞ്ഞു. ഓരോ ദിവസത്തെയും ആരോഗ്യവിവരങ്ങൾ നാല് നേരം സ്വയം പരിശോധന നടത്തി രേഖപ്പെടുത്താനുള്ള ഡയറിയും നൽകിയിട്ടുണ്ട്. ഇരുപത്തിയൊന്നാം ദിവസമായ സെപ്റ്റംബർ ആറിന് അടുത്ത വാക്സിൻ സ്വീകരിക്കും. 35 ആം ദിവസവും 49 ആം ദിവസവും ഡോക്റ്റർ പരിശോധിക്കും. 12 മാസമാണ് ഇതിന്റെ പഠന കാലാവധി. നൗഷാദിന്റെ സന്നദ്ധ പ്രവർത്തനത്തിന് വീട്ടുകാരായ പിതാവ് സൈതലവിയും, മാതാവ് സുഹ്റയും, ഭാര്യ മുഹ്സിനയും നാട്ടുകാരും ഒപ്പമുണ്ട്. നേരത്തെ ഡിവൈഎഫ്ഐ കരിമ്പിൽ യൂണിറ്റ് ഭാരവാഹിയായിരുന്നു.